www.malankaralibrary.com

# സത്യത്തിന്റെ പ്രഭ

ജോൺപോൾ രണ്ടാമൻ മാർപാപ്പാ

വിവർത്തനം ഡോ. ജി. കുരുക്കൂർ

www.malankaralibrary.com

# സത്യത്തിൻെറ പ്രഭ

ജോൺ പോൾ രണ്ടാമൻ

വിവർത്തനം:
ഡോ. ജോർജ്ജ് കുരുക്കൂർ

പി. ഒ. സി. പബ്ലിക്കേഷൻ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

**Sathyathinde Prabha**
(Malayalam)

[The translation of the Encyclical Letter, Veritatis Splendor (Splendour of truth) of John Paul II]


| | | |
|---|---|---|
| Translated by | : | Dr. George Kurukkoor M.A; Ph.D. |
| Published by | : | Director,<br>P.O.C.,<br>Palarivattam, Kochi - 25. |
| Copy right to | : | The Publisher |
| First published on | : | March 19, 1994 |
| Typeset & Printed at | : | Cherry's Printers,<br>L.F.C Road, Kaloor - Cochin-17. |
| Copies | : | 3000 |
| Price | : | Rs. 30.00 |
| Artist (Cover Design) | : | K.R. Raghu |
| Cover Printed at | : | Alwaye Press |

**A P.O.C. Publication**

www.malankaralibrary.com

# ഉള്ളടക്കം


പേജുകൾ

വിവർത്തകക്കുറിപ്പ്. v - viii

ആമുഖം

*യേശുക്രിസ്തു എല്ലാവരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം* 1 - 8

അദ്ധ്യായം ഒന്ന് :

"ഗുരോ,........ ഞാൻ എന്തു നന്മയാണു പ്രവർത്തിക്കേണ്ടത്?" (മത്താ. 19:16)

*ക്രിസ്തുവും ധാർമ്മികതയെപ്പറ്റിയുള്ള ചോദ്യത്തിൻെറ ഉത്തരവും* 9 - 37

അദ്ധ്യായം രണ്ട് :

"ഈ ലോകത്തിന് അനുരൂപരായിരിക്കരുത്" (റോമ. 12:2)

*സഭയും ഇന്നത്തെ ധാർമ്മിക ദൈവശാസ്ത്രത്തിലെ ചില പ്രവണതകളുടെ തിരിച്ചറിയലും.* 38 -109

അദ്ധ്യായം മൂന്ന് :

'ക്രിസ്തുവിൻെറ കുരിശ് ശക്തിഹീനമാകാതിരിക്കാൻ" (1 കോറി. 1:17)

*ധാർമ്മിക നന്മ സഭയുടെയും ലോകത്തിൻെറയും ജീവനുവേണ്ടി.* 109 - 152

ഉപസംഹാരം

*മറിയം, കരുണ്യത്തിൻെറ അമ്മ* 152 - 157

**Notes** 157 - 168

www.malankaralibrary.com

# വിവർത്തകക്കുറിപ്പ്

ധർമ്മശാസ്ത്രത്തിലെ ചില മൗലിക പ്രശ്നങ്ങളെപ്പറ്റി ജോൺ-പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ "വേരിത്താത്തിസ് സ്പ്ലെ-ന്ദോർ" എന്ന ചാക്രിക ലേഖനത്തിന്റെ വിശ്വസ്ത വിവർത്തനമാണിത്. " സത്യത്തിന്റെ" എന്നർത്ഥമുള്ള "വേരിത്താത്തിസ്", "പ്രഭ" എന്നർത്ഥമുള്ള "സ്പ്ലെന്ദോർ" എന്ന രണ്ടു ലത്തീൻ വാക്കുകൾ കൊണ്ടു തുടങ്ങുകയാൽ ഇതിന് ഈ പേരുവന്നു. ധർമ്മശാസ്ത്രത്തെ സമഗ്രമായി പ്രതിപാദിക്കുന്ന പ്രഥമ ചാക്രിക ലേഖനമാണിത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ധർമ്മശാസ്ത്ര മണ്ഡലത്തിലുണ്ടായ ചില അബദ്ധ സിദ്ധാന്തങ്ങളെ തിരസ്കരിച്ച്, വേദഗ്രന്ഥം, പാരമ്പര്യം എന്നിവയെ അടിസ്ഥാനപ്പെടുത്തി ക്രൈസ്തവധർമ്മശാസ്ത്രത്തിന്റെ സാധുതയെ ഉറപ്പിച്ചുപറയുകയാണിതിൽ.

മൂന്ന് അദ്ധ്യായങ്ങളുണ്ടിതിന്. ഒന്നാം അദ്ധ്യായത്തിൽ മനുഷ്യൻ തന്റെ ജീവിതലക്ഷ്യമായ നിത്യജീവൻ നേടാൻ എന്തു നന്മയാണു ചെയ്യേണ്ടത് എന്ന ചോദ്യത്തിന്റെ ഉത്തരമന്വേഷിക്കുന്നു. ക്രിസ്തുവാണ് എല്ലാവരെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമെന്ന് ഓർമ്മിപ്പിക്കുന്നു.

രണ്ടാം അദ്ധ്യായത്തിൽ ധർമ്മശാസ്ത്രത്തിലെ ചില ആധുനിക ആ പ്രവണതകളെ പരിശോധിക്കുകയാണ്. "സ്വാഭാവിക നിയമങ്ങളോ ധർമ്മശാസ്ത്ര നിയമങ്ങളോ സാർവ്വത്രിക സാധുത്വമുള്ളവയല്ല. അവ അപേക്ഷികങ്ങളാണ്. മറ്റുപലതിനെയും ആശ്രയിച്ചാണ് അവയുടെ സാധുത നിലകൊള്ളുന്നത്" എന്നൊക്കെപ്പറയുന്ന ആപേക്ഷികതാവാദം (relativism),"ഒരു പ്രവൃത്തിയുടെ ധാർമ്മികതയെ, മുൻകൂട്ടിക്കാണാവുന്ന അതിന്റെ പരിണതഫലങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണു വിലയിരുത്തേണ്ടത്" എന്നു പറയുന്ന പരിണത ഫലവാദം (consequentialism), "ഒരു തിരഞ്ഞെടുപ്പിൽ നിന്നുണ്ടാകുന്ന നന്മതിന്മകളുടെ അനുപാതം മാത്രം നോക്കി (കൂടുതൽ തിന്മ, വലിയ നന്മ, ചെറിയതിന്മ, എന്നിങ്ങനെ) ധാർമ്മിക പ്രവൃത്തികളെ വിധിക്കണം" എന്നിങ്ങനെ പറയുന്ന അനുപാതവാദം (proportionalism) ലക്ഷ്യം മാത്രമാണു ധാർമ്മി

www.malankaralibrary.com



കതയുടെ പ്രധാനഘടകം എന്നു വിചാരിക്കുന്ന ലക്ഷ്യവാദം (teleologism), സ്വാതന്ത്ര്യമാണു സർവ്വപ്രധാനം എന്നു വാദിക്കുന്ന സ്വാതന്ത്ര്യമഹത്വവാദം (liberalism), മൗലികമായി ദൈവത്തെ തിരഞ്ഞെടുത്താൽപ്പിന്നെ പെരുമാറ്റത്തിലുണ്ടാകുന്ന പിശകുകൾ ഗൗരവാവഹങ്ങളല്ല എന്നു വിചാരിക്കുന്ന മൗലിക തിരഞ്ഞെടുപ്പുവാദം മുതലായവയുടെ അസ്വീകാര്യതയെ ഇതിൽ വ്യക്തമാക്കുന്നു. ധാർമ്മികതയുടെ ഉറവിടം എന്നത് ലക്ഷ്യം (ഉദ്ദേശ്യം) വിഷയം, പരിണതഫലങ്ങൾ എന്നിവയെ ആശ്രയിക്കുന്നുവെന്നും, ധാർമ്മിക നിയമങ്ങൾ സാർവ്വത്രിക സാധുതയുള്ളവയാണെന്നും, പ്രകൃത്യാതന്നെ തിന്മയായ പ്രവൃത്തികളുണ്ടെന്നും അത്തരം പ്രവൃത്തികളെ എപ്പോഴും തിന്മയായിത്തന്നെ കരുതണമെന്നും, നിയമവും സ്വാതന്ത്ര്യവും തമ്മിൽ സംഘർഷമില്ലെന്നും ഇതിൽ ഓർമ്മിപ്പിക്കുന്നു. 'സ്വാതന്ത്ര്യവും നിയമവും,' 'മനസ്സാക്ഷിയും സത്യവും,' 'മൗലിക തിരഞ്ഞെടുപ്പും (option, fundamental choice) പെരുമാറ്റത്തിന്റെ സവിശേഷരീതികളും', 'ധാർമ്മികപ്രവൃത്തി (moral act)' എന്നീ ഉപശീർഷകങ്ങൾ ഇതിന്റെ പ്രതിപാദ്യത്തെ വ്യക്തമാക്കുന്നുണ്ട്. ഈ ലോകത്തിന് അനുരൂപരാകരുത് എന്ന വേദഗ്രന്ഥോപദേശത്തിലേക്ക് ഇതു വിരൽ ചൂണ്ടുകയാണ്.

മൂന്നാം അദ്ധ്യായത്തിൽ, ധാർമ്മികനന്മ സഭയുടെയും ലോകത്തിന്റെയും ജീവന് അനിവാര്യമാണെന്നു പ്രഖ്യാപിക്കുന്നു. 'തിന്മ ചെയ്യാതിരിക്കാൻ രക്തസാക്ഷിത്വം,' 'സാർവ്വത്രികവും അചഞ്ചലവുമായ ധാർമ്മിക നിയമങ്ങൾ വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്ക്', 'സാമൂഹിക - രാഷ്ട്രീയ ജീവിത നവീകരണവും ധാർമ്മികതയും', 'ധാർമ്മികതയും സുവിശേഷവത്കരണവും' എന്നിങ്ങനെയുള്ള ഉപശീർഷകങ്ങൾ ഇതിലെ ഉള്ളടക്കം വ്യക്തമാക്കുന്നുണ്ട്. ക്രിസ്തുവിന്റെ കുരിശ് സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമായ അർത്ഥം വ്യക്തമാക്കുന്നുവെന്ന് ഇതിൽ പ്രഖ്യാപിക്കുന്നു.

മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവത്തിന്റെ നിയമവും (സ്വാഭാവിക നിയമങ്ങളും ആവിഷ്കൃതനിയമങ്ങളും) തമ്മിൽ വൈരുദ്ധ്യമില്ല. സത്യവും സ്വാതന്ത്ര്യവും വിശ്വാസവും ജീവിതവും പരസ്പരബന്ധിതങ്ങളാണ്. ധാർമ്മിക നിയമങ്ങൾ സാർവ്വത്രികവും അചഞ്ചലവുമാണ്. പ്രകൃത്യാതിന്മയായത് സർവ്വഥാ വർജ്ജനീയമാണ് എന്നൊക്കെ ആധുനികരെ അനുസ്മരിപ്പിക്കുകയാണ്' ഈ ചാക്രികലേഖനത്തിലൂടെ.

ക്രൈസ്തവ ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ ഗ്രഹിക്കുകയും അതിലുണ്ടായിട്ടുള്ള ആധുനിക പ്രവണത

www.malankaralibrary.com



കളുടെ സാമാന്യജ്ഞാനമുണ്ടായിരിക്കുകയും ചെയ്താലേ ഈ ചാക്രികലേഖനം സുഗ്രഹമാവുകയുള്ളൂ. വിഷയത്തിന്റെ സൂക്ഷ്മതകൊണ്ടും ശൈലിയുടെ പ്രൗഢികൊണ്ടും ഇതിന്റെ മൂലകൃതി സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ ദുർഗ്രഹമാണ് – പ്രത്യേകിച്ച് രണ്ടാമത്തെ അദ്ധ്യായം. അനേകം ആശയങ്ങളെ ഒറ്റ വാക്യത്തിലൊതുക്കി സുദീർഘവാക്യങ്ങൾ രചിക്കുന്ന രീതിമൂലം പലപ്രാവശ്യം വായിച്ചാലേ ആശയം വ്യക്തമാകൂ എന്നസ്ഥിതി വിശേഷമാണ് ചാക്രികലേഖനങ്ങൾക്കു പൊതുവേയുള്ളത്. തന്മൂലം തർജ്ജമ ഇതിലേറെ ലളിതമാക്കണമെങ്കിൽ പുസ്തകത്തിന്റെ വലുപ്പം ഇരട്ടിയാക്കേണ്ടിവരും! ഇതിൽ വിട്ടുകളയലും കൂട്ടിച്ചേർക്കലും നടത്തിയിട്ടില്ല. ഒരു സംശോധക ഗ്രന്ഥം എന്ന നിലയിൽ ഉപയോഗിക്കത്തക്ക വിധത്തിലുള്ള വിവർത്തനമാണിത്.

ഈ വിവർത്തനത്തിന്റെ പ്രസിദ്ധീകരണച്ചുമതല വഹിച്ചത് പി.ഒ.സി. ഡയറക്ടർ ഡോ. ജോസഫ് കരിയിൽ ആണ്. അദ്ദേഹത്തിനും ഇതിന്റെ മാനുസ്ക്രിപ്റ്റ് പരിശോധിച്ച ഡോ. സേവ്യർ കൊച്ചുപറമ്പിൽ, റവ ഫാ. ജോർജ്ജ് നെല്ലിശ്ശേരി എന്നിവർക്കും മാനുസ്ക്രിപ്റ്റ് പകർത്തുകയും പ്രൂഫ് വായനയിൽ സഹായിക്കുകയും ചെയ്ത മിസ് ഏലിയാമ്മ ജോൺ, റവ. സി. എലിസബത്ത് എന്നിവർക്കും ഇതിന്റെ ക്ലേശകരമായ അച്ചടി ഭംഗിയായി നിർവ്വഹിച്ച ചെറീസ് പ്രിന്റേഴ്സ് പ്രവർത്തകർക്കും ഹൃദയംഗമമായ നന്ദി.

പി.ഒ.സി.
പാലാരിവട്ടം
1-3-199

വിവർത്തകൻ
ഡോ. ജോർജ്ജ് കുരുക്കൂർ

www.malankaralibrary.com

*ജോൺപോൾ രണ്ടാമൻ മാർപാപ്പ ധാർമ്മികതയെ സംബന്ധിച്ച സഭാ പ്രബോധനത്തിലെ ചില മൗലിക പ്രശ്നങ്ങളെക്കുറിച്ച് കത്തോലിക്കാ സഭയിലുള്ള എല്ലാ മെത്രാന്മാർക്കും എഴുതുന്നത്.*

മെത്രാൻസ്ഥാനത്തുള്ള വന്ദ്യസഹോദരരേ, ആരോഗ്യവും ശ്ലൈഹികാശീർവാദവും

സത്യത്തിൻെറ പ്രഭ പ്രപഞ്ചസ്രഷ്ടാവിൻെറ സർവ്വ സൃഷ്ടികളിലും പ്രോജ്ജ്വലിക്കുന്നുണ്ട്. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ (ഉത്പ. 1:26) അതു പ്രത്യേകമായി പരിലസിക്കുന്നു. കർത്താവിനെക്കുറിച്ചുള്ള അറിവിലേക്കും അവിടുത്തോടുള്ള സ്നേഹത്തിലേക്കും മനുഷ്യനെ നയിച്ചുകൊണ്ട് സത്യം മനുഷ്യബുദ്ധിയെ പ്രകാശിപ്പിക്കുന്നു; അവൻെറ സ്വാതന്ത്ര്യത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "കർത്താവേ, നിൻെറ മുഖകാന്തി ഞങ്ങളുടെമേൽ പ്രകാശിപ്പിക്കണമേ" (സങ്കീ. 4:6).

## ആമുഖം:

### യേശുക്രിസ്തു: എല്ലാവരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം

1. എല്ലാവരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ പ്രകാശമായ (യോഹ. 1:9) യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മനുഷ്യർ രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. അവർ അങ്ങനെ "കർത്താവിലുള്ള പ്രകാശവും" "പ്രകാശത്തിൻെറ മക്കളും" (എഫേ. 5:8) ആയിത്തീരുന്നു. സത്യത്തോടുള്ള വിധേയത്വംവഴി വിശുദ്ധരാക്കപ്പെടുകയും ചെയ്യുന്നു (1 പത്രോ. 1:22).

ഈ വിധേയത്വം എപ്പോഴും എളുപ്പമുള്ളതല്ല. ദൈവത്തെപ്പറ്റിയുള്ള സത്യത്തെ നുണയ്ക്കു പകരമായി കൈമാറിക്കൊണ്ട് (റോമ. 1:25) സജീവനായ ദൈവത്തിൽനിന്നു വിഗ്രഹങ്ങളിലേക്കു തൻെറ ദൃഷ്ടി മാറ്റാൻ മനുഷ്യൻ നിരന്തരം പ്രലോഭിപ്പിക്കപ്പെടുന്നു. "നുണയനും നുണകളുടെ പിതാവു"മായ (യോഹ. 8:44) സാത്താൻെറ പ്രേരണ വഴി ചെയ്യപ്പെട്ട നിഗൂഢാത്മകമായ ആ ആദ്യപാപത്തിൻെറ ഫലമാണ് ഈ പ്രലോഭനം. സത്യം ഗ്രഹിക്കാനുള്ള

www.malankaralibrary.com



മനുഷ്യൻെറ കഴിവിനും മങ്ങലേറ്റിരിക്കുന്നു. സത്യത്തോടു വിധേയത്വം കാണിക്കുവാനുള്ള അവൻെറ ഇച്ഛാശക്തിയും ദുർബലമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, ആപേക്ഷികതാവാദ (relativism)ത്തിനും, സംശയവാദ(scepticism)ത്തിനും (യോഹ. 18:38) അവൻ തന്നെത്തന്നെ സമർപ്പിക്കുന്നു. എന്നിട്ട്, അവൻ സത്യത്തിൽ നിന്ന് അകന്ന് ഒരു മായിക സ്വാതന്ത്ര്യം നേടാൻ പുറപ്പെടുകയാണ്.

പക്ഷേ, സ്രഷ്ടാവായ ദൈവത്തിൻെറ പ്രകാശത്തെ മനുഷ്യനിൽനിന്ന് പൂർണ്ണമായി എടുത്തുകളയാൻ അബദ്ധത്തിൻെറയോ പാപത്തിൻെറയോ ഒരു അന്ധകാരത്തിനും സാധ്യമല്ല. മനുഷ്യഹൃദയത്തിൻെറ അഗാധതയിൽ എപ്പോഴും ഒരു അഭിവാഞ്ഛയുണ്ട്, പൂർണ്ണസത്യത്തെ കണ്ടെത്താൻ; എപ്പോഴും ഒരു ദാഹമുണ്ട്, പൂർണ്ണസത്യത്തെ പൂർണ്ണമായി മനസ്സിലാക്കാൻ. എല്ലാമണ്ഡലങ്ങളിലും മനുഷ്യൻ നടത്തുന്ന അവിശ്രമമായ അന്വേഷണം ഈ വസ്തുതയെ പ്രസ്പഷ്ടമായും ശക്തിയുക്തമായും തെളിയിക്കുന്നുണ്ട്. *ജീവിതത്തിൻെറ അർത്ഥത്തെക്കുറിച്ചുള്ള* അവൻെറ അന്വേഷണം ഈ വസ്തുതയെ അതിലേറെ തെളിയിക്കുന്നു. ശാസ്ത്രത്തിൻെറയും സാങ്കേതിക വിദ്യയുടെയും വളർച്ച മനസ്സിലാക്കാനും സ്ഥിരോത്സാഹിയായിരിക്കാനുമുള്ള മനുഷ്യൻെറ കഴിവിനും ഉജ്ജ്വലമായ സാക്ഷ്യം അവ നൽകുന്നുണ്ട്. പക്ഷേ, അവയൊന്നും പരമമായ മതാത്മക ചോദ്യങ്ങൾ സ്വയം ചോദിക്കാനുള്ള കടമയിൽനിന്ന് മനുഷ്യവംശത്തെ വിമുക്തമാക്കുന്നില്ല. നേരേ മറിച്ച്, ഏറ്റവും വേദനാജനകങ്ങളും നിർണ്ണായകങ്ങളുമായ സമരങ്ങളെ നേരിടാൻ അവതന്നെ നമ്മെ പ്രേരിപ്പിക്കുന്നു. ഹൃദയത്തിൻെറയും ധാർമ്മികമനഃസാക്ഷിയുടെയും സമരങ്ങളാണവ.

2. മൗലികങ്ങളായ രണ്ടു ചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ ആർക്കും സാധ്യമല്ല: *ഞാൻ എന്താണു ചെയ്യേണ്ടത്? നന്മയെ തിന്മയിൽനിന്ന് ഞാൻ എങ്ങനെ വേർതിരിച്ചറിയുന്നു?* മനുഷ്യചേതനയുടെ അഗാധതലങ്ങളിൽ വിളങ്ങുന്ന സത്യത്തിൻെറ പ്രഭകൊണ്ടേ ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താനാവൂ. സങ്കീർത്തകൻ ഇതിനു സാക്ഷ്യം വഹിക്കുന്നു: "പലരും പറയുന്നു, നന്മകണ്ടെത്താൻ നമുക്കു കഴിഞ്ഞെങ്കിൽ! കർത്താവേ, നിൻെറ മുഖത്തിൻെറ പ്രകാശം ഞങ്ങളുടെമേൽ ചൊരിയണമേ" (സങ്കീ.4:6).

ദൈവത്തിൻെറ മുഖപ്രകാശം അതിൻെറ സമഗ്രസൗന്ദര്യത്തോടെ യേശുവിൻെറ മുഖത്തുതെളിയുന്നു. അവിടുന്ന് "അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപവും " (കൊളോ.1:15) "ദൈവമഹത്വത്തിൻെറ പ്രതിഫലനവും" (ഹെബ്രാ.1:3) "പ്രസാദവും സത്യവും

www.malankaralibrary.com



നിറഞ്ഞവനും" (യോഹ.1:14) ആണല്ലോ. "മാർഗ്ഗവും സത്യവും ജീവനുമാണ് ക്രിസ്തു" (യോഹ.14:6) തൻമൂലം മനുഷ്യൻെറ ഓരോ ചോദ്യത്തിനും- പ്രത്യേകിച്ച്, മതപരവും ധാർമ്മികവുമായ ഓരോ ചോദ്യത്തിനും- നിർണ്ണായകമായ ഉത്തരം യേശു ക്രിസ്തു നൽകുന്നുണ്ട്. അഥവാ യേശു ക്രിസ്തു തന്നെയാണ് ആ ഉത്തരം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം അനുസ്മരിപ്പിക്കുന്നു. "യഥാർത്ഥത്തിൽ, മനുഷ്യൻ എന്ന രഹസ്യത്തിലേക്കു പ്രകാശത്തെ പ്രസരിപ്പിക്കുന്നത് മനുഷ്യാവതാരം ചെയ്ത വചനത്തിൻെറ രഹസ്യത്തിൽ മാത്രമാണ്. കാരണം, ആദം എന്ന ആദിമമനുഷ്യൻ, ഭാവി മനുഷ്യൻെറ, അതായത് കർത്താവായ ക്രിസ്തുവിൻെറ, ഒരു പ്രതിരൂപമായിരുന്നു. അവസാനത്തെ ആദമായ ക്രിസ്തുവാണ് മനുഷ്യന് അവനെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തുന്നതും അവൻെറ ശ്രേഷ്ഠമായ വിളിയെ വ്യക്തമാക്കുന്നതും. പിതാവിനെപ്പറ്റിയും പിതാവിൻെറ സ്നേഹത്തെപ്പറ്റിയും വെളിപ്പെടുത്തിക്കൊണ്ടാണ് അവിടുന്ന് അപ്രകാരം ചെയ്യുന്നത്." [1]

"ജനതകളുടെ പ്രകാശമായ" യേശുക്രിസ്തു, തൻെറ സഭയുടെ മുഖത്തു പ്രകാശിക്കുന്നു. ആ സഭയെ, ലോകത്തിലെ എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ അവിടുന്ന് അയയ്ക്കുകയും ചെയ്യുന്നു (മർക്കോ.16:15). 2 അങ്ങനെ, ജനതകളുടെയിടയിലെ ദൈവജനം 3 എന്ന നിലയിൽ, യേശുക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും സംബന്ധിക്കുന്ന സത്യത്തിൽ നിന്നുള്ള പ്രത്യുത്തരം സഭ ഓരോരുത്തനും നൽകുന്നു. ചരിത്രത്തിൻെറ പുതിയ പരിവർത്തനങ്ങളെയും ജീവിതത്തിൻെറ അർത്ഥം കണ്ടെത്താൻ മനുഷ്യജാതി നടത്തുന്ന അന്വേഷണശ്രമങ്ങളെയും ശ്രദ്ധിച്ചുകൊണ്ടാണ് ആ ഉത്തരം നൽകുന്നത്. "വർത്തമാനകാല ജീവിതത്തിൻെറയും ഭാവി ജീവിതത്തിൻെറയും അർത്ഥമെന്തെന്നും അവ തമ്മിൽ എങ്ങനെ ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും മനുഷ്യർ നിരന്തരമായി ചോദിക്കുന്നു. ആ ചോദ്യങ്ങൾക്ക് ഓരോ തലമുറയോടും ശരിയായ രീതിയിൽ ഉത്തരം പറയാൻ പ്രാപ്തി നേടുന്നതിന് ഓരോ കാലഘട്ടത്തിലും കാലത്തിൻെറ അടയാളങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുകയും അവയെ സുവിശേഷത്തിൻെറ പ്രകാശത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുക സഭയുടെ കടമയാണ്". [4] സഭയ്ക്ക് ഈ കടമയെസംബന്ധിച്ച് അഗാധമായ അവബോധമുണ്ട്.

3. ഈ പരിശ്രമത്തിൽ സഭയുടെ അജപാലകന്മാർ, പത്രോസിൻെറ പിൻഗാമിയോടുള്ള ഐക്യത്തിൽ, വിശ്വാസികളോട് അടു

www.malankaralibrary.com



ത്തുനിൽക്കുന്നു. അവർ തങ്ങളുടെ ആധികാരിക പ്രബോധനം വഴി വിശ്വാസികളെ നയിക്കുകയും അവരുടെ കൂടെപ്പോകുകയും ചെയ്യുന്നു. വിശ്വാസികളോടു മാത്രമല്ല, സന്മനസ്സുള്ള എല്ലാവരോടും സ്നേഹത്തോടും കാരുണ്യത്തോടുംകൂടി സംസാരിക്കാനുള്ള നിത്യ നൂതനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടാണ് അവർ അപ്രകാരം ചെയ്യുന്നത്. സഭയെ സംബന്ധിച്ചിടത്തോളം രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ മനോഭാവത്തിൻെറ അസാധാരണമായ ഒരു സാക്ഷ്യമായി നിലകൊള്ളുന്നു. "മനുഷ്യ വംശത്തിൻെറ വിദഗ്ധ" [5] എന്നനിലയിൽ, ഓരോ വ്യക്തിക്കും ലോകത്തിനു മുഴുവനും സേവനം ചെയ്യാൻ സഭ തന്നെത്തന്നെ സമർപ്പിക്കുന്നുവല്ലോ. [6]

ഓരോ വ്യക്തിയെയും അഗാധമായി സ്പർശിക്കുന്ന ഒന്നാണ് ധാർമ്മികതയുടെ പ്രശ്നമെന്നു സഭയ്ക്കറിയാം. അത് എല്ലാജനതകളെയും ഉൾക്കൊള്ളുന്നു. ക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും മാത്രമല്ല, ദൈവത്തെപ്പോലും അറിയാത്തവരുടെയും പ്രശ്നമാണത്. *രക്ഷയുടെ മാർഗ്ഗം എല്ലാവർക്കുമായി തുറന്നു കിടക്കുന്നത് ധാർമ്മിക ജീവിതത്തിൻെറ മാർഗ്ഗത്തിലാണെന്ന്* അവൾക്കു കൃത്യമായിട്ട് അറിയാം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം വ്യക്തമായി അനുസ്മരിച്ചു. കൗൺസിൽ പറഞ്ഞു: "സ്വന്തം കുറ്റത്താലല്ലാതെ ക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും, അതേസമയം നിർമ്മല ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവ തിരുമനസ്സ് പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും... നിത്യരക്ഷപ്രാപിക്കാൻ കഴിയും". കൗൺസിൽ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "അതുപോലെ തന്നെ ദൈവത്തെപ്പറ്റിയുള്ള വ്യക്തമായ അറിവിലേക്ക് സ്വന്തം കുറ്റത്താലല്ലാതെ ചെന്നെത്താതിരിക്കുകയും അതേസമയം ദൈവാനുഗ്രഹത്താൽ നല്ല ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും നിത്യ രക്ഷയ്ക്ക് ആവശ്യമായ സഹായങ്ങൾ ദൈവപരിപാലന നിരസിക്കുന്നുമില്ല. കാരണം, എന്തെല്ലാം നന്മയും സത്യവും അവരിലുണ്ടോ അതെല്ലാം സുവിശേഷ സ്വീകരണത്തിനുള്ള ഒരുക്കമായി സഭ പരിഗണിക്കുന്നു. സകലർക്കും അവസാനം ജീവൻ ഉണ്ടാകാൻവേണ്ടി എല്ലാവരെയും പ്രകാശിപ്പിക്കുന്നവൻ നൽകിയ ദാനമായി അവയെ അവൾ കരുതുന്നു. [7]

**ഈ ചാക്രിക ലേഖനത്തിൻെറ ലക്ഷ്യം.**

4. എല്ലാക്കാലത്തും, പ്രത്യേകിച്ച് കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ മാർപാപ്പമാർ തനിച്ചോ മെത്രാൻ സംഘത്തോടു ചേർന്നോ

www.malankaralibrary.com



*മനുഷ്യ ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളെ* സ്പർശിക്കുന്ന ധാർമ്മിക പ്രബോധനത്തെ രൂപപ്പെടുത്തുകയും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിൻെറ നാമത്തിലും അവിടുത്തെ അധികാരത്തോടുകൂടിയും അവർ ആഹ്വാനം ചെയ്യുകയും വിധി പറയുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യവംശത്തിനുവേണ്ടിയുള്ള അവരുടെ പരിശ്രമങ്ങളിൽ, തങ്ങളുടെ ദൗത്യത്തോടുള്ള അവരുടെ വിശ്വസ്തതയിൽ, അവർ സ്ഥിരീകരിക്കുകയും പിന്താങ്ങുകയും ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സത്യത്തിൻെറ ആത്മാവിൽ നിന്നു ലഭിക്കുന്ന സഹായത്തെക്കുറിച്ചുള്ള ഉറപ്പോടെ, മാനുഷിക ലൈംഗികത, കുടുംബം, സാമൂഹിക- സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതം എന്നിവയുടെ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ധാർമ്മികാവശ്യങ്ങളെ കൂടുതൽ നന്നായി മനസ്സിലാക്കാൻ അവർ സഹായിച്ചിട്ടുണ്ട്. സഭയുടെ പാരമ്പര്യത്തിലും മനുഷ്യചരിത്രത്തിലും അവരുടെ പ്രബോധനം, ധാർമ്മികതയെ (morality)സംബന്ധിച്ചുള്ള ജ്ഞാനത്തിൻെറ നിരന്തരമായ ആഴപ്പെടുത്തലാണു കാണിക്കുന്നത്. [8]

ഇന്ന്, സഭയുടെ *ധാർമ്മിക പ്രബോധനത്തെയാകെ പരിചിന്തനത്തിനു വിഷയമാക്കുക* അത്യാവശ്യമാണെന്നു തോന്നുന്നു. കത്തോലിക്കാസിദ്ധാന്തത്തിൻെറ ചില മൗലിക സത്യങ്ങളെ വീണ്ടും സ്മരിക്കുകയാണ് ഇതിൻെറ കൃത്യമായ ലക്ഷ്യം. ഇന്നത്തെ സാഹചര്യത്തിൽ അവയെ തലകീഴ്മറിക്കുകയോ നിഷേധിക്കുകയോ ചെയ്യാനുള്ള അപകടസാധ്യതയുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. യഥാർത്ഥത്തിൽ *ക്രൈസ്തവ സമൂഹത്തിൽത്തന്നെ* ഒരു പുതിയ സാഹചര്യം സംജാതമായിരിക്കുന്നു. സഭയുടെ ധാർമ്മിക പ്രബോധനത്തെ സംബന്ധിച്ച്, അസംഖ്യം സംശയങ്ങളും എതിർപ്പുകളും ഇന്നത്തെ സാഹചര്യത്തിൽ പടർന്നു പിടിച്ചിട്ടുണ്ട്. അവയാകട്ടെ, മാനുഷികവും, മനശ്ശാസ്ത്രപരവും, സാമൂഹികവും സാംസ്കാരികവും മതാത്മകവുമായ സ്വഭാവത്തോടുകൂടിയവയാണ്. യഥാർത്ഥ ദൈവശാസ്ത്ര സ്വഭാവത്തോടുകൂടിയവയുമുണ്ട്. പരിധിയുള്ളതോ വല്ലപ്പോഴും സംഭവിക്കുന്നതോ ആയ അഭിപ്രായ ഭിന്നതയല്ലത്. പിന്നെയോ, പരമ്പരാഗത ധാർമ്മികതയെ പൊതുവായും സുസംഘടിതമായ രീതിയിലും ചോദ്യം ചെയ്യലാണത്. മനുഷ്യശാസ്ത്രപരവും (anthropological)ധർമ്മശാസ്ത്രപരവുമായ (ethical)ചില മുൻധാരണകളുടെ അടിസ്ഥാനത്തിലാണ് ഈ ചോദ്യം ചെയ്യൽ. ഈ മുൻധാരണകളുടെ അടിയിൽ ചില ചിന്താധാരകളുടെ ഏറെക്കുറെ വ്യക്തമായ സ്വാധീനം കാണാം. അവയാകട്ടെ, മനുഷ്യസ്വാതന്ത്ര്യത്തെ, സത്യത്തോടുള്ള അതിൻെറ

www.malankaralibrary.com



സാരാംശപരവും മൗലികവുമായ ബന്ധത്തിൽ നിന്നു വേർതിരിക്കുന്നതിൽ അവസാനിക്കുന്നവയാണ്. അങ്ങനെ, സ്വാഭാവിക നിയമത്തെയും അതിന്റെ കല്പനകളുടെ സാർവ്വത്രികതയെയും സ്ഥിര സാധുതയെയും കുറിച്ചുള്ള പരമ്പരാഗതമായ സിദ്ധാന്തം പരിത്യജിക്കപ്പെടുന്നു. സഭയുടെ ചില ധാർമ്മിക പ്രബോധനങ്ങൾ, കേവലം അസ്വീകാര്യങ്ങളായി കരുതപ്പെടുന്നു. ധാർമ്മിക കാര്യങ്ങളിൽ "മനസ്സാക്ഷിയോട് ആഹ്വാനം ചെയ്യാനും", "മൂല്യങ്ങളെ നിർദ്ദേശിക്കാനും" മാത്രം ഇടപെടുന്ന ഒന്നായി സഭയുടെ പ്രബോധനാധികാരത്തെ (Magisterium) കരുതുന്നു. സഭയുടെ അത്തരം ഇടപെടലിന്റെ വെളിച്ചത്തിൽ, ഓരോ വ്യക്തിക്കും സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാമെന്നും ജീവിത തിരഞ്ഞെടുപ്പുകൾ (life choices) നടത്താമെന്നും കരുതപ്പെടുന്നു.

പ്രത്യേകിച്ച്, സെമിനാരികൾ ദൈവശാസ്ത്ര ഫാക്കൽറ്റികൾ എന്നിവകളിൽപ്പോലും കാണപ്പെടുന്ന *ദൈവശാസ്ത്രപരമായ ചില അഭിപ്രായങ്ങളും സഭയുടെ പരമ്പരാഗതമായ പ്രത്യുത്തരവും തമ്മിലുള്ള പൊരുത്തക്കേടു* ശ്രദ്ധിക്കേണ്ടതാണ്. സഭയെയും ക്രിസ്ത്യാനികളുടെ വിശ്വാസ ജീവിതത്തെയും അതുപോലെ തന്നെ സമൂഹത്തിന്റെ ജീവിതത്തെയും സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാന്യമർഹിക്കുന്ന ചോദ്യങ്ങളെക്കുറിച്ചാണ് ഇതു സംഭവിക്കുന്നത്. പ്രത്യേകിച്ച് ഒരു പ്രശ്നം ഉന്നയിക്കപ്പെടുന്നു: മനുഷ്യഹൃദയത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടവയും ഉടമ്പടിയുടെ ഭാഗമായി നിലകൊള്ളുന്നവയുമായ ദൈവപ്രമാണങ്ങൾക്ക്, വ്യക്തികളുടെയും സമൂഹങ്ങൾ മുഴുവന്റെയും അനുദിനതീരുമാനങ്ങളെ വ്യക്തമാക്കുവാൻ യഥാർത്ഥത്തിൽ കഴിവുണ്ടോ? ഈ ദൈവപ്രമാണങ്ങളെ എല്ലാസാഹചര്യങ്ങളിലും ബഹുമാനിക്കാതെ, ദൈവത്തെ അനുസരിക്കാനും അങ്ങനെ ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കാനും കഴിയുമോ? കൂടാതെ വിശ്വാസവും ധാർമ്മികതയും തമ്മിലുള്ള ആന്തരികവും അഭേദ്യവുമായ ബന്ധത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള ഒരഭിപ്രായവും മിക്കപ്പോഴും കേൾക്കാം. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സഭയിലുള്ള അംഗത്വവും സഭയുടെ ആന്തരികമായ ഐക്യവും നിശ്ചയിക്കപ്പെടേണ്ടത് എന്നും ധാർമ്മികതയുടെ മണ്ഡലത്തിൽ വ്യത്യസ്താഭിപ്രായങ്ങളും വിവിധതരത്തിലുള്ള പെരുമാറ്റവും (behaviour)സമ്മതിച്ചുകൊടുക്കാമെന്നും അവർ പറയുന്നു. ധാർമ്മികതയുടെയും പെരുമാറ്റത്തിന്റെയും ഇത്തരം പ്രശ്നങ്ങൾ, വ്യക്തിയുടെ കർതൃനിഷ്ഠമായ മനസ്സാക്ഷിക്കും, സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളുടെ വൈവിധ്യത്തിനും വിട്ടുകൊടുക്കാമെന്നു കൂടി അവർ പ്രസ്താവിക്കുന്നു.

www.malankaralibrary.com



5. ഇന്നും നിലനില്ക്കുന്ന ഈ സാഹചര്യത്തിൽ, "ധാർമ്മിക ദൈവശാസ്ത്രത്തിൻെറ അടിസ്ഥാനങ്ങളെ" - ഇന്നത്തെ ചില പ്രവണതകൾ തകർത്തുകൊണ്ടിരിക്കുന്ന അടിസ്ഥാനങ്ങളെ - "സ്പർശിക്കുന്ന പ്രശ്നങ്ങളെപ്പറ്റി കൂടുതൽ പൂർണ്ണവും അഗാധവുമായ വിധത്തിൽ"[9] പ്രതിപാദിക്കാൻ ഒരു ചാക്രികലേഖനം എഴുതണമെന്നു ഞാൻ നിശ്ചയിച്ചു. അല്ഫോൻസ് മരിയ ഡി ലിഗോരിയുടെ മരണത്തിൻെറ രണ്ടാം ശതാബ്ദിദിനം പ്രമാണിച്ച് 1987 ആഗസ്റ്റ് 1-നു പുറപ്പെടുവിച്ച സ്പിരിത്തൂസ് ദോമിനി (കർത്താവിൻെറ ആത്മാവ്) എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇക്കാര്യം ഞാൻ പ്രഖ്യാപിച്ചിരുന്നല്ലോ.

അഭിവന്ദ്യമെത്രാൻമാരായ സഹോദരന്മാരെ, "ശരിയായ പ്രബോധനത്തെ" (2തിമോ.4:3) സംരക്ഷിക്കാനുള്ള ചുമതല എന്നോടൊപ്പം പങ്കുവയ്ക്കുന്ന നിങ്ങളെ ഞാൻ അഭിസംബോധന ചെയ്യുന്നു. യഥാർത്ഥത്തിലുള്ള ഒരു *പ്രതിസന്ധിയെ* നേരിടുന്നതിൽ നിർണ്ണായക പ്രാധാന്യമുള്ള *സിദ്ധാന്തത്തിൻെറ ചില വശങ്ങളെ വ്യക്തമായി സ്ഥാപിക്കണമെന്ന* ലക്ഷ്യത്തോടെയാണ് ഇങ്ങനെ ചെയ്യുന്നത്. ഈ പ്രതിസന്ധി കൊണ്ടുവരുന്ന പ്രയാസങ്ങൾക്ക്, വിശ്വാസികളുടെ ധാർമ്മിക ജീവിതം, സഭയിലെ കൂട്ടായ്മ, നീതിനിഷ്ഠവും സഹോദരപരവുമായ സാമൂഹിക ജീവിതം എന്നിവയെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവാവഹമായ അർത്ഥവ്യാപ്തിയുണ്ട്.

ദീർഘകാലം കാത്തിരുന്നിട്ട് ഇപ്പോൾ മാത്രമാണ് ഈ ചാക്രികലേഖനം പ്രസിദ്ധീകരിക്കുന്നത്. അതിൻെറ ഒരു കാരണം, ക്രൈസ്തവധർമ്മശാസ്ത്രത്തിൻെറ പൂർണ്ണവും സുസംഘടിതവുമായ പ്രതിപാദനമുൾക്കൊള്ളുന്ന *കത്തോലിക്കാസഭയുടെ സാർവ്വത്രിക വേദോപദേശ പുസ്തകം പുറപ്പെടുവിച്ചതിനുശേഷം* ഇതു പ്രസിദ്ധീകരിക്കുകയാണു നല്ലത് എന്ന വിചാരമാണ്. വിശ്വാസികളുടെ ധാർമ്മിക ജീവിതത്തെ അതിൻെറ മൗലികഘടകങ്ങളോടും വിവിധ വശങ്ങളോടും കൂടെ, "ദൈവമക്കളുടെ" ജീവിതമായി ആ വേദോപദേശപുസ്തകം ചിത്രീകരിക്കുന്നുണ്ട്. "വിശ്വാസത്തിൽ തങ്ങളുടെ പുതിയ മഹത്വത്തെ മനസ്സിലാക്കി 'ക്രിസ്തുവിൻെറ സുവിശേഷത്തിനു യോഗ്യമായ വിധത്തിൽ' (2ഫിലി.1:27) ജീവിതം നയിക്കാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു.അത്തരം ഒരു ജീവിതത്തിന് അവരെ പ്രാപ്തരാക്കാൻ കൂദാശകളിലൂടെയും പ്രാർത്ഥനകളിലൂടെയും ക്രിസ്തുവിൻെറ വരപ്രസാദവും അവിടുത്തെ ആത്മാവിൻെറ ദാനങ്ങളും അവർ സ്വീകരിക്കുന്നുണ്ട്".[10] തന്മൂലം, "കത്തോലിക്കാ സിദ്ധാന്തത്തെ പഠിപ്പിക്കുന്നതിനുള്ള സുനിശ്ചിതവും യഥാർ

www.malankaralibrary.com



ത്ഥവുമായ ഒരു പരാമർശഗ്രന്ഥമാണ്" [11] വേദോപദേശഗ്രന്ഥം എന്നു സൂചിപ്പിച്ചുകൊണ്ട്, ഈ ചാക്രികലേഖനത്തിൽ സഭയുടെ ധാർമ്മിക പ്രബോധനത്തെ സംബന്ധിച്ച *ചില മൗലിക പ്രശ്നങ്ങളെ മാത്രം* പ്രതിപാദിക്കുന്നു. സന്മാർഗ്ഗ ദൈവശാസ്ത്രജ്ഞന്മാരും സന്മാർഗ്ഗചിന്തകരും (ethicists) വാദപ്രതിവാദം നടത്തുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അവശ്യാവശ്യകമായ ഒരു വേർതിരിച്ചറിയലിൻെറ രൂപത്തിലാണ് ഇത് എഴുതുന്നത്. ഈ ചാക്രിക ലേഖനത്തിൻെറ സവിശേഷ ലക്ഷ്യം ഇതാണ്: ചർച്ചചെയ്യപ്പെടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച്, വേദഗ്രന്ഥത്തെയും സജീവമായ അപ്പസ്തോലിക പാരമ്പര്യത്തെയും അടിസ്ഥാനപ്പെടുത്തി ധാർമ്മിക പ്രബോധനത്തിൻെറ തത്ത്വങ്ങളെ സ്ഥാപിക്കുക. [12] അതേസമയം, ആ പ്രബോധനം നേരിട്ട മുൻധാരണകളെയും വിരുദ്ധാഭിപ്രായങ്ങളുടെ അനന്തരഫലങ്ങളെയും വ്യക്തമാക്കുക.

www.malankaralibrary.com

## അദ്ധ്യായം ഒന്ന് :

# ഗുരോ,.......... ഞാൻ എന്തു നന്മയാണ് പ്രവർത്തിക്കേണ്ടത്? (മത്താ.19:16)

## ക്രിസ്തുവും ധാർമ്മികതയെപ്പറ്റിയുള്ള ചോദ്യത്തിന്റെ ഉത്തരവും

*''ഒരാൾ അവനെ സമീപിച്ചു.......''* (മത്താ.19:16)

6. ധാർമ്മിക പ്രബോധനത്തെ സംബന്ധിച്ച് സജീവമായും നേരിട്ടും *ഒരിക്കൽക്കൂടി കേൾക്കുന്നതിനുള്ള* ഉപകാരപ്രദമായ നിർദ്ദേശം, മത്തായിയുടെ സുവിശേഷത്തിലെ പത്തൊൻപതാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നതും *യേശുവും ധനികനായ യുവാവും തമ്മിൽ നടന്നതുമായ സംഭാഷണത്തിൽ നിന്നു ലഭിക്കുന്നുണ്ട്.*: "ഒരാൾ അവനെ സമീപിച്ചു ചോദിച്ചു : 'ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുനന്മയാണ് ചെയ്യേണ്ടത്?' അവൻ പറഞ്ഞു: 'നന്മയെപ്പറ്റി നീ എന്നോടു ചേദിക്കുന്നതെന്തിന്? നല്ലവൻ ഒരുവൻ മാത്രം. ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക.' അവൻ ചോദിച്ചു: 'ഏതെല്ലാം? യേശു പ്രതിവചിച്ചു: കൊല്ലരുത്; വ്യഭിചാരം ചെയ്യരുത്; മോഷ്ടിക്കരുത്; കള്ളസാക്ഷ്യം നൽകരുത്; പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക; നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ആ യുവാവു ചോദിച്ചു: 'ഇവയെല്ലാം ഞാൻ അനുസരിച്ചിട്ടുണ്ട്. ഇനിയും എന്താണ് എനിക്കു കുറവ്?' യേശു പറഞ്ഞു: ' നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക' (മത്താ.19:16-21).[13]

7. "അപ്പോൾ ഒരാൾ അവനെ സമീപിച്ചു......." മത്തായിയുടെ സുവിശേഷത്തിലെ പേരുപറയാത്ത ആ യുവാവിൽ, ബോധപൂർവ്വകമായോ അല്ലാതെയോ, *മനുഷ്യരക്ഷകനായ ക്രിസ്തുവിനെ*

www.malankaralibrary.com



*സമീപിച്ച് ധാർമ്മികതയെപ്പറ്റി ചോദിക്കുന്ന* ഓരോ മനുഷ്യനെയും നമുക്കു തിരിച്ചറിയാം. ആ യുവാവിനെ സംബന്ധിച്ചിടത്തോളം, അനുസരിക്കേണ്ട നിയമങ്ങൾ എന്നതിനെക്കാൾ, *ജീവിതത്തിൻെറ പൂർണ്ണമായ അർത്ഥമാണ് പ്രശ്നം.* ഇതാണ് യഥാർത്ഥത്തിൽ, ഓരോ മാനുഷിക തീരുമാനത്തിൻെറയും പ്രവർത്തനത്തിൻെറയും ഉള്ളിലുള്ള അഭിവാഞ്ഛ. സ്വാതന്ത്ര്യത്തെ ചലിപ്പിക്കുന്ന ശാന്തമായ അന്വേഷണവും ആന്തരിക പ്രചോദനവും നമ്മെ ആകർഷിക്കുകയും മാടിവിളിക്കുകയും ചെയ്യുന്ന പരമനന്മയോടുള്ള ഒരഭ്യർത്ഥനയാണ്, ആത്യന്തികമായ അപഗ്രഥനത്തിൽ, ഈ ചോദ്യം. മനുഷ്യ ജീവൻെറ ഉറവിടവും ലക്ഷ്യവുമായ ദൈവത്തിൽ നിന്നുള്ള ഒരു ആഹ്വാനത്തിൻെറ പ്രതിധ്വനിയാണത്. യഥാർത്ഥത്തിൽ, ഈ വിക്ഷണത്തോടെ ധർമ്മ ശാസ്ത്രം (സന്മാർഗ്ഗ ദൈവശാസ്ത്രം) പരിഷ്കരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെട്ടു. വിശ്വാസികൾ ക്രിസ്തുവിൽ സ്വീകരിച്ച ഉന്നതമായ വിളിയെ ധർമ്മശാസ്ത്രത്തിൻെറ പഠിപ്പിക്കൽ വ്യക്തമാക്കുന്നതിനുവേണ്ടിയാണത്. [14] മനുഷ്യഹൃദയത്തെ തൃപ്തിപ്പെടുത്തുവാൻ തികച്ചും പര്യാപ്തമായ ഏക പ്രത്യുത്തരം അവിടുന്നാണല്ലോ.

*ക്രിസ്തുവുമായുള്ള ഈ "കണ്ടുമുട്ടൽ" സാധ്യമാക്കുന്നതിനു തൻെറ സഭയെ സ്ഥാപിക്കാൻ ദൈവം തിരുമനസ്സായി.* യഥാർത്ഥത്തിൽ, "ഈ ഏകലക്ഷ്യമാണു സഭയ്ക്കുള്ളത് : ഓരോ മനുഷ്യനും ക്രിസ്തുവിനെ കണ്ടെത്താൻ പ്രാപ്തനാകണം. ജീവിത പഥത്തിൽ അങ്ങനെ ഓരോ വ്യക്തിയോടുമൊത്തു ക്രസ്തു സഞ്ചരിക്കാൻ വേണ്ടിയാണത്". [15]

*"ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് പ്രവർത്തിക്കേണ്ടത് ?"* (മത്താ.19:16)

8.നസ്രസിലെ യേശുവിനോട് ആ സമ്പന്ന യുവാവു ചോദിക്കുന്ന ചോദ്യം അവൻെറ ഹൃദയത്തിൻെറ അഗാധതയിൽനിന്നുയരുന്ന ഒന്നാണ്. ഓരോ മനുഷ്യൻെറയും ജീവനെ സംബന്ധിച്ചിടത്തോളം *സത്താപരവും അപരിത്യാജ്യവുമായ* ചോദ്യമാണത്. കാരണം, അതു ചെയ്യപ്പെടേണ്ട ധാർമ്മിക നന്മയെക്കുറിച്ചും, നിത്യജീവനെക്കുറിച്ചുമുള്ളതാണ്. ധാർമ്മികനന്മയും തൻെറ ജീവിതലക്ഷ്യത്തിൻെറ സാക്ഷാത്കാരവും തമ്മിൽ ബന്ധമുണ്ടെന്ന് ആ യുവാവു മനസ്സിലാക്കുന്നു. അവൻ ഭക്തനായ ഒരു ഇസ്രായേൽക്കാരനാണ്. കർത്താവിൻെറ നിയമത്തിൻെറ തണലിലാണ് അവനെ വളർത്തിയതെന്നു പറയാം. അവൻ യേശുവിനോട് ഈ ചോദ്യം ചോദിക്കുന്നെങ്കിൽ, നിയമത്തിലുള്ള ഉത്തരത്തെപ്പറ്റി അറിയാതെ

www.malankaralibrary.com



യല്ല ചോദിക്കുന്നതെന്നും നമുക്കു വിചാരിക്കാം. യേശുവിൻെറ വ്യക്തിത്വത്തിൻെറ ആകർഷകത്വം ധാർമ്മികനന്മയെപ്പറ്റിയുള്ള പുതിയ ചോദ്യങ്ങൾ അവൻെറ ഉള്ളിൽ ഉണർത്തിയിരിക്കാനാണ് കൂടുതൽ സാധ്യത. "സമയം സമാഗതമായിരിക്കുന്നു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിക്കുക, സുവിശേഷത്തിൽ വിശ്വസിക്കുകയും ചെയ്യുക" (മർക്കോ.1:15) എന്ന നവീനവും നിർണ്ണായകവുമായ ഈ പ്രഘോഷണം നടത്തുന്നവനിലേക്ക് അടുക്കേണ്ടതുണ്ടെന്ന് അവനു തോന്നി.

എന്താണ് നന്മ ? എന്താണു തിന്മ ? എന്നിങ്ങനെയുള്ള തങ്ങളുടെ ചോദ്യങ്ങൾക്ക് യേശു ക്രിസ്തുവിൽ നിന്ന് *ഉത്തരം ലഭിക്കാൻ,* ആളുകൾ ഇന്ന് *ഒരിക്കൽക്കൂടി ക്രിസ്തുവിലേക്കു തിരിയേണ്ടതുണ്ട്.* ക്രിസ്തുവാണ് ആചാര്യൻ. ഉത്ഥിതനും തന്നിൽ ത്തന്നെ ജീവനുള്ളവനും തൻെറസഭയിലും ലോകത്തിലും സദാ സന്നിഹിതനുമാണ് അവിടുന്ന്. അവിടുന്നാണ് വിശ്വാസികളുടെ മുൻപിൽ വേദഗ്രന്ഥം തുറക്കുന്നത്. പിതാവിൻെറ ഇഷ്ടം പൂർണ്ണമായും വെളിപ്പെടുത്തിക്കൊണ്ട് ധാർമ്മിക പ്രവർത്തിയെപ്പറ്റിയുള്ള സത്യം പഠിപ്പിക്കുന്നതും അവിടുന്നുതന്നെ. മനുഷ്യ ചരിത്രത്തിലെ ആൽഫയും ഒമേഗയും (വെളി.1:8;21:6;22:13) എന്ന നിലയിൽ രക്ഷാപദ്ധതിയുടെ സ്രോതസ്സിലും പരമകോടിയിലും ക്രിസ്തു മനുഷ്യൻെറ അവസ്ഥയിലേക്കും അവൻെറ സമഗ്രമായ വിളിയിലേക്കും പ്രകാശം വീശുന്നു. അതുകൊണ്ട് തന്നെത്തന്നെ പൂർണ്ണമായി അറിയാൻ ആഗ്രഹിക്കുന്ന മനുഷ്യൻ ക്രിസ്തുവിലേക്ക് അടുക്കണം. തൻെറ അസ്തിത്വത്തിൻെറ തൊട്ടടുത്തുള്ളതും, ഭാഗികവും മിക്കപ്പോഴും ഉപരിപ്ലവവും, മായികംപോലുമായ മാനദണ്ഡങ്ങളും അളവുകളുമനുസരിച്ചല്ലാതെ സമഗ്രമായി തന്നെത്തന്നെ അറിയാൻ ആഗ്രഹിക്കുന്ന മനുഷ്യൻ അങ്ങനെ ചെയ്യണം. അവൻ തൻെറ അശാന്തിയോടും സംശയത്തോടും കൂടി, ദുർബലതയോടും പാപാത്മകതയോടും കൂടി പോലും ജീവിതവും മരണവുമായി ക്രിസ്തുവിലേക്ക് അടുക്കണം. അവൻ തൻെറ സമഗ്രവ്യക്തിത്വത്തോടെ ക്രിസ്തുവിലേക്കു പ്രവേശിക്കണം എന്നുപറയാം. അവൻ തന്നെത്തന്നെ കണ്ടെത്തുന്നതിന്, മനുഷ്യാവതാരത്തിൻെറയും രക്ഷാകർമ്മത്തിൻെറയും മുഴുവൻ യാഥാർത്ഥ്യത്തെയും 'സ്വന്തമാക്കുകയും' സാത്മീകരിക്കുകയും വേണം. അഗാധതലത്തിലുള്ള ഈ പ്രക്രിയ അവനിൽ നടക്കുന്നുവെങ്കിൽ, ദൈവാരാധനയുടെ മാത്രമല്ല, തന്നെപ്പറ്റിത്തന്നെയുള്ള അഗാധതരമായ വിസ്മയത്തിൻെറയും ഫലം അവൻ പുറപ്പെടുവിക്കും" [16]

ആകയാൽ, സുവിശേഷത്തിലെ ധാർമ്മിക പ്രബോധനത്തിൻെറ ഹൃദയാന്തർഭാഗത്തേക്കു കടക്കാനും, അതിൻെറ അഗാധവും പരിണാമരഹിതവുമായ ഉള്ളടക്കം ഗ്രഹിക്കാനും നാം ആഗ്ര

www.malankaralibrary.com



ഹിക്കുന്നെങ്കിൽ, സുവിശേഷത്തിൽക്കാണുന്ന ധനികയുവാവ് ഉന്നയിച്ച ചോദ്യത്തിൻെറ അർത്ഥത്തിലേക്കു നാം ശ്രദ്ധാപൂർവ്വം അന്വേഷിച്ചിറങ്ങണം. മാത്രമല്ല, യേശു പറഞ്ഞ ഉത്തരത്തിൻെറ അർത്ഥത്തിലേക്കും, യേശുവിനാൽ നയിക്കപ്പെട്ട് അന്വേഷിച്ചിറങ്ങണം. യേശു, ക്ഷമയും സൂക്ഷ്മ ഗ്രാഹിത്വവുമുള്ള ഒരു അദ്ധ്യാപകനെന്നപോലെ, ആ യുവാവിനോട് ഉത്തരം പറഞ്ഞു. അവനെ കൈക്കു പിടിച്ചുനടത്തി പൂർണ്ണ സത്യത്തിലേക്ക് പടിപടിയായി നയിച്ചു.

*''നല്ലവൻ ഒരുവൻ മാത്രം'' (മത്താ.19:19)*

*9. യേശു പറയുന്നു: "നന്മയെപ്പറ്റി നീ എന്നോടു ചോദിക്കുന്നതെന്തിന് ? നല്ലവൻ ഒരുവൻ മാത്രമേയുള്ളൂ. ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക" (മത്താ.19:17). മർക്കോസിൻെറയും ലൂക്കായുടെയും സുവിശേഷങ്ങളിൽ ഈ ചോദ്യം ഇങ്ങനെയാണു രേഖപ്പെടുത്തിയിരിക്കുന്നത്: "എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നുവിളിക്കുന്നത് ? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരുമില്ല" (മർക്കോ.10:18; ലൂക്കാ18:19). ചോദ്യത്തിനുത്തരം പറയുന്നതിനു മുൻപ്, എന്തുകൊണ്ടാണ് താൻ ചോദ്യമുന്നയിച്ചത് എന്നതിനെപ്പറ്റി ആ യുവാവ് വ്യക്തമായി അറിയണമെന്ന് യേശു ആഗ്രഹിച്ചു. "നിത്യ ജീവൻ പ്രാപിക്കാൻ എന്തു നന്മയാണ് ഞാൻ ചെയ്യേണ്ടത് ? എന്ന ചോദ്യത്തിനുത്തരം നല്ലവനായ "ഒരുവനി"ലേക്കു മനസ്സും ഹൃദയവും തിരിച്ചാലല്ലാതെ കണ്ടെത്താൻ സാധിക്കുകയില്ലെന്ന് ആ "നല്ലവനായ ഗുരു" അവനു ചൂണ്ടികാണിച്ചു; നമുക്ക് എല്ലാവർക്കുമായി അവിടുന്ന് ചൂണ്ടിക്കാണിച്ചു. "ദൈവം ഒരുവനല്ലാതെ നല്ലവനായി മറ്റാരുമില്ല" (മർക്കോ.10:18; ലൂക്കാ.18:19). നന്മ എന്താണ്? എന്ന ചോദ്യത്തിനുത്തരം പറയാൻ ദൈവത്തിനു മാത്രമേ കഴിയൂ.* കാരണം അവിടുന്നാണ് *നന്മതന്നെയായിട്ടുള്ളവൻ.* യഥാർത്ഥത്തിൽ, *നന്മയെപ്പറ്റി ചോദിക്കുകയെന്നതിൻെറ പരമമായ അർത്ഥം നന്മയുടെ പൂർണ്ണതയായ ദൈവത്തിലേക്കു* തിരിയുക എന്നതു തന്നെയാണ്. ആ യുവാവിൻെറ ചോദ്യം യഥാർത്ഥത്തിൽ *മതപരമായ ഒരു ചോദ്യമാണെന്നു* യേശു ചൂണ്ടികാണിക്കുകയാണ്. മനുഷ്യനെ ആകർഷിക്കുകയും അതേസമയം കടപ്പെടുത്തുകയും ചെയ്യുന്ന നന്മയുടെ ഉറവിടം ദൈവമാണെന്ന്- യഥാർത്ഥത്തിൽ ദൈവം തന്നെയാണെന്ന് -യേശു ചൂണ്ടികാണിക്കുകയാണ്. പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടി (മത്താ.22:37) സ്നേഹിക്കപ്പെടാൻ യോഗ്യനായിട്ടുള്ളത് ദൈവം മാത്രമാണ്. അവിടുന്നാണ് മനുഷ്യൻെറ സന്തോഷത്തിൻെറ

www.malankaralibrary.com



ഉറവിടം. ധാർമ്മികമായ നല്ല പ്രവൃത്തിയെപ്പറ്റിയുള്ള ചോദ്യത്തെ അതിൻെറ മതപരമായ അടിസ്ഥാനത്തിലേക്ക്, ഏകനന്മയായ ദൈവത്തെ അംഗീകരിക്കുക എന്നതിലേക്ക്, ജീവൻെറ പൂർണ്ണതയിലേക്ക്, മാനുഷികപ്രവർത്തിയുടെ പരമാന്ത്യത്തിലേക്ക്, പൂർണ്ണമായ സന്തോഷത്തിലേക്ക് യേശു കൊണ്ടുവരുകയാണ്.

10. മനുഷ്യ ജീവിതത്തിൻെറ പരമമായ ലക്ഷ്യം "ദൈവമഹത്വത്തെ പ്രകീർത്തിക്കാൻ" (എഫേ.1:12) വേണ്ടി തൻെറ ഓരോ പ്രവർത്തനത്തിലും ആ മഹത്വത്തിൻെറ പ്രഭ പ്രതിബിംബിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ട് ജീവിക്കുക എന്നതാണെന്ന് ആ ഗുരുവിൻെറ വാക്കുകൾ പഠിച്ച സഭ വിശ്വസിക്കുന്നു. സ്രഷ്ടാവിൻെറ പ്രതിഛായയിൽ സൃഷ്ടിക്കപ്പെടുകയും, ക്രിസ്തുവിൻെറ രക്തത്താൽ രക്ഷിക്കപ്പെടുകയും, പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യത്താൽ വിശുദ്ധനാക്കപ്പെടുകയും ചെയ്തവനാണല്ലോ മനുഷ്യൻ. വി.അംബ്രോസ് ഇപ്രകാരം എഴുതുന്നു: "ഓ! മനോജ്ഞമായ ആത്മാവേ, നീ ദൈവഛായയാണെന്ന് അറിയുക. നീ ദൈവത്തിൻെറ മഹത്വമാണെന്ന് അറിയുക (1കൊറി.11:7). നീ എങ്ങനെയാണ് അവിടുത്തേ മഹത്വമായിരിക്കുന്നതെന്നു കേൾക്കു. പ്രവാചകൻ പറയുന്നു: നിൻെറ അറിവ് എനിക്ക് അപ്രാപ്യമാവിധം വിസ്മയിപ്പിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു (സങ്കീ.138:6. വുൾഗാത്ത). അതായത്, എൻെറ പ്രവൃത്തിയിൽ നിൻെറ മഹത്വം കൂടുതൽ വിസ്മയനീയമായിത്തീർന്നിരിക്കുന്നു. *മനുഷ്യരുടെ ആലോചനകളിൽ* നിൻെറ ജ്ഞാനം ഉന്നതമായിരിക്കുന്നു. എൻെറ രഹസ്യ ചിന്തകളിലും അഗാധതമങ്ങളായ വികാരങ്ങളിലും ഞാൻ നിനക്ക് അറിയപ്പെടുന്നതുപോലെ ഞാൻ എന്നെ ത്തന്നെ പരിഗണിക്കുമ്പോൾ, നിൻെറ അറിവിൻെറ രഹസ്യങ്ങൾ എനിക്കു സുജ്ഞാതമാണ്. ഓ! മനുഷ്യ, നിൻെറ മഹത്വം അറിയുക. ജാഗ്രതയുള്ളവനായിരിക്കുകയും ചെയ്യുക." 17.

*മനുഷ്യൻ എന്താണെന്നും അവൻ എന്താണു ചെയ്യേണ്ടതെന്നും* ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുമ്പോഴേ വ്യക്തമായിത്തീരും. പത്തുകല്പനകൾ (വേദപ്രമാണങ്ങൾ) താഴെ പറയുന്ന വാക്കുകളിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. "അടിമത്തത്തിൻെറ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണു നിൻെറ ദൈവമായ കർത്താവ്" (പുറ. 20:2-3). ഇസ്രാ-യേലുമായുള്ള ഉടമ്പടിയിലെ "പത്തുവാക്കുകളി"ലും നിയമത്തിൽ മുഴുവനിലും, ദൈവം തന്നെത്തന്നെ "ഏക നന്മയായ ഒരുവനായി" വെളിപ്പെടുത്തുകയും അംഗീകരിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യൻ പാപം ചെയ്തുവെങ്കിലും "നിങ്ങൾ വിശുദ്ധന്മാരായിരിക്കണം, കാരണം, നിങ്ങളുടെ ദൈവമായ ഞാൻ വിശുദ്ധനാണ് (ലേവ. 19:2) എന്ന കല്പനയനുസരിച്ചുള്ള ധാർമ്മിക പ്രവൃത്തി

www.malankaralibrary.com



യുടെ "മാതൃക"യായിട്ട് അവിടുന്നു സ്വയം വെളിപ്പെടുത്തുന്നു. മനുഷ്യനോടുള്ള തൻെറ സ്നേഹത്തോടു വിശ്വസ്തത പുലർത്തി ക്കൊണ്ട് അവനു തൻെറ നിയമം നല്കുന്നു (പുറ. 19:9-24; 20:18-21). സ്രഷ്ടാവും സർവ്വസൃഷ്ടികളും തമ്മിൽ മനുഷ്യനു ആദിയിലുണ്ടായിരുന്ന സമാധാനപൂർണ്ണമായ ഐക്യം പുനഃസ്ഥാ പിക്കുന്നതിനുവേണ്ടിയാണ് ആ നിയമം നല്കിയത്. കൂടാതെ, തൻെറ ദൈവികസ്നേഹത്തിലേക്കു മനുഷ്യനെ വലിച്ചടുപ്പി ക്കാനും വേണ്ടിയാണ് അങ്ങനെ ചെയ്തത്: "ഞാൻ നിങ്ങളുടെയിട യിൽ സഞ്ചരിക്കും, ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എൻെറ ജനവുമായിരിക്കും" (ലേവ. 26:12).

ദൈവം മനുഷ്യനോടുള്ള സ്നേഹം മൂലം സമാരംഭിച്ച ഔദാര്യ പൂർണ്ണമായ അനേകം സംരംഭങ്ങൾക്കു നല്കപ്പെടേണ്ട പ്രത്യുത്തര മായി ധാർമ്മികജീവിതം സ്വയം പ്രകാശിതമാകുന്നു. ഇതു നിയമാ വർത്തന പുസ്തകത്തിൽ കാണുന്ന മൗലിക കല്പനയെ സംബ ന്ധിച്ച പ്രസ്താവനയനുസരിച്ചുള്ള സ്നേഹത്തിൻെറ പ്രത്യുത്തര മാണ്: "ഇസ്രായേലേ കേൾക്കുക: നമ്മുടെ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദ യത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേ ഹിക്കണം. ഞാനിന്നു കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങ ളുടെ മക്കളെ പഠിപ്പിക്കണം" (നിയമ. 6:6-7). അങ്ങനെ, ദൈവത്തി നുള്ള സ്നേഹത്തിൻെറ ഉദാരതയിൽ ഗ്രഹിക്കപ്പെടുന്ന ധാർമ്മിക ജീവിതം, അവിടുത്തെ മഹത്വത്തെ പ്രതിബിംബിപ്പിക്കണം: "കാരണം, ദൈവത്തെ സ്നേഹിക്കുന്നവന്, താൻ സ്നേഹിക്കുന്ന വനെ സന്തോഷിപ്പിക്കുക എന്നതുമതി. കാരണം, ആ സ്നേഹത്തേ ക്കാൾ വലിയ ഒരു പ്രതിസമ്മാനം അന്വേഷിക്കാനില്ല. ദൈവം തന്നെ സ്നേഹമാണ്. അങ്ങനെ, സ്നേഹം യഥാർത്ഥത്തിൽ ദൈവ ത്തിൻേറതാണ്." [18].

11. "ഒരുവൻ മാത്രമേ നല്ലവനായിട്ടുള്ളൂ" എന്ന പ്രസ്താവന അങ്ങനെ, വേദപ്രമാണങ്ങളിലെ ഒന്നാമത്തെ "കല്പലക"യിലേക്കു നമ്മെ അടുപ്പിക്കുന്നു. എല്ലാത്തിൻെറയും കർത്താവായി ദൈവ ത്തെ അംഗീകരിക്കാനും, അവിടുത്തെ അനന്തപരിശുദ്ധിമൂലം അവി ടുത്തെ മാത്രം ആരാധിക്കാനും ആ കല്പലക നമ്മെ ആഹ്വാനം ചെയ്യുന്നു (പുറ. 20:2-11).

*നന്മ എന്നത് ദൈവത്തിൻേറതായിരിക്കുന്നതിലാണ്; അവി ടുത്തെ അനുസരിക്കുന്നതിലാണ്.* നന്മ ചെയ്യുന്നതിലും സ്നേഹ പൂർണ്ണമായ കാരുണ്യത്തിലും വിനയത്തോടെ അവിടുത്തോടൊപ്പം നടക്കുന്നതിലാണ് (മിക്ക. 6:8). കർത്താവിനെ *ദൈവമായി അംഗീക രിക്കലാണ് യഥാർത്ഥത്തിൽ നിയമത്തിൻെറ കാതൽ,* അഥവാ മർമ്മം (ഹൃദയം). അതിൽനിന്നാണ് പ്രത്യേക കല്പനകളുടെ

www.malankaralibrary.com



ഉദ്ഭവം. അതിലേക്ക് അവയെ ക്രമപ്പെടുത്തിയിരിക്കുകയും ചെയ്യുന്നു. അവയുടെ ലക്ഷ്യവും അതുതന്നെ. ഇസ്രായേൽ ജനം കർത്താവിൻേറതാണ് എന്ന വസ്തുത, കല്പനകളുടെ ധാർമ്മികതത്വത്തിൽ വ്യക്തമാക്കപ്പെടുന്നു. കാരണം, ദൈവം മാത്രമാണു നല്ലവൻ. വേദഗ്രന്ഥത്തിൻെറ സാക്ഷ്യം ഇത്തരമാണ്. ദൈവത്തിൻെറ പൂർണ്ണമായ പരിശുദ്ധിയെപ്പറ്റിയുള്ള സജീവമായ ഉപലബ്ധിയോടെ അതിൻെറ ഓരോ പേജിലും അതു നിറഞ്ഞുനില്ക്കുന്നു: "പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ" (ഐസ. 6:3).

എന്നാൽ, ദൈവം മാത്രമാണ് നന്മയെങ്കിൽ, ഒരു മാനുഷിക പ്രയത്നവും നിയമം "പൂർത്തീകരിക്കുന്നതിൽ" അതായത്, കർത്താവിനെ ദൈവമായി അംഗീകരിക്കുക, അവിടുത്തേക്കു മാത്രം കടപ്പെട്ടിരിക്കുന്ന ആരാധന നല്കുക എന്ന നിയമം "പൂർത്തീകരിക്കുന്നതിൽ" വിജയിക്കുകയില്ല. കല്പനകളുടെ ഏറ്റവും കർക്കശമായ അനുസരണം പോലും അതിൽ വിജയിക്കുകയില്ല (മത്താ. 4:10). *"ഈ പൂർത്തീകരണം" ദൈവത്തിൻെറ ഒരു ദാനത്തിൽനിന്നേ സംഭവിക്കൂ*. ദൈവികനന്മയിൽ പങ്കു നല്കപ്പെടുന്നതിലൂടെ മാത്രമേ സംഭവിക്കൂ. അതു "നല്ലവനായ ഗുരോ" (മർക്കോ. 10:17 ; ലൂക്ക. 18:18) എന്ന് സമ്പന്ന യുവാവ് വിളിച്ച ആ യേശുവിൽ വെളിവാക്കപ്പെട്ടതും നല്കപ്പെട്ടതുമാണ്. ആ യുവാവ് ഇപ്പോൾ ഒരുപക്ഷേ, അവ്യക്തമായി മനസ്സിലാക്കിയത് അവസാനം യേശുതന്നെ അവനു വെളിപ്പെടുത്തും. "വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21) എന്ന ക്ഷണത്തിലാണതു സംഭവിക്കുക.

*നിത്യജീവൻ പ്രാപിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കല്പനകൾ പാലിക്കുക* (മത്താ. 19:17).

12. നന്മയെപ്പറ്റിയുള്ള ചോദ്യത്തിനുത്തരം പറയാൻ ദൈവത്തിനു മാത്രമേ കഴിയൂ. കാരണം, അവിടുന്നാണു നന്മ. എന്നാൽ, ദൈവം ഈ ചോദ്യത്തിന് ഒരു ഉത്തരം നല്കിക്കഴിഞ്ഞു: മനുഷ്യനെ സൃഷ്ടിച്ചുകൊണ്ടും ജ്ഞാനത്തോടും സ്നേഹത്തോടുംകൂടെ അവനെ അന്തിമലക്ഷ്യത്തിലേക്ക്, അവൻെറ ഹൃദയത്തിൽ എഴുതപ്പെട്ട നിയമത്തിലൂടെ (റോമ. 2:15), നിശ്ചയിച്ചുകൊണ്ടുമാണ് അങ്ങനെ ചെയ്തത്. "സ്വാഭാവികനിയമ"മാണ് ഹൃദയത്തിൽ എഴുതപ്പെട്ട ആ നിയമം. അതാകട്ടെ, ദൈവം നമ്മിൽ നിക്ഷേപിച്ച അറിവിൻെറ പ്രകാശമല്ലാതെ മറ്റൊന്നല്ല. എന്താണു ചെയ്യേണ്ടതെന്നും എന്താണ് ഉപേക്ഷിക്കേണ്ടതെന്നും അതുവഴി നാം മനസ്സിലാക്കുന്നു. ഈ പ്രകാശവും ഈ നിയമവും സൃഷ്ടിയുടെ സമയത്തു

www.malankaralibrary.com



ദൈവം മനുഷ്യനു നല്കി".[19] *ഇസ്രായേലിന്റെ ചരിത്രത്തിലും ദൈവം അങ്ങനെ ചെയ്തു. സീനായ്മലയിലെ കല്പനകളിൽ* "പത്തു വചനങ്ങളിൽ" അത് പ്രത്യേകമായി നല്കപ്പെട്ടു. അവ വഴി, ഉടമ്പടിയുടെ ജനതയ്ക്ക് (പുറ. 24) അവിടുന്ന് അസ്തിത്വമേകി. "എല്ലാ ജനതകളുടെയുമിടയിൽ അവരെ തന്റെ സ്വന്തം ജനമാക്കി" - "ഒരു വിശുദ്ധജനമാക്കി" (പുറ. 19:5-6). എല്ലാ ജനതകളിലേക്കും തന്റെ പരിശുദ്ധിയെ അതു പ്രസരിപ്പിക്കുന്നതിനാണത് (ജ്ഞാ. 18:4; എസ്രാ. 20:41). പത്തു കല്പനകളുടെ ദാനം ഒരു വാഗ്ദാനവും പുതിയ ഉടമ്പടിയുടെ അടയാളവുമായിരുന്നു. ആ ഉടമ്പടിയിൽ, നവീനവും സുനിശ്ചിതവുമായ രീതിയിൽ നിയമം മനുഷ്യഹൃദയത്തിൽ ഉല്ലേഖനം ചെയ്യപ്പെടാനാണത് (ജെറ. 31:31-34). മനുഷ്യഹൃദയത്തെ വികലമാക്കിയ പാപത്തിന്റെ നിയമത്തെ മാറ്റി ആ സ്ഥാനത്ത് അതിനെ പ്രതിഷ്ഠിക്കാൻവേണ്ടിയാണത് (ജെറ. 17:1). അക്കാലത്ത്, "ഒരു പുതിയ ഹൃദയം" നല്കപ്പെടും. കാരണം, അതിൽ "ഒരു പുതിയ ചൈതന്യം" - ദൈവത്തിന്റെ ആത്മാവ്- നിവസിക്കും (എസ്രാ. 36:24-28). [20]

തത്ഫലമായി, "നല്ലവനായി ഒരുവനേ ഉള്ളൂ" എന്ന സുപ്രധാന വസ്തുത വ്യക്തമാക്കിയിട്ട്, യേശു ആ യുവാവിനോടു പറയുന്നു: "നിത്യജീവനിൽ പ്രവേശിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, കല്പനകൾ പാലിക്കുക" (മത്താ. 19:17). ഇങ്ങനെ, *നിത്യജീവിതവും ദൈവത്തിന്റെ കല്പനകളോടുള്ള അനുസരണവും* തമ്മിൽ ഒരു ഉറ്റബന്ധം സ്ഥാപിക്കപ്പെടുന്നു. ദൈവത്തിന്റെ കല്പനകൾ മനുഷ്യനു ജീവന്റെ വഴികാണിച്ചു തരുന്നു. അവ ജീവനിലേക്കു നയിക്കുകയും ചെയ്യുന്നു. പുതിയ മോശയായ യേശുവിന്റെ അധരങ്ങളിൽനിന്നുതന്നെ, മനുഷ്യന് ഒരിക്കൽക്കൂടി വേദപ്രമാണത്തിലെ കല്പനകൾ നല്കപ്പെട്ടു. യേശു തന്നെ അവയെ സുനിശ്ചിതമായി ഉറപ്പിക്കുകയും രക്ഷയുടെ മാർഗ്ഗവും വ്യവസ്ഥയുമായി നമുക്കു നിർദ്ദേശിച്ചു തരുകയും ചെയ്തു. *കല്പനകൾ ഒരു വാഗ്ദാനത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു.* സ്വാതന്ത്ര്യത്തോടുകൂടെ നീതിയനുസരിച്ച് ആളുകൾക്കു ജീവിക്കാനുള്ള ഒരു പ്രദേശത്തിന്റെ സ്വായത്തമാക്കലായിരുന്നു പഴയ ഉടമ്പടിയിലെ വാഗ്ദാനത്തിന്റെ വിഷയം (നിയമ. 6:20-25). പുതിയ നിയമത്തിൽ വാഗ്ദാനത്തിന്റെ വിഷയം "സ്വർഗ്ഗരാജ്യ"മാണ്. "ഗിരിപ്രഭാഷണ"ത്തിന്റെ ആരംഭത്തിൽ യേശു അക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്. പുതിയ നിയമത്തിന്റെ ഏറ്റവും പൂർണ്ണവും ഏറ്റവും സമഗ്രവുമായ ക്രോഡീകരണം ആ പ്രഭാഷണത്തിലുണ്ട് (മത്താ. 5-7). സീനായ് മലയിൽ വച്ച് ദൈവം മോശയ്ക്കു നല്കിയ പത്തു പ്രമാണവുമായി അതു

www.malankaralibrary.com



സുവ്യക്തമായി ബന്ധപ്പെട്ടിരിക്കുന്നു. "നിത്യജീവൻ" എന്ന പ്രയോഗത്തിൽ, രാജ്യത്തിൻെറ ഈ യഥാർത്ഥ്യം സൂചിപ്പിക്കപ്പെടുന്നു. ദൈവത്തിൻെറതന്നെ ജീവനിലുള്ള പങ്കുപറ്റലാണു നിത്യജീവൻ. മരണത്തിനുശേഷം മാത്രമേ അത് അതിൻെറ പൂർണ്ണതയോടെ നേടാനാകൂ. എന്നാലും വിശ്വാസത്തിൽ അത് ഇപ്പോഴേ സത്യത്തിൻെറ പ്രകാശമാണ്. ജീവിതത്തിന് അർത്ഥം നല്കുന്ന ഉറവിടമാണ്. ക്രിസ്തുവിനെ പൂർണ്ണമായി അനുഗമിക്കുന്നതിലുള്ള പ്രാരംഭപങ്കാണ്. സമ്പന്ന യുവാവിനോടു സംസാരിച്ചതിനുശേഷം യേശു, വാസ്തവത്തിൽ, തൻെറ ശിക്ഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു: "എൻെറ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശപ്പെടുത്തുകയും ചെയ്യും" (മത്താ. 19:29).

13. യേശു നല്കിയ മറുപടികൊണ്ട് ആ യുവാവ് തൃപ്തനായില്ല. ഏതു കല്പനയാണ് പാലിക്കേണ്ടത് എന്ന് ഗുരുവിനോട് അവൻ തുടർന്നു ചോദിക്കുന്നു: "അവൻ അവനോടുപറഞ്ഞു: 'ഏതെല്ലാം?'' (മത്താ. 19:18). താൻ ദൈവത്തിൻെറ പരിശുദ്ധിയെ അംഗീകരിക്കുന്നുവെന്നു കാണിക്കാൻ ജീവിതത്തിൽ എന്താണു ചെയ്യേണ്ടതെന്ന് അവൻ ചോദിക്കുന്നു. യേശു അവൻെറ ദൃഷ്ടിയെ ദൈവത്തിലേക്കു തിരിക്കുന്നു. എന്നിട്ട് അയൽക്കാരനെപ്പറ്റി വേദപ്രമാണങ്ങളിലുള്ള കല്പനകളെ അനുസ്മരിപ്പിക്കുന്നു. യേശു പറഞ്ഞു: "നീ കൊല്ലരുത്; നീ വ്യഭിചരിക്കരുത്; നീ കള്ളസാക്ഷ്യം പറയരുത്; പിതാവിനെയും മാതാവിനെയും ബഹുമാനിക്കണം; കൂടാതെ നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കണം (മത്താ. 19:18-19).

നിത്യജീവൻ പ്രാപിക്കാൻ ആവശ്യമായ ഓരോ കല്പനയും എടുത്ത് ഒരു ലിസ്റ്റുണ്ടാക്കാൻ യേശു ആഗ്രഹിച്ചില്ല എന്നതു വ്യക്തമാണ്. സംഭാഷണത്തിൻെറ സാഹചര്യത്തിൽ നിന്നും, പ്രത്യേകിച്ച്, മത്തായി നല്കുന്ന വിവരണവും മർക്കോസിൻെറയും ലൂക്കായുടെയും സമാന്തരവിവരണങ്ങളും തമ്മിൽ താരതമ്യം ചെയ്യുമ്പോഴും, ഇക്കാര്യം വ്യക്തമാകും. "ഞാൻ നിങ്ങളുടെ കർത്താവായ ദൈവമാണ്" എന്ന വാക്കുകൾക്കു മനുഷ്യനെ സംബന്ധിച്ചുള്ള അർത്ഥത്തിൻെറ വ്യാഖ്യാനമായിരിക്കുന്നിടത്തോളം *പത്തു കല്പനകൾക്കു മറ്റു കല്പനകളെ സംബന്ധിച്ചിടത്തോളമുള്ള കേന്ദ്രസ്ഥാനത്തിലേക്ക്* യുവാവിൻെറ ശ്രദ്ധ ക്ഷണിക്കുവാനാണ്

www.malankaralibrary.com



യേശു ആഗ്രഹിച്ചത്. എന്നാലും, കർത്താവു നിയമത്തിലെ ഏതേതു കല്പനകളെയാണ് ആ യുവാവിനെ ഓർമ്മിപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കാതിരിക്കാൻ നമുക്കു സാധ്യമല്ല. അവ പത്തു കല്പനകളുടെ "രണ്ടാമത്തെ പലക" എന്നറിയപ്പെടുന്ന കല്പനകളിലുള്ള ചിലതാണ്. അവയുടെ രത്നച്ചുരുക്കവും (റോമ. 13:8-10) അടിസ്ഥാനവും *അയൽക്കാരനെ സ്നേഹിക്കുക* എന്ന കല്പനയാണ്: "നീ നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെ സ്നേഹിക്കണം" (മത്താ. 19:19; മർക്കോ. 12:31). ഈ കല്പനയിൽ *മനുഷ്യവ്യക്തിയുടെ പ്രത്യേകമായ മഹത്വത്തിൻെറ* കൃത്യമായ പ്രകാശനം കാണാം. മനുഷ്യനാണ് "അതിനു വേണ്ടിത്തന്നെ ദൈവം ആഗ്രഹിച്ച ഏകസൃഷ്ടി"[21] പത്തു കല്പനകളിലെ വിവിധ കല്പനകൾ വ്യക്തിയുടെ നന്മയെ സംബന്ധിച്ച കല്പനയെക്കുറിച്ചുള്ള വിവിധ പരിചിന്തനങ്ങളാണ്. ദൈവത്തോടും അയൽക്കാരനോടും ഭൗതികലോകത്തോടും ബന്ധപ്പെട്ട്, ആത്മാവും ശരീരവുമുള്ള ഒരു സത്ത എന്ന നിലയിലുള്ള, മനുഷ്യൻെറ തനിമയുടെ സവിശേഷതകളായ വ്യത്യസ്ത നന്മകളുടെ തലത്തിലാണ് ആ പരിചിന്തനങ്ങൾ. *കത്തോലിക്കാസഭയുടെ വേദപാഠപുസ്തകത്തിൽ* നാം വായിക്കുന്നതുപോലെ "പത്തുകല്പനകൾ ദൈവം നടത്തിയ വെളിപാടിൻെറ ഭാഗമാണ്. അതേസമയം, അവ മനുഷ്യൻെറ യഥാർത്ഥമായ മനുഷ്യത്വത്തെപ്പറ്റി നമ്മെ പഠിപ്പിക്കുന്നുമുണ്ട്. സത്താപരങ്ങളായ കടമകളെ അവ പ്രകാശിപ്പിക്കുന്നു. അങ്ങനെ മനുഷ്യവ്യക്തിയുടെ പ്രകൃതിയിൽ ജന്മസിദ്ധമായി നിലകൊള്ളുന്ന മൗലികാവകാശങ്ങളെയും പരോക്ഷമായി പ്രകാശിപ്പിക്കുന്നു." [22].

യുവാവിനെ യേശു അനുസ്മരിപ്പിക്കുന്ന കല്പനകൾ, ദൈവത്തിൻെറ പ്രതിരൂപമായ മനുഷ്യവ്യക്തിയുടെ നന്മകളെ സംരക്ഷിച്ചുകൊണ്ട് വ്യക്തിയുടെ *നന്മയെ* സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ളവയാണ്. "നീ കൊല്ലരുത്; നീ വ്യഭിചരിക്കരുത്; നീ മോഷ്ടിക്കരുത്; നീ കള്ളസാക്ഷ്യം നല്കരുത്" എന്നിവ നിഷേധാത്മക പദങ്ങളിലൂടെ ക്രോഡീകരിക്കപ്പെട്ട ധാർമ്മിക നിയമങ്ങളാണ്. നിഷേധാത്മകങ്ങളായ ഈ കല്പനകൾ, മനുഷ്യജീവൻ, വിവാഹത്തിൽ വ്യക്തികളുടെ കൂട്ടായ്മ, സ്വകാര്യസ്വത്ത്, സത്യസന്ധത, ആളുകളുടെ സത്പ്പേര് എന്നിവയെ സംരക്ഷിക്കുക എന്ന അടിയന്തിര സ്വഭാവമുള്ള ആവശ്യങ്ങളെയാണ് പ്രത്യേക ശക്തിയോടെ പ്രകടിപ്പിക്കുന്നത്.

അങ്ങനെ, കല്പനകൾ അയൽക്കാരനോടുള്ള സ്നേഹത്തിൻെറ മൗലികവ്യവസ്ഥയെ പ്രതിനിധാനം ചെയ്യുന്നു. അതേസമയം അവ ആ സ്നേഹത്തിൻെറ തെളിവുമാണ്. സ്വാതന്ത്ര്യത്തിലേ

www.malankaralibrary.com



ക്കുള്ള യാത്രയുടെ ഒന്നാമത്തെ അവശ്യാവശ്യകമായ പടിയാണത്. അതിൻെറ തുടക്കമൊണത്. വി. ആഗസ്തീനോസ് ഇങ്ങനെ എഴുതുന്നു: "സ്വാതന്ത്ര്യത്തിൻെറ ആരംഭം കൊല, വ്യഭിചാരം, ചാരിത്ര്യലംഘനം (fornication), മോഷണം, വഞ്ചന, ദൈവദൂഷണം മുതലായ കാരണങ്ങളിൽ നിന്നു സ്വതന്ത്രനായിരിക്കുക എന്നതാണ്. ഈ കുറ്റങ്ങളിൽനിന്ന് ഒരുവൻ സ്വതന്ത്രനാകുമ്പോൾത്തന്നെ (ഓരോ ക്രൈസ്തവനും അതിൽനിന്നു വിമുക്തനായിരിക്കണം) അവൻ സ്വാതന്ത്ര്യത്തിലേക്കു ശിരസ്സുയർത്താൻ തുടങ്ങും. എന്നാൽ ഇതു സ്വാതന്ത്ര്യത്തിൻെറ തുടക്കം മാത്രമാണ്. പൂർണ്ണമായ സ്വാതന്ത്ര്യമല്ല......"[23].

14. അയൽക്കാരനോടുള്ള സ്നേഹത്തെ, ദൈവസ്നേഹത്തെക്കാൾ ഉയർത്തിക്കാണിക്കാനോ, അതിൽനിന്നു മാറ്റിനിർത്താൻ പോലുമോ ക്രിസ്തു ആഗ്രഹിച്ചുവെന്നു തീർച്ചയായും ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. ഒരു നിയമാധ്യാപകനോടു ക്രിസ്തു നടത്തിയ സംഭാഷണത്തിൽനിന്ന് ഈ വസ്തുത വ്യക്തമാകുന്നുണ്ട്. യുവാവ് ഉന്നയിച്ച ചോദ്യത്തോട് ഏറെ സാമ്യമുള്ള ഒരു ചോദ്യം ആ നിയമാധ്യാപകൻ ചോദിക്കുകയുണ്ടായി. *ദൈവത്തോടുള്ള സ്നേഹത്തിൻെറയും അയൽക്കാരനോടുള്ള സ്നേഹത്തിൻെറയുമായ രണ്ടു കല്പനകൾ യേശു അയാളെ ഓർമ്മിപ്പിച്ചു* (ലൂക്കാ. 10:25-27). അവ അനുസരിച്ചെങ്കിലേ നിത്യജീവൻ പ്രാപിക്കാൻ അയാൾക്കു കഴിയൂ എന്ന് അവിടുന്ന് അനുസ്മരിപ്പിച്ചു: "അതു ചെയ്യുക, നീ ജീവിക്കും" (ലൂക്ക. 10:28). എന്നിരുന്നാലും, ഈ കല്പനകളിൽ രണ്ടാമത്തെ കല്പന മാത്രമാണ് ആ നിയമാധ്യാപകൻെറ ജിജ്ഞാസയെ ഉണർത്തുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധാർഹമാണ്. അയാൾ അവിടുത്തോട് ഇങ്ങനെ ചോദിക്കുന്നു: "ആരാണ് എൻെറ അയൽക്കാരൻ?" (ലൂക്ക. 10:29). നല്ല സമറായൻെറ ഉപമ പറഞ്ഞുകൊണ്ട് ഗുരു ഉത്തരം കൊടുക്കുന്നു. അയൽക്കാരനോടുള്ള സ്നേഹത്തെപ്പറ്റി പൂർണ്ണമായി അറിയുന്നതിനു നിർണ്ണായകമായ ഒരു ഉപമയാണത് (ലൂക്ക. 10:30-37).

"എല്ലാ നിയമങ്ങളും പ്രവാചകന്മാരും" ആശ്രയിച്ചിരിക്കുന്ന ഈ രണ്ടു കല്പനകൾ (മത്താ. 22:40) തമ്മിൽ അഗാധമായ ബന്ധമുണ്ട്; അവ പരസ്പരബന്ധിതങ്ങളുമാണ്. അവയുടെ *അവിഭാജ്യമായ ഐക്യത്തിനു* ക്രിസ്തു തൻെറ വാക്കുകൾകൊണ്ടും ജീവിതം കൊണ്ടുതന്നെയും സാക്ഷ്യം നല്കി. അവിടുത്തെ ദൗത്യം നമ്മുടെ രക്ഷയുടെ കുരിശിൽ പൂർണ്ണത പ്രാപിച്ചു (യോഹ. 3:14-15). പിതാവിനോടും മനുഷ്യവർഗ്ഗത്തോടുമുള്ള അവിടുത്തെ അവിഭാജ്യസ്നേഹത്തിൻെറ അടയാളമാണത് (യോഹ. 13:1).

www.malankaralibrary.com



പഴയ നിയമവും പുതിയ നിയമവും ഒരു കാര്യം സുവ്യക്തമായി ഉറപ്പിച്ചു പറയുന്നു. അതായത്, കല്പനകളുടെ അനുസരണം വഴി സമ്പൂർത്തമാക്കപ്പെടുന്ന *അയൽക്കാരനോടുള്ള സ്നേഹം കൂടാതെ, ദൈവത്തോട് യഥാർത്ഥ സ്നേഹമുണ്ടായിരിക്കാൻ സാധ്യമല്ല.* വി. യോഹന്നാൻ ഇക്കാര്യം അസാധാരണമായ ശക്തിയോടെ പ്രകടിപ്പിക്കുന്നുണ്ട്. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല" (1 യോഹ. 4:20). വിസ്മയനീയവും സംശയാതീതവുമായ വിധത്തിൽ നല്ല സമറായൻെറ ഉപമയിലൂടെയും (ലൂക്കാ. 10:30-37) അന്തിമവിധിയെപ്പറ്റിയുള്ള വാക്കുകളിലൂടെയും (മത്താ. 25:31-46) ക്രിസ്തു നടത്തിയ ധാർമ്മിക പ്രഭാഷണത്തെ സുവിശേഷകൻ പ്രതിധ്വനിപ്പിക്കുകയാണ്.

15. സുവിശേഷാധിഷ്ഠിത ധാർമ്മികതയുടെ *മഗ്നാകാർട്ടയായ* [24] "ഗിരിപ്രഭാഷണത്തിൽ" യേശു പറയുന്നു; നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണു ഞാൻ വന്നത് എന്നു വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ. 5:17) ക്രിസ്തു വേദഗ്രന്ഥത്തിൻെറ താക്കോലാണ്. "നിങ്ങൾ വിശുദ്ധ ലിഖിതങ്ങൾ പഠിക്കുന്നു.... അവ തന്നെയാണ് എന്നെക്കുറിച്ച് സാക്ഷ്യം നല്കുന്നത് (യോഹ. 5:39). ക്രിസ്തു രക്ഷാപദ്ധതിയുടെ കേന്ദ്രമാണ്; പുതിയതും പഴയതുമായ നിയമങ്ങളുടെയും, നിയമത്തിൻെറ വാഗ്ദാനങ്ങളുടെയും സുവിശേഷത്തിലുള്ള അവയുടെ നിറവേറലിൻെറയും സംക്ഷേപമാണ്; പുതിയതും പഴയതുമായ ഉടമ്പടികളെ തമ്മിൽ ബന്ധിപ്പിക്കുന്ന സജീവവും ശാശ്വതവുമായ കണ്ണിയാണ്. ക്രിസ്തുവാണ് നിയമത്തിൻെറ അന്ത്യം" (റോമ. 10:4). എന്ന പൗലോസ്ശ്ലീഹായുടെ പ്രസ്താവനയെ വ്യാഖ്യാനിച്ചുകൊണ്ട് വി. അംബ്രോസ് ഇങ്ങനെ എഴുതുന്നു: "അപര്യാപ്തത എന്ന അർത്ഥത്തിലുള്ള അവസാനമല്ല. നിയമത്തിൻെറ പൂർണ്ണത എന്ന അർത്ഥത്തിലുള്ള അവസാനമാണ്. ആ പൂർണ്ണത ക്രിസ്തുവിൽ സംലബ്ധമായതാണ് [Plenitudo legis in Christo est]. കാരണം, അവിടുന്നു നിയമത്തെ നീക്കിക്കളയാനല്ല, പൂർണ്ണതയിലെത്തിക്കാനാണു വന്നത്. പഴയ ഒരു ഉടമ്പടിയുണ്ട്. എന്നാൽ എല്ലാ സത്യവും പുതിയ ഉടമ്പടിയിലാണ്. അതുപോലെ തന്നെയാണ് നിയമത്തിൻെറ കാര്യത്തിലും. മോശ വഴി നല്കപ്പെട്ടത് യഥാർത്ഥനിയമത്തിൻെറ ഒരു പ്രതിരൂപമാണ്. അതുകൊണ്ട് മോശയുടെ നിയമം സത്യത്തിൻെറ ഒരു പ്രതിരൂപമാണ്." [25].

www.malankaralibrary.com



യേശു ദൈവത്തിൻെറ *കല്പനകളെ*, പ്രത്യേകിച്ച് അയൽക്കാരനോടുള്ള സ്നേഹത്തെപ്പറ്റിയുള്ള കല്പനയെ *പൂർണ്ണതയിലെത്തിക്കുന്നു*. അവയുടെആവശ്യങ്ങളെ*ആന്തരികങ്ങളാക്കിക്കൊണ്ടും* അവയുടെ *സമ്പൂർണ്ണമായ അർത്ഥത്തെ പ്രകാശിപ്പിച്ചുകൊണ്ടുമാണ്* അങ്ങനെ ചെയ്യുന്നത്. *സ്നേഹിക്കുന്ന ഹൃദയത്തിൽ* നിന്നാണ് അയൽക്കാരനോടുള്ള സ്നേഹം പൊട്ടിപ്പുറപ്പെടുന്നത്. ആ ഹൃദയം, അതു സ്നേഹിക്കുന്നതുകൊണ്ടുതന്നെ, ഏറ്റവും ഉയർന്ന വെല്ലുവിളികളെ നേരിട്ടു ജീവിക്കാൻ തയ്യാറാണ്. അപ്പുറം കടക്കേണ്ടാത്ത ഏറ്റവും ചെറിയ ഒരു പരിധിയായി കല്പനകളെ മനസ്സിലാക്കരുതെന്നു യേശു വ്യക്തമാക്കുന്നു. അതു പൂർണ്ണതയിലേക്കുള്ള ധാർമ്മികവും ആദ്ധ്യാത്മികവുമായ യാത്ര ഉൾക്കൊള്ളുന്ന ഒരു വഴിയാണെന്നും അതിൻെറ ഹൃദയം സ്നേഹമാണെന്നും മനസ്സിലാക്കുവാനാണു ക്രിസ്തു നിർദ്ദേശിക്കുന്നത് (കൊളോ. 3:14). അങ്ങനെ, "നീ കൊല്ലരുത്" എന്ന കല്പന, അയൽക്കാരൻെറ ജീവനെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്ന ജാഗ്രതാപൂർണ്ണമായ സ്നേഹത്തിലേക്കുള്ള ഒരു വഴിയായിത്തീരുന്നു. വ്യഭിചാരത്തെ നിരോധിക്കുന്ന കല്പന, മറ്റുള്ളവരെ പരിശുദ്ധിയോടെ നോക്കിക്കാണാനുള്ള ഒരു ക്ഷണമായിത്തീരുന്നു. ശരീരത്തിൻെറ വൈവാഹികാർത്ഥത്തെ മാനിക്കുവാൻ കഴിവുള്ളതാണ് ആ കാഴ്ചപ്പാട്: "*കൊല്ലരുത്*, കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്നു പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ *ഞാൻ നിങ്ങളോടു പറയുന്നു:* സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും.... വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു (മത്താ. 5:21-22, 27-28). *യേശുതന്നെ നിയമത്തിൻെറ സജീവമായ പൂർത്തീകരണമാണ്.* തന്നെത്തന്നെ മുഴുവനായി ദാനം ചെയ്തുകൊണ്ട് അതിൻെറ യഥാർത്ഥമായ അർത്ഥത്തെ അവിടുന്നു നിറവേറ്റി. അവിടുന്ന് *സജീവവും വ്യക്തിപരവുമായ ഒരു നിയമമായിത്തീരുന്നു*. തന്നെ അനുഗമിക്കാൻ ആളുകളെ വിളിക്കുകയും ചെയ്യുന്നു. തൻെറ ജീവനിലും സ്നേഹത്തിലും പങ്കുചേരാനുള്ള വരപ്രസാദം പരിശുദ്ധാത്മാവിലൂടെ അവിടുന്നു നല്കുന്നു. വൈയക്തിക തിരഞ്ഞെടുപ്പുകളിലും പ്രവൃത്തികളിലും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കാനുള്ള ശക്തി നല്കുകയും ചെയ്യുന്നു (യോഹ. 13:34-35).

www.malankaralibrary.com



*"പൂർണ്ണനായിരിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ"* (മത്താ. 19:21).

16. കല്പനകളെപ്പറ്റി തനിക്കുകിട്ടിയ ഉത്തരംകൊണ്ട് ആ യുവാവു തൃപ്തനായില്ല. അയാൾ യേശുവിനോടു മറ്റൊരു ചോദ്യം ഉന്നയിച്ചു: "ഞാൻ ഇവയെല്ലാം പാലിച്ചിട്ടുണ്ട്. ഇനിയും എനിക്ക് *എന്തു കുറവാണുള്ളത്?"* (മത്താ. 19:20). ദൈവത്തിൻെറ നിയമത്തിലുള്ള ആവശ്യങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാക്കുന്ന ആർക്കും, "അതെല്ലാം ഞാൻ പാലിച്ചിട്ടുണ്ട്" എന്ന് ശുദ്ധമനസ്സാക്ഷിയോടെ പറയുവാൻ എളുപ്പമല്ല. എങ്കിലും, ഈ ഉത്തരം പറയാൻ കഴിഞ്ഞെങ്കിലും, ബാല്യംമുതൽ ധാർമ്മികാദർശത്തെ ഗൗരവത്തോടും ഉദാരതയോടും കൂടെ അനുഗമിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴും താൻ ലക്ഷ്യത്തിൽനിന്ന് അകലെയാണെന്ന് ആ ധനികയുവാവിനു തോന്നി. തനിക്ക് എന്തോ കുറവുണ്ടെന്ന് യേശു എന്ന വ്യക്തിയുടെ മുൻപിൽ അയാൾ മനസ്സിലാക്കുന്നു. ഈ അപര്യാപ്തതയെപ്പറ്റിയുള്ള അയാളുടെ അവബോധത്തോടാണ് യേശു തൻെറ അവസാനത്തെ ഉത്തരത്തിൽ സംസാരിക്കുന്നത്. കല്പനകളുടെ *നിയമപരമായ വ്യാഖ്യാനത്തെ അതിശയിക്കുന്ന മഹത്തരമായ ഒന്നിനുവേണ്ടി ആ യുവാവ് അഭിവാഞ്ഛിക്കുന്നുവെന്നു* നല്ല ഗുരുവിനു മനസ്സിലായി. അതുകൊണ്ട് പൂർണ്ണതയുടെ വഴിയിലേക്കു പ്രവേശിക്കാൻ അവിടുന്ന് അവനെ ക്ഷണിച്ചു: നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21).

യേശു നല്കിയ ഉത്തരത്തിൻെറ ആദ്യഭാഗമെന്നപോലെ ഈ രണ്ടാംഭാഗവും വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത്, സുവിശേഷത്തിൻെറ ആകപ്പാടെയുള്ള ധാർമ്മികസന്ദേശത്തിൻെറയും, പ്രത്യേകിച്ച് അഷ്ടഭാഗ്യങ്ങൾ എന്ന മലയിലെ പ്രസംഗത്തിൻെറയും പശ്ചാത്തലത്തിലായിരിക്കണം (മത്താ. 5:3–12). അഷ്ടഭാഗ്യങ്ങളിൽ ഒന്നാമത്തേത് ദരിദ്രരുടെ ഭാഗ്യത്തെപ്പറ്റിയാണ് – വി. മത്തായി അതു വ്യക്തമാക്കുന്നതുപോലെ "ആത്മാവിൽ ദരിദ്രരുടെ" (മത്താ. 5:3), വിനീതരുടെ, ഭാഗ്യത്തെപ്പറ്റിയാണ്. "നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണു ചെയ്യേണ്ടത്?" എന്ന യുവാവിൻെറ ചോദ്യത്തിനു യേശു നല്കിയ ഉത്തരത്തെ സംബന്ധിച്ചും അഷ്ടഭാഗ്യങ്ങൾ പ്രസക്തങ്ങളാണെന്ന് ഈ അർത്ഥത്തിൽ പറയാം. നിത്യജീവനിലേക്കു മനുഷ്യനെ തുറക്കുന്ന "നന്മ"തന്നെ നിത്യജീവൻ തന്നെയാണെന്ന്, ഒരു പ്രത്യേക കാഴ്ചപ്പാടനുസരിച്ച്, അഷ്ടഭാഗ്യങ്ങളിലെ ഓരോന്നും വാഗ്ദാനം ചെയ്യുന്നുണ്ട്.

www.malankaralibrary.com



*അഷ്ടഭാഗ്യങ്ങൾ,* പെരുമാറ്റത്തിൻെറ ചില പ്രത്യേക നിയമങ്ങളുമായി സവിശേഷമാംവിധം ബന്ധപ്പെട്ടവയല്ല. പിന്നെയോ, അവ ജീവിതത്തിൻെറ മൗലികങ്ങളായ മനോഭാവങ്ങളെയും സന്നദ്ധതയെയും (disposition) പറ്റിയാണ് സംസാരിക്കുന്നത്. അതുകൊണ്ട് അവ കല്പനകളോടു *കൃത്യമായ തുല്യതയുള്ളവയല്ല.* അതേസമയം, അഷ്ടഭാഗ്യങ്ങളും കല്പനകളുംതമ്മിൽ *അകൽച്ചയോ വൈരുദ്ധ്യമോ ഇല്ല.* രണ്ടും നന്മയെ, നിത്യജീവിതത്തെ, സൂചിപ്പിക്കുന്നു.

ഗിരിപ്രഭാഷണം, അഷ്ടഭാഗ്യങ്ങളെപ്പറ്റിയുള്ള പ്രഘോഷണത്തോടെ തുടങ്ങുന്നു. എന്നാൽ കല്പനകളെ പരാമർശിക്കുകയും ചെയ്യുന്നു (മത്താ. 5:20–48). അതേസമയം, ഗിരിപ്രഭാഷണം, കല്പനകളുടെ തുറവിയെയും അഷ്ടഭാഗ്യങ്ങളുടെ സവിശേഷതയായ പൂർണ്ണതയുടെ ചക്രവാളത്തിലേക്കുള്ള അവയുടെ അഭിഗമനത്തെയും വ്യക്തമാക്കുന്നു. അഷ്ടഭാഗ്യങ്ങൾ സർവ്വോപരി, *വാഗ്ദാനങ്ങളാണ്.* അവയിൽ നിന്നു ധാർമ്മികജീവിതത്തിനുള്ള *നൈയാമിക നിർദ്ദേശങ്ങളും* പരോക്ഷമായി പ്രവഹിക്കുന്നുണ്ട്. അവ അവയുടെ തനിമയിലും അഗാധതയിലും, ക്രിസ്തുവിൻെറ ഒരുതരം പ്രതിരൂപമാണെന്നു പറയാം. അക്കാരണത്താൽ അവ ക്രിസ്തുവിൻെറ ശിഷ്യത്വത്തിലേക്കും അവിടുത്തെ ജീവിതത്തോടുള്ള കൂട്ടായ്മയിലേക്കും നല്കപ്പെടുന്ന ക്ഷണമാണ്. [26]

17. "നിത്യജീവനിൽ പ്രവേശിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക" എന്ന ക്രിസ്തുവിൻെറ ഒന്നാമത്തെ പ്രത്യുത്തരത്തിൻെറ അഗാധവും വെല്ലുവിളി നിറഞ്ഞതുമായ അർത്ഥത്തെ സുവിശേഷത്തിൽ പറയുന്ന ആ യുവാവ് എത്രമാത്രം വ്യക്തമായി ഗ്രഹിച്ചുവെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, കല്പനകൾ ആവശ്യപ്പെടുന്ന ധാർമ്മിക കടമകളെ നിറവേറ്റാനുള്ള സമർപ്പണബുദ്ധി ആ യുവാവിനുണ്ടായിരുന്നു. പൂർണ്ണതക്കുള്ള ആഗ്രഹത്തിനു വേരുപിടിക്കാനും വളരാനുമുള്ള അവശ്യാവശ്യകവും സത്താപരവുമായ വയലിനെ അതു പ്രതിനിധാനം ചെയ്യുന്നു എന്ന കാര്യം തീർച്ചയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ പൂർണ്ണമായി നിറവേറ്റപ്പെടേണ്ട കല്പനകളുടെ അർത്ഥത്തിനുവേണ്ടിയുള്ള ആഗ്രഹമാണത്. *പൂർണ്ണതയിലേക്കു വിളിക്കപ്പെട്ട മനുഷ്യൻെറ ധാർമ്മിക വളർച്ചക്കുള്ള വ്യവസ്ഥകളെപ്പറ്റി മനസ്സിലാക്കാൻ,* യുവാവുമായുള്ള യേശുവിൻെറ സംഭാഷണം നമ്മെ സഹായിക്കുന്നു. എല്ലാ കല്പനകളും പാലിക്കുന്ന യുവാവ്, തനിയേ അടുത്തപടിയിലേക്കു കടക്കുവാൻ അശക്തനാണെന്നു സ്വയം വ്യക്തമാക്കുകയാണ്. അങ്ങനെ ചെയ്യണമെങ്കിൽ പക്വമായ മാനുഷിക

www.malankaralibrary.com



സ്വാതന്ത്ര്യവും ("നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ") ദൈവത്തിൻെറ ദാനമായ വരപ്രസാദവും ("വരൂ എന്നെ അനുഗമിക്കൂ") ആവശ്യമാണ്.

പൂർണ്ണത ആത്മസമർപ്പണത്തിൻെറ തികവ് ആവശ്യപ്പെടുന്നു. ആ തികവിലേക്കാണ് മനുഷ്യസ്വാതന്ത്ര്യം വിളിക്കപ്പെട്ടിരിക്കുന്നത്. നിത്യജീവൻ പ്രാപിക്കാൻ, കല്പനകളാണ് പ്രഥമവും അവശ്യാവശ്യകവുമായ വ്യവസ്ഥയെന്നു യേശു ആ യുവാവിന് ചൂണ്ടിക്കാണിക്കുന്നു. അതേസമയം, യുവാവ് തനിക്കുള്ളതെല്ലാം വിറ്റിട്ട് കർത്താവിനെ അനുഗമിക്കുക എന്നത് ഒരു ക്ഷണമായിട്ട് അവതരിപ്പിക്കുന്നു: "നീ ആഗ്രഹിക്കുന്നുവെങ്കിൽ"...... സ്വാതന്ത്ര്യം പക്വതയിലേക്കു വളരുന്നതിൻെറ പിന്നിലുള്ള ചലനതത്ത്വത്തെ (dynamic) യേശുവിൻെറ ഈ വാക്കുകൾ വെളിവാക്കുന്നു. അതേസമയം, *സ്വാതന്ത്ര്യവും ദൈവികനിയമവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധത്തിന് അവ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.*

മാനുഷിക സ്വാതന്ത്ര്യവും ദൈവത്തിൻെറ നിയമവും തമ്മിൽ വൈരുദ്ധ്യമില്ല. നേരേമറിച്ച് അവയിലൊന്നു മറ്റൊന്നിന് ബലമേകുന്നു. തൻെറ വിളി സ്വാതന്ത്ര്യത്തിലേക്കുള്ളതാണെന്നു ക്രിസ്തുവിൻെറ അനുഗാമി അറിയുന്നു. "സഹോദരന്മാരെ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്" (ഗലാ. 5:13) എന്നിങ്ങനെ, പൗലോസ്അപ്പസ്തോലൻ സന്തോഷത്തോടും അഭിമാനത്തോടുംകൂടി പ്രഘോഷിക്കുന്നു. എന്നാൽ, അപ്പോൾത്തന്നെ അദ്ദേഹം കൂട്ടിച്ചേർക്കുന്നു: "ശരീരത്തിനുള്ള ഒരു അവസരമായി സ്വാതന്ത്ര്യത്തെ നിങ്ങൾ ഉപയോഗിക്കരുതെന്നുമാത്രം. പിന്നെയോ, സ്നേഹത്തിലൂടെ നിങ്ങൾ പരസ്പരം സേവനം ചെയ്യുന്നവരായിരിക്കുവിൻ" (അവിടെത്തന്നെ). നിയമത്താൽ തങ്ങൾ നീതികരിക്കപ്പെട്ടിരിക്കുന്നുവെന്നു വിശ്വസിക്കുന്നവരെ അപ്പസ്തോലൻ കർശനമായി എതിർക്കുന്നു. ആ കാർക്കശ്യത്തിനു കല്പനകളിൽ നിന്നുള്ള മനുഷ്യൻെറ "വിമോചന"വുമായി യാതൊരു ബന്ധവുമില്ല. നേരേമറിച്ച്, കല്പനകൾ, സ്നേഹത്തിൻെറ പ്രയോഗത്തെ സഹായിക്കുകയാണ്. "കാരണം, തൻെറ അയൽക്കാരനെ സ്നേഹിക്കുന്നവൻ കല്പനകൾ പാലിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കല്പനയും *നിന്നെപ്പോലെ നിൻെറ അയൽക്കാരനെ സ്നേഹിക്കണം* എന്ന ഒറ്റ വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു" (റോമ. 13:8–9). വി. ആഗസ്തീനോസ്, കല്പനകളുടെ അനുസരണം, ഒരുതരം പ്രാരംഭകവും അപൂർണ്ണവുമായ സ്വാതന്ത്ര്യമാണെന്നു പറഞ്ഞിട്ട് ഇപ്രകാരം

www.malankaralibrary.com



പ്രസ്താവിക്കുന്നു: "എന്തുകൊണ്ടാണ് ഇത് പൂർണ്ണമല്ലാത്തത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. എന്തുകൊണ്ടെന്നാൽ 'എൻെറ വിവേകത്തിൻെറ നിയമത്തോടു യുദ്ധം ചെയ്യുന്ന മറ്റൊരു നിയമം എൻെറ അവയവങ്ങളിൽ ഞാൻ കാണുന്നു'....... പകുതി സ്വാതന്ത്ര്യം, പകുതി അടിമത്തം: ഇനിയും പൂർണ്ണ സ്വാതന്ത്ര്യമല്ല. ഇനിയും ശുദ്ധമല്ല, ഇനിയും സമഗ്രമല്ല. കാരണം, നാം ഇനിയും നിത്യതയിലല്ല. നാം നമ്മുടെ ദുർബലതയെ ഭാഗികമായി സൂക്ഷിക്കുന്നു. ഭാഗികമായി നാം സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. നമ്മുടെ എല്ലാ പാപങ്ങളും മാമ്മോദീസയിൽ നശിപ്പിക്കപ്പെട്ടു. പക്ഷേ, പാപം നശിപ്പിക്കപ്പെട്ടതിനുശേഷം ദുർബലതയൊന്നും ശേഷിച്ചിട്ടില്ലെന്ന് അത് അർത്ഥമാക്കുന്നുണ്ടോ? ഒന്നും അവശേഷിക്കാതിരുന്നെങ്കിൽ ഈ ജീവിതത്തിൽ പാപം കൂടാതെ നാം ജീവിക്കുമായിരുന്നു. പക്ഷേ, അഹങ്കാരിയും നമ്മുടെ വിമോചകൻെറ കാരുണ്യത്തിന് അനർഹനുമായ ഒരുവനല്ലാതെ മറ്റാരെങ്കിലും അങ്ങനെ പറയുവാൻ ധൈര്യപ്പെടുമോ? തന്മൂലം, നമ്മിൽ കുറച്ചു ദുർബലത അവശേഷിക്കുന്നതുകൊണ്ട്, നാം ദൈവത്തെ സ്നേഹിക്കുന്നിടത്തോളം നാം സ്വതന്ത്രരാണെന്നും അതേസമയം പാപത്തിൻെറ നിയമത്തെ അനുസരിക്കുന്നിടത്തോളം നാം ഇനിയും അടിമകളാണെന്നും പറയാൻ ഞാൻ ധൈര്യപ്പെടുന്നു." [27]

18. "ശരീരംകൊണ്ട്" ജീവിക്കുന്നവർക്കു ദൈവകല്പന ഒരു ഭാരമായി അനുഭവപ്പെടുന്നു. തങ്ങളുടെ സ്വാതന്ത്ര്യത്തിൻെറ നിഷേധമോ, അല്ലെങ്കിൽ, ഒരു നിയന്ത്രണമെങ്കിലുമോ ആയിട്ട് അവർക്ക് അത് അനുഭവപ്പെടുന്നു. നേരെമറിച്ച്, സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്നവരും "ആത്മാവിനോടൊപ്പം നടക്കുന്നവരും" (ഗലാ. 5:16) മറ്റുള്ളവരെ സേവിക്കുവാൻ ആഗ്രഹിക്കുന്നവരും, സ്വതന്ത്രമായി തിരഞ്ഞെടുത്തതും സ്വതന്ത്രമായി ജീവിക്കുന്നതുമായ ആ സ്നേഹം പ്രാവർത്തികമാക്കാനുള്ള മൗലികവും ആവശ്യകവുമായ മാർഗ്ഗമായി ദൈവകല്പനയെ കാണുന്നു. യഥാർത്ഥത്തിൽ അവർക്ക് ആന്തരികമായ ഒരു ദാഹം, യഥാർത്ഥമായ "അത്യാവശ്യം" അനുഭവപ്പെടുന്നു. അതിന് അടിച്ചേല്പിക്കലിൻെറ സ്വഭാവമില്ല. നിയമത്തിൻെറ ഏറ്റവും കുറഞ്ഞ അനുശാസനങ്ങൾക്കനുസരിച്ച് ജീവിക്കാതെ, നിയമത്തിൻെറ "പൂർണ്ണതയിൽ" ജീവിക്കാൻ അത് അവരെ പ്രേരിപ്പിക്കുന്നു. നാം ഭൂമിയിലായിരിക്കുന്നിടത്തോളംകാലം ഇത് അനിശ്ചിതവും ആപത്സാധ്യതകളുള്ളതുമായ യാത്രയാണ്. പക്ഷേ, അതു ദൈവാനുഗ്രഹത്താൽ സാധ്യമായ ഒന്നാണ്. ദൈവമക്കളുടെ പൂർണ്ണസ്വാതന്ത്ര്യം സമ്പാദിക്കാനും (റോമ. 8:21) അങ്ങനെ "ദൈവപുത്രനിൽ പുത്രന്മാരായിരി

www.malankaralibrary.com



ക്കാനുമു"ള്ള മഹോന്നത വിളിക്കു യോഗ്യമായ വിധത്തിൽ ധാർമ്മിക ജീവിതം നയിക്കാനും ദൈവാനുഗ്രഹം നമ്മെ പ്രാപ്തരാക്കുന്നുണ്ട്.

പൂർണ്ണ സ്നേഹത്തിലേക്കുള്ള ഈ ആഹ്വാനം വ്യക്തികളുടെ ചെറിയൊരു സമൂഹത്തിനു വേണ്ടി മാത്രമുള്ളതല്ല. "പോയി നിന്റെ സമ്പാദ്യമെല്ലാം വിറ്റ് ആ പണം ദരിദ്രർക്കു കൊടുക്കുക" *എന്ന ക്ഷണവും* "നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും" എന്ന വാഗ്ദാനവും *ഓരോ വ്യക്തിയെയും ഉദ്ദേശിച്ചുള്ളതാണ്.* കാരണം, അയൽക്കാരനോടുള്ള സ്നേഹത്തിന്റെ കല്പനയുടെ പൂർണ്ണമായ അർത്ഥത്തെ അതു വ്യക്തമാക്കുന്നുണ്ട്. "വരു എന്നെ അനുഗമിക്കൂ" എന്നിങ്ങനെ തുടർന്നു നല്കുന്ന ക്ഷണം, ദൈവസ്നേഹത്തിന്റെ കല്പനയുടെ നവീനവും സവിശേഷവുമായ രൂപമായിരിക്കുന്നതുപോലെതന്നെ. കല്പനകളും സമ്പന്നയുവാവിനു യേശു നല്കിയ ക്ഷണവും ഏകവും അവിഭാജ്യവുമായ സ്നേഹത്തിന്റെ സേവനത്തിനായി നിലകൊള്ളുന്നു. ആ സ്നേഹമാകട്ടെ, ദൈവം മാത്രം പര്യാപ്തമാനമായിരിക്കുന്ന ആ പൂർണ്ണതയിലേക്ക് സ്വാഭാവികമായി നയിക്കുകയും ചെയ്യുന്നു: "ആകയാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ. 5:48). ഈ പൂർണ്ണതയുടെ അർത്ഥം യേശു കുറേക്കൂടി സ്പഷ്ടമാക്കുന്നതായി ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നു: "നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ കരുണയുള്ളവരായിരിക്കുക" (ലൂക്കാ. 6:36).

*വന്ന് എന്നെ അനുഗമിക്കുക* (മത്താ. 19:21)

19. ഈ പൂർണ്ണതയുടെ മാർഗ്ഗവും അതേസമയം അതിന്റെ ഉള്ളടക്കവും ഒരുവൻ തന്റെ സമ്പത്തും തന്നെത്തന്നെയും പരിത്യജിച്ച് യേശുവിനെ അനുഗമിക്കുന്നതിലാണ് (Sequela Christi) അടങ്ങിയിരിക്കുന്നത്. യുവാവുമായുള്ള യേശുവിന്റെ സംഭാഷണത്തിന്റെ ഉപസംഹാരം ഇതു തന്നെയാണ്: "വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21). ഇതൊരു ക്ഷണമാണ്. അതിന്റെ വിസ്മയനീയമായ മഹത്വം ക്രിസ്തുവിന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർ പൂർണ്ണമായി ഗ്രഹിക്കും. ക്രിസ്തുവിന്റെ ഉത്ഥാനാനന്തരം പരിശുദ്ധാത്മാവ് അവരെ എല്ലാ സത്യത്തിലേക്കും നയിക്കുമ്പോൾ അതു സംഭവിക്കും (യോഹ. 16:13).

യേശുതന്നെ മുൻകൈയെടുത്ത് തന്നെ അനുഗമിക്കാൻ വേണ്ടി വിളിക്കുകയാണ്. ഒരു പ്രത്യേകദൗത്യം ഏല്പിച്ചവരെയാണ്

www.malankaralibrary.com



ആദ്യമായി അവിടുന്നു വിളിക്കുന്നത്. പന്ത്രണ്ടുപേരെ വിളിച്ചു കൊണ്ട് അതു തുടങ്ങുന്നു. എന്നാലും ഓരോ വിശ്വാസിയും ക്രിസ്തുവിൻെറ അനുഗാമിയായിരിക്കാൻ വിളിക്കപ്പെടുന്നുവെന്ന കാര്യം സുവ്യക്തമാണ് (അപ്പ. 6:1). അങ്ങനെ, *ക്രിസ്തുവിനെ അനുഗമിക്കൽ, ക്രൈസ്തവധർമ്മശാസ്ത്രത്തിൻെറ പ്രാഥമികവും സത്താപരവുമായ അടിത്തറയാണ്.* വാഗ്ദാനത്തിൻെറ നാട്ടിലേക്കു തങ്ങളെ നയിച്ച ദൈവത്തെ ഇസ്രായേൽജനം അനുഗമിച്ചു (പുറ. 13:21). അതുപോലെ ഓരോ ശിഷ്യനും യേശുവിനെ അനുഗമിക്കണം. പിതാവു തന്നെയാണ് അവരെ യേശുവിലേക്ക് അടുപ്പിക്കുന്നത് (യോഹ. 6:44).

ഒരു പ്രബോധനം ശ്രവിക്കാൻ സന്നദ്ധനാവുകയും അനുസരണയോടെ ഒരു പ്രമാണം സ്വീകരിക്കുകയും മാത്രം ചെയ്യുന്ന കാര്യമല്ലിത്. കൂടുതൽ മൗലികമായി, *യേശുവിൻെറ വ്യക്തിത്വത്തോടു ചേർന്നുനിൽക്കുക* എന്നാണിതിൻെറ അർത്ഥം. അവിടുത്തെ ജീവിതത്തിലും ഭാഗധേയത്തിലും ഭാഗഭാക്കായിക്കൊണ്ട്, പിതാവിൻെറ ഇഷ്ടത്തോട് അവിടുത്തേക്കുള്ള സ്വതന്ത്രവും സ്നേഹപൂർണ്ണവുമായ അനുസരണത്തിൽ പങ്കെടുത്തുകൊണ്ടാണ് അങ്ങനെ ചെയ്യേണ്ടത്. വിശ്വാസത്തിൽ പ്രത്യുത്തരിച്ചുകൊണ്ടും മനുഷ്യാവതാരം ചെയ്ത ജ്ഞാനമായവനെ അനുഗമിച്ചുകൊണ്ടും, യേശുവിൻെറ ശിഷ്യൻ യഥാർത്ഥത്തിൽ *ദൈവത്തിൻെറ ശിഷ്യനായിത്തിരുന്നു* (യോഹ. 6:45). യേശുവാണ് യഥാർത്ഥത്തിൽ ലോകത്തിൻെറ പ്രകാശം, ജീവൻെറ പ്രകാശം (യോഹ. 8:12). അവിടുന്നാണ് തൻെറ ആട്ടിൻകൂട്ടത്തെ നയിക്കുകയും തീറ്റിപ്പോറ്റുകയും ചെയ്യുന്ന ഇടയൻ (യോഹ. 10:11-16). അവിടുന്നാണ് മാർഗ്ഗവും സത്യവും ജീവനും (യോഹ. 14:6). പിതാവിലേക്കു നയിക്കുന്നതു യേശുവാണ്. പുത്രനായ അവിടുത്തെ കാണുന്നത് അങ്ങനെ, പിതാവിനെ കാണുന്നതിനു തുല്യമാണ് (യോഹ. 14:6-10). അതുകൊണ്ട് "അദൃശ്യദൈവത്തിൻെറ പ്രതിഛായയായ" (കൊളോ. 1:15) പുത്രനെ അനുകരിക്കുക എന്നതിൻെറ അർത്ഥം പിതാവിനെ അനുകരിക്കുക എന്നാണ്.

20. *സ്നേഹത്തിൻെറ വഴിയിലൂടെ തന്നെ അനുഗമിക്കാനും അനുകരിക്കാനും യേശു നമ്മോട് ആവശ്യപ്പെടുന്നു. ദൈവസ്നേഹത്തെപ്രതി സഹോദരങ്ങൾക്കായി ആത്മസമർപ്പണം ചെയ്യുന്ന സ്നേഹമാണത്.* "ഇതാണ് എൻെറ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ. 15:12). യേശുവിനെയും അവിടുത്തെ സ്നേഹത്തെയും

www.malankaralibrary.com



അനുകരിക്കുക എന്നതാണ് "പോലെ" എന്ന വാക്ക് ആവശ്യപ്പെടുന്നത്. കാൽകഴുകൽ അതിന്റെ ഒരു അടയാളമാണ്. "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്ക് ഒരു മാതൃക നല്കിയിരിക്കുന്നു (യോഹ. 13:14-15). യേശുവിന്റെ പ്രവർത്തനരീതിയും വാക്കുകളും, അവിടുത്തെ പ്രവൃത്തികളും കല്പനകളും ക്രൈസ്തവജീവിതത്തിന്റെ ധാർമ്മികനിയമത്തെ ക്രോഡീകരിക്കുന്നു. യഥാർത്ഥത്തിൽ അവിടുത്തെ പ്രവൃത്തികൾ, പ്രത്യേകിച്ച് അവിടുത്തെ പീഡാനുഭവവും കുരിശുമരണവും, പിതാവിനോടും മറ്റുള്ളവരോടുമുള്ള അവിടുത്തെ സ്നേഹത്തിന്റെ സജീവപ്രകാശനമാണ്. ഈ സ്നേഹം തന്നെയാണ് തന്റെ അനുഗാമികൾ അനുകരിക്കണമെന്നു യേശു ആഗ്രഹിക്കുന്നത്. ഇതാണ് പുതിയ കല്പന: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ. 13:34-35).

യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെയും അവിടുത്തെ ശിഷ്യന്മാർ പരസ്പരം സ്നേഹിക്കാൻ വിളിക്കപ്പെട്ടിട്ടുള്ള സ്നേഹത്തിന്റെയും തോത് "പോലെ" എന്നവാക്കു സൂചിപ്പിക്കുന്നുണ്ട്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്നതാണ് എന്റെ കല്പന (യോഹ. 15:12) എന്നു പ്രസ്താവിച്ചതിനുശേഷം യേശു പറയുന്ന വാക്കുകൾ അന്ത്യംവരെ (യോഹ. 13:1) സ്നേഹത്തിനു സാക്ഷ്യമെന്നനിലയിൽ തന്റെ ജീവനെ കുരിശിൽവച്ചു യാഗാത്മകബലിയായി നല്കുന്നതിനെ സൂചിപ്പിക്കുന്നു. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13).

യേശു യുവാവിനെ, പൂർണ്ണതയുടെ വഴിയിലൂടെ തന്നോടൊപ്പം സഞ്ചരിക്കാൻ ക്ഷണിച്ചു. അതോടൊപ്പം സ്നേഹത്തിന്റെ കല്പനയനുസരിച്ചും പൂർണ്ണനാകാൻ - "തന്റെ" കല്പനയിൽ പൂർണ്ണനാകാൻ- ക്ഷണിക്കുകയും ചെയ്തു: തന്റെ പൂർണ്ണമായ സ്വയംദാനത്തിന്റെ വെളിവാക്കലിൽ ഒരു ഭാഗമാകാൻ, "നല്ല" ഗുരുവിന്റെ സ്നേഹത്തെത്തന്നെ അനുകരിക്കാനും വീണ്ടും ഉജ്ജ്വലിപ്പിക്കാനും ക്ഷണിച്ചു. "അവസാനംവരെ" സ്നേഹിച്ചവനാണ് ആ ഗുരു. ഇതാണ് തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഓരോരു

www.malankaralibrary.com



ത്തനോടും യേശു ആവശ്യപ്പെടുന്നത്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24).

21. യേശുവിനെ അനുഗമിക്കൽ ബാഹ്യമായ ഒരു അനുകരണമല്ല. കാരണം, അതു മനുഷ്യൻെറ സത്തയുടെ അഗാധതകളെ സ്പർശിക്കുന്നു. കുരിശിൽ തന്നെത്തന്നെ നല്കാൻ പോലും തക്കവിധത്തിൽ ഒരു സേവകനായിത്തീർന്ന (ഫിലി. 2:5–8) ഒരാളോട് *അനുരൂപനായിത്തീരുക* എന്നാണ് ക്രിസ്തുവിൻെറ അനുഗാമിയാവുക എന്നതിൻെറ അർത്ഥം. ക്രിസ്തു, വിശ്വാസിയുടെ ഹൃദയത്തിൽ വിശ്വാസത്തിലൂടെ വസിക്കുന്നു (എഫേ. 3:17). അങ്ങനെ ശിഷ്യൻ കർത്താവിനോട് അനുരൂപനായിത്തീരുന്നു. ഇത് വരപ്രസാദത്തിൻെറ ഫലമാണ് – നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിൻെറ സജീവസാന്നിധ്യത്തിൻെറ ഫലമാണ്.

ക്രൈസ്തവൻ, ക്രിസ്തുവുമായി ഒന്നായിത്തീർന്നിട്ട് *സഭയാകുന്ന അവിടുത്തെ ശരീരത്തിൻെറ അവയവമായി*ത്തീരുന്നു (1 കൊറി. 12:13–27). പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ മാമ്മോദീസ വിശ്വാസിയെ മൗലികമായി ക്രിസ്തുവിനോടു മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും പെസഹാരഹസ്യത്തിൽ അനുരൂപപ്പെടുത്തുന്നു. അത് അവനെ ക്രിസ്തുവിനെ ധരിപ്പിക്കുന്നു (ഗലാ. 3:27). മാമ്മോദീസ സ്വീകരിച്ചവരോടു സംസാരിക്കുമ്പോൾ വി. ആഗസ്തീനോസ് ഉദ്ഘോഷിക്കുന്നു. "നമുക്കു സന്തോഷിക്കാം. കൃതജ്ഞതയർപ്പിക്കാം. കാരണം, നമ്മൾ ക്രിസ്ത്യാനികളാവുക മാത്രമല്ല ചെയ്തത്. ക്രിസ്തുവായിത്തീരുകകൂടി ചെയ്തിരിക്കുന്നു.... വിസ്മയിക്കുകയും സന്തോഷിക്കുകയും ചെയ്യുക. നമ്മൾ ക്രിസ്തുവായിത്തീർന്നിരിക്കുന്നു." [28] മാമ്മോദീസ സ്വീകരിച്ചവർ പാപത്തിനു മരിച്ചു നവജീവൻ പ്രാപിക്കുന്നു (റോമ. 6:3–11). യേശു ക്രിസ്തുവിൽ ദൈവത്തിനായി ജീവിച്ചുകൊണ്ട് പരിശുദ്ധാത്മാവോടൊത്തു നടക്കാനും തങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ പുറപ്പെടുവിക്കാനും അവർ വിളിക്കപ്പെട്ടിരിക്കുന്നു (ഗലാ. 5:16–25).

ക്രിസ്തുവുമായുള്ള നമ്മുടെ താദാത്മ്യപ്പെടലിൻെറ പരമകോടി, പുതിയ ഉടമ്പടിയുടെ കൂദാശയായ കുർബാനയിലുള്ള പങ്കുചേരലാണ് (1 കൊറി. 11:23–29). "നിത്യജീവൻെറ" സ്രോതസ്സാണത് (യോഹ. 6:51–58). ആരാധന ക്രമത്തിലും ജീവിതത്തിലും അനുസ്മരിക്കാൻ –പൗലോസ്ശ്ലീഹായുടെ സാക്ഷ്യപ്രകാരം – യേശു

www.malankaralibrary.com



നമ്മോടു കല്പിച്ചിട്ടുള്ള സമ്പൂർണ്ണമായ ആത്മദാനത്തിൻെറ ഉറവിടവും ശക്തിയുമാണത്: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം, അവൻെറ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണു ചെയ്യുന്നത് (1 കൊറി. 11:26).

*ദൈവത്തിന് എല്ലാം സാധ്യമാണ്* (മത്താ. 19:26)

22. സമ്പന്ന യുവാവുമായി യേശുനടത്തിയ സംഭാഷണത്തിൻെറ ഉപസംഹാരം വളരെ രൂക്ഷതയുള്ളതാണ്. "ഈ വചനംകേട്ട് ആ യുവാവു സങ്കടത്തോടെ തിരിച്ചുപോയി; അവനു വളരെയേറെ സമ്പത്തുണ്ടായിരുന്നു" (മത്താ. 19:22). സമ്പന്ന യുവാവുമാത്രമല്ല, ശിഷ്യത്വത്തിലേക്കുള്ള യേശുവിൻെറ വിളികേട്ടു ശിഷ്യന്മാർ തന്നെ വിസ്മയസ്തബ്ധരായി. ആ വിളി ഉണർത്തുന്ന ആവശ്യങ്ങൾ മാനുഷികാഭിലാഷങ്ങൾക്കും കഴിവുകൾക്കും അതീതമായിരുന്നു: "ശിഷ്യന്മാർ ഇതുകേട്ടു വിസ്മയഭരിതരായി അവനോടു ചോദിച്ചു: 'അങ്ങനെയെങ്കിൽ രക്ഷപെടാൻ ആർക്കു സാധിക്കും?' (മത്താ. 19:25). എന്നാൽ, ആചാര്യൻ *ദൈവത്തിൻെറ ശക്തിയിലേക്ക്* അവരുടെ ശ്രദ്ധതിരിച്ചു: "മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ്" (മത്താ. 19:26).

മത്തായിയുടെ സുവിശേഷത്തിലെ അതേ അധ്യായത്തിൽ (19:3-10) വിവാഹത്തെപ്പറ്റിയുള്ള മോശയുടെ നിയമം വ്യാഖ്യാനിച്ചുകൊണ്ട് വിവാഹമോചനത്തിനുള്ള അവകാശത്തെ യേശു നിഷേധിക്കുന്നതായി കാണുന്നു. മോശയുടെ നിയമത്തേക്കാൾ കൂടുതൽ മൗലികവും കൂടുതൽ ആധികാരികവുമായ ഒരു തുടക്കത്തെ സൂചിപ്പിച്ചുകൊണ്ടാണ്, മനുഷ്യവംശത്തിനുവേണ്ടിയുള്ള ദൈവത്തിൻെറ ആദിമപദ്ധതിയെ പരാമർശിച്ചുകൊണ്ടാണ്, അങ്ങനെ ചെയ്തത്. പാപം ചെയ്തതിനുശേഷം മനുഷ്യവർഗ്ഗത്തിനു പ്രസ്തുത പദ്ധതി അനുസരിക്കാൻ കഴിയാതെയായി. "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണു ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്കു അനുമതി നല്കിയത്. ആദിമുതലേ അങ്ങനെയായിരുന്നില്ല" (മത്താ. 19:8). "ആരംഭത്തെ"പ്പറ്റിയുള്ള യേശുവിൻെറ പരാമർശം ശിഷ്യന്മാരെ അദ്ഭുതപ്പെടുത്തുന്നു. അവർ പറഞ്ഞു: "ഭാര്യാഭർത്തൃബന്ധം ഇത്തരത്തിലുള്ളതാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം" (മത്താ. 19:10). "സ്വർഗ്ഗരാജ്യത്തെ പ്രതിയുള്ള" (മത്താ. 19:12) അവിവാഹിത ജീവിതാവസ്ഥയുടെ ദാനത്തെപ്പറ്റി പ്രത്യേകമായി പരാമർശിച്ചുകൊണ്ടും, എന്നാൽ, ഒരു പൊതുനിയമം പ്രഖ്യാപിച്ചുകൊണ്ടും, ദൈവാനുഗ്രഹത്താൽ മനുഷ്യനു

www.malankaralibrary.com



ലഭിക്കുന്ന നവീനവും വിസ്മയനീയവുമായ ഒരു സാധ്യതയെ യേശു സൂചിപ്പിക്കുന്നു. "അവൻ അവരോടു പറഞ്ഞു: "എല്ലാവർക്കും ഈ വാക്കു സ്വീകരിക്കാൻ സാധ്യമല്ല. അതു നല്കപ്പെട്ടവർക്കു മാത്രം" (മത്താ. 19:11).

മനുഷ്യനു സ്വന്തശക്തികൊണ്ടുമാത്രം യേശുവിൻെറ സ്നേഹത്തെ അനുകരിക്കാനോ അതനുസരിച്ചു ജീവിക്കാനോ സാധ്യമല്ല. *സ്വീകരിക്കപ്പെടുന്ന ഒരു ദാനത്തിൻെറ സഹായം കൊണ്ടു മാത്രമേ അവൻ അതിനു പ്രാപ്തനാവുകയുള്ളു.* കർത്താവായ യേശു പിതാവിൽ നിന്നു സ്നേഹം സ്വീകരിക്കുന്നു. എന്നിട്ട്, സൗജന്യമായി ആ സ്നേഹം ശിഷ്യന്മാർക്കു നല്കുന്നു. "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. എൻെറ സ്നേഹത്തിൽ വസിക്കുവിൻ" (യോഹ. 15:9). *ക്രിസ്തു നല്കുന്ന ദാനം തൻെറ ആത്മാവാണ്.* ആ ആത്മാവിൻെറ ഒന്നാമത്തെ "ഫലം" സ്നേഹമാണ് (ഗലാ. 5:22). "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമ. 5:5). വി. ആഗസ്തീനോസ് ചോദിക്കുന്നു. "സ്നേഹം പ്രമാണങ്ങളുടെ അനുസരണത്തെ ഉളവാക്കുകയാണോ? അതോ പ്രമാണങ്ങളുടെ അനുസരണം സ്നേഹത്തെ ഉളവാക്കുകയാണോ? എന്നിട്ട്, അദ്ദേഹംതന്നെ ഉത്തരംപറയുന്നു: "എന്നാൽ സ്നേഹമാണ് ആദ്യംവരുന്നതെന്ന കാര്യത്തിൽ ആർക്കു സംശയിക്കാൻ കഴിയും? കാരണം, സ്നേഹിക്കാത്തവനു പ്രമാണങ്ങൾ അനുസരിക്കാൻ ഒരു കാരണമില്ല."[29]

23. "യേശുക്രിസ്തുവിലുള്ള ജീവാത്മാവിൻെറ നിയമം എന്നെ പാപത്തിൻെറയും മരണത്തിൻെറയും നിയമത്തിൽ നിന്നു സ്വതന്ത്രനാക്കിയിരിക്കുന്നു" (റോമ. 8:2). ഈ വാക്കുകളോടെ പൗലോസ്ശ്ലീഹാ, (പഴയ) *നിയമവും (പുതിയനിയമമാകുന്ന) വരപ്രസാദവും തമ്മിലുള്ള ബന്ധത്തെ* പരിഗണിക്കാൻ നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിൽ പൂർണ്ണത പ്രാപിക്കുന്ന രക്ഷാചരിത്രത്തിൻെറ വീക്ഷണമനുസരിച്ച് അതു പരിഗണിക്കാനാണ് അദ്ദേഹം ക്ഷണിക്കുന്നത്. നിയമത്തിൻെറ ബോധനപരമായ ധർമ്മത്തെ അദ്ദേഹം അംഗീകരിക്കുന്നു. പാപിയായ മനുഷ്യനെ അവൻെറ ദുർബലതയെ ഗ്രഹിക്കാനും സ്വയം പര്യാപ്തതയെപ്പറ്റിയുള്ള മുൻധാരണ മാറ്റിക്കളയാനും പ്രാപ്തനാക്കിക്കൊണ്ട്, "ആത്മാവിലുള്ള ജീവനു"വേണ്ടി യാചിക്കാനും അതു സ്വീകരിക്കാനും നിയമം സഹായിക്കുന്നു. ദൈവത്തിൻെറ കല്പനകളെ അനുസരിച്ചു ജീവിക്കുവാൻ ഈ പുതിയ ജീവിതത്തിൽ മാത്രമേ സാധിക്കുകയുള്ളൂ. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നാം നീതികരിക്കപ്പെട്ടു

www.malankaralibrary.com



വെന്നതു ശരിതന്നെ (റോമ. 23:28). ഈ നീതികരണം വേണമെന്നു നിയമം ആവശ്യപ്പെടുന്നു. പക്ഷേ, അതു നല്കാൻ നിയമത്തിനു കഴിവില്ല. യേശുക്രിസ്തു അതു വെളിപ്പെടുത്തുകയും നല്കുകയും ചെയ്യുന്നുവെന്ന് ഓരോ വിശ്വാസിയും കണ്ടെത്തുന്നു. പൗലോസ്ശ്ലീഹാ ഉന്നയിക്കുന്ന നിയമത്തിൻെറയും വരപ്രസാദത്തിൻെറയും ഈ വൈരുദ്ധ്യത്തെ പ്രശംസനീയമാംവിധം സംക്ഷേപിക്കുന്നത് വി. ആഗസ്തീനോസാണ്: "വരപ്രസാദം തേടാനാണ് നിയമം നല്കപ്പെട്ടത്; നിയമം നിറവേറ്റുവാനാണ് വരപ്രസാദം നല്കപ്പെട്ടത്." [30].

സുവിശേഷത്തിൻെറ വീക്ഷണപ്രകാരം സ്നേഹവും ജീവനും ഒരുതരം കല്പനയാണെന്ന് പ്രഥമവും പ്രധാനവുമായി ചിന്തിക്കാൻ സാധ്യമല്ല. കാരണം, അവ ആവശ്യപ്പെടുന്നത് മനുഷ്യൻെറ കഴിവുകളെ അതിശയിക്കുന്നതാണ്. തൻെറ വരപ്രസാദം വഴി മനുഷ്യഹൃദയത്തെ സുഖപ്പെടുത്തുകയും പൂർവ്വസ്ഥിതിയിലാക്കുകയും പരിണമിപ്പിക്കുകയും ചെയ്യുന്ന ദൈവദാനംവഴി മാത്രമേ അതു സാധ്യമാകൂ. "കാരണം, നിയമം മോശവഴി നല്കപ്പെട്ടു. കൃപയും സത്യവുമാകട്ടെ യേശു ക്രിസ്തു വഴിയുണ്ടായി" (യോഹ. 1:17). അങ്ങനെ നിത്യജീവനെപ്പറ്റിയുള്ള വാഗ്ദാനം വരപ്രസാദമെന്ന സമ്മാനവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. നാം സ്വീകരിച്ച പരിശുദ്ധാത്മാവിൻെറ ദാനം ഇപ്പോഴും നമ്മുടെ "അവകാശത്തിൻെറ അച്ചാരവുമാണ്" (എഫേ. 1:14).

24. അങ്ങനെ സ്നേഹത്തിൻെറ കല്പനയുടെയും അതു ലക്ഷ്യമാക്കുന്ന പൂർണ്ണതയുടെയും യഥാർത്ഥവും ആദിമവുമായ വശം വെളിവാക്കപ്പെട്ടതായി നാം കാണുന്നു. ദൈവത്തിൻെറ ദാനത്താൽ, അവിടുത്തെ സ്നേഹത്താൽ, *ദൈവവരപ്രസാദത്താൽ മാത്രം* മനുഷ്യനു നല്കപ്പെടുന്ന ഒരു സാധ്യതയെപ്പറ്റിയാണു നാം സംസാരിക്കുന്നത്. മറുവശത്ത് ആ ദാനം സ്വീകരിക്കുന്നു എന്ന അവബോധമാണ്, ദൈവസ്നേഹത്തെ യേശുക്രിസ്തുവിൽ സമ്പാദിച്ചിരിക്കുന്നു എന്ന അവബോധമാണ്, ദൈവത്തോടും സഹോദരങ്ങളോടുമുള്ള പൂർണ്ണ സ്നേഹത്തിൻെറ '*സ്വതന്ത്രമായ പ്രത്യുത്തരത്തെ* ജനിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നത്. യോഹന്നാൻശ്ലീഹാ ഇക്കാര്യം തൻെറ ഒന്നാം ലേഖനത്തിൽ തറപ്പിച്ചു പറയുന്നുണ്ട്. "പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. അതു ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. കാരണം ദൈവം സ്നേഹമാണ്....... പ്രിയപ്പെട്ടവരെ ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം

www.malankaralibrary.com



സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു...... ആദ്യം അവിടുന്നു നമ്മെ സ്നേഹിച്ചു, അതിനാൽ നാമും അവിടുത്തെ സ്നേഹിക്കുന്നു (1 യോഹ. 4:7-8, 11, 19).

കർത്താവു നല്കുന്ന വരപ്രസാദവും മനുഷ്യൻെറ സ്വാതന്ത്ര്യവും - ദാനവും ദൗത്യവും - തമ്മിലുള്ള അവിഭാജ്യമായ ബന്ധത്തെ വി. ആഗസ്തീനോസ് ലളിതമായും എന്നാൽ അഗാധമായും തൻെറ പ്രാർത്ഥനയിൽ പ്രകടിപ്പിച്ചിട്ടുണ്ട്: "അങ്ങുന്ന് എന്തു കല്പിക്കുന്നുവോ അതു അങ്ങുന്നു നല്കുക. അങ്ങയുടെ ഇഷ്ടമെന്തോ അതു കല്പിക്കുക (Da quod jubes et jube quod vis)".[31]

ദാനം, സ്നേഹത്തിൻെറ ധാർമ്മികാവശ്യങ്ങളെ കുറയ്ക്കുന്നില്ല, ശക്തിപ്പെടുത്തുകയാണ്: "തൻെറ പുത്രനായ യേശുക്രിസ്തുവിൻെറ നാമത്തിൽ വിശ്വസിക്കണമെന്നതും താൻ നമ്മോടു കല്പിച്ചിട്ടുള്ളതുപോലെ നാം പരസ്പരം സ്നേഹിക്കണമെന്നതും അവൻെറ കല്പനയാണ്" (1 യോഹ. 3:23). കല്പനകൾ പാലിച്ചാലേ സ്നേഹത്തിൽ വസിക്കാൻ കഴിയൂ. യേശു അതു പറയുന്നുണ്ട്: "ഞാൻ എൻെറ പിതാവിൻെറ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ നിങ്ങൾ എൻെറ കല്പനകൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ നിലനില്ക്കും" (യോഹ. 15:10).

യേശുവിൻെറ ധാർമ്മിക സന്ദേശത്തിൻെറയും അപ്പസ്തോലന്മാരുടെ പ്രസംഗത്തിൻെറയും ഹൃദയത്തിലേക്കു കടക്കുകയും കിഴക്കും പടിഞ്ഞാറുമുള്ള സഭാപിതാക്കന്മാരുടെ - പ്രത്യേകിച്ച് വി. ആഗസ്തീനോസിൻെറ [32] - മഹത്തായ പാരമ്പര്യത്തെ ശ്രദ്ധേയമാം വിധം സംഗ്രഹിക്കുകയും ചെയ്തുകൊണ്ട് വി. തോമസ് അകീനാസിന് ഇങ്ങനെ എഴുതാൻ കഴിഞ്ഞു: "*വിശ്വാസത്തിലൂടെ ക്രിസ്തുവിൽ നല്കപ്പെട്ട പരിശുദ്ധാത്മാവിൻെറ വരപ്രസാദമാണ് പുതിയ നിയമം*" [33]. സുവിശേഷത്തിലും സൂചിപ്പിച്ചിട്ടുള്ള ബാഹ്യകല്പനകൾ ഈ വരപ്രസാദത്തിന് ഒരുവനെ സന്നദ്ധനാക്കുകയോ ഒരുവൻെറ ജീവിതത്തിൽ അതിൻെറ ഫലം പുറപ്പെടുത്തുകയോ ചെയ്യും. യഥാർത്ഥത്തിൽ, എന്തുചെയ്യണം എന്നു പറയുന്നതുകൊണ്ടു പുതിയനിയമം തൃപ്തിപ്പെടുന്നില്ല. "സത്യമായിട്ടുള്ളതു" പ്രവർത്തിക്കാൻ വേണ്ട ശക്തി നല്കുകകൂടി ചെയ്യുന്നുണ്ട് (യോഹ. 3:21). ഇതുപോലെ, പന്തക്കുസ്താദിവസത്തിൽ, പരിശുദ്ധാത്മാവിൻെറ സ്വർഗ്ഗത്തിൽ നിന്നുള്ള അവരോഹണത്തിലാണ് പുതിയ നിയമം വിളംബരം ചെയ്യപ്പെട്ടതെന്നു വി. ജോൺ ക്രിസോസ്തോം പറയുന്നു. അപ്പസ്തോലന്മാർ "കല്പനകൾ എഴുതിയ കല്പലകകളുമായി,

www.malankaralibrary.com



മോശയെ പോലെ, മലയിൽ നിന്ന് ഇറങ്ങുകയല്ല; പിന്നെയോ, പരിശുദ്ധാത്മാവിനെ ഹൃദയത്തിൽ വഹിച്ചുകൊണ്ട്..... അവിടുത്തെ വരപ്രസാദത്താൽ സജീവനിയമമായി, ഒരു സജീവഗ്രന്ഥമായി, ഇറങ്ങി വരുകയാണു ചെയ്തത്. [34] എന്നും അദ്ദേഹം പറയുന്നു.

*"കണ്ടാലും! ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും"* (മത്താ. 28:20).

25. ധനികയുവാവുമായുള്ള യേശുവിന്റെ സംഭാഷണം ഒരർത്ഥത്തിൽ, *നമ്മുടേതുൾപ്പെടെ ചരിത്രത്തിന്റെ ഓരോ കാലഘട്ടത്തിലും* ആവർത്തിക്കപ്പെടുന്നു. "ഗുരോ നിത്യജീവൻ പ്രാപിക്കാൻ എന്തുനന്മയാണ് ഞാൻ ചെയ്യേണ്ടത്?" എന്ന ചോദ്യം ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ ഉയരുന്നു. ആ ചോദ്യത്തിനു പൂർണ്ണവും സുനിശ്ചിതവുമായ ഉത്തരം നല്കാൻ ക്രിസ്തുവിനുമാത്രമേ കഴിയൂ. ദൈവകല്പനകളെ വ്യാഖ്യാനിക്കുകയും, തന്നെ അനുഗമിക്കാൻ മറ്റുള്ളവരെ ക്ഷണിക്കുകയും നവജീവിതത്തിനുവേണ്ട വരപ്രസാദം നല്കുകയും ചെയ്യുന്ന ആ ഗുരു, എപ്പോഴും നമ്മുടെയിടയിൽ സന്നിഹിതനും പ്രവർത്തനനിരതനും ആണ്. അക്കാര്യം അവിടുന്നു തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ: "കണ്ടാലും, ലോകാവസാനംവരെ എപ്പോഴും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും" (മത്താ. 28:20). *ക്രിസ്തു എല്ലാക്കാലത്തെയും എല്ലാ ജനങ്ങളെയും സംബന്ധിച്ചു പ്രസക്തിയുള്ള വ്യക്തിയാണ്.* അവിടുത്തെ ശരീരമായ സഭയിൽ ആ വസ്തുത പ്രകാശിപ്പിക്കപ്പെടുന്നു. ഇക്കാരണത്താൽ, കർത്താവ് തന്റെ സഭയ്ക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു. തന്റെ കല്പനകളെപ്പറ്റി പരിശുദ്ധാത്മാവ് "അവരെ ഓർമ്മിപ്പിക്കുകയും" അവയെ മനസ്സിലാക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യും (യോഹ. 14:26); ലോകത്തിലെ പുതിയ ജീവിതത്തിന്റെ തത്ത്വവും സ്ഥിരസ്രോതസ്സുമായിരിക്കുകയും ചെയ്യും (യോഹ. 3:5-8; റോമ. 8:1-13).

പഴയ ഉടമ്പടിയിൽ ദൈവം ധാർമ്മിക നിയമങ്ങൾ നല്കി. മനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ നവീനവും സനാതനവുമായ ഉടമ്പടിയിൽ അവ അവയുടെ പൂർണ്ണതനേടി. ഈ ധാർമ്മിക നിയമങ്ങൾ *വിശ്വസ്തതാപൂർവ്വം സൂക്ഷിക്കുകയും,* ചരിത്രത്തിന്റെ ഗതിയിൽ, വ്യത്യസ്തസംസ്കാരങ്ങളിൽ *നിരന്തരമായി പ്രായോഗികമാക്കുകയും വേണം. ആ നിയമങ്ങളെ വ്യാഖ്യാനിക്കാനുള്ള കടമ യേശു ശിഷ്യന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കി. സത്യാത്മാവിന്റെ പ്രത്യേകമായ സഹായത്തോടെയാണ് ആ കടമ നിർവഹിക്കേണ്ടതും: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു"*

www.malankaralibrary.com



*(ലൂക്കാ. 10:16). ശ്ലീഹന്മാർ ഈ ആത്മാവിന്റെ പ്രകാശം കൊണ്ടും ശക്തികൊണ്ടും സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യവും കർത്താവിന്റെ വഴി ചൂണ്ടിക്കാണിക്കാനുള്ള ദൗത്യവും നിർവഹിച്ചു (അപ്പ. 18:25). സർവ്വോപരി, എങ്ങനെയാണു ക്രിസ്തുവിനെ അനുഗമിക്കുകയും അനുകരിക്കുകയും ചെയ്യേണ്ടതെന്നു പഠിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്: "എന്നെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നതു ക്രിസ്തുവാണ്" (ഫിലി. 1:21).*

*26. അപ്പസ്തോലന്മാരുടെ ധാർമ്മികബോധനത്തിൽ (Moral catechesis) ചരിത്രപരവും സാംസ്കാരികവുമായ സവിശേഷസാഹചര്യങ്ങളോടു ബന്ധപ്പെട്ട ആഹ്വാനങ്ങളും നിർദ്ദേശങ്ങളുമുണ്ട്. അവയെ കൂടാതെ, പെരുമാറ്റത്തിൽ കൃത്യമായ നിയമങ്ങൾ ഉൾക്കൊള്ളുന്ന സദാചാരപാഠങ്ങളും (Ethical teaching) നാം അതിൽ കാണുന്നുണ്ട്. അവരുടെ ലേഖനങ്ങളിലാണ് അതു കാണപ്പെടുക. വിവിധ സാംസ്കാരിക പശ്ചാത്തലങ്ങളിൽ അനുസരിച്ചു ജീവിക്കത്തക്കവിധം, പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ കർത്താവിന്റെ കല്പനകൾക്കു നല്കിയ വ്യാഖ്യാനം ആ ലേഖനങ്ങൾ ഉൾക്കൊള്ളുന്നുണ്ട് (റോമ. 12-15; 1 കൊറി. 11:14; ഗലേ. 5-6; എഫേ. 4-6; കൊളോ. 3-4; 1 പത്രോ. ; യാക്കോ). സഭയുടെ ആരംഭഘട്ടം മുതൽ, ക്രിസ്ത്യാനികളുടെ ശരിയായ പെരുമാറ്റത്തിന്റെ കാര്യത്തിൽ അപ്പസ്തോലന്മാർ ജാഗ്രത പുലർത്തി*യിരുന്നു.[35] സുവിശേഷം പ്രസംഗിക്കാനുള്ള അവരുടെ ഉത്തരവാദിത്വം കൊണ്ടാണ് അങ്ങനെ ചെയ്തത്. വിശ്വാസത്തിന്റെ നിർമ്മലതയിലും കൂദാശകളിൽ ദൈവികദാനങ്ങൾ കൈമാറുന്നതിലും അവർ പുലർത്തിയ അതേ ജാഗ്രത ഇക്കാര്യത്തിലും അവർക്കുണ്ടായിരുന്നു.[36] യഹൂദജനതയിൽ നിന്നും വിജാതിയരിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നു ആദിമക്രിസ്ത്യാനികൾ. അവർ വിശ്വാസത്തിലും ആരാധനയിലും മാത്രമല്ല ധാർമ്മിക പെരുമാറ്റത്തിന്റെ സാക്ഷ്യത്തിലും അവിശ്വാസികളിൽ നിന്നു (pagans) വ്യത്യസ്തരായിരുന്നു. പ്രസ്തുത ധാർമ്മിക പെരുമാറ്റം പുതിയ നിയമത്താൽ പ്രചോദിതമായിരുന്നു.[37]. സഭ യഥാർത്ഥത്തിൽ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും ഒരു കൂട്ടായ്മയാണ്. അവളുടെ ജീവിതനിയമം "സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന വിശ്വാസമാണ്" (ഗലാ. 5:6).

*വിശ്വാസവും ജീവിതവും തമ്മിലുള്ള പൂർണ്ണമായ ഐക്യത്തിനു യാതൊരു തകർച്ചയും ഉണ്ടാകാൻ ഇടയാകരുത്. വിശ്വാസസത്യങ്ങളെ ഉപേക്ഷിക്കുകയോ വികലമാക്കുകയോ ചെയ്യുന്ന ക്രിസ്ത്യാനികൾ മാത്രമല്ല സഭയുടെ ഐക്യത്തെ തകർക്കുന്നത്.*

www.malankaralibrary.com



*സുവിശേഷം ആവശ്യപ്പെടുന്ന ധാർമ്മിക കടമകളെ അവഗണിക്കുന്നവരും അങ്ങനെ ചെയ്യുന്നുണ്ട് (1 കോറി. 5:9-13). ഹൃദയത്തിൻെറ സമർപ്പണവും അതിനെ പ്രകാശിപ്പിക്കുകയോ തെളിയിക്കുകയോ ചെയ്യുന്ന പ്രവൃത്തികളും തമ്മിലുള്ള വിഭജനത്തെ അപ്പസ്തോലന്മാർ നിർണ്ണായകമായ വിധത്തിൽ പരിത്യജിച്ചിരുന്നു (1 യോഹ. 2:3-6). തങ്ങളുടെ പ്രബോധനം വഴിയോ പ്രവർത്തനം വഴിയോ വിഭജനത്തെ വളർത്തിയവരുടെ പെരുമാറ്റത്തെ, ശ്ലൈഹികകാലംമുതൽ ഇന്നോളം സഭയുടെ അജപാലകന്മാർ അർത്ഥശങ്കയ്ക്ക് ഇട നല്കാത്തവിധം ശപിച്ചു തള്ളിയിട്ടുണ്ട്.* [38]

*27. സഭയുടെ ഐക്യത്തിനുള്ളിൽ, വിശ്വാസവും ധാർമ്മികജീവിതവും വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത്, യേശു അപ്പസ്തോലന്മാരെ ഏല്പിച്ച ദൗത്യമാണ് (മത്താ. 28:19-20). ആ ദൗത്യം അവരുടെ പിൻഗാമികളുടെ ശുശ്രൂഷയിൽ തുടരുന്നു. സജീവമായ പാരമ്പര്യത്തിൽനിന്ന്* ഇതു വ്യക്തമാകുന്നുണ്ട്. ആ പാരമ്പര്യംവഴി, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, "സഭ തൻെറ അസ്തിത്വവും വിശ്വാസങ്ങളും മുഴുവനായി ശാശ്വതമാക്കുകയും ഓരോ തലമുറയ്ക്കും കൈമാറുകയും ചെയ്യുന്നു. തൻെറ പ്രബോധനവും ജീവിതവും ആരാധനയും വഴിയാണ് അങ്ങനെ ചെയ്യുന്നത്. അപ്പസ്തോലന്മാരിൽ നിന്നുവരുന്ന ഈ പാരമ്പര്യം പരിശുദ്ധാത്മാവിൻെറ സഹായത്താൽ പുരോഗമിക്കുന്നു."[39] ചരിത്രത്തിൽ ദൈവം പ്രവർത്തിച്ച "വലിയ കാര്യങ്ങളുടെ" സാക്ഷ്യമായി വി. ഗ്രന്ഥത്തെ സഭ പരിശുദ്ധാത്മാവിൽ സ്വീകരിക്കുകയും പിൻ തലമുറകൾക്കു കൈമാറുകയും ചെയ്യുന്നു (ലൂക്ക. 1:49). ശരീരമെടുത്ത വചനത്തിൻെറ സത്യത്തെ അവളുടെ പിതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും അധരങ്ങളിലൂടെ അവൾ പ്രസംഗിക്കുന്നു. ആ വചനത്തിൻെറ കല്പനകളെയും സ്നേഹത്തെയും അവളുടെ വിശുദ്ധന്മാരുടെ ജീവിതത്തിലും രക്തസാക്ഷികളുടെ ത്യാഗത്തിലും പ്രായോഗികമാക്കുന്നു. ആ വചനത്തിലുള്ള പ്രത്യാശയെ ആരാധനക്രമത്തിൽ ആഘോഷിക്കുകയും ചെയ്യുന്നു. സജീവമായ ഇതേ പാരമ്പര്യം വഴി ക്രൈസ്തവർ ദൈവത്തിൻെറ ജ്ഞാനത്തിൻെറയും ഹിതത്തിൻെറയും വിശ്വസ്തമായ പ്രകാശനമായി "സുവിശേഷത്തിൻെറ സജീവശബ്ദത്തെ"[40] സ്വീകരിക്കുന്നു.

പാരമ്പര്യത്തിനുള്ളിൽ, പരിശുദ്ധാത്മാവിൻെറ സഹായത്തോടെ കർത്താവിൻെറ നിയമത്തിൻെറ *യഥാർത്ഥമായ വ്യഖ്യാനം* വികസിക്കുന്നു. യേശുവിൻെറ കല്പനകളുടെയും പ്രബോധനങ്ങളുടെയും ആവിഷ്കരണത്തിൻെറ ഉദ്ഭവത്തിൽ പരിശുദ്ധാ

www.malankaralibrary.com



ത്മാവുണ്ട്. അവ ബഹുമാനപൂർവ്വം സംരക്ഷിക്കപ്പെടുമെന്നും വിശ്വസ്തതാപൂർവ്വം വ്യാഖ്യാനിക്കപ്പെടുമെന്നും വ്യത്യസ്തകാലങ്ങളിലും സ്ഥലങ്ങളിലും ശരിയായി പ്രയോഗിക്കപ്പെടുമെന്നും അതേ പരിശുദ്ധാത്മാവു ഉറപ്പു നല്കുന്നു. വെളിപാടിലേക്കുള്ള അഗാധതരമായ ഉൾക്കാഴ്ചയുടെയും, ചരിത്രപരവും സാംസ്കാരികവുമായ പുതിയ സാഹചര്യങ്ങളുടെ ശരിയായ ഗ്രഹിക്കൽ വിശ്വാസത്തിൻെറ വെളിച്ചത്തിൽ നടക്കുന്നതിൻെറയും അടയാളവും ഫലവുമാണ് കല്പനകളുടെ നിരന്തരമായ ഈ "അനുശീലനം". എന്നിരുന്നാലും, വെളിപാടിൻെറ സ്ഥിരസാധുത്വത്തെ ഉറപ്പിച്ചുപറയാനും, സഭയുടെ പ്രബോധനത്തിൻെറയും ജീവിതത്തിൻെറയും മഹത്തായ പാരമ്പര്യത്താൽ നല്കപ്പെട്ട വ്യാഖ്യാനം പിൻതുടരാനും മാത്രമേ ആ പ്രാവർത്തികമാക്കലിനു കഴിയൂ. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും വിശുദ്ധന്മാരുടെ ജീവിതങ്ങളും സഭയുടെ ആരാധനക്രമവും, സഭാധികാരത്തിൻെറ (Magisterium) പ്രബോധനവും അതിന് അപ്രകാരം സാക്ഷ്യം വഹിക്കുന്നുണ്ട്. പ്രത്യേകിച്ച്, വത്തിക്കാൻ കൗൺസിൽ ഉറപ്പിച്ചുപറയുന്നതുപോലെ, "*ദൈവവചനത്തെ* അത് ലിഖിതരൂപത്തിലായാലും, പാരമ്പര്യത്തിലുള്ളതായാലും, *യഥാർത്ഥമായി വ്യാഖ്യാനിക്കുക എന്ന കടമ, സഭയുടെ സജീവ പ്രബോധനാധികാരത്തിൻെറ ചുമതലയുള്ളവർക്കു മാത്രമായി നല്കപ്പെട്ടിരിക്കുന്നു*. ആ അധികാരം യേശുക്രിസ്തുവിൻെറ നാമത്തിലാണ് വിനിയോഗിക്കുന്നത്".[41] അങ്ങനെ, സഭ അവളുടെ ജീവിതത്തിലും അധ്യാപനത്തിലും "സത്യത്തിൻെറ സ്തംഭവും പുറംകോട്ടയുമായി വെളിവാക്കപ്പെടുന്നു (1 തിമോ. 3:15). ധാർമ്മിക പ്രവൃത്തിയെ സംബന്ധിക്കുന്ന സത്യവും അതിൽ ഉൾപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ, "എപ്പോഴും എവിടെയും സാമൂഹികക്രമത്തെ സംബന്ധിച്ചവ ഉൾപ്പെടെയുള്ള ധാർമ്മിക തത്ത്വങ്ങളെ പ്രഘോഷിക്കാൻ സഭയ്ക്ക് അവകാശമുണ്ട്; മൗലിക മാനുഷികാവകാശങ്ങളും ആത്മാക്കളുടെ രക്ഷയും ആവശ്യപ്പെടുന്നതനുസരിച്ച് മാനുഷികമായ ഏതുവിഷയത്തെപ്പറ്റിയും വിധി പറയാനും അവകാശമുണ്ട്". [42]

ധാർമ്മിക ദൈവശാസ്ത്രത്തിൽ ഇന്നു കൂടെക്കൂടെ തർക്കവിഷയമായിത്തീരുന്ന ചില പ്രശ്നങ്ങളുണ്ട്. അവയെ സംബന്ധിക്കുന്ന പുതിയ പ്രവണതകളും സിദ്ധാന്തങ്ങളും വികസിച്ചുവന്നിട്ടുമുണ്ട്. ഇവയെക്കുറിച്ച് പ്രത്യേകമായി തൻെറ വിവേചനവും പ്രബോധനവും അടിയന്തിരമായി നല്കുവാൻ കടമയുണ്ടെന്നു സഭയുടെ പ്രബോധനാധികാരം കരുതുന്നു. യേശു ക്രിസ്തുവിനോടുള്ള വിശ്വസ്തതയിലും സഭയുടെ പാരമ്പര്യത്തിൻെറ തുടർച്ചയിലും അപ്രകാരം ചെയ്യാൻ അത് ആഗ്രഹിക്കുന്നു. സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള യാത്രയിൽ മനുഷ്യനെ സഹായിക്കാനാണത്.

www.malankaralibrary.com

അദ്ധ്യായം രണ്ട്

# ''ഈ ലോകത്തിന് അനുരൂപരായിരിക്കരുത്'' (റോമ: 12:2)

## സഭയും ഇന്നത്തെ ധാർമ്മിക ദൈവശാസ്ത്രത്തിലെ ചില പ്രവണതകളുടെ തിരിച്ചറിയലും

### *ശരിയായ വിശ്വാസസംഹിതയനുസരിച്ചുള്ളത് പഠിപ്പിച്ചുകൊണ്ട് (തീത്തോ. 2:1)*

28. ധാർമ്മിക പ്രവൃത്തിയെ സംബന്ധിച്ച് പഴയനിയമത്തിലും പുതിയ നിയമത്തിലുമുള്ള വെളിപാടിന്റെ സത്താപരമായ ഘടകങ്ങളെ ഒരുമിച്ചുകൊണ്ടുവരുവാൻ, യേശുവും സമ്പന്ന യുവാവും തമ്മിൽ നടന്ന സംഭാഷണത്തെപ്പറ്റിയുള്ള ധ്യാനം നമ്മെ പ്രാപ്തരാക്കി. ഇവയാണ് ആ ഘടകങ്ങൾ : മനുഷ്യനെയും അവന്റെ പ്രവൃത്തിയെയും "ഏക നന്മയായ" *ദൈവത്തിനു കീഴിലാക്കുക; മാനുഷിക പ്രവൃത്തിയുടെ ധാർമ്മിക നന്മയും നിത്യജീവനും തമ്മിലുള്ളതും* ദൈവിക കല്പനകളിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളതുമായ *ബന്ധം;* പൂർണ്ണ സ്നേഹത്തിന്റെ കാഴ്ചപ്പാട് മനുഷ്യന് നൽകുന്ന ക്രൈസ്തവ ശിഷ്യത്വം; അവസാനമായി "പുതിയ സൃഷ്ടിയുടെ" (2 കൊറി. 5:17) ധാർമ്മിക ജീവിതത്തിന്റെ സ്രോതസ്സും ഉപാധികളുമായ *പരിശുദ്ധാത്മാവിന്റെ ദാനം.*

സഭ, ധാർമ്മികതയെപ്പറ്റിയുള്ള തന്റെ പരിചിന്തനത്തിൽ, സമ്പന്നയുവാവിനോടുള്ള ക്രിസ്തുവിന്റെ വാക്കുകളെ എപ്പോഴും അനുസ്മരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ, ധർമ്മശാസ്ത്രപരമായ സഭയുടെ പ്രബോധനത്തിന്റെ സജീവവും ഫലദായകവുമായ ഉറവിടമായി വിശുദ്ധഗ്രന്ഥം നിലകൊള്ളുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസ്മരിച്ചതുപോലെ സുവിശേഷമാണ് "രക്ഷാകരമായ എല്ലാ സത്യത്തിന്റെയും ധാർമ്മിക പ്രബോധനത്തിന്റെയും ഉറവിടം" [43]. ദൈവവചനത്തിന്റെ പ്രബോധനത്തെ സഭ വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിച്ചിട്ടുണ്ട്. അനുസരിച്ച് ജീവിക്കേണ്ട സത്യങ്ങളെപ്പറ്റിയുള്ള പ്രബോധനങ്ങളെ മാത്രമല്ല, ധാർമ്മിക പ്രവൃത്തിയെപ്പറ്റിയുള്ള, ദൈവത്തിന് ഇഷ്ടപ്പെടുന്ന പ്രവൃത്തിയെപ്പറ്റിയുള്ള (1 തെസ. 4:1), പ്രബോധനങ്ങളെയും സഭ വിശ്വസ്തതാപൂർവ്വം

www.malankaralibrary.com



പരിരക്ഷിച്ചിട്ടുണ്ട്. വിശ്വാസസത്യങ്ങളുടെ മണ്ഡലത്തിൽ സംഭവിച്ച വികസനത്തിനു സമാനമായി *സിദ്ധാന്തപരമായ ഒരു വികസനം* അവൾ നേടിയിട്ടുണ്ട്. "മനുഷ്യരഹസ്യത്തിൻമേൽ പ്രകാശം വീശുന്ന" "അവതാരംചെയ്ത വചനത്തിൻെറ രഹസ്യത്തെപ്പറ്റി"[44]യുള്ള ധ്യാനം സഭ ഒരിക്കലും മുടക്കിയിട്ടില്ല. ഇനി മുടക്കാൻ കഴിയുകയുമില്ല. എല്ലാ സത്യത്തിലേക്കും അവളെ നയിക്കുന്ന (യോഹ. 16:13) പരിശുദ്ധാത്മാവിൻെറ സഹായത്താലാണ് അവൾ അങ്ങനെ ചെയ്യുന്നത്.

29. സഭയുടെ ധാർമ്മിക പരിചിന്തനം, "നല്ല ഗുരുവായ" ക്രിസ്തുവിൻെറ പ്രകാശത്തിലാണ് എപ്പോഴും നടത്തുന്നത്: അതു സവിശേഷമായ ഒരു ദൈവശാസ്ത്രരൂപത്തെയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. *ധാർമ്മിക ദൈവശാസ്ത്രം* (Moral Theology) എന്നാണ് അതറിയപ്പെടുന്നത്. ദൈവിക വെളിപാടിനെ സ്വീകരിക്കുകയും പരിശോധിക്കുകയും അതേ സമയം മാനുഷിക ബുദ്ധിയുടെ ആവശ്യങ്ങളോട് ഒത്തുപോകുകയും ചെയ്യുന്ന ഒരു ശാസ്ത്രമാണത്. "ധാർമ്മികത"യെക്കുറിച്ചുള്ള പരിചിന്തനമാണ് ധാർമ്മിക ദൈവശാസ്ത്രം: മാനുഷിക പ്രവൃത്തികളുടെ നന്മയെയും തിന്മയെയും, അവ പ്രവൃത്തിക്കുന്ന വ്യക്തിയെയും സംബന്ധിച്ചുള്ള പരിചിന്തനമാണ്. ഈ അർത്ഥത്തിൽ ഇത് എല്ലാ ജനതയ്ക്കും അഭിഗമ്യമാണ്. പക്ഷേ, അത് "ദൈവശാസ്ത്ര"വുമാണ്. നന്മയുടെ ഏക ഉടമയായ ഒരുവനിലാണ് ധാർമ്മിക പ്രവൃത്തിയുടെ ഉറവിടവും ലക്ഷ്യവുമെന്ന് അത് അംഗീകരിക്കുന്നിടത്തോളം അത് ദൈവശാസ്ത്രമാണ്. നന്മയുടെ ആ ഏക ഉടമയാകട്ടെ, ക്രിസ്തുവിൽ തന്നെത്തന്നെ മനുഷ്യനെ നല്കിക്കൊണ്ട് ദൈവികജീവിതത്തിൻെറ സൗഭാഗ്യം അവനുപ്രദാനം ചെയ്യുന്നവനാണ്.

*ധാർമ്മിക ദൈവശാസ്ത്രത്തിൻെറ പുതുക്കലിൽ പ്രത്യേകം ശ്രദ്ധ പതിക്കാൻ* രണ്ടാം വത്തിക്കാൻ സൂനഹദോസ് പണ്ഡിതന്മാരെ ക്ഷണിച്ചു. എങ്ങനെ ശ്രദ്ധ പതിപ്പിക്കണമെന്നും കൗൺസിൽ പറഞ്ഞു: വർദ്ധമാനമായ തോതിൽ വി. ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം അതിൻെറ ശാസ്ത്രീയ ആവിഷ്കാരം. അത് ക്രിസ്തീയ വിശ്വാസികളുടെ മഹനീയവിളിയുടെമേലും അവർക്കുള്ള കടമയുടെ മേലും പ്രകാശം വിശണം. ലോകത്തിൻെറ ജീവനു വേണ്ടി സ്നേഹത്തിൽ ഫലം പുറപ്പെടുത്താനുള്ള കടമയാണ് അവരുടേത്.[45] കൗൺസിൽ ദൈവശാസ്ത്രജ്ഞൻമാരെയും ഇങ്ങനെ പ്രോത്സാഹിപ്പിച്ചു: "ദൈവശാസ്ത്രപരമായ ആ ശാസ്ത്രത്തിൻെറ രീതി (Method)യെയും ആവശ്യങ്ങളെയും ബഹുമാനിക്കണം. അതേസമയം, ജനങ്ങൾക്ക് അവരുടെ കാലത്തിനു ചേർന്ന

www.malankaralibrary.com



വിധത്തിൽ സിന്താദ്ധം *പകർന്നുകൊടുക്കാനുള്ള കൂടുതൽ ഉചിത മായ മാർഗ്ഗം* കണ്ടെത്തണം. കാരണം, വിശ്വാസ സത്യങ്ങളുടെ നിക്ഷേപവും, ഒരേ അർത്ഥവും ഒരേ വിധിയും സംരക്ഷിച്ചുകൊണ്ടു തന്നെ അതിനെ പ്രകാശിപ്പിക്കുന്ന രീതിയും തമ്മിൽ ഒരു വ്യത്യാസമുണ്ട്.[46] ഈ ക്ഷണിക്കൽ മറ്റൊരു ക്ഷണത്തിലേക്ക് നയിച്ചു. അത് എല്ലാ വിശ്വാസികളോടും എന്നാൽ, പ്രത്യേകിച്ച് ദൈവശാസ്ത്രജ്ഞൻമാരോടുമുള്ളതാണ്: "വിശ്വാസികൾ തങ്ങളുടെ കാലഘട്ടത്തിലെ മറ്റുള്ളവരുമായി ഉറ്റസമ്പർക്കത്തിൽ കഴിയണം. അവരുടെ സംസ്കാരത്തിൽ പ്രകാശിതമാകുന്ന അവരുടെ ചിന്താരീതികളും വികാരങ്ങളും പൂർണ്ണമായും മനസ്സിലാക്കാൻ പരിശ്രമിക്കുകയും വേണം".[47]

കൗൺസിലിൻെറ പ്രോത്സാഹനത്തിൽ പിൻതുണകണ്ടെത്തിയ ദൈവശാസ്ത്രജ്ഞൻമാരുടെ അദ്ധ്വാനം ഫലമണിഞ്ഞിട്ടുണ്ട്. വിശ്വസിക്കുകയും ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യേണ്ട വിശ്വാസസത്യങ്ങളുടെ രസകരവും സഹായകരവുമായ പരിചിന്തനങ്ങൾ അവരുടെ അദ്ധ്വാനഫലമായിട്ടുണ്ടായി. നമ്മുടെ സമകാലീനരുടെ താത്പര്യങ്ങൾക്കും ചോദ്യങ്ങൾക്കും കൂടുതൽ പര്യാപ്തമായ വിധത്തിലുള്ള പരിചിന്തനങ്ങൾ അവർ നൽകി. ഈ അദ്ധ്വാനത്തെ സഭയും, പഠിപ്പിക്കാനുള്ള ശുശ്രൂഷ ഒന്നാമതായി ഏല്പിക്കപ്പെട്ട മെത്രാൻമാരും അഗാധമായവിധത്തിൽ അംഗീകരിച്ചു പ്രശംസിക്കുന്നു. "ജ്ഞാനത്തിൻെറ ആരംഭമായ ദൈവഭയത്താൽ" (സുഭാ.1:7) – അഗാധവും യഥാർത്ഥവുമായ ആ ദൈവഭയത്താൽ– പ്രചോദിതരായി പരിശ്രമങ്ങൾ തുടരുവാൻ ആ ദൈവശാസ്ത്രജ്ഞൻമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അതേസമയം, കൗൺസിൽ കഴിഞ്ഞുണ്ടായ വാദപ്രതിവാദങ്ങളുടെ സാഹചര്യത്തിൽ, "*യഥാർത്ഥമായ പ്രബോധനത്തോട് (2 തിമോ.4:3) യോജിച്ചു പോകാത്ത ചില വ്യാഖ്യാനങ്ങൾ ക്രൈസ്തവ ധർമ്മ ശാസ്ത്രത്തിൻേറതായി വളർന്നു വന്നിട്ടുണ്ട്.* തീർച്ചയായും ദൈവശാസ്ത്രത്തിൻെറ ഏതെങ്കിലും ഒരു പ്രത്യേക സമ്പ്രദായം വിശ്വാസികളുടെ മേൽ അടിച്ചേൽപ്പിക്കാൻ സഭയുടെ പ്രബോധനാധികാരം ഉദ്ദേശിക്കുന്നില്ല. തത്ത്വചിന്തയുടെ ഏതെങ്കിലുമൊരു പ്രത്യേകസമ്പ്രദായം അടിച്ചേൽപ്പിക്കാൻ അത്രപോലും ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും, ദൈവ വചനത്തെ "ബഹുമാനപുരസ്സരം പരിരക്ഷിക്കാനും വിശ്വസ്തതാപൂർവ്വം വ്യാഖ്യാനിക്കാനും വേണ്ടി"[48] ദൈവശാസ്ത്രചിന്തയുടെ ചില പ്രവണതകളും ചില താത്ത്വിക പ്രസ്താവനകളും ആവിഷ്കൃതസത്യത്തിനുചേർന്നതല്ലെന്ന് ഉറപ്പിച്ചു പറയാനുള്ള കടമ പ്രബോധനാധികാരത്തിനുണ്ട്.[49]

www.malankaralibrary.com



30. മെത്രാൻമാരായ എൻെറ സഹോദരൻമാരേ, ശരിയായ സിദ്ധാന്തത്തിനു വിരുദ്ധമായിട്ടുള്ളത് എന്താണെന്നു തിരിച്ചറിയാൻ അത്യാവശ്യമായിട്ടുള്ള തത്ത്വങ്ങളെ ഉറപ്പിച്ചുപറയുക എന്നതാണ് ഈ ചാക്രിക ലേഖനം നിങ്ങൾക്ക് എഴുതുമ്പോൾ എൻെറ ലക്ഷ്യം. ഇന്ന് പ്രത്യേകമായി അബദ്ധപ്രബോധനത്തിനും സംശയത്തിനും അവഗണനയ്ക്കും വിധേയമായിക്കാണുന്ന സഭയുടെ ധാർമ്മിക പ്രബോധനത്തിലെ ചില ഘടകങ്ങളിലേക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് അപ്രകാരം ചെയ്യുക എന്നതാണ് എൻെറ ഉദ്ദേശ്യം. എന്നാൽ, ഈ ഘടകങ്ങളെ തന്നെയാണ് പണ്ടെന്നപോലെ ഇന്നും മനുഷ്യഹൃദയത്തെ അഗാധമായി മഥിക്കുന്ന മനുഷ്യാവസ്ഥയുടെ അജ്ഞാത പ്രശ്നങ്ങൾക്കുള്ള "മറുപടി" ആശ്രയിച്ചിരിക്കുന്നത്. എന്താണ് മനുഷ്യൻ? നമ്മുടെ ജീവിതത്തിൻെറ അർത്ഥവും ലക്ഷ്യവും എന്താണ്? എന്താണ് നന്മ? എന്താണ് പാപം? സഹനത്തിൻെറ ഉദ്ഭവവും ലക്ഷ്യവും എന്ത്? യഥാർത്ഥ സൗഭാഗ്യം പ്രാപിക്കാനുള്ള വഴി ഏതാണ്? മരണം, വിധി, മരണാനന്തര പ്രതിഫലം എന്നിവകൊണ്ട് എന്താണ് വിവക്ഷിക്കുന്നത്? അവസാനമായി, നമ്മുടെ അസ്തിത്വത്തെത്തന്നെ ആശ്ലേഷിച്ചിരിക്കുന്ന അന്തിമവും അവാച്യവുമായ ആ രഹസ്യം – എന്താണ്? [50] ഈ ചോദ്യങ്ങളും ഇതുപോലുള്ള മറ്റു ചോദ്യങ്ങളും "ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്ത് നന്മയാണ് ചെയ്യേണ്ടത്? എന്നു യുവാവ് ക്രിസ്തുവിനോട് ചോദിച്ച മൗലിക ചോദ്യത്തിൽ സംഗ്രഹിക്കാം. എന്താണ് സ്വാതന്ത്ര്യം? ദൈവനിയമത്തിൽ അടങ്ങിയിരിക്കുന്ന സത്യവുമായി അതിന് എന്തു ബന്ധമാണുള്ളത്? മനുഷ്യൻെറ ധാർമ്മിക വളർച്ചയിൽ മനസ്സാക്ഷിയുടെ ധർമ്മം എന്ത്? മനുഷ്യവ്യക്തിയുടെ സവിശേഷ അവകാശങ്ങളെയും കടമകളെയും നന്മയെ സംബന്ധിച്ചുള്ള സത്യത്തിന് അനുസൃതമായി എങ്ങനെ നമുക്കു നിശ്ചയിക്കാം? എന്നിങ്ങനെയുള്ള ചോദ്യങ്ങളെല്ലാം പ്രസ്തുത ചോദ്യത്തിൽ സംഗ്രഹിക്കാം. സുവിശേഷം പ്രസംഗിക്കാനും താൻ "കല്പിച്ചതെല്ലാം പാലിക്കാൻ പഠിപ്പിച്ചുകൊണ്ട്" എല്ലാ ജനതകളെയും ശിഷ്യപ്പെടുത്താനും" (മത്താ: 28:19-20) സഭയെ ക്രിസ്തു അയച്ചു. അതുകൊണ്ട് *സഭ ഇന്ന് ഒരിക്കൽക്കൂടി ഗുരുവിൻെറ ഉത്തരം പറയുന്നു*. ഏറ്റവും വിവാദപരവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾക്കുപോലും ഉത്തരം പറയാനുള്ള ശക്തിയും പ്രകാശവുമുള്ള ഒരു ഉത്തരമാണത്. സിദ്ധാന്തപരമായിട്ടുള്ള പരിചിന്തനം മാത്രമല്ല തൻെറ ധാർമ്മിക പരിചിന്തനവും നിർവ്വഹിക്കാൻ ഈ പ്രകാശവും ശക്തിയും സഭയെ നിരന്തരം നിർബന്ധിക്കുന്നു. ആ പരിചിന്തനം ശിക്ഷണപരമായ (inter disciplinary) സാഹചര്യത്തിലാണ് നിർവ്വഹിക്കുന്നത്. പുതിയ പ്രശ്നങ്ങളെ നേരിടുവാൻ അതു പ്രത്യേകിച്ച് അത്യാവശ്യമാണ്.[51]

www.malankaralibrary.com



സഭയുടെ പ്രബോധനാധികാരം തിരിച്ചറിയലിന്റെ കടമ തുടരുന്നതും ഈ പ്രകാശത്തിലും ശക്തിയിലുമാണ്. പൗലോസ്ശ്ലീഹാ തിമോത്തിക്കു കൊടുത്ത മുന്നറിയിപ്പു സ്വീകരിച്ചും അത് അനുസരിച്ചു ജീവിച്ചുമാണ് സഭ അങ്ങനെ ചെയ്യുന്നത്: "ദൈവത്തിന്റെ മുൻപാകെയും ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന യേശുക്രിസ്തുവിന്റെ മുൻപാകെയും അവന്റെ ആഗമനത്തിന്റെയും രാജ്യത്തിന്റെയും പേരിൽ നിന്നെ ഞാൻ ഇപ്രകാരം ചുമതലപ്പെടുത്തുന്നു. വചനം പ്രസംഗിക്കുക. സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക. മറ്റുള്ളവരിൽ ബോദ്ധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ സദാ ശ്രദ്ധിക്കുകയും ചെയ്യുക; ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പം ഉള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കു ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിന് നേരേ ചെവിയടച്ച് കെട്ടുകഥകളിലേക്കു ശ്രദ്ധതിരിക്കും. നീ ആകട്ടെ, എല്ലാക്കാര്യങ്ങളിലും സമചിത്തത പാലിക്കുക; കഷ്ടതകൾ സഹിക്കുകയും സുവിശേഷകന്റെ ജോലി ചെയ്യുകയും നിന്റെ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുക" (2 തിമോ. 4:1–5 ; തിത്തോ. 1:10, 13–14).

*നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ. 8:32)*

31. സമകാലിന ധാർമ്മിക പരിചിന്തനങ്ങളിൽ കൂടെക്കൂടെ തർക്കിക്കുകയും വിവിധ രീതികളിൽ പരിഹരിക്കുകയും ചെയ്യുന്ന മാനുഷിക പ്രശ്നങ്ങൾ, വ്യത്യസ്ത രീതിയിലാണെങ്കിലും *മാനുഷിക സ്വാതന്ത്ര്യം* എന്ന നിർണ്ണായക പ്രശ്നത്തോടു ബന്ധപ്പെട്ടവയാണ്.

തീർച്ചയായും, ജനങ്ങൾക്ക് ഇന്ന് സ്വാതന്ത്ര്യത്തെക്കുറിച്ച് വളരെ സവിശേഷമായ ഒരു ബോധമുണ്ട്. മതസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനമായ *മനുഷ്യമഹത്വത്തിന്റെ (Dignitatis humanae)* എന്നു തുടങ്ങുന്ന പ്രമാണരേഖയിൽ പണ്ടേ നിരീക്ഷിച്ചതുപോലെ "നമ്മുടെ കാലഘട്ടത്തിലെ ആളുകൾ വർദ്ധമാനമായ തോതിൽ ബോധവാൻമാരായിക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണ് മനുഷ്യവ്യക്തിയുടെ മഹത്ത്വം".[52] ഇതിൽനിന്ന് നിർബന്ധപൂർവ്വകമായ ഒരു ആവശ്യം ഉണ്ടാകുന്നു. "ബാഹ്യമായ സമ്മർദ്ദമോ നിയന്ത്രണമോ കൂടാതെ തങ്ങളുടെ

www.malankaralibrary.com



ഉത്തരവാദിത്വപൂർണ്ണമായ വിധിത്തീർപ്പും സ്വാതന്ത്ര്യവും ഉപയോഗിക്കാനും കടമയുടെയും മനസ്സാക്ഷിയുടെയും പേരിൽ തങ്ങളുടെ പ്രവൃത്തികളെപ്പറ്റി തീരുമാനിക്കാനും" [53] ജനങ്ങളെ അനുവദിക്കണം എന്നതാണ് ആ ആവശ്യം. പ്രത്യേകിച്ച്, മതസ്വാതന്ത്ര്യത്തിനുള്ള അവകാശവും സത്യത്തിലേക്ക് യാത്ര ചെയ്യുന്ന മനസ്സാക്ഷിയോടുള്ള ബഹുമാനവും വ്യക്തിയുടെ സഞ്ചിതാവകാശങ്ങളുടെ അടിത്തറയായി വർദ്ധമാനമായ തോതിൽ പരിഗണിക്കപ്പെട്ടു. [54]

മനുഷ്യവ്യക്തിയുടെ മഹത്വത്തെപ്പറ്റിയും അവൻെറ അനന്യതയെപ്പറ്റിയും മനസ്സാക്ഷിയുടെ പ്രയാണംമൂലമുള്ള ബഹുമാനത്തെപ്പറ്റിയുമുള്ള ഉന്നതമാക്കപ്പെട്ട ഈ ബോധം തീർച്ചയായും ആധുനിക സംസ്കാരത്തിൻെറ ഭാവാത്മക നേട്ടങ്ങളിൽ ഒന്നിൻെറ പ്രതിനിധിയാണ്. യഥാർത്ഥമായ ഒരു ദർശനമാണിത്. ഏറെക്കുറെ പര്യാപ്തമായ അനേകം രീതികളിൽ അത് പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് ഒരു സൃഷ്ടിയും ദൈവത്തിൻെറ സാദൃശ്യവും എന്ന നിലയിലുള്ള മനുഷ്യനെ സംബന്ധിക്കുന്ന സത്യത്തിൽനിന്ന് വ്യതിചലിച്ചിട്ടുമുണ്ട്. തന്മൂലം അവയെ തിരുത്തുകയും വിശ്വാസത്തിൻെറ വെളിച്ചത്തിൽ വിശദീകരിക്കുകയും വേണം. [55]

32. സർവ്വമൂല്യങ്ങളുടെയും സ്രോതസ്സായിത്തീരത്തക്കവിധത്തിലുള്ള ഒരു പരമതത്ത്വമായി സ്വാതന്ത്ര്യത്തെ ചില ആധുനിക ചിന്താപദ്ധതികൾ അത്രമാത്രം ഉയർത്തിക്കാണിക്കുന്നു. സർവ്വാതിശായിത്വത്തിൻെറ ബോധം നഷ്ടപ്പെടുകയോ പരസ്യമായി നിരീശ്വരപരമായിരിക്കുകയോ ചെയ്യുന്ന സിദ്ധാന്തങ്ങൾ സ്വീകരിക്കുന്ന ദിശയാണിത്. നന്മയെയും തിന്മയെയും സംബന്ധിച്ച് സ്ഥാപകവും (catagorical) തെറ്റുപറ്റാനാവാത്തതുമായ തീരുമാനങ്ങൾ വിധിച്ചുതരുന്ന ധാർമ്മിക വിധിത്തീർപ്പിൻെറ പരമമായ കോടതിയുടെ സ്ഥാനമാണ് അവിടെ വ്യക്തിയുടെ മനസ്സാക്ഷിക്കു നല്കുന്നത്. 'മനുഷ്യന് തൻെറ മനസ്സാക്ഷിയെ പിൻചെല്ലാൻ കടമയുണ്ട്' എന്ന പ്രസ്താവനയോട്, 'മനസ്സാക്ഷിയിൽ നിന്നുണ്ടായതാണെന്ന ഏക കാരണത്താൽ അവൻെറ ധാർമ്മിക വിധി സത്യമാണ്' എന്ന പ്രസ്താവന അനർഹമാം വിധത്തിൽ കൂട്ടിച്ചേർത്തിരിക്കുകയാണ്. ഈ വിധത്തിൽ സത്യത്തിൻെറ വിട്ടുമാറാനാവാത്ത അവകാശങ്ങൾ മറഞ്ഞുപോകുന്നു. അവയുടെ സ്ഥാനം, ആത്മാർത്ഥതയുടെയും പരമാർത്ഥതയുടെയും "തന്നോട്തന്നെ സമാധാനത്തോടെ വർത്തിക്കുക" എന്നതിൻെറയും മാനദണ്ഡത്തിന് അവ കൈമാറുന്നു. ചിലയാളുകൾ ധാർമ്മിക വിധിയെപ്പറ്റി മൗലികമായി വ്യക്ത്യധിഷ്ഠിതമായ(subjective) ഒരു സങ്കല്പം സ്വീകരിക്കത്തക്ക നിലയിലേക്ക് അത് എത്തിച്ചേരുന്നു.

www.malankaralibrary.com



പെട്ടെന്ന് വ്യക്തമാകുന്നതുപോലെ *സത്യത്തിൻെറ വിഷമസന്ധി,* ഈ വികാസത്തോടു ബന്ധപ്പെടാത്ത ഒന്നല്ല. മനുഷ്യബുദ്ധിക്ക് അറിയാൻ കഴിയുന്ന നന്മയെപ്പറ്റിയുള്ള സാർവ്വത്രികസത്യത്തിൻെറ സങ്കല്പം നഷ്ടപ്പെടുമ്പോൾ, മനസ്സാക്ഷിയെപ്പറ്റിയുള്ള സങ്കല്പവും അനിവാര്യമായി മാറിപ്പോകും. പരിഗണിക്കേണ്ടവിധത്തിൽ മനസ്സാക്ഷിയെ പരിഗണിക്കാതെയാകും. മനസ്സാക്ഷി യഥാർത്ഥത്തിൽ, വ്യക്തിക്കുള്ള ബുദ്ധിശക്തിയുടെ ഒരു പ്രവൃത്തിയാണല്ലോ. അതിൻെറ ധർമ്മം നന്മയെപ്പറ്റിയുള്ള സാർവ്വത്രിക ജ്ഞാനം സവിശേഷമായ ഒരു സാഹചര്യത്തിൽ പ്രയോഗിക്കുകയും അങ്ങനെ, ഇവിടെ, ഇപ്പോൾ തിരഞ്ഞെടുക്കേണ്ട ശരിയായ പെരുമാറ്റത്തെപ്പറ്റി വിധിപറയുകയുമാണ്. ഇതിനു പകരമായി ഒരു പ്രവണത ഇന്നു കാണുന്നു. നന്മതിന്മകളുടെ മാനദണ്ഡങ്ങളെ സ്വതന്ത്രമായി തീരുമാനിക്കാനും അതനുസരിച്ചു പ്രവൃത്തിക്കാനുമുള്ള പ്രത്യേകാവകാശം (prerogative) വ്യക്തിയുടെ മനസ്സാക്ഷിക്കു നല്കുക എന്നതാണ് ആ പ്രവണത. ഇത്തരം ഒരു വീക്ഷണം, വ്യക്തിവാദാധിഷ്ഠിതമായ ഒരു സന്മാർഗ്ഗ ശാസ്ത്രത്തിനു തികച്ചും സജാതീയമാണ്. അതനുസരിച്ച് വ്യക്തി മറ്റുള്ളവരുടെ സത്യത്തിൽ നിന്നു വ്യത്യസ്തമായ തൻെറതന്നെ സത്യത്തെ കണ്ടുമുട്ടുന്നു. ഈ വ്യക്തിത്വവാദം (induviduvalism) അതിൻെറ പരമമായ പരിണത ഫലങ്ങളിൽ മനുഷ്യസ്വഭാവത്തെ സംബന്ധിച്ച ആശയത്തിൻെറ തന്നെ നിഷേധത്തിലേക്കു നയിക്കുന്നു.

ധാർമ്മിക നിയമവും മനസ്സാക്ഷിയും തമ്മിലും പ്രകൃതിയും സ്വാതന്ത്ര്യവും തമ്മിലും മൗലികമായ വൈരുദ്ധ്യമുണ്ടെന്ന് സങ്കല്പിക്കുന്ന ചിന്താധാരകളുടെ ഉദ്ഭവത്തിലുണ്ട് വ്യത്യസ്തങ്ങളായ ഈ സങ്കല്പങ്ങൾ.

33. സ്വാതന്ത്ര്യത്തിൻെറ ഈ ഉയർത്തിപ്പിടിക്കലിനോടൊപ്പം, *ആധുനിക സംസ്കാരം ഈ സ്വാതന്ത്ര്യത്തിൻെറ അസ്തിത്വത്തെത്തന്നെ മൗലികമായി ചോദ്യം ചെയ്യുന്നുമുണ്ട്.* ഇതൊരു വിചിത്ര വൈരുദ്ധ്യമാണ്. "പെരുമാറ്റപരമായ ശാസ്ത്രങ്ങൾ" (behavioural sciences) എന്ന ഗ്രൂപ്പിൽ ചേർത്തിട്ടുള്ള അനേകം ശാസ്ത്രങ്ങൾ, മനുഷ്യസ്വാതന്ത്ര്യത്തിൻെറ പ്രയോഗത്തെ സ്വാധീനിക്കുന്ന വിവിധ തരത്തിലുള്ള മനശ്ശാസ്ത്രപരവും സാമൂഹികവുമായ പരിമിതികളിലേക്കു (conditioning) ശരിയായിത്തന്നെ ശ്രദ്ധ തിരിക്കുന്നുണ്ടല്ലോ. ഇത്തരം പരിമിതികളെപ്പറ്റിയുള്ള അറിവും അവയെപ്പറ്റി നടന്ന പഠനവും സുപ്രധാനങ്ങളായ നേട്ടങ്ങൾക്കു പ്രാതിനിധ്യം വഹിക്കുന്നു. വിവിധമണ്ഡലങ്ങളിൽ അവ പ്രയോഗിക്കപ്പെടുന്നുണ്ട് – ഉദാഹരണമായി ബാലബോധനവിദ്യ(pedagogy) നീതിനിർവ്വഹണം

www.malankaralibrary.com



എന്നീ മണ്ഡലങ്ങളിൽ. എന്നാൽ ചിലർ, ഈ നിരീക്ഷണങ്ങളിൽ നിന്ന് നിയമാനുസൃതമായി സ്വീകരിക്കാവുന്ന നിഗമനങ്ങൾക്ക് അപ്പുറം കടക്കുന്നു. എന്നിട്ട് മാനുഷികസ്വാതന്ത്ര്യം എന്ന യഥാർത്ഥ്യത്തെത്തന്നെ ചോദ്യം ചെയ്യുന്നു. അതിനെ നിഷേധിക്കുക പോലും ചെയ്യുന്നു.

മനുഷ്യവ്യക്തിയെ സംബന്ധിച്ചുള്ള ശാസ്ത്രീയ ഗവേഷണങ്ങളെ ദുരുപയോഗിക്കുന്ന സിദ്ധാന്തങ്ങളെപ്പറ്റിയും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. മനുഷ്യവർഗ്ഗത്തിൽ ഏറെ വൈവിധ്യമാർന്ന ആചാര പെരുമാറ്റമാതൃകകളും നിശ്ചിതചട്ടങ്ങളുമുണ്ട് അവയുടെ അടിസ്ഥാനത്തിൽ വാദിച്ച് പ്രസ്തുത സിദ്ധാന്തങ്ങൾ സാർവ്വത്രിക മാനുഷികമൂല്യങ്ങളെ പൂർണ്ണമായി നിഷേധിക്കുന്നില്ലെങ്കിലും ധാർമ്മികതയുടെ ഒരു ആപേക്ഷികസങ്കല്പത്തിൽ (relativistic conception) എത്തി നില്ക്കുന്നു.

34. "ഗുരോ, നിത്യജീവൻ അവകാശപ്പെടുത്താൻ എന്തു നന്മയാണു ഞാൻ ചെയ്യേണ്ടത്?" ക്രിസ്തു മറുപടി പറഞ്ഞ *ധാർമ്മികതയെപ്പറ്റിയുള്ള ചോദ്യത്തിനു സ്വാതന്ത്ര്യമെന്ന പ്രശ്നത്തിൽ നിന്നു വേർപെട്ടുനില്ക്കാൻ സാധ്യമല്ല.* യഥാർത്ഥത്തിൽ അത് ആ *പ്രശ്നത്തെ കേന്ദ്രസ്ഥാനീയമായിക്കരുതുന്നു.* കാരണം, സ്വാതന്ത്ര്യമില്ലെങ്കിൽ ധാർമ്മികതയുണ്ടാവുകയില്ല. "സ്വാതന്ത്ര്യത്തിൽ മാത്രമേ നന്മയായിട്ടുള്ളതിലേക്കു തിരിയാൻ മനുഷ്യനു കഴിയൂ." [56] എന്നാൽ, *ഏതുതരത്തിലുള്ള സ്വാതന്ത്ര്യമാണത്? സ്വാതന്ത്ര്യത്തെപ്പറ്റി 'ഉയർന്ന പരിഗണനയുള്ളവരും' "അതിനായി കഠിനാദ്ധ്വാനം ചെയ്യുന്നവരും" എന്നാൽ അതേസമയം, ഇഷ്ടപ്പെട്ട എന്തും, തിന്മപോലും, ചെയ്യാനുള്ള ഒരു ലൈസൻസായി അതിനെ മിക്കപ്പോഴും തെറ്റായ രീതിയിൽ വളർത്തുന്നവരുമായ സമകാലീനരെ പരിഗണിച്ചുകൊണ്ട് "യഥാർത്ഥമായ സ്വാതന്ത്ര്യം* എന്താണെന്ന് കൗൺസിൽ പറയുന്നുണ്ട്: "യഥാർത്ഥമായ സ്വാതന്ത്ര്യം എന്നത്, മനുഷ്യനിലുള്ള ദൈവികസാദൃശ്യത്തിന്റെ ശ്രദ്ധേയമാംവിധമുള്ള പ്രകടനമാണ്. കാരണം, മനുഷ്യൻ 'സ്വന്തം ആലോചനയുടെ ശക്തിയുള്ളവനായിരിക്കാൻ' (സിറ. 15:14) ദൈവം ഇഷ്ടപ്പെട്ടു. സ്വന്തം തീരുമാനപ്രകാരം തന്റെ സ്രഷ്ടാവിനെ അന്വേഷിക്കാനും ദൈവത്തോട് ഒട്ടിച്ചേർന്നുകൊണ്ട് നിറഞ്ഞതും അനുഗ്രഹീതവുമായ പരിപൂർണ്ണതയിൽ എത്തിച്ചേരാനും വേണ്ടിയാണത്." [57] സത്യാന്വേഷണയാത്രയിൽ ആദരിക്കപ്പെടാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ട്. എന്നാലും, പ്രാഥമ്യമുള്ള ഗൗരവാവഹമായ ഒരു ധാർമ്മിക കടമയുണ്ട്. സത്യത്തെ അന്വേഷിക്കുകയും കണ്ടെത്തുമ്പോൾ അതിനോട് ഒട്ടിച്ചേരുകയും ചെയ്യുക എന്നതാണത്. [58] മനസ്സാക്ഷിയുടെ

www.malankaralibrary.com



അവകാശങ്ങളുടെ പ്രശസ്ത പരിരക്ഷകനായ കാർഡിനൽ ഹെൻറി ന്യൂമാൻ ഇക്കാര്യം ഇങ്ങനെ ശക്തിയുക്തം പ്രസ്താവിച്ചു: "മനസ്സാക്ഷിക്ക് അവകാശങ്ങളുണ്ട്. കാരണം, അതിന് കടമകളുണ്ട്."[59] മുകളിൽ പറഞ്ഞ കർത്തൃനിഷ്ഠതാവാദത്തിൻെറയും (subjectivism)വ്യക്തിനിഷ്ഠതാവാദത്തിൻെറയും ചിന്താധാരക (individualism)ളുടെ സ്വാധീനവലയത്തിൽപ്പെട്ട് സമകാലീന ധാർമ്മിക ദൈവശാസ്ത്രത്തിൽ ചില പ്രവണതകളുണ്ടായിട്ടുണ്ട്. അവ, സ്വാതന്ത്ര്യത്തിനു ധർമ്മശാസ്ത്രത്തോടും മനുഷ്യപ്രകൃതിക്കു മനസ്സാക്ഷിയോടും ഉള്ള ബന്ധത്തിനു പുതിയ വ്യാഖ്യാനം നല്കുന്നു. പ്രവൃത്തികളുടെ ധാർമ്മിക വിലയിരുത്തലിനു പുതിയ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. പ്രസ്തുത പ്രവണതകൾ വ്യത്യസ്തങ്ങളാണ്. എന്നാലും, സ്വാതന്ത്ര്യത്തിനു സത്യത്തോടുള്ള ആശ്രയത്തെ കുറച്ചുകാണിക്കുന്നതിലും ചിലപ്പോൾ നിഷേധിക്കുന്നതിലും അവ ഒന്നിച്ചു നില്ക്കുന്നു.

ഈ പ്രവണതകളെ വിമർശനാത്മകമായി നാം തിരിച്ചറിയണം. നിയമാനുസൃതമായിട്ടും ഉപകാരപ്രദമായിട്ടും മൂല്യമുള്ളതായിട്ടും എന്താണ് അവയിലുള്ളതെന്ന് അറിയാൻ പ്രാപ്തിനല്കുന്ന വേർതിരിച്ചറിയലാണ് ആവശ്യം. അതേസമയം അവയിലെ സംശയാസ്പദത്വവും അപകടങ്ങളും തെറ്റുകളും ചൂണ്ടിക്കാണിക്കുകയും വേണം. ഇപ്രകാരമുള്ള വിമർശനാത്മകമായ, ഒരു തിരിച്ചറിയലാണ് നമുക്കു വേണ്ടതെങ്കിൽ സ്വാതന്ത്ര്യത്തിനു സത്യത്തിന്മേലുള്ള മൗലികാശ്രയത്തിൻെറ വെളിച്ചത്തിൽ അവയെ പരിശോധിക്കണം. "നിങ്ങൾ സത്യം അറിയുകയും ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ. 8:32) എന്ന ക്രിസ്തുവിൻെറ വാക്കുകളിൽ ഏറ്റവും വ്യക്തവും ഏറ്റവും ആധികാരികവുമായി പ്രകടിപ്പിക്കപ്പെട്ട ആശ്രയമാണത്.

## I. സ്വാതന്ത്ര്യവും നിയമവും

*"നന്മതിന്മയുടെ തിരിച്ചറിവിൻെറ വൃക്ഷത്തിൽനിന്നു നീ ഭക്ഷിക്കരുത്" (ഉത്പ. 2:17).*

35. ഉത്പത്തിപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "അവിടുന്നു മനുഷ്യനോടു കല്പിച്ചു: തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം നിങ്ങൾ സ്വതന്ത്രമായി ഭക്ഷിച്ചുകൊള്ളുക. നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൽ നിന്നു നീ ഭക്ഷിക്കരുത്. കാരണം, തിന്നുന്ന ദിവസം നീ മരിക്കും" (ഉത്പ. 2:16-17).

www.malankaralibrary.com



*എന്താണു നന്മയെന്നും എന്താണു തിന്മയെന്നും നിശ്ചയിക്കാനുള്ള അധികാരം മനുഷ്യനില്ലെന്നും അതു ദൈവത്തിനു മാത്രമേ ഉള്ളൂ* എന്നും ഈ ചിത്രീകരണത്തിലൂടെ വെളിപാടു നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ കല്പനകളെ മനസ്സിലാക്കാനും സ്വീകരിക്കാനും സാധിക്കുന്നിടത്തോളം മനുഷ്യൻ തീർച്ചയായും സ്വതന്ത്രനാണ്. അവന് അങ്ങേയറ്റം വിപുലമായ ഒരു സ്വാതന്ത്ര്യമുണ്ട്. കാരണം തോട്ടത്തിലെ എല്ലാത്തിൽനിന്നും ഭക്ഷിക്കാൻ അവനു കഴിയും. എന്നാൽ ഈ സ്വാതന്ത്ര്യം പരിധിയില്ലാത്തതല്ല. നന്മതിന്മയുടെ തിരിച്ചറിവിന്റെ മരത്തിനു മുൻപിൽ അതു നില്ക്കണം. കാരണം, ദൈവം നല്കിയ ധാർമ്മിക നിയമം അനുസരിക്കാൻ അതു വിളിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ, മാനുഷിക സ്വാതന്ത്ര്യം അതിന്റെ യഥാർത്ഥവും പൂർണ്ണവുമായ നിറവേറൽ കണ്ടെത്തുന്നത് ആ നിയമത്തിന്റെ സ്വീകരണത്തിൽത്തന്നെയാണ്. ദൈവം മാത്രമാണു നല്ലവൻ. മനുഷ്യന് എന്താണു നല്ലതെന്ന് അവിടുത്തേക്ക് പൂർണ്ണമായി അറിയാം. തന്റെ സ്നേഹം മൂലം, തന്റെ കല്പനകളിൽ, ഈ നന്മയെ മനുഷ്യനു നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ നിയമം മനുഷ്യസ്വാതന്ത്ര്യത്തെ കുറയ്ക്കുന്നില്ല. അതിനെ ഒട്ടു നശിപ്പിക്കുന്നുമില്ല. അത് ആ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും വളർത്തുകയുമാണ് ചെയ്യുന്നത്. ഇതിനു വിപരീതമായാണ് ഇന്നത്തെ ചില സംസ്കാരിക പ്രവണതകൾ ചെയ്യുന്നത്. *സ്വാതന്ത്ര്യവും നിയമവും തമ്മിൽ സങ്കല്പിക്കപ്പെടുന്ന സംഘർഷത്തെ* കേന്ദ്രമായിക്കരുതുന്ന പല ചിന്താധാരകളെയും അവ സന്മാർഗ്ഗശാസ്ത്രത്തിൽ ഉത്പാദിപ്പിച്ചു. *നന്മയും തിന്മയും നിശ്ചയിക്കാനുള്ള* അവകാശം ഈ സിദ്ധാന്തങ്ങൾ വ്യക്തികൾക്കും സാമൂഹിക ഗ്രൂപ്പുകൾക്കും നല്കാൻ ഇഷ്ടപ്പെടുന്നു. അങ്ങനെ, മനുഷ്യസ്വാതന്ത്ര്യത്തിനു "മൂല്യങ്ങളെ സൃഷ്ടിക്കാൻ" കഴിയുന്നു. അതിനു സത്യത്തിന്റെമേൽ പ്രാഥമ്യം ലഭിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ഒരു സൃഷ്ടിയായി സത്യം കരുതപ്പെടുന്ന ഒരു നിലവരെ എത്തുന്നു. അങ്ങനെ സ്വാതന്ത്ര്യം *ധാർമ്മിക സ്വയംഭരണാവകാശത്തിനായി* വാദിക്കുന്നു. യഥാർത്ഥത്തിൽ പരമമായ സർവ്വാധിപത്യമാണത്.

36. സ്വയംഭരണാവകാശത്തിന്റെ വാദങ്ങളോടുള്ള ആധുനിക കാലത്തെ താത്പര്യം കത്തോലിക്കാ *ധാർമ്മിക ദൈവശാസ്ത്രത്തിന്റെ മണ്ഡലത്തിലും ഒരു സ്വാധീനം* ചെലുത്തുന്നതിൽ പരാജയപ്പെട്ടിട്ടില്ല. ധാർമ്മികദൈവശാസ്ത്രം മനുഷ്യസ്വാതന്ത്ര്യത്തെ ദൈവികനിയമത്തിന് എതിരേ സ്ഥാപിക്കാൻ ഒരിക്കലും പരിശ്രമിച്ചിട്ടില്ലെന്നതു തീർച്ചയാണ്. ധാർമ്മിക നിയമങ്ങൾക്കുള്ള പരമമായ

www.malankaralibrary.com



ഒരു മതാത്മകാടിസ്ഥാനത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്തിട്ടുമില്ല. എന്നാലും അത്, ഒരു വ്യക്തിയുടെ, തന്നെത്തന്നെയും മറ്റുള്ളവരെയും ഭൗതികലോകത്തെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള, സവിശേഷമായ "ആന്തരിക"പെരുമാറ്റങ്ങളെ സംബന്ധിച്ച ധാർമ്മിക നിയമങ്ങളെ നിശ്ചയിക്കുന്നതിൽ വിവേകത്തിനും (reason) വിശ്വാസത്തിനുമുള്ള ധർമ്മമെന്തെന്ന് അത്യാഗാധമായി പുനർവിചിന്തനം നടത്താൻ പ്രേരിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഈ പുനർവിചിന്തന പരിശ്രമത്തിന്റെ അടിയിൽ *ഭാവാത്മകങ്ങളായ ചില താത്പര്യങ്ങൾ ഉണ്ടെന്ന വസ്തുത അംഗീകരിക്കേണ്ടതാണ്.* അവയിൽ മിക്കതും കത്തോലിക്കാചിന്തയുടെ ഏറ്റവും നല്ല പാരമ്പര്യത്തിന്റേതാണു താനും. രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കിയ പ്രോത്സാഹനത്തോടുള്ള പ്രത്യുത്തരമെന്നനിലയിൽ [60] ആധുനിക സംസ്കാരവുമായി സംവാദം (dialogue) വളർത്താൻ ആഗ്രഹമുണ്ടായി. സ്വാഭാവിക ധാർമ്മിക നിയമത്തിന്റെ മണ്ഡലത്തിലുള്ള ധാർമ്മികനിയമങ്ങളുടെ യുക്ത്യധിഷ്ഠിതവും, അങ്ങനെ സാർവ്വത്രികമായി സുഗ്രഹവും സംവദനീയവുമായ സ്വഭാവത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.[61] ആ നിയമത്തിൽ നിന്നുണ്ടാകുന്ന ധാർമ്മികാവശ്യങ്ങളുടെ ആന്തരികസ്വഭാവത്തെ വീണ്ടും ഉറപ്പിച്ചുപറയാനുള്ള ഒരു പരിശ്രമവും ഉണ്ടായി. ആ ആവശ്യങ്ങളാകട്ടെ, ഇച്ഛാശക്തിക്ക് ഒരു കടമ സൃഷ്ടിച്ചു നല്കുന്നതാണ്. മനുഷ്യബുദ്ധിയും വൈയക്തിക മനസ്സാക്ഷിയും ഒരു കടമയായി യഥാർത്ഥത്തിൽ മുൻകൂട്ടി അംഗീകരിച്ചതുകൊണ്ടുമാത്രം അത് ഒരു കടമയായിത്തീരുന്നു.

ചിലയാളുകൾ, മാനുഷികയുക്തിക്കു ദൈവികജ്ഞാനത്തോടുള്ള ആശ്രയത്തെ അവഗണിച്ചു. ധാർമ്മികസത്യങ്ങളെ - സ്വാഭാവികക്രമത്തിലുള്ളവയെപ്പോലും - അറിയാനുള്ള ഫലപ്രദമായ മാർഗ്ഗമെന്ന നിലയിൽ ദൈവികവെളിപാടിന്റെ ആവശ്യമുണ്ട്. [62] മനുഷ്യപ്രകൃതി പാപത്തിൽ വീണതുകൊണ്ടാണ് അത് ആവശ്യമായിവരുന്നത്. അവർ ഈ ആവശ്യത്തെയും അവഗണിച്ചു. എന്നിട്ട്, ഈ ലോകത്തിൽ ജീവിതത്തെ ശരിയായി ക്രമവത്കരിക്കുന്നതിനെ സംബന്ധിച്ച ധാർമ്മികനിയമങ്ങളുടെ മണ്ഡലത്തിൽ *യുക്തിക്കു പൂർണ്ണമായ പരമാധികാരം* യഥാർത്ഥത്തിൽ കല്പിച്ചുകൊടുത്തു. ഇത്തരം നിയമങ്ങൾ കേവലം "മാനുഷിക"മായ ധർമ്മശാസ്ത്രത്തിന്റെ അതിരുകൾ നിശ്ചയിക്കും. മനുഷ്യൻ തനിക്കുവേണ്ടി, സ്വതന്ത്രമായി ക്രോഡീകരിക്കുന്ന ഒരു നിയമത്തിന്റെ പ്രകാശനമായിരിക്കും അവ. മാനുഷിക യുക്തിയിൽ മാത്രമായിരിക്കും അതിന്റെ സ്രോതസ്സ്. നിയമങ്ങൾ നിർമ്മിക്കുന്നതിൽ മനുഷ്യബുദ്ധി,

www.malankaralibrary.com



അതിൻെറ സ്വാതന്ത്ര്യം ഉപയോഗിക്കുന്നത് ദൈവം മനുഷ്യനു നല്കിയ ആദിമവും സമഗ്രവുമായ കല്പനയനുസരിച്ചാണ്. ഈ ഒരർത്ഥത്തിലല്ലാതെ മറ്റൊരു വിധത്തിലും, ദൈവത്തെ ഈ നിയമത്തിൻെറ കർത്താവായി കരുതുവാൻ പാടില്ല. ചിന്തയുടെ ഈ പ്രവണതകൾ ഒരു നിഷേധത്തിലേക്കു നയിച്ചു. വി. ഗ്രന്ഥത്തിനും (മത്താ. 15:3-6), സഭയുടെ നിരന്തരമായ പ്രബോധനത്തിനും എതിരാണ് ആ നിഷേധം. സ്വാഭാവിക ധാർമ്മിക നിയമങ്ങളുടെ കർത്താവു ദൈവമാണ് എന്ന വസ്തുതയുടെ നിഷേധമാണത്. മാത്രമല്ല, മനുഷ്യനു സ്ഥാപിക്കാൻ അവകാശമില്ലാത്ത നിത്യനിയമത്തിൽ മനുഷ്യൻ, വെളിപാട് ഉപയോഗിച്ചു പങ്കുപറ്റുന്നു എന്ന വസ്തുതയുടെയും നിഷേധമാണത്.

37. ചില ധാർമ്മിക ദൈവശാസ്ത്രജ്ഞന്മാർ, ധാർമ്മിക ജീവിതത്തെ ക്രൈസ്തവ സാഹചര്യത്തിൽ നിലനിറുത്തുവാൻ ആഗ്രഹിച്ചുകൊണ്ട്, *ധാർമ്മിക (ethical) ക്രമവും, നിത്യരക്ഷയുടെ ക്രമവും തമ്മിൽ കർശനമായ ഒരു വ്യത്യാസം* സങ്കല്പിച്ചിരിക്കുന്നു. ഇതു കത്തോലിക്കാപ്രബോധനത്തിനു വിരുദ്ധമാണ്. [63] ഇവർ പറയുന്ന ധാർമ്മിക (ethical) ക്രമമെന്നത്, മനുഷ്യൻ സൃഷ്ടിക്കുന്നതും, *ഈ ലോകത്തിൽ* മാത്രം മൂല്യമുള്ളതുമാണ്. ഇവർ സങ്കല്പിക്കുന്ന നിത്യരക്ഷയുടെ ക്രമത്തിൽ, ദൈവത്തെയും അയൽക്കാരനെയും സംബന്ധിക്കുന്ന ചില നിയോഗങ്ങൾക്കും (intentions) ആന്തരിക മനോഭാവങ്ങൾക്കും മാത്രമേ പ്രാധാന്യമുള്ളൂ. സാർവ്വത്രികമായ സാധുത്വമുള്ളതും സ്ഥിരവുമായ, സവിശേഷവും സുനിശ്ചിതവുമായ ഒരു ധാർമ്മിക ഉള്ളടക്കം ദൈവികവെളിപാടിൽ ഉണ്ട് എന്ന വസ്തുതയുടെ യഥാർത്ഥ നിഷേധത്തിലേക്ക് അങ്ങനെ അതു നയിക്കുന്നു. അപ്പോൾ ദൈവത്തിൻെറ വചനത്തെ ഒരു ആഹ്വാനത്തിൻെറ, വർഗ്ഗപരമായ (generic) ഒരു ബുദ്ധ്യുപദേശത്തിൻെറ നിർദ്ദേശിക്കലായി പരിമിതപ്പെടുത്തുന്നു. യഥാർത്ഥത്തിൽ "വസ്തുനിഷ്ഠമായ" നിയമങ്ങൾകൊണ്ട് ആ ആഹ്വാനത്തെ പൂരിപ്പിക്കുക എന്നത് സ്വയം ഭരണാവകാശമുള്ള യുക്തിയുടെ മാത്രം ജോലിയായിത്തീരുന്നു. സമൂർത്തമായ (concerete) ചരിത്രസാഹചര്യത്തിനു ചേർന്നത് എന്നാണ് വസ്തുനിഷ്ഠം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം സങ്കല്പിക്കപ്പെടുന്ന ഒരു സ്വയംഭരണാവകാശം സ്വാഭാവികമായ മറ്റൊരു നിഷേധത്തെക്കൂടി ഉൾക്കൊള്ളുന്നു. "മാനുഷികം എന്നു വിളിക്കപ്പെടുന്ന നന്മയെ" കൈകാര്യം ചെയ്യാനുള്ള പ്രത്യേകധാർമ്മിക നിയമങ്ങളെ സംബന്ധിച്ച് സഭയ്ക്കും അവളുടെ പ്രബോധനാധികാരത്തിനുമുള്ള സവിശേഷമായ സൈദ്ധാന്തികാർഹതയെ (കഴിവിനെ) അതു നിഷേധിക്കുന്നു. ഇത്തരം

www.malankaralibrary.com



നിയമങ്ങൾ, വെളിപാടിൻെറ യഥാർത്ഥ ഉള്ളടക്കത്തിൻേറതായിരിക്കുകയില്ല. അവ അവയിൽത്തന്നെ രക്ഷയെ സംബന്ധിച്ചിടത്തോളം പ്രസക്തങ്ങളുമല്ല.

മാനുഷികശക്തിയുടെ സ്വയംചാലക ശക്തിക്കു (autonomy) നല്കപ്പെടുന്ന ഇത്തരം വ്യാഖ്യാനങ്ങൾ കത്തോലിക്കാ പ്രബോധനത്തിനു ചേരാത്ത അഭിപ്രായങ്ങളെ ഉൾക്കൊള്ളുന്നു എന്ന് ആർക്കും കാണാൻ കഴിയും.

ഇത്തരമൊരു സാഹചര്യത്തിൽ, മനുഷ്യ സ്വാതന്ത്ര്യത്തിൻെറയും ധാർമ്മിക നിയമത്തിൻെറയും മൗലികാശയങ്ങളെയും, അവതമ്മിലുള്ള അഗാധവും അവഗാഢവുമായ ബന്ധത്തെയും, ദൈവവചനത്തിൻെറയും സഭയുടെ സജീവപാരമ്പര്യത്തിൻെറയും വെളിച്ചത്തിൽ വ്യക്തമാക്കുക എന്നത് തികച്ചും അവശ്യാവശ്യകമാണ്. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ യുക്തിയുടെ സ്വയംഭരണാവകാശത്തെ സംബന്ധിച്ചുള്ള തെറ്റായ സങ്കൽപ്പത്തിൽനിന്നുണ്ടാകുന്ന ആശയങ്ങളോട് സഭയുടെ ധാർമ്മിക പ്രബോധനപരമായ പൈതൃകത്തെ സന്ധിപ്പെടുത്താതെ സമകാലിന ധാർമ്മിക ദൈവശാസ്ത്രത്തിലെ ചില ധാരകളിൽ കാണുന്ന സാധുത്വമുള്ള ഘടകങ്ങളെ സ്വീകരിക്കത്തക്കവിധത്തിൽ, മാനുഷികയുക്തിക്കുള്ള ന്യായമായ അവകാശങ്ങളോടു പ്രത്യുത്തരിക്കാൻ കഴിയുകയുള്ളു.

*''ദൈവം മനുഷ്യനെ സ്വന്തം ആലോചനയുടെ ശക്തിയിൽ വിട്ടു'' (പ്രഭാ. 15:14)*

38. "മനുഷ്യനിലുള്ള ദൈവിക സാദൃശ്യത്തിൻെറ ശ്രദ്ധേയമായ പ്രകടനമാണ് സ്വാതന്ത്ര്യം". ആ യഥാർത്ഥ സ്വാതന്ത്ര്യത്തെ, പ്രഭാഷകൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശദീകരിക്കുന്നുണ്ട്. "മനുഷ്യൻ സ്വന്തം ആലോചനയുടെ ശക്തിയിൽ വ്യാപരിക്കണമെന്നു ദൈവം നിശ്ചയിച്ചു. അവൻ തൻെറ സ്രഷ്ടാവിനെ സ്വമേധയാ തേടാനും, ദൈവത്തോട് ഒട്ടിച്ചേർന്നുകൊണ്ട് പൂർണ്ണവും അനുഗ്രഹീതവുമായ പൂർണ്ണതയിലേക്കു സ്വതന്ത്രമായി എത്തിച്ചേരാനുമാണത്."[64] *ദൈവത്തിൻെറ ആധിപത്യത്തിൽ പങ്കുപറ്റുന്നതിനു* മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. ആ പങ്കുപറ്റലിൻെറ വിസ്മയനീയമായ അഗാധത ഈ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യൻെറ ആധിപത്യം ഒരർത്ഥത്തിൽ മനുഷ്യൻെറ മേൽത്തന്നെ വിപുലമായിത്തീരുന്നുവെന്ന് ഈ വാക്കുകൾ സൂചിപ്പിക്കുന്നു. മനുഷ്യ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പരിചിന്ത

www.malankaralibrary.com



നങ്ങളിൽ സ്ഥിരമായും കൂടെക്കൂടെയും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രമേയമാണിത്. ഒരുതരം രാജകീയാധികാരമായി ഇതു വിവരിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, നിസായിലെ വി. ഗ്രിഗറി ഇങ്ങനെ എഴുതുന്നു: ആത്മാവ് തൻെറ രാജകീയവും മഹോന്നതവുമായ സ്വഭാവത്തെ കാണിക്കുന്നു..... അതിൽ അതു സ്വതന്ത്രമായിരിക്കുകയും സ്വയം ഭരണം നടത്തുകയും ചെയ്യുന്നു. സ്വന്തം ഇച്ഛാശക്തികൊണ്ട് സ്വയം അതു ഭരിക്കപ്പെടുന്നു. ഒരു രാജാവിനെപ്പറ്റിയല്ലാതെ മറ്റാരെപ്പറ്റി ഇങ്ങനെ പറയാൻ കഴിയും?...... അങ്ങനെ, മറ്റുസൃഷ്ടികളുടെമേൽ ഭരണം നടത്താൻ സൃഷ്ടിക്കപ്പെട്ട മനുഷ്യപ്രകൃതി പ്രപഞ്ചത്തിൻെറ രാജാവിനോടു സദൃശമാണ്. മഹത്വത്തിലും പേരിലും ആദിരൂപ (archetype)ത്തോടൊപ്പം പങ്കുവഹിക്കുന്ന, സജീവനായ ഒരു സാദൃശ്യമായി അവൻ സൃഷ്ടിക്കപ്പെട്ടു. [65]

ലോകത്തിന്മേലുള്ള മനുഷ്യൻെറ *ആധിപത്യത്തിൻെറ പ്രയോഗം* മനുഷ്യനിലുള്ള മഹത്തും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു കടമയെ വ്യക്തമാക്കുന്നു. സ്രഷ്ടാവിൻെറ കല്പനാനുസൃതമായ അവൻെറ സ്വാതന്ത്ര്യം അത് ആവശ്യപ്പെടുന്നു: "ലോകത്തിൽ നിറഞ്ഞ് അതിനെ കീഴടക്കുക" (ഉത്പ.1:28). ഈ വീക്ഷണ പ്രകാരം, ഓരോ മനുഷ്യനും നീതിയുക്തമായ ഒരു സ്വയംഭരണാവകാശമുണ്ട്. അത് മനുഷ്യസമുദായത്തിനുമുണ്ട്. വത്തിക്കാൻ കൗൺസിലിൻെറ *സഭ ആധുനികലോകത്തിൽ* (ഗാവുദിയും ഏത്ത് സ്പെസ്) എന്ന പ്രമാണ രേഖ പ്രത്യേകം ശ്രദ്ധ ക്ഷണിച്ച ഒരു വസ്തുതയാണത്. ഇതാണ് ഭൗതിക യാഥാർത്ഥ്യങ്ങളിലുള്ള സ്വയംഭരണാവകാശം. "സൃഷ്ടവസ്തുക്കൾക്കെല്ലാം സ്വന്തമായ നിയമങ്ങളും മൂല്യങ്ങളുമുണ്ട്. അവയെ മനുഷ്യർ ക്രമേണ കണ്ടെത്തുകയും ഉപയോഗിക്കുകയും ക്രമപ്പെടുത്തുകയും വേണം."[66] എന്നാണ് ഇതിൻെറ അർത്ഥം.

39. ലോകത്തെ മാത്രമല്ല, *മനുഷ്യനെത്തന്നെയും മനുഷ്യൻെറ സൂക്ഷത്തിനും, ഉത്തരവാദിത്വത്തിനും* ഏല്പിച്ചിരിക്കുകയാണ്. ദൈവം മനുഷ്യനെ, "സ്വന്തം ആലോചനയുടെ ശക്തിയിൽ വിട്ടു" (പ്രഭാ.15:14). അവൻ സ്രഷ്ടാവിനെ അന്വേഷിക്കാനും സ്വതന്ത്രമായി പൂർണ്ണതനേടാനുമാണ് അങ്ങനെ ചെയ്തത്. അത്തരം പൂർണ്ണത പ്രാപിക്കുക എന്നതിൻെറ അർത്ഥം *ആ പൂർണ്ണതയെ തന്നിൽത്തന്നെ വ്യക്തിപരമായി നിർമ്മിക്കുക എന്നതാണ്.* മനുഷ്യൻ ലോകത്തിൻമേലുള്ള ആധിപത്യം പ്രയോഗിക്കുന്നതുവഴി ലോകത്തെ തൻെറ ബുദ്ധിക്കും ഇച്ഛക്കും ചേർന്നവിധത്തിൽ രൂപപ്പെടുത്തുകയാണ്. അതുപോലെതന്നെ ധാർമ്മികമായ നല്ല പ്രവൃത്തി

www.malankaralibrary.com



കൾ ചെയ്യുമ്പോൾ, ദൈവത്തോടുള്ള തന്റെ സാദൃശ്യത്തെ തന്റെ ഉള്ളിൽ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും, ഭൗതിക യാഥാർത്ഥ്യങ്ങളുടെ മേലുള്ള സ്വയം ഭരണാവകാശത്തിന്റെ തെറ്റായ സങ്കൽപ്പത്തിനെതിരേ വർത്തിക്കാൻ കൗൺസിൽ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. സൃഷ്ടവസ്തുക്കൾ ദൈവത്തിൽ ആശ്രയിച്ചു നിൽക്കുന്നവയല്ലെന്നും അവയുടെ സ്രഷ്ടാവിനോടു ബന്ധപ്പെടുത്താതെ അവയെ മനുഷ്യനുപയോഗിക്കാമെന്നും [67] വാദിക്കുന്നതാണ് പ്രസ്തുത തെറ്റായ സങ്കൽപ്പം. മനുഷ്യനെപ്പറ്റിത്തന്നെയുള്ള ഇത്തരം സ്വയംഭരണാവകാശസങ്കൽപ്പം പ്രത്യേകിച്ച് നശീകരണ ശക്തിനിറഞ്ഞ ഫലങ്ങൾ പുറപ്പെടുത്തുന്നതാണ്. അവസാനം അതു നിരീശ്വരത്വത്തിലേക്കു നയിക്കും: "സൃഷ്ടി അതിന്റെ സ്രഷ്ടാവിനെ കൂടാതിരുന്നാൽ അപ്രത്യക്ഷമാകും...... ദൈവത്തെ അവഗണിച്ചാൽ സൃഷ്ടി സ്വയം ദരിദ്രമാകും. [68]

40. കൗൺസിലിന്റെ പ്രബോധനം, ഒരുവശത്ത്, ധാർമ്മിക നിയമത്തെ കണ്ടെത്തുന്നതിലും അതു പ്രാവർത്തികമാക്കുന്നതിലും *മാനുഷികയുക്തിക്കുള്ള പങ്കിനെപ്പറ്റി* ഊന്നിപ്പറയുന്നുണ്ട്. സുചിന്തിതമായ സ്വന്തം പ്രവൃത്തികളുടെ സ്രോതസ്സും ഹേതുവുമായ വ്യക്തിയുടെ സവിശേഷതയായ ആ സർഗ്ഗാത്മകതയും അപൂർവ്വതയും ധാർമ്മിക ജീവിതം ആവശ്യപ്പെടുന്നുണ്ട്. മറുവശത്ത്, യുക്തി സ്വന്തം സത്യത്തെയും അധികാരത്തെയും സനാതന നിയമത്തിൽ നിന്നു സ്വീകരിക്കുന്നു. ആ സനാതന നിയമമാകട്ടെ, ദൈവികജ്ഞാനമല്ലാതെ മറ്റൊന്നുമല്ല. [69] അങ്ങനെ ധാർമ്മിക ജീവിതത്തിന്റെ ഹൃദയത്തിൽ, മനുഷ്യന്റെ "ന്യായയുക്തമായ ഒരു സ്വയം ഭരണത്തിന്റെ" [70] തത്ത്വം നാം കാണുന്നു. മനുഷ്യനാകട്ടെ തന്റെ പ്രവൃത്തികളുടെ വ്യക്തിപരമായ കർത്താവാണ്.

*ധാർമ്മികനിയമത്തിന്റെ ഉദ്ഭവസ്ഥാനം ദൈവമാണ്. എപ്പോഴും ദൈവത്തിൽ തന്റെ ഉറവിടത്തെ അതു കണ്ടെത്തുകയും ചെയ്യുന്നു.* അതേസമയം, ദൈവികജ്ഞാനത്തിൽ നിന്നുണ്ടാകുന്ന സ്വാഭാവികയുക്തിയുടെ ശക്തിയാൽ, അത് യഥാർത്ഥത്തിൽ ഒരു മാനുഷിക നിയമവുമാണ്. യഥാർത്ഥത്തിൽ നാം കണ്ടതുപോലെ "എന്താണു ചെയ്യേണ്ടതെന്നും എന്താണ് ഉപേക്ഷിക്കേണ്ടതെന്നും മനസ്സിലാക്കാൻ നമുക്കു പ്രാപ്തി നൽകുന്നതും ദൈവത്താൽ നിവേശിതവുമായ ധാരണാശക്തിയുടെ പ്രകാശമല്ലാതെ മറ്റൊന്നല്ല സ്വാഭാവികനിയമം. ദൈവം ഈ പ്രകാശവും ഈ നിയമവും

www.malankaralibrary.com



സൃഷ്ടിയുടെ സമയത്തു മനുഷ്യനു നൽകി."[71] പ്രായോഗിക യുക്തിയുടെ ന്യായയുക്തമായ സ്വയംഭരണം എന്നതിൻെറ അർത്ഥം, മനുഷ്യനു സ്രഷ്ടാവിൽനിന്നു സ്വീകരിച്ച സ്വന്തമായ നിയമമുണ്ടെന്നാണ്. എന്നിരുന്നാലും, യുക്തിയുടെ സ്വയംഭരണം എന്നതിനു യുക്തിതന്നെ *മൂല്യങ്ങളെയും ധാർമ്മിക നിയമങ്ങളെയും സ്വയം സൃഷ്ടിക്കുന്നു എന്ന് അർത്ഥമില്ല.* [72] *ഈ സ്വയംഭരണം, സ്രഷ്ടാവും നിയമദാതാവുമായ ദൈവത്തിൻെറ ജ്ഞാനത്തിൽ പ്രായോഗിക യുക്തി പങ്കുപറ്റുന്നു എന്ന വസ്തുതയെ നിഷേധിച്ചാൽ; അല്ലെങ്കിൽ, ചരിത്രപരമായ അത്യാവശ്യങ്ങളുടെയും സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും വൈവിധ്യത്തിൻെറ അടിസ്ഥാനത്തിൽ അതിനു ധാർമ്മിക നിയമങ്ങൾ ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അഭിപ്രായപ്പെട്ടാൽ; ആരോപിതമായ ഇത്തരം സ്വയംഭരണം, മനുഷ്യനെ സംബന്ധിച്ച സത്യങ്ങളെ കുറിച്ചുള്ള സഭാ പ്രബോധനത്തിനു വിരുദ്ധമായിത്തീരും* [73] *അതു യഥാർത്ഥമായ സ്വാതന്ത്ര്യത്തിൻെറ മരണമായിരിക്കും: "എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. കാരണം അതിൽ നിന്നു തിന്നുന്ന ദിവസം നീ മരിക്കും" (ഉത്പ.2:17).*

*41. ധാർമ്മിക നിയമത്തിൻെറ - ദൈവത്തിൻെറ കല്പനയുടെ - ഉപേക്ഷിക്കൽ എന്ന് യഥാർത്ഥമായ* ധാർമ്മിക സ്വയം ഭരണത്തിന് ഒരുവിധത്തിലും അർത്ഥം വരുന്നില്ല. പിന്നെയോ അതിൻെറ സ്വീകരിക്കൽ എന്നാണ് അതിൻെറ അർത്ഥം: "ദൈവം തൻെറ കല്പന മനുഷ്യനു കൊടുത്തു" (ഉത്പ.2:16). *മാനുഷികസ്വാതന്ത്ര്യവും ദൈവത്തിൻെറ നിയമവും പരസ്പരം കൂട്ടിമുട്ടുന്നു. അവ അന്യോന്യം മുറിച്ചു കടക്കുവാൻ വിളിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.* ദൈവത്തോടുള്ള മനുഷ്യൻെറ സ്വതന്ത്രമായ അനുസരണത്തിൻെറയും, മനുഷ്യനോടുള്ള ദൈവത്തിൻെറ തികച്ചും സൗജന്യപരമായ ഔദാര്യത്തിൻെറയും അർത്ഥത്തിലാണത്. അതുകൊണ്ട്, ദൈവത്തോടുള്ള അനുസരണം, ചിലർ വിശ്വസിക്കുന്നതുപോലെ ഒരു *പാരതന്ത്ര്യമല്ല.* സർവ്വാധികാരപൂർണ്ണമായ, അന്യനിരപേക്ഷമായ, മനുഷ്യനെ സംബന്ധിച്ച് അന്യമായ, മനുഷ്യൻെറ സ്വാതന്ത്ര്യത്തെ സഹിക്കാത്ത ഒന്നിൻെറ ഇച്ഛാശക്തിയോടുള്ള വിധേയത്വമല്ല ധാർമ്മികജീവിതം. ധാർമ്മികതയുടെ പാരതന്ത്ര്യം, മനുഷ്യൻെറ സ്വയം തീരുമാനിക്കാനുള്ള അധികാരത്തെ നിഷേധിക്കുന്നില്ല. അവൻെറ നന്മയോടു ബന്ധപ്പെടാത്ത നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നുമില്ല. അങ്ങനെയൊക്കെയായിരുന്നുവെങ്കിൽ അത് ഉടമ്പടിയുടെ വെളിപാടിനും രക്ഷാകരമായ മനുഷ്യാവതാരത്തിനും യഥാർത്ഥത്തിൽ വിരുദ്ധമാകുമായിരുന്നു. അത്തരത്തിലുള്ള

www.malankaralibrary.com



ഒരു പാരതന്ത്ര്യം അന്യവത്കരണത്തിൻെറ(alienation) ഒരു രൂപമല്ലാതെ മറ്റൊന്നും ആകുമായിരുന്നില്ല. അതാകട്ടെ ദൈവികജ്ഞാനത്തിനും മാനുഷിക വ്യക്തിയുടെ മഹത്വത്തിനും വിരുദ്ധമാണ്.

മറ്റുചിലർ, *ദൈവാധിപത്യത്തെപ്പറ്റി* (theonomy) അഥവാ *പങ്കുവയ്ക്കപ്പെട്ട ദൈവാധിപത്യത്തെപ്പറ്റി* പറയുന്നു. അതു ശരിയാണു താനും. കാരണം, ദൈവത്തിൻെറ നിയമത്തോടുള്ള മനുഷ്യൻെറ സ്വതന്ത്രമായ അനുസരണം, മനുഷ്യയുക്തിയും മാനുഷികമായ ഇച്ഛാശക്തിയും ദൈവത്തിൻെറ ജ്ഞാനത്തിലും പരിപാലനയിലും പങ്കുപറ്റുന്നുണ്ടെന്ന് ഫലപ്രദമാവിധം സൂചിപ്പിക്കുന്നു. "നന്മതിന്മകളുടെ അറിവിൻെറ മരത്തിൽ നിന്നു തിന്നരുതെ"ന്ന് ദൈവം കല്പിച്ചു. അത്തരം ഒരു 'അറിവ്' മനുഷ്യനു സ്വാഭാവികമായിട്ട് ഇല്ലെന്നും സ്വാഭാവിക യുക്തിയുടെയും, നിത്യജ്ഞാനത്തിൻെറ ആവശ്യങ്ങളും നിർദ്ദേശങ്ങളും അവനു വെളിപ്പെടുത്തുന്ന ദൈവിക വെളിപാടിൻെറയും വെളിച്ചത്തിൽ അവൻ അതിൽ പങ്കുപറ്റുന്നതേഉള്ളൂ എന്നും അതുവഴി ദൈവം വ്യക്തമാക്കി. തൻമൂലം നിയമം, ദൈവികജ്ഞാനത്തിൻെറ ഒരു പ്രകാശനമായി കരുതപ്പെടണം. നിയമത്തിനു കീഴ്‌വഴങ്ങിക്കൊണ്ട്, സ്വാതന്ത്ര്യം സൃഷ്ടിയുടെ സത്യത്തിനു കീഴ്‌വഴങ്ങുകയാണ്. തത്ഫലമായി, എല്ലാവരിലും സന്നിഹിതനായിരിക്കുന്ന ദൈവത്തിൻെറ (എഫേ.4:6) സാദൃശ്യത്തെയും അടുപ്പത്തെയും, മനുഷ്യവ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ അറിഞ്ഞ് അംഗീകരിക്കണം. അതേസമയം, പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിനുള്ള പ്രതാപത്തെയും അതുപോലെതന്നെ അറിഞ്ഞ് അംഗീകരിക്കണം. അനന്തമായ അതിശായിത്വമുള്ള ദൈവത്തിൻെറ നിയമത്തിനുള്ള പരിശുദ്ധിയെ ആദരിക്കുകയും വേണം. ദൈവം എല്ലായ്പ്പോഴും ശ്രേഷ്ഠനാണ് (Deus semper major). [74]

***"കർത്താവിൻെറ നിയമത്തിൽ സന്തോഷിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ.1:1-2)***

42. മനുഷ്യ സ്വാതന്ത്ര്യം ദൈവത്തിൻെറ സ്വാതന്ത്ര്യത്തിൻെറ മാതൃകയിലുള്ളതാണ്. ദൈവത്തിൻെറ നിയമത്തോടുള്ള മനുഷ്യൻെറ അനുസരണം വഴി മനുഷ്യൻെറ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നില്ല. യഥാർത്ഥത്തിൽ ഈ അനുസരണത്തിലൂടെ മാത്രമാണ് അതു സത്യത്തിൽ വസിക്കുന്നതും മനുഷ്യമഹത്വത്തിന് അനുഗുണമായിരിക്കുന്നതും. ഇക്കാര്യം കൗൺസിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്: "അന്ധമായ ആന്തരിക തോന്നലുകൾക്കോ കേവലം ബാഹ്യമായ സമ്മർദ്ദങ്ങൾക്കോ വിധേയനായിട്ടല്ല മനുഷ്യൻ പ്രവർത്തിക്കേണ്ടത്. ബോധപൂർവ്വകവും സ്വതന്ത്രവുമായ തിരഞ്ഞെടു

www.malankaralibrary.com



പ്പിലൂടെ, ആന്തരികമായി, വ്യക്തിപരമായി, ലക്ഷ്യ പ്രചോദിതനും പ്രേരിതനും എന്ന നിലയിൽ അവൻ പ്രവർത്തിക്കണം. ഇതാണ് മനുഷ്യൻെറ മഹത്വം ആവശ്യപ്പെടുന്നത്. തോന്നലുകളുടെ ദാസ്യത്തിൽ നിന്നെല്ലാം വിമുക്തനാകുമ്പോഴും, നന്മയുടെ സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പിൽ, ഫലപ്രദമായും നിസ്തന്ദ്രശ്രമത്തോടെയും ഉചിതമായ ഉപാധികളെ അണിനിരത്തിക്കൊണ്ട് തൻെറ ലക്ഷ്യത്തെ പിൻതുടരുമ്പോഴും മനുഷ്യൻ അത്തരം മഹത്വം പ്രാപിക്കുന്നു." [75]

"നന്മയുടെ ഏക ഉടമയായ" ദൈവത്തിലേക്കുള്ള യാത്രയിൽ മനുഷ്യൻ സ്വാതന്ത്ര്യത്തോടെ നന്മചെയ്യുകയും തിന്മ ഉപേക്ഷിക്കുകയും വേണം. എന്നാൽ ഈ കാര്യം നിർവഹിക്കുന്നതിനു *നന്മയെ തിന്മയിൽ നിന്നു തിരിച്ചറിയാനുള്ള കഴിവ്* അവനുണ്ടാകണം. ഇതു സംഭവിക്കുന്നത് സർവ്വോപരി, സ്വാഭാവികയുക്തി (natural reason)യുടെ സഹായത്താലാണ്. അതാകട്ടെ മനുഷ്യനിൽ നില കൊള്ളുന്ന പ്രതിഫലനമാണ് – ദൈവിക മുഖച്ഛായയുടെ പ്രഭയുടെ പ്രതിഫലനം. അങ്ങനെ, വിശുദ്ധ തോമസ് അക്വിനാസ്, നാലാം സങ്കീർത്തനത്തിലെ ഒരു വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് എഴുതുന്നു: "എന്താണ്, നല്ല പ്രവൃത്തി എന്ന് ആരോ ചോദിച്ചിട്ടെന്ന-പോലെ, ശരിയായ ബലി സമർപ്പിക്കുക (സങ്കീ.4:15) എന്നു പറഞ്ഞിട്ട് സങ്കീർത്തകൻ തുടർന്നു പറയുന്നു: *ഞങ്ങൾക്കു നന്മകാണിച്ചുതരാൻ ആരുണ്ട് ?* എന്ന് ചോദിക്കുന്ന വളരെ പേരുണ്ട്. ആ ചോദ്യത്തിനുത്തരമായി പറയുന്നു: കർത്താവേ നിൻെറ മുഖത്തിൻെറ പ്രകാശം, ഞങ്ങളുടെമേൽ മുദ്രിതമായിരിക്കുന്നു. അതുവഴി, നന്മയും തിന്മയും തിരിച്ചറിയാൻ സഹായിക്കുന്ന സ്വാഭാവിക യുക്തി നമ്മുടെ മേലുള്ള ദൈവിക പ്രകാശത്തിൻെറ മുദ്രയല്ലാതെ മറ്റൊന്നല്ലെന്ന് പറയുന്നു. നന്മയുടെയും തിന്മയുടെയും തിരിച്ചറിവാകട്ടെ സ്വാഭാവികനിയമത്തിൻെറ ധർമ്മമാണ്".[76] ഈ നിയമത്തെ സ്വാഭാവിക നിയമമെന്നു വിളിക്കുന്നതിൻെറ കാരണവും വ്യക്തമായിത്തീരുന്നു. അത് ആ പേരു സ്വീകരിക്കുന്നതു ബുദ്ധിയില്ലാത്ത (irrational)സത്തകളുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നതു കൊണ്ടല്ല. പിന്നെയോ, അതിനെ പ്രകാശിപ്പിക്കുന്ന യുക്തി (reason) മനുഷ്യ പ്രകൃതിക്ക് (സ്വഭാവത്തിന്) ജന്മസിദ്ധമായിട്ടുള്ളതാണ് എന്നതുകൊണ്ടാണ്. [77]

43. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു: "ജീവിതത്തിൻെറ പരമമായ നിയമം ദൈവികനിയമംതന്നെയാണ്. അതു ശാശ്വതവും വസ്തുനിഷ്ഠവും സാർവ്വത്രികവുമായ

www.malankaralibrary.com



നിയമമാണ്. അതുവഴി ദൈവം തൻെറ ജ്ഞാനം കൊണ്ടും സ്നേഹംകൊണ്ടും ലോകത്തെ മുഴുവനെയും മനുഷ്യസമൂഹത്തിൻെറ വഴികളെയും ക്രമപ്പെടുത്തുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ഈ ദൈവികനിയമത്തിൽ പങ്കുചേരാൻ ദൈവം മനുഷ്യനെ പ്രാപ്തനാക്കിയിരിക്കുന്നു. അങ്ങനെ ദൈവത്തിൻെറ പരിപാലനയുടെ മൃദുലമായ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ അചഞ്ചലമായ സത്യത്തെ വർദ്ധമാനമായതോതിൽ അറിഞ്ഞ് അംഗീകരിക്കാൻ മനുഷ്യനു കഴിയുന്നു". [78]

ദൈവത്തിൻെറ *ശാശ്വതനിയമത്തെ*പ്പറ്റിയുള്ള ക്ലാസ്സിക്കൽ പ്രബോധനത്തെ കൗൺസിൽ സൂചിപ്പിക്കുകയാണ്. വി. ആഗസ്തീനോസ് അതിനെ ഇങ്ങനെ നിർവചിക്കുന്നു: "സ്വാഭാവിക നിയമത്തെ ആദരിക്കണമെന്നു കല്പിക്കുകയും അതിനെ താറുമാറാക്കരുതെന്നു കല്പിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ യുക്തി അഥവാ ഇച്ഛ". [79] വി.തോമസ് അക്വീനാസ്, "എല്ലാവസ്തുക്കളെയും അവയ്ക്ക് അർഹതപ്പെട്ട ലക്ഷ്യത്തിലേക്ക് നയിക്കുന്ന ദൈവിക ജ്ഞാനത്തിൻെറ മാതൃക"[80] തന്നെയാണ് അതെന്ന് വ്യക്തമാക്കുന്നു. ദൈവത്തിൻെറ ജ്ഞാനം, പരിപാലനയാണ് - പരിരക്ഷിക്കുന്ന ഒരു സ്നേഹമാണ്. ദൈവം എല്ലാ സൃഷ്ടികളെയും അക്ഷരാർത്ഥത്തിൽ, മൗലികമായ അർത്ഥത്തിൽ, സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു (ജ്ഞാനം 7:22;8:11). എന്നാൽ വ്യക്തികളല്ലാത്ത സത്തകളെ പരിപാലിക്കുന്നതിൽ നിന്നു വ്യത്യസ്തമായ രീതിയിൽ മനുഷ്യനെ പരിപാലിക്കുന്നു. മനുഷ്യനെ അവിടുന്നു പരിപാലിക്കുന്നത് "പുറത്തുനിന്നല്ല" - ഭൗതിക പ്രകൃതിയുടെ നിയമങ്ങൾ കൊണ്ടല്ല. പിന്നെയോ "ഉള്ളിൽ നിന്നാണ്", യുക്തിവഴിയാണ്. യുക്തിക്ക് സ്വാഭാവികമായി ദൈവത്തിൻെറ ശാശ്വതനിയമത്തെ അറിയാം. തന്മൂലം, മനുഷ്യന് തൻെറ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ ശരിയായ നിർദ്ദേശം നൽകാൻ അതു പ്രാപ്തമാണ്. [81] ഈ വിധത്തിൽ ദൈവം തൻെറ പരിപാലനയിൽ പങ്കു ചേരാൻ മനുഷ്യനെ ക്ഷണിക്കുന്നു. കാരണം, മനുഷ്യനിലൂടെ, മനുഷ്യൻെറ യുക്തിപൂർവ്വകവും, ഉത്തരവാദിത്വപൂർണ്ണവുമായ പരിപാലനയിലൂടെ, ലോകത്തെ നയിക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. പ്രകൃതിയുടെ ലോകത്തെ മാത്രമല്ല മനുഷ്യ വ്യക്തികളുടെ ലോകത്തെയും അങ്ങനെ നയിക്കാൻ ആഗ്രഹിക്കുന്നു. സ്വാഭാവികനിയമം ദൈവത്തിൻെറ ശാശ്വത നിയമത്തിൻെറ മാനുഷികപ്രകാശനമായി ഇവിടെ പ്രവേശിക്കുന്നു. വി. തോമസ് അക്വീനാസ് എഴുതുന്നു: "വിവേകമുള്ള സൃഷ്ടി മറ്റുള്ള എല്ലാറ്റിനെയുംകാൾ ദൈവിക പരിപാലനയ്ക്കു വിഷയമാണ്. ഏറ്റവും ശ്രേഷ്ഠ

www.malankaralibrary.com



മായവിധത്തിൽ അത് അപ്രകാരമാണ്. കാരണം, അത് ആ പരിപാലനയിൽ പങ്കുപറ്റുന്നു. തന്നെത്തന്നെയും മറ്റുള്ളവരെയും അതു പരിപാലിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നിത്യ യുക്തിയുടെ ഭാഗഭാഗിത്വം അതിനുണ്ട്. തൻമൂലം അതിന് അതിൻെറ സ്വാഭാവികമായ പ്രവൃത്തിയിലേക്കും ലക്ഷ്യത്തിലേക്കും ഒരു ചായ്‌വുണ്ട്. വിവേകമുള്ള സൃഷ്ടിയിൽ നിലകൊള്ളുന്ന നിത്യനിയമത്തിൻെറ പങ്കെടുക്കലിനെ സ്വാഭാവിക നിയമമെന്നു വിളിക്കുന്നു." [82]

44. സ്വാഭാവിക നിയമത്തെപ്പറ്റിയുള്ള വി. തോമസ് അകീനാസിൻെറ സിദ്ധാന്തത്തെ സഭ തൻെറ തന്നെ ധർമ്മശാസ്ത്ര പ്രബോധനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പലപ്പോഴും പരാമർശിക്കാറുണ്ട്. അങ്ങനെ, വന്ദ്യനായ എൻെറ മുൻഗാമി ലെയോ 13-ാമൻ, *ദൈവത്തിൻെറ ജ്ഞാനത്തിനും അവിടുത്തെ നിയമത്തിനും മനുഷ്യൻെറ യുക്തിയും മാനുഷിക നിയമവും സത്താപരമായി വിധേയമായിരിക്കുന്നുവെന്ന് ഉറപ്പിച്ചു പറഞ്ഞു. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "സ്വാഭാവിക നിയമം ഓരോ മനുഷ്യൻെറയും ഹൃദയത്തിൽ എഴുതപ്പെടുകയും കൊത്തിവയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കാരണം, നന്മചെയ്യാൻ നമ്മോടു കല്പിക്കുന്നതും, പാപം ചെയ്യരുതെന്ന് നമ്മെ ഉപദേശിക്കുന്നതും മാനുഷിക ബുദ്ധിയല്ലാതെ മറ്റൊന്നുമല്ല". ഇപ്രകാരം പ്രസ്താവിച്ചിട്ട് ലെയോ 13-ാമൻ ദൈവിക നിയമദാതാവിൻെറ 'ഉന്നതമായ' യുക്തിയെപ്പറ്റി പറയുന്നു: "എന്നാൽ മനുഷ്യബുദ്ധിയുടെ ഈ കല്പന നമ്മുടെ ചൈതന്യവും നമ്മുടെ സ്വാതന്ത്ര്യവും കീഴടങ്ങേണ്ട ഉയർന്ന ഒരു ബുദ്ധിയുടെ ശബ്ദവും അതിൻെറ വ്യാഖ്യാതാവും ആണ്. അല്ലെങ്കിൽ, ഇതിന് ഒരു നിയമത്തിൻെറ ശക്തി ലഭിക്കുകയില്ല". കടമകൾ ഏല്പിക്കുക, അവകാശങ്ങൾ നൽകുക, ചില തരത്തിലുള്ള പെരുമാറ്റത്തെ അംഗീകരിക്കുക എന്നിവയ്ക്കുള്ള അധികാരത്തിലാണ് യഥാർത്ഥത്തിൽ നിയമത്തിൻെറ ശക്തി നിലകൊള്ളുന്നത്. മനുഷ്യൻെറ പരമനിയമദാതാവായവൻ തൻെറ പ്രവൃത്തികളുടെ നിയമത്തെ മനുഷ്യനു നൽകിയില്ലെങ്കിൽ മനുഷ്യനിൽ ഇതൊന്നും നിലനിൽക്കുകയില്ലെന്ന് വ്യക്തമാണ്". അദ്ദേഹം ഇങ്ങനെ ഉപസംഹരിക്കുന്നു: "സ്വാഭാവിക നിയമംതന്നെ നിത്യനിയമമാണെന്ന്* ഇതിൽ നിന്നു വ്യക്തമാകുന്നു. വിവേകമുള്ള സത്തകളിൽ നടപ്പെട്ടതാണത്; അവയെ അവയുടെ ശരിയായ പ്രവൃത്തിയിലേക്കും ലക്ഷ്യത്തിലേക്കും ചായിക്കുന്നതുമാണ്. അതു സ്രഷ്ടാവും പ്രപഞ്ചത്തിൻെറ ഭരണാധികാരിയുമായവൻെറ നിത്യ ബുദ്ധിയല്ലാതെ മറ്റൊന്നുമല്ല". [83]

www.malankaralibrary.com



നന്മയും തിന്മയും തിരിച്ചറിയാൻ മനുഷ്യനു കഴിയും. അവൻ തന്നെ തൻെറ ബുദ്ധികൊണ്ട് നന്മയെയും തിന്മയെയും തിരച്ചറിയുന്നതിൻെറ സഹായത്താലാണ് അതു സാധിക്കുന്നത്. പ്രത്യേകിച്ച് ദൈവികവെളിപാടും വിശ്വാസവും പ്രകാശിപ്പിച്ച അവൻെറ ബുദ്ധി കൊണ്ടാണ് അതു സാധിക്കുക. ദൈവിക വെളിപാടും വിശ്വാസവും അവനെ പ്രകാശിപ്പിക്കുന്നത്, സീനായിൽ നല്കപ്പെട്ട കല്പനകൾ തുടങ്ങി, ദൈവം തൻെറ തരിഞ്ഞെടുക്കപ്പെട്ട ജനത്തിനു നല്കിയ നിയമങ്ങൾ വഴിയാണ്. ഒരു പ്രത്യേക സമ്മാനമായിട്ടും തിരഞ്ഞെടുക്കപ്പെട്ടതിൻെറയും ദൈവിക ഉടമ്പടിയുടെയും അടയാളമായിട്ടും, ദൈവത്തിൻെറ അനുഗ്രഹത്തിൻെറ അച്ചാരമായിട്ടുമാണ് ദൈവത്തിൻെറ നിയമത്തെ സ്വീകരിക്കാനും അതനുസരിച്ചു ജീവിക്കാനും ഇസ്രായേൽ വിളിക്കപ്പെട്ടത്. അങ്ങനെ, മോശയ്ക്ക് ഇസ്രായേൽ ജനതയെ അഭിസംബോധനചെയ്യാനും അവരോടു ഇപ്രകാരം ചോദിക്കാനും കഴിഞ്ഞു: "നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്കു സമീപസ്ഥനായിരിക്കുന്നു. ഇതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത്? ഞാൻ ഇന്നു നിങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന നിയമസംഹിതയിലേതുപോലെ നീതിയുക്തമായ ചട്ടങ്ങളും നിയമങ്ങളും മറ്റേതു ശ്രേഷ്ഠ ജനതയ്ക്കാണുള്ളത്".? (നിയമാ. 4:7–8). തിരഞ്ഞെടുക്കപ്പെട്ട ജനം ദൈവത്തിൻെറ നിയമത്തോടു കാണിക്കാൻ ആഹ്വാനം ചെയ്യപ്പെട്ട, പുകഴ്ചയുടെയും നന്ദിയുടെയും ബഹുമാനത്തിൻെറയും വികാരങ്ങളെ സങ്കീർത്തനങ്ങളിൽ നാം കണ്ടുമുട്ടുന്നു. ആ നിയമത്തെ അറിയാനും, അതിനെപ്പറ്റി ചിന്തിക്കാനും, അതിനെ ജീവിതത്തിലേക്കു പകർത്താനുമുള്ള ഒരു ആഹ്വാനവും അവയിൽ കാണാം: "ദുഷ്ടന്മാരുടെ ഉപദേശം സ്വീകരിക്കുകയോ പാപികളുടെ വഴിയിൽ വ്യാപരിക്കുകയോ പരിഹാസകരുടെ പീഠങ്ങളിലിരിക്കുകയോ ചെയ്യാത്തവൻ ഭാഗ്യവാൻ. അവൻെറ ആനന്ദം കർത്താവിൻെറ നിയമത്തിലാണ്. രാവും പകലും അവൻ അതിനെക്കുറിച്ചു ധ്യാനിക്കുന്നു" (സങ്കീ. 1:1–2). കർത്താവിൻെറ നിയമം അവികലമാണ്, അത് ആത്മാവിനു പുതുജീവൻ പകരുന്നു. കർത്താവിൻെറ സാക്ഷ്യം വിശ്വാസ്യമാണ്. അതു വിനീതരെ വിജ്ഞാനികളാക്കുന്നു. കർത്താവിൻെറ കല്പനകൾ നീതിയുക്തമാണ്; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; കർത്താവിൻെറ പ്രമാണം വിശുദ്ധമാണ്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു" (സങ്കീ. 18;19:8–9).

45. സഭ വെളിപാടിൻെറ നിക്ഷേപത്തെ മുഴുവനും– മതാത്മകമായ ഒരു ബഹുമാനത്തോടെ അതിനെ കൈകാര്യം ചെയ്യുകയും

www.malankaralibrary.com



സുവിശേഷത്തിൻെറ വെളിച്ചത്തിൽ ദൈവനിയമത്തെ ശരിയായി വ്യാഖ്യാനിക്കുക എന്ന ദൗത്യം നിറവേറ്റുകയും ചെയ്തുകൊണ്ട്-നന്ദിപൂർവ്വം സ്വീകരിക്കുകയും സ്നേഹപൂർവ്വം പരിരക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ, സഭയ്ക്കു പുതിയ നിയമമെന്ന ദാനവും ലഭിച്ചു. അതു യേശു ക്രിസ്തുവിലും അവിടുത്തെ പരിശുദ്ധാത്മാവിലും സംഭവിച്ച ദൈവികനിയമത്തിൻെറ "പൂർത്തീകരണമാണ്". അത് ഒരു "ആന്തരിക" നിയമമാണ് (ജെറ. 31:31-33) " മഷി കൊണ്ടല്ല സജീവ ദൈവത്തിൻെറ പരിശുദ്ധാത്മാവിനെക്കൊണ്ടാണത് എഴുതപ്പെട്ടത്. കല്പലകകളിലല്ല, മനുഷ്യഹൃദയങ്ങളാകുന്ന പലകകളിലാണ് അത് എഴുതപ്പെട്ടത്" (2 കൊറി. 3:3). അതു പൂർണ്ണതയുടെയും സ്വാതന്ത്ര്യത്തിൻെറയും നിയമമാണ് (2 കൊറി. 3:17). "യേശുക്രിസ്തുവിൽ ജീവൻെറ പരിശുദ്ധാത്മാവിൻെറ നിയമമാണത്" (റോമ 8:27). ഈ നിയമത്തെ " രണ്ടുതരത്തിൽ നിയമമെന്നു വിളിക്കാം" എന്നു വി. തോമസ് അകിനാസ് എഴുതുന്നു. "ഒന്നാമതായി ആത്മാവിൻെറ നിയമം പരിശുദ്ധാത്മാവിൻെറ നിയമമാണ്........ പരിശുദ്ധാത്മാവ് ആത്മാവിൽ വസിച്ചുകൊണ്ട്, ചെയ്യപ്പെടേണ്ടവയെപ്പറ്റി ബുദ്ധിയെ പ്രകാശിപ്പിച്ചുകൊണ്ട് ചെയ്യേണ്ടത് എന്താണെന്നു പഠിപ്പിക്കുന്നു. അതുമാത്രമല്ല, നീതിനിഷ്ഠയോടെ പ്രവർത്തിക്കാൻ മനോവൃത്തികളെ ചായ്ക്കുകകൂടി ചെയ്യുന്നു...... രണ്ടാമതായി, ആത്മാവിൻെറ നിയമത്തെ, പരിശുദ്ധാത്മാവിൻെറ യഥാർത്ഥ ഫലമെന്നും വിളിക്കാം. അങ്ങനെ വിശ്വാസം സ്നേഹത്തിലൂടെ പ്രവർത്തിച്ചുകൊണ്ട് (ഗലാ.5:6), ചെയ്യപ്പെടേണ്ട കാര്യങ്ങളെപ്പറ്റി ആന്തരികമായി പഠിപ്പിക്കുകയും.......പ്രവർത്തിക്കാൻ മനോവൃത്തികളെ ചായ്ക്കുകയും ചെയ്യുന്നു." [84]

ധാർമ്മിക ദൈവശാസ്ത്രപരമായ പരിചിന്തനം സാധാരണമായി, ഭാവാത്മകമായ അഥവാ ആവിഷ്കൃതമായ ദൈവനിയമത്തെയും, സ്വാഭാവിക നിയമത്തെയും തമ്മിൽ വേർതിരിക്കുന്നുണ്ട്. അതുപോലെ തന്നെ രക്ഷാകരപദ്ധതിക്കുള്ളിൽ "പഴയതും" "പുതിയതു"മായ നിയമങ്ങളെ തമ്മിലും വേർതിരിക്കുന്നുണ്ട്. എന്നാലും ഒരു കാര്യം വിസ്മരിക്കരുത്. ഈ വേർതിരിക്കലുകളും ഉപയോഗപ്രദങ്ങളായ മറ്റു വേർതിരിക്കലുകളും ഒരേ നിയമത്തെയാണ് പരാമർശിക്കുന്നത്. അതിൻെറ കർത്താവ് ഒരേ ദൈവമാണ്. ആ നിയമം എപ്പോഴും മനുഷ്യനെ ഉദ്ദേശിച്ചുള്ളതുമാണ്. ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവം വ്യത്യസ്ത രീതികളിൽ ലോകത്തെയും മനുഷ്യവംശത്തെയും പരിപാലിക്കുന്നു. ആ വ്യത്യസ്ത രീതികൾ പരസ്പരം ഒഴിവാക്കുന്നവയല്ല. നേരേമറിച്ച് അവ പരസ്പരം പിന്താങ്ങുകയും കൂട്ടിമുട്ടുകയും ചെയ്യുന്നു. അവയുടെ ഉത്പ

www.malankaralibrary.com



ത്തിയും ലക്ഷ്യവും ദൈവത്തിൻെറ സനാതനവും ബുദ്ധിപൂർവ്വകവും സ്നേഹമസൃണവുമായ ആലോചനയിലാണ്. അതുവഴി ദൈവം സ്ത്രീപുരുഷന്മാരെ, "തൻെറ പുത്രൻെറ സാദൃശ്യത്തോട് ഒത്തവരായിരിക്കാൻ" (റോമാ.8:26) മുൻകൂട്ടി നിശ്ചയിക്കുന്നു. ദൈവത്തിൻെറ പദ്ധതി മനുഷ്യൻെറ യഥാർത്ഥമായ സ്വാതന്ത്ര്യത്തിനെതിരേ ഒരു വെല്ലുവിളിയും ഉയർത്തുന്നില്ല. നേരേമറിച്ച് ദൈവിക പദ്ധതിയുടെ സ്വീകരണം മാത്രമാണ് ആ സ്വാതന്ത്ര്യത്തെ ഉറപ്പിക്കാനുള്ള മാർഗ്ഗം.

*"നിയമം ആവശ്യപ്പെടുന്നത് അവരുടെ ഹൃദയങ്ങളിൽ എഴുതിയിട്ടുണ്ട്" (റോമാ. 2:15).*

46. സ്വാതന്ത്ര്യവും നിയമവും തമ്മിൽ നിലവിലുണ്ടെന്നു സങ്കല്പിക്കപ്പെടുന്ന സംഘർഷം ഇന്നു വീണ്ടും ശക്തിയുക്തം പ്രകാശിപ്പിക്കപ്പെടുന്നുണ്ട്. സ്വാഭാവിക നിയമത്തെ സംബന്ധിച്ചും പ്രത്യേകിച്ച് പ്രകൃതിയെ സംബന്ധിച്ചുമാണിതു സംഭവിച്ചിരിക്കുന്നത്. ധാർമ്മികചിന്തയുടെ ചരിത്രത്തിൽ പ്രകൃതിയെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള വാദപ്രതിവാദങ്ങൾ എന്നും ശ്രദ്ധേയങ്ങളായിരുന്നിട്ടുണ്ട്. നവോത്ഥാനത്തിൻെറയും മത നവീകരണത്തിൻെറയും കാലത്ത് പ്രത്യേകമാംവിധം ചൂടുപിടിച്ച വാദപ്രതിവാദമായി അതു വളർന്നു. ട്രെൻറു സൂനഹദോസിൻെറ പ്രബോധനങ്ങളിൽ നിന്ന് അതു വ്യക്തമാകും.[85] നമ്മുടെ ഈ കാലഘട്ടത്തിലും, വ്യത്യസ്തമായ അർത്ഥത്തിലാണെങ്കിലും, സമാനമായ ഒരു സംഘർഷം വ്യക്തമായിക്കാണാം. ഭൗതിക പരീക്ഷണ നിരീക്ഷണങ്ങളോടുള്ള അത്യാസക്തി, വസ്തുനിഷ്ഠമാക്കലിൻെറ ശാസ്ത്രീയ പ്രക്രിയകൾ, സാങ്കേതികവിദ്യയിലുള്ള പുരോഗതി, സർവ്വസ്വതന്ത്രതാവാദത്തിൻെറ (liberalism) ചില രൂപങ്ങൾ എന്നിവ ഈ രണ്ടു വാക്കുകളും പരസ്പര വിരുദ്ധങ്ങളായി സ്ഥാപിക്കപ്പെടുന്നതിലേക്കു നയിച്ചു. മനുഷ്യചരിത്രഘടനയുടെ സവിശേഷതയാണു സ്വാതന്ത്ര്യവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം (dialectics) എന്നു വന്നു. സമ്പൂർണ്ണമായ ഒരു സംഘട്ടനമില്ലെങ്കിലും അവ തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു വന്നു. വേറെ ചില കാലഘട്ടങ്ങളിൽ, " പ്രകൃതി" മനുഷ്യനെ പൂർണ്ണമായി തൻെറ സ്വയംചാലകത്വത്തിനും തൻെറ അഭേദ്യമായ നിയമങ്ങൾക്കുപോലും, പൂർണ്ണമായി വിധേയനാക്കി എന്നു-തോന്നി. ഈ കാലഘട്ടത്തിലും, മാനുഷിക യഥാർത്ഥ്യത്തിൻെറ യഥാർത്ഥ നിർണ്ണായകങ്ങളായ വസ്തുതകൾ തഴെപ്പറയുന്നവ മാത്രമാണെന്ന് ചിലർ കരുതുന്നു: സ്ഥലത്തിനും കാലത്തിനുമുള്ളിലുള്ള ഇന്ദ്രിയങ്ങളുടെ ലോകത്തിൻെറ അവസ്ഥ, ശാരീരികവും രാസപദാർത്ഥപരവുമായ സ്ഥിരതത്ത്വങ്ങൾ, ശാരീരിക പ്രക്രിയകൾ,

www.malankaralibrary.com



മനശ്ശാസ്ത്രപരമായ തോന്നലുകൾ, സാമൂഹിക സാഹചര്യങ്ങളുടെ രൂപങ്ങൾ. ഈ സാഹചര്യത്തിൽ, ധാർമ്മികയാഥാർത്ഥ്യങ്ങളെപ്പോലും – അവ സവിശേഷമായി അങ്ങനെയാണെങ്കിലും – സ്ഥിതി വിവരക്കണക്കനുസരിച്ച് സത്യാവസ്ഥ നിശ്ചയിക്കാവുന്ന സംഭവങ്ങളെപ്പോലെ കരുതി മിക്കപ്പോഴും പ്രതിപാദിക്കുന്നു. അവയെ നിരീക്ഷണത്തിനു വിഷയമായ, അല്ലെങ്കിൽ മനശ്ശാസ്ത്രപരമായ പ്രക്രിയയുടെ വിഭാഗങ്ങളനുസരിച്ചു മാത്രം വിശദീകരിക്കാവുന്ന പെരുമാറ്റത്തിൻെറ മാതൃകകളായി കരുതുന്നു. അതിൻെറ ഫലമായി മാനുഷിക യാഥാർത്ഥ്യങ്ങളെയും പെരുമാറ്റത്തെയും പറ്റി പഠിക്കുന്നതിൽ ഔദ്യോഗികമായി ഏർപ്പെട്ടിരിക്കുന്ന ചില ധർമ്മശാസ്ത്രജ്ഞന്മാർ (ethicists) ഒരു പ്രലോഭനത്തിനു വിധേയരായിത്തീരാം. വസ്തുനിഷ്ഠമായ പെരുമാറ്റത്തിൻെറ മാതൃകകളെക്കുറിച്ചുള്ള സ്ഥിതിവിവരണക്കണക്ക് സംബന്ധമായ പഠനത്തിൻെറ ഫലങ്ങളെയും ധർമ്മശാസ്ത്രത്തെപ്പറ്റി ഭൂരിപക്ഷം ജനങ്ങളിൽ കാണുന്ന അഭിപ്രായങ്ങളെയും തങ്ങളുടെ ശാസ്ത്രത്തിൻെറ മാനദണ്ഡമായിട്ടും അതിൻെറ പ്രവർത്തനാത്മക നിയമങ്ങളായിട്ടുപോലും പരിഗണിക്കുക എന്നതാണ് ആ പ്രലോഭനം.

മറ്റു ധർമ്മശാസ്ത്രജ്ഞന്മാർ (moralists) മൂല്യങ്ങളുടെ പ്രാധാന്യത്തെ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ട് അവർ സ്വാതന്ത്ര്യത്തിൻെറ മഹത്വത്തെ സംബന്ധിച്ച് സൂക്ഷ്മ സംവേദകത്വമുള്ളവരായി നിലകൊള്ളുന്നു. എന്നാലും, ഭൗതികവും ജീവശാസ്ത്രപരവുമായ പ്രകൃതിയെ ഏതെങ്കിലും തരത്തിൽ എതിർക്കുകയോ അതുമായി സംഘർഷത്തിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഒന്നായിട്ടാണ് അവർ സ്വാതന്ത്ര്യത്തെ മിക്കപ്പോഴും സങ്കല്പിക്കുന്നത്. സ്വാതന്ത്ര്യം അതിനെ പടിപടിയായി കീഴടക്കണമെന്നും അവർ കരുതുന്നു. ഇവിടെ വ്യത്യസ്തങ്ങളായ ഈ സമീപനങ്ങളെല്ലാം ഒരു കാര്യത്തിൽ ഒന്നിക്കുന്നു- പ്രകൃതിയുടെ സൃഷ്ടിക്കപ്പെട്ട മാനത്തെ അവഗണിക്കുകയും അതിൻെറ അവികലതയെ (integrity) തെറ്റിദ്ധരിക്കുകയും ചെയ്യുന്നതിൽ. *ചിലരുടെ അഭിപ്രായത്തിൽ* "പ്രകൃതി" മാനുഷികപ്രവർത്തനത്തിനും അതിൻെറ ശക്തിക്കും വേണ്ടിയുള്ള അസംസ്കൃത പദാർത്ഥം മാത്രമാണ്. അങ്ങനെ സ്വഭാവത്തെ (പ്രകൃതിയെ) സ്വാതന്ത്ര്യം അത്യഗാധമാംവിധം പരിവർത്തിപ്പിക്കുകയും യഥാർത്ഥത്തിൽ കീഴടക്കുകയും ചെയ്യണം. കാരണം, അതു സ്വാതന്ത്ര്യത്തിൻെറ പരിമിതിയും നിഷേധവുമായിരിക്കുന്നു. *വേറെ ചിലരുടെ അഭിപ്രായത്തിൽ,* മനുഷ്യൻെറ ശക്തിയുടെ അഥവാ സ്വാതന്ത്ര്യത്തിൻെറ അനിയന്ത്രിതമായ മുന്നേറ്റത്തിലാണ് സാമ്പത്തികവും സാംസ്കാരികവും സാമൂ

www.malankaralibrary.com



ഹികവുമായ മൂല്യങ്ങൾ സ്ഥാപിക്കപ്പെടുന്നത്. ധാർമ്മികമായ മൂല്യങ്ങൾപോലും അങ്ങനെതന്നെയാണു സ്ഥാപിക്കപ്പെടുന്നത്. അപ്പോൾ, പ്രകൃതി എന്നതിന് മനുഷ്യനിലുള്ള എല്ലാം-സ്വാതന്ത്ര്യമൊഴികെ ലോകമെല്ലാം- എന്നർത്ഥമാകും. ഇത്തരമൊരുസങ്കല്പത്തിൽ സ്വഭാവം ഒന്നാമതായി മനുഷ്യശരീരത്തെയും അതിൻെറ ഘടനയെയും അതിൻെറ പ്രക്രിയകളെയും ഉൾക്കൊള്ളുന്നു. "നിർമ്മിക്കപ്പെട്ട" മറ്റെന്തും, വേറെവാക്കുകളിൽ പറഞ്ഞാൽ, സ്വാതന്ത്ര്യത്തിൻെറ ഉത്പന്നവും ഫലവുമെന്നനിലയിൽ, "സംസ്കാരം" ഈ ഭൗതികയാഥാർത്ഥ്യത്തിന് എതിരാണ്. ഈ വിധത്തിൽ മനസ്സിലാക്കപ്പെട്ട മനുഷ്യസ്വഭാവത്തെ എപ്പോഴും ലഭ്യമായ ജീവശാസ്ത്രപരമോ സാമൂഹികമോ ആയ പദാർത്ഥമായി ചുരുക്കാം. ആ വിധത്തിൽ അതിൻെറ കൈകാര്യവും നടത്താം. ആത്യന്തികമായ അപഗ്രഥനത്തിൽ ഇതിൻെറ അർത്ഥം, സ്വാതന്ത്ര്യത്തെ സ്വയം നിർവചിക്കുന്ന ഒന്നായിട്ടും, തന്നെത്തന്നെയും തൻെറ മൂല്യങ്ങളെയും സൃഷ്ടിക്കുന്ന ഒരു പ്രതിഭാസമായിട്ടും കരുതുക എന്നതാണ്. എല്ലാം പറഞ്ഞും ചെയ്തുകഴിയുമ്പോൾ മനുഷ്യന് ഒരു സ്വഭാവമേയില്ലെന്നുവരും. മനുഷ്യൻ തൻെറ തന്നെ വ്യക്തിപരമായ ഒരു ജീവിത പദ്ധതിയായിത്തീരും. മനുഷ്യൻ സ്വന്തം സ്വാതന്ത്ര്യമല്ലാതെ മറ്റൊന്നല്ലെന്നുവരും.

47. ഈ സാഹചര്യത്തിൽ സ്വാഭാവികമായ നിയമത്തെപ്പറ്റിയുള്ള പരമ്പരാഗത സങ്കൽപ്പത്തിനെതിരേ, *പദാർത്ഥ മാഹാത്മ്യവാദവും(physicalism)പ്രകൃതി മാഹാത്മ്യവാദവും (naturalism) എതിർപ്പുകൾ പ്രകടിപ്പിക്കുന്നു. കേവലം ജീവശാസ്ത്രപരമായ നിയമങ്ങളെ ധാർമ്മികനിയമങ്ങളായി അത് അവതരിപ്പിക്കുന്നു എന്നാണ് കുറ്റപ്പെടുത്തുന്നത്. തത്ഫലമായി ചിലതരം മാനുഷികപെരുമാറ്റങ്ങൾക്ക് സ്ഥിരവും അചഞ്ചലവുമായ സ്വഭാവമുണ്ടെന്ന് വളരെ ഉപരിപ്ലവമായ വിധത്തിൽ പറയുന്നു. എന്നിട്ട്, അതിൻെറ അടിസ്ഥാനത്തിൽ സാർവ്വത്രിക സാധുതയുള്ള ധാർമ്മിക നിയമങ്ങളെ ക്രോഡീകരിക്കാനുള്ള ശ്രമം നടത്തുന്നു. സഭയുടെ പ്രബോധനാധികാരം പുറപ്പെടുവിച്ചിട്ടുള്ള ചില രേഖകളിൽപ്പോലും ഇത്തരം "ജീവശാസ്ത്ര സംബന്ധമായ (biologistic) അഥവാ പ്രകൃതി മാഹാത്മ്യവാദപരമായ (naturalistic) വാദഗതിയുണ്ടെന്ന് ചില ദൈവശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ലൈംഗികവും ദാമ്പത്യപരവുമായ ധർമ്മശാസ്ത്രത്തെ(ethics)പ്പറ്റി പ്രതിപാദിക്കുന്ന രേഖകളിൽ അവ പ്രത്യേകിച്ച് ഉണ്ടെന്നാണ് അവർ പറയുന്നത്. ലൈംഗിക സംയോഗത്തെ പ്രകൃതിമാഹാത്മ്യവാദപരമായ അടിസ്ഥാനത്തിൽ മനസ്സിലാക്കിയതുകൊണ്ടാണ് ഗർഭനിരോ*

www.malankaralibrary.com



ധനം, നേരിട്ടുള്ള വന്ധ്യംകരണം, സ്വന്തം ശരീരത്തിൽ നിന്നുതന്നെ ഇന്ദ്രിയ സുഖം നേടൽ, വിവാഹത്തിനുമുൻപുള്ള ലൈംഗികബന്ധങ്ങൾ, സ്വവർഗ്ഗഭോഗപരമായ ബന്ധങ്ങൾ, കൃത്രിമ ബീജാധാനം എന്നിവ ധാർമ്മികമായി അസ്വീകാര്യമെന്നു തള്ളിപ്പറഞ്ഞത് എന്നാണ് അവരുടെ വാദം. അത്തരം പ്രവൃത്തികളുടെ ധാർമ്മികമായി നിഷേധാത്മകമായ ഒരു വിലയിരുത്തൽ, വിവേകവും സ്വാതന്ത്ര്യവുമുള്ള സത്ത എന്നനിലയിലുള്ള മനുഷ്യൻെറ പ്രകൃതിയെയും, എല്ലാ ധാർമ്മികനിയമങ്ങളുടെയും സാംസ്കാരിക പരിമിതികളെയും (conditioning)പര്യാപ്തമാം വിധം പരിഗണിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നു എന്നതാണ് അവരുടെ അഭിപ്രായം. അവരുടെ അഭിപ്രായത്തിൽ ബുദ്ധിയുള്ള ഒരു സത്ത (being) എന്ന നിലയിൽ, തൻെറ പെരുമാറ്റത്തിൻെറ അർത്ഥം *സ്വതന്ത്രമായി നിശ്ചയിക്കാൻ മനുഷ്യനുകഴിയും. എന്നു മാത്രമല്ല അവൻ അങ്ങനെ ചെയ്യുകയും വേണം. "അർത്ഥം നിശ്ചയിക്കുന്ന" ഈ പ്രക്രിയയിൽ ശരീരത്തിലും ചരിത്രത്തിലും സ്ഥിതിചെയ്യുന്ന മനുഷ്യ ജീവിക്കുള്ള വിവിധ പരിമിതികളെ പരിഗണിക്കേണ്ടിവരുമെന്നതു തീർച്ചയാണ്. കൂടാതെ, ഏതു സംസ്കാരത്തിലും പെരുമാറ്റപരമായ മാതൃകകളെയും മനുഷ്യജീവി നേടുന്ന അർത്ഥങ്ങളെയും പരിഗണിക്കേണ്ടിവരും. സർവോപരി ദൈവത്തെയും അയല്ക്കാരനെയും സ്നേഹിക്കണം എന്ന മൗലിക കല്പനയെ ബഹുമാനിക്കണം. എന്നാലും, അവർ പറയുന്നു, ദൈവം മനുഷ്യനെ ബുദ്ധിപരമായി സ്വതന്ത്രസത്തയായിട്ടാണ് സൃഷ്ടിച്ചത്. "തൻെറ തന്നെ ആലോചനയിൽ സ്വതന്ത്രനായി ജീവിക്കാൻ ദൈവം അവനെ വിട്ടു. മനുഷ്യൻ തൻെറ ജീവിതത്തെ വ്യക്തിപരമായും ബുദ്ധിപരമായും രൂപപ്പെടുത്തുമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. അയൽക്കാരനോടുള്ള സ്നേഹം എന്നതിൻെറ അർത്ഥം സ്വന്തം തീരുമാനങ്ങളെടുക്കാനുള്ള അവൻെറ സ്വാതന്ത്ര്യത്തെ സർവ്വോപരി മാനിക്കുക എന്നതാണ്. അതു മാത്രമാണെന്നുവരാം. സവിശേഷമായി മാനുഷികമായിട്ടുള്ള പെരുമാറ്റത്തിൻെറ പ്രവർത്തനങ്ങൾ "സ്വാഭാവികവാസനകൾ" എന്നിവയെല്ലാം അങ്ങേയറ്റം ശരിയായ പ്രവർത്തനത്തിനു പൊതുവായ നിർദ്ദേശം നല്കുകയേയുള്ളൂ. വ്യക്തിപരമായ മാനുഷിക പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്താൻ അവയ്ക്കു സാദ്ധ്യമല്ല. കാരണം, സാഹചര്യങ്ങളുടെ വീക്ഷണപ്രകാരം അവ അത്രമാത്രം സങ്കീർണ്ണമാണ് എന്നൊക്കെ അവർ പറയുന്നു.*

*48. ഈ സിദ്ധാന്തത്തെ നേരിടുമ്പോൾ സ്വാതന്ത്ര്യവും മനുഷ്യസ്വഭാവവും തമ്മിലുള്ള ശരിയായ ബന്ധത്തെ ശ്രദ്ധാപൂർവ്വം പരിഗണിക്കണം. പ്രത്യേകിച്ച് സ്വാഭാവിക നിയമങ്ങളെ സംബന്ധിച്ച*

www.malankaralibrary.com



*പ്രശ്നങ്ങളിൽ മനുഷ്യശരീരത്തിനുള്ള സ്ഥാനവും* ശ്രദ്ധാപൂർവ്വം പരിഗണിക്കണം.

അനന്യസംബദ്ധമെന്ന് (absolute)അവകാശപ്പെടുന്ന സ്വാതന്ത്ര്യം മനുഷ്യശരീരത്തെ വെറും അസംസ്കൃത വസ്തുവായി കൈകാര്യം ചെയ്യുന്നതിൽ ചെന്നു നില്ക്കും. സ്വാതന്ത്ര്യം തന്റെ പദ്ധതി പ്രകാരം അതിനെ രൂപപ്പെടുത്തുന്നതുവരെ യാതൊരർത്ഥമോ ധാർമ്മിക മൂല്യങ്ങളോ ഇല്ലാത്ത വസ്തുവായി അതിനെ കരുതും. തത്ഫലമായി, മനുഷ്യസ്വഭാവവും ശരീരവും മുൻകൂട്ടി സങ്കല്പിക്കപ്പെടുന്നവ (presuppositions) അല്ലെങ്കിൽ പീഠികകൾ ആയി കാണപ്പെടും. സ്വാതന്ത്ര്യത്തിന് തന്റെ തിരഞ്ഞെടുപ്പു നടത്താൻ അത്യാവശ്യമുള്ള വസ്തുക്കളായി – എന്നാൽ വ്യക്തിയ്ക്കും പ്രവൃത്തിയുടെ കർത്താവിനും മാനുഷിക പ്രവൃത്തിക്കും പുറമേ നില്ക്കുന്ന വസ്തുക്കൾ ആയി- അവ കാണപ്പെടും. അവയുടെ ധർമ്മങ്ങൾക്ക്, ധാർമ്മിക തീരുമാനങ്ങളുടെ പരാമർശകേന്ദ്രങ്ങളായിരിക്കാൻ കഴിയുകയില്ല. കാരണം, ഈ ചാച്ചിലുകളുടെ ലക്ഷ്യങ്ങൾ കേവലം 'ഭൗതിക' (physical) നന്മകളായിരിക്കും. അവയെ ചിലർ പ്രാഗ് - ധാർമ്മികങ്ങൾ (pre-moral) എന്നു വിളിക്കുന്നു. ധാർമ്മികക്രമത്തെ സംബന്ധിച്ച ബുദ്ധിപരമായ സൂചനകൾ അവയിൽ കണ്ടെത്താൻ അവയെ പരിശോധിക്കുന്നവൻ പദാർത്ഥമാഹാത്മ്യവാദത്തിന്റെ (physicalism) അഥവാ ജീവശാസ്ത്രവാദത്തിന്റെ (Biologisim) കുറ്റപ്പെടുത്തലിനു വിധേയനാകും. ഈ ചിന്താരീതിയിൽ, സ്വാതന്ത്ര്യവും ചുരുങ്ങിയ രീതിയിൽ സങ്കല്പിക്കപ്പെടുന്ന പ്രകൃതിയും തമ്മിലുള്ള സംഘർഷത്തെ മനുഷ്യനിൽത്തന്നെ നടത്തുന്ന ഒരു വിഭജനംകൊണ്ടു പരിഹരിക്കുന്നു.

ഈ ധാർമ്മിക സിദ്ധാന്തം മനുഷ്യനെപ്പറ്റിയും അവന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയുമുള്ള സത്യത്തിനനുസൃതമല്ല. *മനുഷ്യവ്യക്തിയുടെ ഐക്യത്തെപ്പറ്റിയുള്ള സഭാപ്രബോധനങ്ങൾക്കു വിരുദ്ധമാണിത്.* മനുഷ്യവ്യക്തിയുടെ ബുദ്ധിപരമായ ചൈതന്യം (Soul) തന്നിൽത്തന്നെയും (per se) സത്താപരമായും (essentialiter) അവന്റെ ശരീരത്തിന്റെ രൂപമാണ്. [86] ഭൗതികതാതീതവും (spiritual) അമർത്ത്യവുമായ ആത്മാവാണ് മനുഷ്യജീവിയുടെ ഐക്യത്തിന്റെ അടിസ്ഥാനതത്ത്വം. അതുവഴി മനുഷ്യജീവി ഒരു വ്യക്തിയായി, സമ്പൂർണ്ണ ജീവിയായി നിലകൊള്ളുന്നു. ശരീരത്താലും ആത്മാവിനാലും ഒന്നായി (Corpore et anima unus) നിലകൊള്ളുന്നു. [87]. പുനരുത്ഥാനം വാഗ്ദാനം ചെയ്യപ്പെട്ട ശരീരം മഹത്ത്വത്തിൽ പങ്കുപറ്റുമെന്നു മാത്രമല്ല ഈ നിർവചനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ബുദ്ധിയും സ്വതന്ത്രമായ മനസ്സും ശാരീരികവും ഇന്ദ്രിയ

www.malankaralibrary.com



പരവുമായ എല്ലാ ശക്തികളോടും ബന്ധപ്പെട്ടു നില്ക്കുന്നു എന്നു കൂടി അവ നമ്മെ ഓർമ്മിപ്പിക്കുന്നു. *ശരീരം ഉൾപ്പെടെ വ്യക്തി പരിപൂർണ്ണമായി തനിക്കുതന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്നു. ശരീരത്തിൻെറയും ആത്മാവിൻെറയും ഐക്യത്തിലാണ് വ്യക്തി തൻെറ ധാർമ്മിക പ്രവൃത്തികളുടെ കർത്താവായിത്തീരുന്നത്.* ബുദ്ധിയുടെ പ്രകാശംകൊണ്ടും സദ്ഗുണത്തിൻെറ പിൻബലംകൊണ്ടും വ്യക്തി തൻെറ ശരീരത്തിൽ അകാലികങ്ങളായ (anticipatory) അടയാളങ്ങളെ കണ്ടെത്തുന്നു. സ്രഷ്ടാവിൻെറ ജ്ഞാനപരമായ പദ്ധതിക്കനുസൃതമായി ആത്മദാനത്തിൻെറ (gift of self) പ്രകാശനവും വാഗ്ദാനവും കണ്ടെത്തുന്നു. വ്യക്തിയ്ക്കു സ്വാഭാവികമായ ചായ്വുള്ള ചില നന്മകളുടെ സവിശേഷമായ ധാർമ്മിക മൂല്യത്തെ ബുദ്ധി ഗ്രഹിക്കുന്നത് മനുഷ്യവ്യക്തിയുടെ മഹത്ത്വത്തിൻെറ വെളിച്ചത്തിലാണ്. ആ മഹത്ത്വമാകട്ടെ അതിനുവേണ്ടിത്തന്നെ ഉറപ്പിച്ചു പറയേണ്ടതാണ്. സ്വയം നിർമ്മിക്കുന്ന ഒരു സ്വാതന്ത്ര്യമായി മനുഷ്യവ്യക്തിയെ ചുരുക്കാൻ പാടില്ല. ആദ്ധ്യാത്മികവും ശാരീരികവുമായ ഒരു സവിശേഷ ഘടന അവനുണ്ട്. അതുകൊണ്ട് കേവലം ഒരു ഉപാധിയായി ഒരിക്കലും കരുതപ്പെടാതെ, ഒരു ലക്ഷ്യമായി കരുതി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക എന്ന ആദിമ (primordial) ധാർമ്മികാവശ്യം നിലനില്ക്കുന്നു. അത്, സ്വാഭാവികമായി ചില മൗലിക നന്മകളോട് ആദരവുണ്ടായിരിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. അത് ഇല്ലാതായാൽ നാം ആപേക്ഷികതാവാദത്തിലേക്കും (relativism) തന്നിഷ്ടത്തിൻെറ (arbitrariness) ഭാവത്തിലേക്കും അധഃപതിക്കും.

49. ധാർമ്മിക പ്രവൃത്തിയെ അതു പ്രാവർത്തികമാക്കുന്ന ശാരീരിക മാനങ്ങളിൽ നിന്നു വേർതിരിച്ചു കാണുന്ന ഒരു സിദ്ധാന്തം വേദഗ്രന്ഥത്തിനും പാരമ്പര്യത്തിനും വിരുദ്ധമാണ്. സഭ എന്നും എതിർത്തിട്ടുള്ള ചില പുരാതന അബദ്ധ സിദ്ധാന്തങ്ങളെ അതു പുനർജ്ജീവിപ്പിക്കുന്നു. ആ സിദ്ധാന്തങ്ങൾ മനുഷ്യവ്യക്തിയെ "ആദ്ധ്യാത്മികവും" കേവലം രൂപപരവുമായ സ്വാതന്ത്ര്യവുമായി ചുരുക്കി എന്നതുകൊണ്ടാണ് അവയെ സഭ എതിർത്തത്. ഇത്തരം ചുരുക്കൽ ശരീരത്തിൻെറ ധാർമ്മികാർത്ഥത്തെയും അതുൾക്കൊള്ളുന്ന പെരുമാറ്റ രീതികളെയും തെറ്റിദ്ധരിക്കുന്നു (1 കൊറി. 6:19). വിശുദ്ധ പൗലോസ്ശ്ലീഹാ ഇങ്ങനെ പ്രസ്താവിക്കുന്നു: "അസന്മാർഗ്ഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗ്ഗഭോഗികളും കള്ളന്മാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല" (1 കൊറി. 6:9). ഈ തള്ളിപ്പറയൽ ട്രെൻറു സൂനഹദോസ്

www.malankaralibrary.com



ആവർത്തിച്ചിട്ടുണ്ട്. 88. ഈ ശപിച്ചുതള്ളൽ ചില സവിശേഷതരം പെരുമാറ്റങ്ങളെ "മാരകപാപങ്ങളായി" അല്ലെങ്കിൽ അധാർമ്മിക പ്രവൃത്തികളായി എണ്ണുന്നു. അവയുടെ മനഃപൂർവ്വമായ സ്വീകരണം വാഗ്ദാനം ചെയ്യപ്പെട്ട അവകാശത്തിൽ പങ്കുപറ്റുന്നതിൽ നിന്ന് വിശ്വാസികളെ തടയുന്നു. യഥാർത്ഥത്തിൽ, *ശരീരവും ആത്മാവും അവിഭാജ്യങ്ങളാണ്* : വ്യക്തിയിലും ആഗ്രഹിക്കുന്ന പ്രവർത്തകനിലും മനഃപൂർവ്വമായ പ്രവൃത്തിയിലും അവ *ഒന്നിച്ചുനില്ക്കുകയോ ഒന്നിച്ചു വീഴുകയോ ചെയ്യുന്നു.*

50. ഇപ്പോൾ, സ്വാഭാവിക നിയമത്തിൻെറ യഥാർത്ഥമായ അർത്ഥം മനസ്സിലാക്കാം. അതു മനുഷ്യൻെറ യഥാർത്ഥവും ആദിമവുമായ സ്വഭാവത്തെയാണ് "അതായത് മനുഷ്യവ്യക്തിയുടെ സ്വഭാവത്തെയാണ്" [89] സൂചിപ്പിക്കുന്നത്. *ആത്മാവും ശരീരവും ഒന്നുചേർന്ന വ്യക്തിതന്നെയാണത്.* തൻെറ ലക്ഷ്യത്തെ പിൻതുടരുന്നതിന് അത്യാവശ്യമായ ആത്മികവും ജീവശാസ്ത്രപരവുമായ ചായ്‌വുകളുടെയും മറ്റു സകല സവിശേഷ പ്രത്യേകതകളുടെയും ഐക്യത്തിൽ ഒന്നിച്ചിരിക്കുന്ന വ്യക്തിതന്നെയാണ്. "സ്വാഭാവികമായ ധാർമ്മിക നിയമം മനുഷ്യവ്യക്തിയുടെ ശാരീരികവും ആദ്ധ്യാത്മികവുമായ സ്വഭാവത്തിന്മേൽ അധിഷ്ഠിതമായ ലക്ഷ്യങ്ങളെയും അവകാശങ്ങളെയും കടമകളെയും പ്രകാശിപ്പിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. തന്മൂലം ജീവശാസ്ത്രതലത്തിലുള്ള കുറെ നിർദ്ദേശങ്ങളുടെ കൂട്ടം മാത്രമായിട്ട് ഈ നിയമത്തെ കരുതുവാൻ പാടില്ല. മനുഷ്യൻ തൻെറ ജീവിതത്തെയും പ്രവൃത്തികളെയും നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകിച്ച് സ്വന്തം ശരീരത്തെ ഉപയോഗിക്കുന്നതിനുംവേണ്ടി സ്രഷ്ടാവ് അവനു നല്കിയ ബുദ്ധിപരമായ (rational) ഒരു തലമായി അതു നിർവ്വചിക്കപ്പെടണം." [90] ഇതിന് ഒരുദാഹരണം പറയാം. മനുഷ്യജീവനെ പരിപൂർണ്ണമായി ആദരിക്കാനുള്ള കടമയുടെ ഉദ്ഭവവും അടിസ്ഥാനവും വ്യക്തിയ്ക്കു സ്വാഭാവികമായുള്ള മഹത്ത്വത്തിലാണ് കണ്ടെത്തേണ്ടത്. ഒരുവൻെറ ശാരീരിക ജീവനെ സംരക്ഷിക്കാനുള്ള കേവലം സ്വാഭാവികമായ ചായ്‌വിലല്ല. മനുഷ്യജീവൻ മനുഷ്യൻെറ ഒരു മൗലിക നന്മയാണ്. എങ്കിലും അതു വ്യക്തിയുടെ നന്മയെ സംബന്ധിച്ചിടത്തോളം ഒരു ധാർമ്മിക പ്രാധാന്യം അങ്ങനെ നേടുന്നു. ആ വ്യക്തിയാകട്ടെ അവനുവേണ്ടിത്തന്നെ എപ്പോഴും ഉറപ്പായി അംഗീകരിക്കപ്പെടുകയും വേണം. നിരുപദ്രവകാരിയായ ഒരു മനുഷ്യജീവിയെ കൊല്ലുന്നത് എപ്പോഴും ധാർമ്മികമായി നിയമവിരുദ്ധമാണ്. അതേസമയം, ഒരുവൻ അയൽക്കാരനോടുള്ള സ്നേഹത്തെപ്രതിയോ ഒരു സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിനുവേണ്ടിയോ സ്വന്തം ജീവൻ ത്യജി

www.malankaralibrary.com



ക്കുന്നത് നിയമപരവും പ്രശംസനീയവും ചിലപ്പോൾ അത്യാവശ്യവും ആയിരിക്കും (യോഹ. 15:13). "ഒന്നുചേർന്ന സമഗ്രത" (unified totality) ആയി- അതായത് "ഒരു ശരീരത്തിൽ സ്വയം ആവിഷ്കരിക്കുന്ന ആത്മാവും, അമർത്യമായ ആത്മാവു നിറഞ്ഞ ഒരു ശരീരവും ആയി"[91] മനുഷ്യവ്യക്തിയെ പരിഗണിച്ചെങ്കിൽ മാത്രമേ മനുഷ്യശരീരത്തിന്റെ സവിശേഷമായ മാനുഷികാർത്ഥം മനസ്സിലാക്കാൻ കഴിയുകയുള്ളൂ. യഥാർത്ഥത്തിൽ മനുഷ്യവ്യക്തിയോടും അവന്റെ യഥാർത്ഥ ലക്ഷ്യപ്രാപ്തി (fulfilment) യോടും ബന്ധപ്പെടുത്തുന്നിടത്തോളം മാത്രമേ സ്വാഭാവിക ചായ്‌വുകൾക്കു ധാർമ്മിക പ്രസക്തി ഉണ്ടാകുന്നുള്ളൂ. പ്രസ്തുത ലക്ഷ്യപ്രാപ്തി അക്കാര്യത്തെ സംബന്ധിച്ചിടത്തോളം മനുഷ്യസ്വഭാവത്തിൽ എപ്പോഴും ഉണ്ടാകുന്നു. അതിൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. ശാരീരികത്വത്തിന്റെ (corporeity) മാനുഷികമായ അർത്ഥത്തെ മാറ്റിമറിക്കുന്ന എല്ലാ ശാരീരിക ദുരുപയോഗങ്ങളെയും സഭ തള്ളിക്കളയുന്നു. അങ്ങനെ ചെയ്തുകൊണ്ട് സഭ മനുഷ്യനെ സേവിക്കുകയും യഥാർത്ഥ സ്നേഹത്തിന്റെ മാർഗ്ഗത്തെ- ദൈവത്തെ കണ്ടുമുട്ടാൻ കഴിയുന്ന ആ ഏകമാർഗ്ഗത്തെ- അവന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഇപ്രകാരം മനസ്സിലാക്കുമ്പോൾ സ്വാതന്ത്ര്യത്തെയും സ്വഭാവത്തെയും (പ്രകൃതിയെയും) തമ്മിൽ സ്വാഭാവിക നിയമം വേർതിരിക്കുന്നില്ല എന്ന് വ്യക്തമാകും. യഥാർത്ഥത്തിൽ ഈ രണ്ടു യാഥാർത്ഥ്യങ്ങളും മനോജ്ഞമായ രീതിയിൽ പരസ്പരം ഒന്നുചേരുന്നു. അതിൽ ഒന്ന് മറ്റേതിനോട് അവഗാഢം ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

*"ആദിമുതൽ ഇങ്ങനെയായിരുന്നില്ല" (മത്താ. 19:8).*

51. സ്വാഭാവിക നിയമത്തിന്റെ ചില വശങ്ങളുടെ പ്രത്യേകിച്ച് അതിന്റെ സാർവ്വത്രികത (universality) അപരിവർത്തനീയത (immutability) എന്നിവയുടെ വ്യാഖ്യാനത്തെ സംബന്ധിച്ച് സ്വാതന്ത്ര്യവും പ്രകൃതിയും തമ്മിൽ ഉണ്ടെന്നു പറയപ്പെടുന്ന ഈ സംഘർഷം ചില പ്രത്യാഘാതങ്ങൾ ഉളവാക്കിയിട്ടുണ്ട്. വി. ആഗസ്തീനോസ് വിസ്മയപൂർവ്വം പ്രഘോഷിക്കുന്നു: "സത്യമെന്നു വിളിക്കപ്പെടുന്ന പ്രകാശഗ്രന്ഥത്തിലല്ലാതെ മറ്റ് എവിടെയാണ് ഈ നിയമങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്? അവിടെ നിന്നാണ് നീതി പ്രവൃത്തിക്കുന്ന മനുഷ്യഹൃദയത്തിലേക്കു നീതിപൂർവ്വകമായ ഓരോ നിയമവും രേഖപ്പെടുത്തുന്നതും പകർന്നുതരുന്നതും. ചുറ്റിത്തിരിഞ്ഞുകൊണ്ടല്ല അങ്ങനെ ചെയ്യുന്നത്. പ്രത്യുത അതിൽ മുദ്രിതമാക്കു

www.malankaralibrary.com



ന്നതുപോലെയാണ് ആ പ്രക്രിയ. മോതിരത്തിൻെറ ആകൃതി മെഴുകിലേക്കു പകരുന്നു. എന്നാൽ മോതിരത്തിൽനിന്ന് ആകൃതി വിട്ടുപോരുന്നുമില്ല. അതുപോലെയാണത്" [92]

ഈ 'സത്യം' ഉള്ളതുകൊണ്ടുതന്നെയാണ് സ്വാഭാവിക നിയമത്തിനു സാർവ്വത്രികത്വമുണ്ടാകുന്നത്. ആ നിയമം വ്യക്തിയുടെ ബുദ്ധിപരമായ സ്വഭാവത്തിൽ മുദ്രിതമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, ബുദ്ധിയുള്ളതും ചരിത്രത്തിൽ ജീവിക്കുന്നതുമായ എല്ലാ സത്തകളിലും അതു സ്വയം പ്രകടമായിത്തീരുന്നു. വ്യക്തി, തൻെറ സവിശേഷമായ മണ്ഡലത്തിൽ തന്നെത്തന്നെ പൂർണ്ണനാക്കുന്നതിന് നന്മ ചെയ്യുകയും തിന്മയെ ഉപേക്ഷിക്കുകയും വേണം. ജീവൻ പകർന്നുകൊടുക്കാനും ജീവനെ സംരക്ഷിക്കാനും താത്പര്യം കാണിക്കണം. ഭൗതിക ലോകത്തിൻെറ സമ്പത്തിനെ സംസ്കരിക്കുകയും വർദ്ധിപ്പിക്കുകയും വേണം. സാമൂഹിക ജീവിതത്തെ വളർത്തുകയും സത്യത്തെ അന്വേഷിക്കുകയും നന്മ പ്രവൃത്തിക്കുകയും സൗന്ദര്യത്തെപ്പറ്റി ധ്യാനിക്കുകയും വേണം. [93]

വ്യക്തികളുടെ സ്വാതന്ത്ര്യവും എല്ലാവർക്കും പൊതുവായിട്ടുള്ള സ്വഭാവവും തമ്മിൽ ഒരു വിഭജനമുണ്ടെന്നു ചിലർ പ്രസ്താവിക്കുന്നു. ഇന്നത്തെ സംസ്കാരത്തിൽ വളരെ സ്വാധീനമുള്ള ചില താത്ത്വികസിദ്ധാന്തങ്ങളിൽ നിന്നാണ് ആ വിഭജന ചിന്തയുണ്ടാകുന്നത്. അത്, ബുദ്ധിയെ സംബന്ധിച്ചിടത്തോളം ധാർമ്മിക നിയമത്തിൻെറ സാർവ്വത്രികതയെ കാണാനാവാത്ത വിധം ഇരുട്ടിലാക്കുന്നു. എന്നാൽ സ്വാഭാവിക നിയമം മനുഷ്യവ്യക്തിയുടെ മഹത്വത്തെ പ്രകാശിപ്പിക്കുകയും അവൻെറ മൗലികങ്ങളായ അവകാശങ്ങളുടെയും കടമകളുടെയും അടിസ്ഥാനമിടുകയും ചെയ്യുന്നതുകൊണ്ട് അത് അതിൻെറ കല്പനകളെ സംബന്ധിച്ചിടത്തോളം സാർവ്വത്രികമാണ്. അതിൻെറ അധികാരം മനുഷ്യജാതിയുടെമേൽ മുഴുവനും വ്യാപിക്കുകയും ചെയ്യുന്നു. *മനുഷ്യജീവികളുടെ വ്യക്തിത്വത്തെ ഈ സാർവ്വത്രികത അവഗണിക്കുന്നില്ല.* ഓരോ വ്യക്തിയുടെയും സമ്പൂർണ്ണമായ അനന്യതയ്ക്ക് (uniqueness) അത് എതിരുമല്ല. നേരെമറിച്ച് യഥാർത്ഥ നന്മയുടെ സാർവ്വത്രികതയ്ക്കു സാക്ഷ്യം വഹിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വൈയക്തികങ്ങളായ സ്വതന്ത്ര പ്രവൃത്തികളെ അതിൻെറ പേരിൽത്തന്നെ സമാശ്ലേഷിക്കുന്നു. പൊതു നിയമത്തിനു വിധേയരായിക്കൊണ്ട് നമ്മുടെ പ്രവൃത്തികൾ വ്യക്തികളുടെ യഥാർത്ഥമായ കൂട്ടായ്മയെ പടുത്തുയർത്തുന്നു. ദൈവത്തിൻെറ അനുഗ്രഹത്താൽ സ്നേഹത്തെ പ്രായോഗികമാക്കുകയും ചെയ്യുന്നു. സ്നേഹം "എല്ലാത്തിനെയും സമ്പൂർണ്ണമായ ഐക്യത്തിൽ ഒന്നാക്കുന്നു" (കൊളൊ. 3:14). നേരെമറിച്ച്

www.malankaralibrary.com



നമ്മുടെ പ്രവൃത്തികൾ നിയമത്തെ അവഗണിക്കുമ്പോൾ വ്യക്തികളുടെ കൂട്ടായ്മയെ തകർക്കുന്നു. ഓരോരുത്തനും നാശമുണ്ടാക്കുകയും ചെയ്യുന്നു. പ്രസ്തുത അവഗണന കുറ്റകരമായിട്ടുള്ളതായാലും അല്ലെങ്കിലും ഇതുതന്നെ ഫലം. അവഗണന മാത്രമല്ല, അതിനെ അറിയാതിരിക്കലും ഇതേ ഫലമുളവാക്കും.

52. ദൈവത്തെ സേവിക്കുന്നതും അവിടുത്തേക്കു കടപ്പെട്ട ആരാധനയർപ്പിക്കുന്നതും മാതാപിതാക്കളോടു കടപ്പെട്ടിരിക്കുന്ന ആദരവു കാണിക്കുന്നതും എപ്പോഴും എല്ലാവരെ സംബന്ധിച്ചും നീതിപൂർവ്വകവും ന്യായപൂർവ്വകവുമാണ്. ചില പ്രവൃത്തികൾ ചെയ്യാനും ചില മനോഭാവങ്ങൾ വളർത്താനും നമ്മോടു കല്പിക്കുന്ന ഇത്തരം ഭാവാത്മക കല്പനകൾ സാർവ്വത്രികമായി കടപ്പെടുത്തുന്നവയാണ്. അവ "മാറ്റത്തിന് അതീതമാണ്." [94] "ഒരേ ദൈവികവിളിക്കും ലക്ഷ്യത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ട" [95] എല്ലാ ചരിത്രഘട്ടത്തിലുമുള്ള എല്ലാ ജനതയെയും, ഒരേ പൊതുനന്മയിൽ അവ ഒന്നിപ്പിക്കുന്നു. സാർവ്വത്രികവും ശാശ്വതവുമായ ഈ നിയമങ്ങൾ പ്രായോഗിക ബുദ്ധിയറിയുന്ന വസ്തുതകളോട് ഒത്തു പോകുന്നു. മനസ്സാക്ഷിയുടെ വിധിയിലൂടെ പ്രത്യേക പ്രവൃത്തികളിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. പ്രവൃത്തിക്കുന്ന വ്യക്തി, പ്രവൃത്തിയുടെ കർത്താവ്, നിയമത്തിലുള്ള സത്യത്തെ വ്യക്തിപരമായി സ്വാംശീകരിക്കുന്നു. തൻെറ അസ്തിത്വത്തിൻെറ ഈ സത്യത്തെ അയാൾ തൻേറതാക്കുകയാണ്. പ്രവൃത്തികളും അവയ്ക്കൊത്ത ഗുണങ്ങളും വഴി അതിനെ സ്വന്തമാക്കുകയാണ്. സ്വാഭാവിക നിയമത്തിൻെറ നിഷേധാത്മകനിയമങ്ങൾ സാർവ്വത്രികമായി സാധുത്വമുള്ളവയാണ്. അവ ഓരോ വ്യക്തിയെയും എല്ലായ്പ്പോഴും ഓരോ സാഹചര്യത്തിലും കടപ്പെടുത്തുന്നുണ്ട്. ഒരു നിർദ്ദിഷ്ട പ്രവൃത്തിയെ എപ്പോഴും എല്ലാക്കാലത്തേക്കും (Semper et pro semper) അപവാദമില്ലാതെ നിരോധിക്കുന്ന നിരോധനങ്ങളുടെ പ്രശ്നമാണത്. കാരണം, അത്തരം പ്രവർത്തനങ്ങളുടെ തിരഞ്ഞെടുപ്പ്, പ്രവൃത്തിക്കുന്ന വ്യക്തിയുടെ മനസ്സിൻെറ നന്മയ്ക്കു ഗുണകരമല്ല; ദൈവത്തോടൊത്തുള്ള ജീവിതത്തിനും അയൽക്കാരനോടുള്ള കൂട്ടായ്മയ്ക്കും വേണ്ടിയുള്ള വിളിക്കു യോജിച്ചതുമല്ല. ഈ കല്പനകളുടെ ലംഘനം ഓരോരുത്തനെ സംബന്ധിച്ചും എല്ലാക്കാര്യങ്ങളിലും നിരോധിക്കപ്പെട്ടിരിക്കുന്നു. തന്നിൽത്തന്നെയുള്ള മഹത്ത്വം തൊട്ട് എല്ലാവർക്കും പൊതുവായുള്ള വൈയക്തിക മഹത്ത്വത്തെ ഒരുവനിലും ഒരിക്കലും ലംഘിക്കരുതെന്ന് ഈ കല്പന ഓരോരുത്തനെയും കടപ്പെടുത്തുന്നു.

www.malankaralibrary.com



മറുവശത്ത്, നിഷേധാത്മക നിയമങ്ങൾ മാത്രമേ എല്ലായ്പ്പോഴും എല്ലാസാഹചര്യത്തിലും കടപ്പെടുത്തുന്നുള്ളൂ എന്ന ഈ വസ്തുതകൊണ്ട്, ഭാവാത്മക കല്പനകൾ ആവശ്യപ്പെടുന്ന നന്മചെയ്യാനുള്ള കടമയേക്കാൾ ധാർമ്മിക ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നത് നിരോധനങ്ങൾക്കാണെന്ന് അർത്ഥമാക്കുന്നില്ല. അതിൻെറ കാരണമിതാണ്: ദൈവത്തെയും അയല്ക്കാരനെയും സ്നേഹിക്കുക എന്ന കല്പനയ്ക്ക്, അതിൻെറ സ്വയം പ്രവർത്തനത്തിൽ ഒരു ഉയർന്ന പരിധിയില്ല. എന്നാൽ അതിന് ഒരു താണ പരിധിയുണ്ട്. ആ പരിധിക്കു കീഴെയെത്തുമ്പോൾ ആ കല്പന ലംഘിക്കപ്പെടുന്നു. കൂടാതെ, ഒരു നിർദ്ദിഷ്ടാവസ്ഥയിൽ എന്താണു ചെയ്യേണ്ടത് എന്നത് സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയെയെല്ലാം മുൻകൂട്ടി കാണാൻ കഴിയുകയുമില്ല. മറുവശത്ത് ഒരിക്കലും ഒരു സാഹചര്യത്തിലും ശരിയായ ഒരു പ്രത്യുത്തരമായിരിക്കുകയില്ലാത്ത ചിലതരം പെരുമാറ്റങ്ങൾ ഉണ്ട്. ശരിയായ പ്രത്യുത്തരം എന്നതുകൊണ്ട് വ്യക്തിയുടെ മഹത്ത്വത്തിനു ചേർന്ന പ്രത്യുത്തരമെന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവസാനമായി, ചില നല്ല പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്ന് മനുഷ്യൻ – നിർബന്ധത്തിൻെറയോ മറ്റ് സാഹചര്യങ്ങളുടെയോ ഫലമായി – തടയപ്പെടുകയെന്നത് എപ്പോഴും സാധ്യമാണ്. എന്നാൽ ചില നല്ല പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്ന് – പ്രത്യേകിച്ച് തിന്മചെയ്യുന്നതിനേക്കാൾ മരിക്കുവാൻ അവൻ സന്നദ്ധനാണെങ്കിൽ – ഒരിക്കലും തടയപ്പെടുകയില്ല.

പുതിയ നിയമത്തിലും പഴയനിയമത്തിലും നിഷേധാത്മക രൂപത്തിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ള ധാർമ്മിക കല്പനകൾ നിരോധിക്കുന്ന പെരുമാറ്റ രീതികളെ ഒരിക്കലും തിരഞ്ഞെടുക്കരുതെന്നു സഭ എന്നും പഠിപ്പിച്ചിട്ടുണ്ട്. യേശു ക്രിസ്തുതന്നെ, നാം കണ്ടതുപോലെ, ഈ കല്പനകൾക്ക് അപവാദങ്ങൾ ഇല്ലെന്ന് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. "നിത്യ ജീവനിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കല്പന പാലിക്കുക........ നീ കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നൽകരുത്" (മത്താ.19:17–18).

53. നമ്മുടെ സമകാലീനർക്ക് ചരിത്രസ്വഭാവത്തോടും (historicity) സംസ്കാരത്തോടും വലിയ താത്പര്യമുണ്ട്. ആ താത്പര്യം സ്വാഭാവിക നിയമത്തിൻെറ മാറ്റമില്ലായ്മയെത്തന്നെ ചോദ്യംചെയ്യാൻ പലരെയും പ്രേരിപ്പിച്ചിട്ടുണ്ട്. അങ്ങനെ, ഇന്നത്തെയും ഭാവിയിലെയും കഴിഞ്ഞകാലത്തിലെയും മനുഷ്യരെ സംബന്ധിച്ച് ഒന്നുപോലെ സാധുത്വമുള്ള "വസ്തുനിഷ്ഠമായ ധാർമ്മിക നിയമങ്ങളുടെ"[96] അസ്തിത്വത്തെ അവർ ചോദ്യംചെയ്യുന്നു. മനുഷ്യവംശം ഭാവിയിൽ എത്രമാത്രം പുരോഗമിക്കുമെന്ന് ഒരുത്തനും

www.malankaralibrary.com



ചിന്തിക്കാൻ കഴിയാതിരുന്ന കഴിഞ്ഞകാലത്തു സ്ഥാപിച്ച ചില ബൗദ്ധിക തിരുമാനങ്ങൾ, സാർവ്വത്രികമായ സാധുത്വമുള്ളവയും എന്നും കടപ്പെടുത്തുന്നവയുമായി കരുതുവാൻ എങ്ങനെ സാധിക്കും? എന്നാണ് അവർ ചോദിക്കുന്നത്.

മനുഷ്യൻ എപ്പോഴും ഒരു പ്രത്യേക സംസ്കാരത്തിലാണ് സ്ഥിതിചെയ്യുന്നത് എന്ന വസ്തുത തീർച്ചയായും അംഗീകരിക്കേണ്ടതാണ്. പക്ഷേ മനുഷ്യനെ ആ സംസ്കാരത്തിൻേറതുമാത്രമായി നിർവചിക്കാൻ പാടില്ല എന്നതും അംഗീകരിക്കേണ്ടതാണ്. കൂടാതെ, സംസ്കാരങ്ങളുടെ പുരോഗതിതന്നെ, ആ സംസ്കാരങ്ങളെ അതിശയിക്കുന്ന എന്തോ ഒന്നു മനുഷ്യനിലുണ്ട് എന്ന വസ്തുതക്കു തെളിവാണ്. ഇപ്പറഞ്ഞ "എന്തോ ഒന്ന്" മനുഷ്യസ്വഭാവം തന്നെയാണ്. ഈ സ്വഭാവം തന്നെയാണു സംസ്കാരത്തിൻെറ അളവ്. മനുഷ്യൻ ഏതെങ്കിലും ഒരു സംസ്കാരത്തിൻെറ ബന്ധനസ്ഥനാകുന്നില്ലെന്നും, മറിച്ച് തൻെറ അസ്തിത്വത്തിലുള്ള അഗാധമായ സത്യത്തിനനുസരിച്ചു ജീവിച്ചുകൊണ്ട് സ്വന്തം വ്യക്തിത്വത്തെ സ്ഥാപിക്കുന്നുവെന്നും ഉറപ്പു നല്കുന്ന അവസ്ഥയും അതാണ്. മനുഷ്യൻെറ ശാരീരിക മാനത്തോടു ബന്ധപ്പെട്ട ഘടനാപരമായ സ്ഥിരഘടകങ്ങളെ ചോദ്യം ചെയ്യുന്നത്, സാമാന്യമായ അനുഭവത്തിനു നിരക്കുന്നതല്ല. എന്നു മാത്രമല്ല, *"ആരംഭത്തിൽ" എന്ന യേശുവിൻെറ പരാമർശത്തെ* അത് അർത്ഥശൂന്യമാക്കുകയും ചെയ്യും. അവിടെ വച്ചാണ് സമയത്തിൻെറ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യം, ആദിമാർത്ഥത്തെയും ചില ധാർമ്മിക നിയമങ്ങളുടെ പങ്കിനെയും തലകീഴാക്കിയത് (മത്താ. 19:1-9). "മാറ്റമില്ലാത്തവയും ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്ത ക്രിസ്തുവിൽ ആത്യന്തികമായി അടിയുറപ്പിച്ചിട്ടുള്ളവയുമായ ചില സംഗതികൾ നിരവധി മാറ്റങ്ങളുടെ അടിയിലുണ്ടെന്നു സഭ ഉറപ്പിച്ചു പറയുന്നതിൻെറ" [97] കാരണം അതാണ്. ക്രിസ്തുവാണ് "ആരംഭം". അവിടുന്നു മനുഷ്യസ്വഭാവമെടുത്തു. അതിൻെറ മൗലിക ഘടകങ്ങളിലും, ദൈവത്തോടും അയല്ക്കാരനോടുമുള്ള അതിൻെറ സ്വയംചാലക പ്രവർത്തനത്തിലും സുനിശ്ചിതമായി അതിനെ പ്രകാശിപ്പിച്ചു. [98]

വിവിധ സാംസ്കാരിക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ, സാർവ്വത്രികവും സ്ഥിരവുമായ ധാർമ്മിക നിയമങ്ങൾക്ക് *ഏറ്റവും പര്യാപ്തമായ ക്രോഡീകരണത്തെ* അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുക എന്നത് ആവശ്യമാണ്. ആ ക്രോഡീകരണം അവയുടെ ചരിത്രപരമായ പ്രസക്തിയെ നിരന്തരം വെളിപ്പെടുത്തുവാൻ ഏറ്റവും കഴിവുള്ളതായിരിക്കണം; അവയെ സുഗ്രഹമാക്കാനും

www.malankaralibrary.com



അവയുടെ സത്യത്തെ യഥാർത്ഥമായി വ്യാഖ്യാനിക്കാനും കഴിവുള്ളതായിരിക്കണം. ധാർമ്മിക നിയമത്തിൻെറ ഈ സത്യം – വിശ്വാസ നിക്ഷേപത്തിൻേറതെന്നപോലെ–നൂറ്റാണ്ടുകളിലൂടെ വെളിപ്പെടുന്നുണ്ട്. ആ സത്യത്തെ വെളിപ്പെടുത്തുന്ന നിയമങ്ങൾ, അവയുടെ സാരാംശത്തിൽ സാധുത്വമുള്ളതായി നിലകൊള്ളുന്നു. എന്നാലും അവയെ സഭയുടെ പ്രബോധനാധികാരം ചരിത്രപരമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ "ഒരേ അർത്ഥത്തിലും ഒരേ അഭിപ്രായത്തിലും" [99] (eodem sensu eademque sententia) സവിശേഷമാക്കി ക്ലിപ്തമാക്കുകയും നിശ്ചയിക്കുകയും വേണം. സഭയുടെ പ്രബോധനാധികാരത്തിൻെറ തീരുമാനത്തിനു മുൻപും അതോടൊപ്പവും വ്യാഖ്യാനത്തിൻെറയും ക്രോഡീകരണത്തിൻെറയും പ്രവർത്തനമുണ്ടായിരിക്കണം. ഓരോ വിശ്വാസിയുടെയും ചിന്ത ദൈവശാസ്ത്രപരമായ പരിചിന്തനം എന്നിവയുടെ സവിശേഷത ഉൾക്കൊള്ളുന്നതായിരിക്കണം ആ പ്രവർത്തനം. [100]

## II മനസ്സാക്ഷിയും സത്യവും

*മനുഷ്യൻെറ വിശുദ്ധാഗാരം.*

54. മനുഷ്യൻെറ സ്വാതന്ത്ര്യവും ദൈവത്തിൻെറ നിയമവും തമ്മിലുള്ള ബന്ധം ഏറ്റവും അഗാധമായി ജീവിക്കുന്നത് വ്യക്തിയുടെ "ഹൃദയത്തിൽ" – അവൻെറ ധാർമ്മിക മനസ്സാക്ഷിയിൽ – ആണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ നിരീക്ഷിച്ചതുപോലെ, "തൻെറമേൽ താൻ ചുമത്താത്തതും എന്നാൽ അനുസരിക്കാൻ തന്നെ നിർബന്ധിക്കുന്നതുമായ ഒരു നിയമത്തെ മനുഷ്യൻ തൻെറ മനസ്സാക്ഷിയുടെ അഗാധതലങ്ങളിൽ കണ്ടെത്തുന്നു. നന്മയെ സ്നേഹിക്കാനും തിന്മയെ ഉപേക്ഷിക്കാനും മനസ്സാക്ഷിയുടെ സ്വരം എപ്പോഴും അവനോടു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. അത്യാവശ്യം വരുമ്പോൾ, 'ഇതു ചെയ്യുക', 'ഇതു ഉപേക്ഷിക്കുക' എന്നിങ്ങനെ സവിശേഷമായി അവൻെറ ഹൃദയത്തോടു പറയാനും അതിനു കഴിയും. കാരണം, മനുഷ്യന് അവൻെറ ഹൃദയത്തിൽ ദൈവത്താൽ എഴുതപ്പെട്ട ഒരു നിയമമുണ്ട്. അത് അനുസരിക്കുക എന്നതു മനുഷ്യൻെറ മഹത്വം തന്നെയാണ്. അതനുസരിച്ച് അവൻ വിധിക്കപ്പെടും (റോമ. 2:14-16)". [101]

ഒരാൾ, സ്വാതന്ത്ര്യവും നിയമവും തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കുന്ന രീതിയും ധാർമ്മിക മനസ്സാക്ഷിയെ മനസ്സിലാക്കുന്ന രീതിയും തമ്മിൽ അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



ഇവിടെ, മുകളിൽ സൂചിപ്പിച്ച സാംസ്കാരിക പ്രവണതകൾ, സഭയുടെ പാരമ്പര്യത്തിനും പ്രബോധനാധികാരത്തിൻെറ പ്രബോധനത്തിനും വിരുദ്ധമായ ധാർമ്മിക മനസ്സാക്ഷിയുടെ ഒരു സർഗ്ഗാത്മക ധാരണയിലേക്കു നയിക്കുന്നു. മുകളിൽപ്പറഞ്ഞ പ്രവണതകൾ, സ്വാതന്ത്ര്യത്തെയും നിയമത്തെയും പരസ്പരവിരുദ്ധങ്ങളായി അകറ്റി നിറുത്തുകയും ഒരു വിഗ്രഹാരാധനയുടെ നിലയിലേക്കു സ്വാതന്ത്ര്യത്തെ ഉയർത്തുകയും ചെയ്യുന്നവയാണ്.

55. ചില ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ച്, മനസ്സാക്ഷിയുടെ പ്രവർത്തനം കഴിഞ്ഞകാലത്തെ ഏതെങ്കിലുമൊരു കാലഘട്ടത്തിലെങ്കിലും, ചുരുങ്ങിയിരുന്നു. വ്യക്തിയുടെ ജീവിതത്തിലെ ഒറ്റപ്പെട്ട സംഭവങ്ങളിൽ പൊതുവായ ധാർമ്മിക നിയമങ്ങളുടെ ലളിതമായ പ്രയോഗം മാത്രമായി അതു ചുരുങ്ങിയിരുന്നു എന്ന് അവർ പറയുന്നു. എന്നാൽ ആ നിയമങ്ങൾ, വ്യക്തിയുടെ എല്ലാ സമൂർത്ത കർമ്മങ്ങളെയും, അവയുടെ അതുല്യതയിലും സവിശേഷതയിലും മുൻകൂട്ടി കാണുമെന്നോ ആദരിക്കുമെന്നോ പ്രതീക്ഷിക്കാൻ പാടില്ല എന്നും അവർ തുടർന്നു പറയുന്നു. അത്തരം നിയമങ്ങൾ അവസ്ഥയുടെ ശരിയായ ഒരു *വിലമതിക്കലിന്* ഒരു വിധത്തിൽ ഉപകരിച്ചേക്കാം. പക്ഷേ, ഒരു പ്രത്യേക സംഗതിയിൽ എങ്ങനെ പ്രവർത്തിക്കണമെന്നതിനെ സംബന്ധിച്ച ഒറ്റപ്പെട്ട വൈയക്തിക *തീരുമാനത്തിന്* അവ പകരംനില്ക്കുകയില്ല. മനുഷ്യപ്രകൃതിയെയും ധാർമ്മികജീവിതത്തിൽ അതിനുള്ള പ്രധാന്യത്തെയും പറ്റിയുള്ള പരമ്പരാഗത ധാരണയെക്കുറിച്ചു നടന്ന മുൻ സൂചിപ്പിച്ച വിമർശനം, ചില ഗ്രന്ഥകാരന്മാരെ മറ്റൊരു പ്രസ്താവനയിലേക്കും നയിച്ചു. ഈ നിയമങ്ങൾ മനസ്സാക്ഷിയുടെ വിധിത്തീർപ്പുകൾക്കു കടപ്പെടുത്തുന്ന വസ്തുനിഷ്ഠമായ മാനദണ്ഡമല്ല എന്ന് അവർ പ്രസ്താവിച്ചു. ഇവ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ, ക്രമം ഏർപ്പെടുത്താൻ സഹായിക്കുന്ന താത്കാലികോപയോഗത്തിനുള്ള *പൊതുവായ വീക്ഷണമാണ്* എന്നും അവർ പറഞ്ഞു. മനസ്സാക്ഷി എന്ന പ്രതിഭാസത്തിനു സ്വാഭാവികമായുള്ള *സങ്കീർണ്ണതയെ* ഈ ഗ്രന്ഥകാരന്മാർ ഊന്നിപ്പറയുന്നുണ്ട്. മനശ്ശാസ്ത്രത്തിൻെറയും വികാരങ്ങളുടെയും മണ്ഡലത്തോട് എല്ലാം അവഗാഢം ബന്ധപ്പെട്ടിരിക്കുന്ന സങ്കീർണ്ണതയാണത്. വ്യക്തിയുടെ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങൾ ചെലുത്തുന്ന അസംഖ്യങ്ങളായ സ്വാധീനങ്ങളോടും അവഗാഢം ബന്ധപ്പെട്ടതാണത്. അതേസമയം അവർ മനസ്സാക്ഷിയുടെ മൂല്യത്തിൽ അങ്ങേയറ്റം ശ്രദ്ധിക്കുകയും ചെയ്യുന്നു. ഈ മനസ്സാക്ഷിയെ വത്തിക്കാൻ കൗൺസിൽ നിർവചിക്കുന്നത്,

www.malankaralibrary.com



"മനുഷ്യൻെറ വിശുദ്ധാഗാരം. അവിടെ അവനും ദൈവവും മാത്രമേ ഉള്ളൂ. ദൈവത്തിൻെറ ശബ്ദം അവിടെ അവനിൽ പ്രതിധ്വനിക്കുന്നു"[102] എന്നിങ്ങനെയാണ്. ഈ ശബ്ദം സാർവ്വത്രികനിയമങ്ങളുടെ അതികർശനമായ അനുസരണത്തിലേക്ക് എന്നതിനേക്കാൾ, ദൈവം മനുഷ്യനെ ഏല്പിച്ച വൈയക്തിക *ദൗത്യങ്ങളുടെ* സർഗ്ഗാത്മകവും ഉത്തരവാദിത്വപൂർണ്ണവുമായ സ്വീകരണത്തിലേക്കാണു നയിക്കുന്നത് എന്ന് അവർ പറയുന്നു.

മനസ്സാക്ഷിയുടെ ഈ സർഗ്ഗാത്മകസ്വഭാവത്തെ ഊന്നിപ്പറയാനുള്ള ആഗ്രഹംകൊണ്ട് ചിലഗ്രന്ഥകാരന്മാർ അതിൻെറ പ്രവൃത്തികളെ വിധികൾ എന്നല്ല "തീരുമാനങ്ങൾ" (decisions) എന്നാണ് വിളിക്കുന്നത്. ഈ തീരുമാനങ്ങളിൽ "സ്വയം" എത്തിച്ചേർന്നുകൊണ്ട് മാത്രമേ മനുഷ്യൻ ധാർമ്മികമായ പക്വതപ്രാപിക്കുകയുള്ളൂ എന്ന് അവർ പറയുന്നു. പല ധാർമ്മിക പ്രശ്നങ്ങളിലും സഭയുടെ പ്രബോധനാധികാരം സ്വീകരിക്കുന്ന അങ്ങേയറ്റം കർശനമായ നിലപാടുകൾ വഴി ഈ പക്വത പ്രാപിക്കൽ പ്രക്രിയ തടയപ്പെടുന്നു എന്നു പോലും ചിലർ അഭിപ്രായപ്പെടുന്നു. സഭയുടെ ഇടപെടൽ മനസ്സാക്ഷിയിൽ ആവശ്യമില്ലാത്ത സംഘർഷങ്ങൾ ഉണ്ടാക്കാൻ കാരണമാകുന്നുവെന്നാണ് അവരുടെ അഭിപ്രായം.

56. ഈ നിലപാടുകളെ നീതികരിക്കാൻ വേണ്ടി ധാർമ്മിക സത്യത്തിൻെറ രണ്ടുതലങ്ങൾ (double status) ഉള്ളതായി കരുതണമെന്ന് ചില ഗ്രന്ഥകാരന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. സിദ്ധാന്തപരവും സൂക്ഷ്മവുമായ തലത്തിനുമുകളിൽ, കൂടുതൽ വസ്തുനിഷ്ഠമായ (concrete) അസ്തിത്വപരമായ ഒരു പരിഗണനയ്ക്കു പ്രാഥമ്യം കല്പിക്കണം. രണ്ടാമത്തെ ഈ തലം സാഹചര്യങ്ങളെയും അവസ്ഥയെയും കണക്കിലെടുത്ത്, പൊതുനിയമത്തിനുള്ള ചില അപവാദങ്ങളുടെ നിയമാനുസൃതമായ അടിസ്ഥാനമായിത്തീരാം. അങ്ങനെ, ധാർമ്മികനിയമം സത്താപരമായ തിന്മയെന്നു വിശേഷിപ്പിക്കുന്നതിനെ പ്രയോഗത്തിൽ നല്ല മനസ്സാക്ഷിയോടെ ചെയ്യാൻ അത് അനുവദിക്കും. ചില കാര്യങ്ങളെ സംബന്ധിച്ച് കല്പനയുടെ പൊതുവേ സാധുത്വമുള്ള പ്രബോധനവും, നന്മയും തിന്മയും എന്താണെന്നു യഥാർത്ഥത്തിൽ അവസാന തീരുമാനത്തിലെത്തുന്ന വൈയക്തിക മനസ്സാക്ഷിയുടെ നിയമവും തമ്മിലുള്ള ഒരു വേർതിരിവ് – ഒരു വൈരുദ്ധ്യംപോലും – അങ്ങനെ സ്ഥാപിക്കപ്പെടുന്നു. ഈ അടിസ്ഥാനത്തിൽ, സഭയുടെ പ്രബോധനാധികാരത്തിന് എതിരേയുള്ള 'അജപാലന"പരമെന്നു വിളിക്കപ്പെടുന്ന പ്രശ്നപരിഹാരങ്ങളെ നീതിയുക്തമാക്കാൻ പരിശ്രമം നടക്കുന്നു. ഒരു "സർഗ്ഗാത്മക" വ്യാഖ്യാനശാസ്ത്രത്തെ നീതികരിക്കാനുള്ള ശ്രമവും

www.malankaralibrary.com



നടക്കുന്നു. ആ ശാസ്ത്രമനുസരിച്ച് ഒരു പ്രത്യേക നിഷേധാത്മക കല്പന, ധാർമ്മിക മനസ്സാക്ഷിയെ എല്ലാ കാര്യത്തിലും കടപ്പെടുത്തുന്നില്ല.

മാനുഷിക സ്വാതന്ത്ര്യത്തെയും ദൈവികനിയമത്തെയും സംബന്ധിച്ച്, *ധാർമ്മിക മനസ്സാക്ഷിയുടെ തനിമയെ* ഈ സമീപനങ്ങൾ വെല്ലുവിളിക്കുന്നുവെന്നു എല്ലാവർക്കും മനസ്സിലാകും. സ്വാതന്ത്ര്യവും നിയമവും തമ്മിലുള്ള സത്യാധിഷ്ഠിതമായ ബന്ധത്തെപ്പറ്റി, മുൻപ് നല്കിയ വിശദീകരണത്തിനു മാത്രമേ, മനസ്സാക്ഷിയുടെ ഈ "സർഗ്ഗാത്മക" സങ്കല്പത്തെ തിരിച്ചറിയാനുള്ള കഴിവു പകരാൻ സാധിക്കുകയുള്ളൂ.

*മനസ്സാക്ഷിയുടെ വിധിത്തീർപ്പ്*

57. സ്വാഭാവിക നിയമത്തിൻെറ സാരാംശത്തെ മനസ്സിലാക്കാൻ റോമാക്കാർക്കുള്ള ലേഖനം നമ്മെ സഹായിച്ചു. മനസ്സാക്ഷിയെ സംബന്ധിച്ച് വേദഗ്രന്ഥപരമായ ഒരു ധാരണയെ- പ്രത്യേകിച്ചു നിയമവുമായുള്ള അതിൻെറ സവിശേഷബന്ധത്തിലുള്ള ഒരു ധാരണയെ- കൂടി അത് സൂചിപ്പിക്കുന്നുണ്ട്. "നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾ സ്വാഭാവികമായി ത്തന്നെ നിറവേറ്റുമ്പോൾ നിയമമില്ലെന്നിരിക്കിലും അവർ തങ്ങൾക്കുതന്നെ ഒരു നിയമമാകുകയാണ് ചെയ്യുന്നത്. നിയമം ആവശ്യപ്പെടുന്നത് തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെന്ന് അവർ സ്പഷ്ടമാക്കുന്നു. അവരുടെ മനസ്സാക്ഷി അതിന് സാക്ഷ്യം നൽകുന്നു. അവരുടെ വൈരുദ്ധ്യമാർന്ന വിചാരങ്ങൾ അവരെ കുറ്റപ്പെടുത്തുകയോ ഒരുപക്ഷേ ന്യായീകരിക്കുകയോ ചെയ്യും" (റോമ. 2:14-15).

വി. പൗലോസ് അപ്പസ്തോലൻെറ അഭിപ്രായത്തിൽ മനസ്സാക്ഷി ഒരർത്ഥത്തിൽ മനുഷ്യനെ നിയമംകൊണ്ടു നേരിടുന്നു. അങ്ങനെ, മനുഷ്യൻെറ "*സാക്ഷിയായിത്തീരുകയും*" ചെയ്യുന്നു. നിയമത്തോടുള്ള അവൻെറ വിശ്വസ്തതയുടെയോ അവിശ്വസ്തതയുടെയോ സാക്ഷിയായിത്തീരുന്നു. അവൻെറ സാരാംശപരമായ ധാർമ്മിക നീതിയുടെയോ തിന്മയുടെയോ സാക്ഷിയായിത്തീരുന്നു. മനസ്സാക്ഷി ഏകസാക്ഷിയാണ്. കാരണം, വ്യക്തിയുടെ ഹൃദയത്തിൽ സംഭവിക്കുന്നത് ബാഹ്യലോകത്തുള്ള എല്ലാവരിൽനിന്നും മറയ്ക്കപ്പെട്ടിരിക്കുന്നു. മനസ്സാക്ഷി തൻെറ സാക്ഷ്യത്തെ വ്യക്തിയോടു മാത്രം വെളിപ്പെടുത്തുന്നു. മനസ്സാക്ഷിയുടെ ശബ്ദത്തോടുള്ള തൻെറ പ്രത്യുത്തരം എന്താണെന്ന് വ്യക്തിയ്ക്കു മാത്രമേ അറിയാൻ കഴിയൂ.

www.malankaralibrary.com



58. മനുഷ്യൻ തന്നോടുതന്നെ നടത്തുന്ന ഈ ആന്തരിക സംഭാഷണത്തിൻെറ പ്രധാന്യത്തെ എത്ര പ്രശംസിച്ചാലും പര്യാപ്തമാകുകയില്ല. എന്നാൽ, ഇത് മനുഷ്യനും നിയമസ്രഷ്ടാവും ആദിമരൂപവും മനുഷ്യൻെറ അന്തിമ ലക്ഷ്യവുമായ *ദൈവവും* തമ്മിലുള്ള ഒരു സംഭാഷണം കൂടിയാണ്. വി. ബനവഞ്ചർ ഇങ്ങനെ പഠിപ്പിക്കുന്നു: "മനസ്സാക്ഷി ദൈവത്തിൻെറ പ്രഘോഷകനെയും ദൗത്യവാഹകനെയുംപോലെയാണ്; അതു സ്വന്തം അധികാരം കൊണ്ട് ഒന്നും കല്പിക്കുന്നില്ല. ദൈവത്തിൻെറ അധികാരത്തിൽ നിന്നു വരുന്നതായിട്ടാണ് കല്പിക്കുന്നത്. ഒരു പ്രഘോഷകൻ രാജാവിൻെറ വിളംബരം പ്രഘോഷിക്കുന്നതുപോലെതന്നെ. ഇതുകൊണ്ടാണ് മനസ്സാക്ഷിയ്ക്കു കടപ്പെടുത്താനുള്ള ശക്തിയുണ്ടായിരിക്കുന്നത്". [103] തന്മൂലം, മനസ്സാക്ഷി മനുഷ്യൻെറ നീതിയുക്തതയ്ക്കും തിന്മയ്ക്കും മനുഷ്യന് സാക്ഷ്യം നൽകുന്നു എന്നു പറയാം. ഇതോടൊപ്പം, ഇതിനുമുമ്പേതന്നെ, മനസ്സാക്ഷി ദൈവത്തിൻെറ സാക്ഷികൂടിയാണ്. അവിടുത്തെ ശബ്ദവും വിധിയും മനുഷ്യാത്മാവിൻെറ അഗാധതലങ്ങളിലേക്കു തുളച്ചുകയറുന്നു. അവനെ അനുസരണത്തിലേക്കു ധീരതയോടും മാധുര്യത്തോടുംകൂടി (fortiter et suaviter) വിളിക്കുന്നു. "ധാർമ്മിക മനസ്സാക്ഷി കീഴടക്കാനാവാത്തതോ തുളച്ചുകടക്കാൻ ആവാത്തതോ ആയ ഏകാന്തതയിൽ മനുഷ്യനെ അടച്ചിടുന്നില്ല. പിന്നെയോ അവനെ വിളിയിലേക്ക്, ദൈവത്തിൻെറ ശബ്ദത്തിലേക്ക്, തുറന്നുവിടുകയാണ്. ഇതിലാണ്, മറ്റൊന്നിലുമല്ല, ധാർമ്മികമനസ്സാക്ഷിയുടെ മുഴുവൻ രഹസ്യവും മഹത്ത്വവും നിലകൊള്ളുന്നത്. ഒരു സ്ഥലം, ദൈവം അവനോട് സംസാരിക്കുന്ന വിശുദ്ധസ്ഥലം, ആയിരിക്കുന്നതിൽ" [104].

59. മനസ്സാക്ഷി ഒരു സാക്ഷിയായി പ്രവൃത്തിക്കുന്നുവെന്ന് അംഗീകരിക്കുക മാത്രമല്ല വി. പൗലോസ്ശ്ലീഹ ചെയ്യുന്നത്. മനസ്സാക്ഷി ആ പ്രവർത്തനം നടത്തുന്ന രീതിയെ വെളിപ്പെടുത്തുക കൂടി ചെയ്യുന്നുണ്ട്. വിജാതീയരെ അവരുടെ പെരുമാറ്റത്തെ സംബന്ധിച്ച് കുറ്റപ്പെടുത്തുകയോ ക്ഷമിക്കുകയോ ചെയ്യുന്ന സംഘർഷാത്മക ചിന്തകളെപ്പറ്റി അദ്ദേഹം പറയുന്നുണ്ട് (റോമ. 2:15). "സംഘർഷാത്മക ചിന്തകൾ" എന്ന പ്രയോഗം മനസ്സാക്ഷിയുടെ കൃത്യമായ സ്വഭാവത്തെ വ്യക്തമാക്കുന്നു. *അതു മനുഷ്യനെയും അവൻെറ പ്രവൃത്തികളെയും കുറിച്ചുള്ള ധാർമ്മിക വിധിത്തീർപ്പാണ്.* കുറ്റപ്പെടുത്തുകയോ കുറ്റവിമുക്തമാക്കുകയോ ചെയ്യുന്ന വിധിത്തീർപ്പാണത്. മാനുഷിക പ്രവൃത്തികൾ മനുഷ്യഹൃദയത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ട ദൈവികനിയമത്തിനു ചേർന്നതാണോ അല്ലയോ എന്നു നോക്കിയിട്ടാണ് അത് അപ്രകാരം തീർപ്പു കല്പി

www.malankaralibrary.com



ക്കുന്നത്. പ്രവൃത്തികളുടെ വിധിത്തീർപ്പിനെയും അവയുടെ കർത്താവിൻെറ വിധിയെയും ആ വിധി അന്തിമമായി പറയപ്പെടുന്ന നിമിഷത്തെയുംകുറിച്ച് പൗലോസ്ശ്ലീഹ അതേ ലേഖനത്തിൽ വ്യക്തമായി പറയുന്നുണ്ട്: "ഞാൻ പ്രസംഗിക്കുന്ന സുവിശേഷം അനുസരിച്ച് ദൈവം യേശുക്രിസ്തുവഴി മനുഷ്യരുടെ രഹസ്യങ്ങൾ വിധിക്കുന്ന ദിവസം (ഇതും വെളിവാകും)" (റോമ. 2:16).

മനസ്സാക്ഷിയുടെ വിധിത്തീർപ്പ് ഒരു പ്രായോഗിക വിധിത്തീർപ്പാണ്. മനുഷ്യൻ എന്താണ് ചെയ്യേണ്ടതെന്നും എന്താണ് ചെയ്യരുതാത്തതെന്നും അറിയിക്കുന്നതോ, അവൻ ചെയ്തുകഴിഞ്ഞ പ്രവൃത്തിയെ വിലയിരുത്തുന്നതോ ആയ വിധിപ്രസ്താവനയാണത്. മനുഷ്യൻ സ്നേഹിക്കണമെന്നും നന്മ ചെയ്യണമെന്നും തിന്മ ഉപേക്ഷിക്കണമെന്നുമുള്ള ബുദ്ധിപരമായ അവബോധത്തെ വസ്തുനിഷ്ഠമായ ഒരവസ്ഥയിൽ പ്രയോഗിക്കുന്ന വിധിപ്രസ്താവനയാണത്. പ്രായോഗിക ബുദ്ധിയുടെ ഈ പ്രഥമ തത്ത്വം സ്വാഭാവിക നിയമത്തിൻെറ ഭാഗമാണ്. യഥാർത്ഥത്തിൽ, അതാണ് സ്വാഭാവിക നിയമത്തിൻെറ അടിസ്ഥാനമായിത്തീരുന്നത്. അതു നന്മയെയും തിന്മയെയും സംബന്ധിച്ച് ആദിമ ഉൾക്കാഴ്ചയെ പ്രകാശിപ്പിക്കുന്നു. ഓരോ മനുഷ്യൻെറയും ഹൃദയത്തിൽ നശിപ്പിക്കാനാവാത്ത സ്ഫുലിംഗംപോലെ (Scintilla animae) പ്രകാശിക്കുന്ന ദൈവത്തിൻെറ സർഗ്ഗാത്മക വിജ്ഞാനത്തിൻെറ പ്രതിഫലനത്തെ പ്രകാശിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നിടത്തോളം സ്വാഭാവിക നിയമത്തിൻെറ അടിസ്ഥാനമായിത്തീരുന്നു. സ്വാഭാവിക നിയമം ധാർമ്മിക നന്മയുടെ വസ്തുനിഷ്ഠവും സാർവ്വത്രികവുമായ ആവശ്യങ്ങളെ വെളിവാക്കുന്നു. അതേസമയം, നിയമത്തെ ഒരു പ്രത്യേക കാര്യത്തിൽ പ്രയോഗിക്കുന്നതാണു മനസ്സാക്ഷി. അങ്ങനെ, നിയമത്തിൻെറ ഈ പ്രയോഗം വ്യക്തിക്കായുള്ള ആന്തരികമായ ഒരനുശാസനം (dictate) ആയിത്തീരുന്നു: ഈ പ്രത്യേക സാഹചര്യത്തിൽ നന്മയായിട്ടുള്ളത് ചെയ്യുവാനുള്ള ഒരു ആഹ്വാനമായിത്തീരുന്നു. അങ്ങനെ, സ്വാഭാവിക നിയമത്തിൻെറ വെളിച്ചത്തിൽ മനസ്സാക്ഷി ധാർമ്മിക കടമയെ ക്രോഡീകരിക്കുന്നു. ഇവിടെ ഇപ്പോൾ ചെയ്യാൻ താൻ വിളിക്കപ്പെട്ടിരിക്കുന്ന ഒരു നന്മയാണെന്നു മനസ്സാക്ഷിയുടെ പ്രവർത്തനങ്ങളിലൂടെ വ്യക്തി അറിയുന്നതു ചെയ്യാനുള്ള കടമയാണത്. വസ്തുനിഷ്ഠമായ വർത്തമാനകാല സാഹചര്യങ്ങളിൽ നിയമത്തിൻെറ പ്രയോഗത്തെ യുക്തി (reason) സ്ഥാപിച്ചു കഴിയുമ്പോൾ, നിയമത്തിൻെറ സാർവ്വത്രികത്വവും അതിൻെറ കടപ്പെടുത്തലും അംഗീകരിക്കപ്പെടുകയാണ്, തകർക്കപ്പെടുകയല്ല, ചെയ്യുന്നത്. നിർദ്ദിഷ്ടമായ ഒരു പെരുമാറ്റ രീതി നിയമാനുസൃതമാണോ എന്ന്

www.malankaralibrary.com



മനസ്സാക്ഷിയുടെ വിധിത്തീർപ്പ് "ആത്യന്തികമായ വിധത്തിൽ", പ്രസ്താവിക്കുകയാണ്. മനസ്സറിഞ്ഞുള്ള (voluntary) ഒരു പ്രവൃത്തിയുടെ, ധാർമ്മികതയ്ക്കുള്ള തൊട്ടടുത്ത (proximate) നിയമത്തെ അതു ക്രോഡീകരിക്കുകയാണ്. "പ്രത്യേകമായ ഒരു സംഗതിയിൽ വസ്തുനിഷ്ഠമായ നിയമത്തെ പ്രയോഗിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്". [105]

60. സ്വാഭാവിക നിയമത്തിനും പ്രയോഗികമായ എല്ലാ ജ്ഞാനത്തിനും എന്നപോലെ മനസ്സാക്ഷിയുടെ വിധിയ്ക്കും കല്പനയുടെ സ്വഭാവമുണ്ട്. മനുഷ്യൻ അതിനു ചേർന്ന വിധത്തിൽ പ്രവർത്തിക്കണം. ആ വിധിയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ, *വ്യക്തിപരമായ ധാർമ്മികതയുടെ തൊട്ടടുത്ത നിയമമായ,* തൻെറ മനസ്സാക്ഷിയാൽ ശപിക്കപ്പെടുകയാണ്. നിർദ്ദിഷ്ടമായ ഒരു പ്രവർത്തിയെ, അതിൻെറ നീതിയുക്തതയെയും നന്മയെയും കുറിച്ചുള്ള തീർച്ചയില്ലാതിരിക്കെ, മനസ്സാക്ഷിയുടെ വിധിക്കു വിരുദ്ധമായി ചെയ്താലും അങ്ങനെ സംഭവിക്കും. അനുസരിക്കാനും പ്രകാശിപ്പിക്കാനും വിളിക്കപ്പെട്ട ധാർമ്മിക നന്മയെയും തിന്മയെയും പറ്റിയുള്ള, *സത്യത്തിൽനിന്നാണ്* ബുദ്ധിപരമായ ഈ കോടതിയുടെ (forum) മഹത്ത്വം, അതിൻെറ ശബ്ദത്തിൻെറയും വിധികളുടെയും അധികാരം എന്നിവ ഉദ്ഭൂതമാകുന്നത്. ധാർമ്മികതയുടെ *സാർവ്വത്രികവും* വസ്തുനിഷ്ഠവുമായ മാനദണ്ഡമായിരിക്കുന്ന ദൈവിക നിയമത്താൽ ഈ സത്യം നിർദ്ദേശിക്കപ്പെടുന്നു. മനസ്സാക്ഷിയുടെ വിധിത്തീർപ്പ് നിയമത്തെ സ്ഥാപിക്കുന്നില്ല. പിന്നെയോ, സ്വാഭാവിക നിയമത്തിൻെറയും പ്രയോഗിക ബുദ്ധിയുടെയും അധികാരത്തിന് സാക്ഷ്യം വഹിക്കുകയാണ് അതു ചെയ്യുന്നത്. പരമനന്മയുമായി (supreme good) ബന്ധപ്പെടുത്തിയാണ് അങ്ങനെ ചെയ്യുന്നതും. പരമ നന്മയുടെ ആകർഷകത്വം മനുഷ്യവ്യക്തി കാണുകയും അതിൻെറ കല്പനകൾ അവൻ സ്വീകരിക്കുകയും ചെയ്യുന്നു. "എന്താണ് നന്മ, എന്താണ് തിന്മ എന്നു തീരുമാനിക്കാനുള്ള സ്വതന്ത്രവും ഏകാന്തവുമായ കഴിവല്ല മനസ്സാക്ഷി. പിന്നെയോ വസ്തുനിഷ്ഠമായ മാനദണ്ഡത്തിന് അഭിമുഖമായി അനുസരണത്തിൻെറ ഒരു തത്ത്വം അതിന്മേൽ മുദ്രിതമായിട്ടുണ്ട്. മാനുഷിക പെരുമാറ്റത്തിൻെറ അടിസ്ഥാനപരമായ കല്പനകളും നിരോധനാജ്ഞകളുംകൊണ്ട് അത് എടുക്കുന്ന തീരുമാനങ്ങളുടെ ബന്ധത്തെ അതു സ്ഥാപിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു". [106]

61. ധാർമ്മിക നന്മയെപ്പറ്റിയുള്ള സത്യം, അതു യുക്തിയുടെ നിയമത്തിൽ പ്രഖ്യാപിതമാകയാൽ മനസ്സാക്ഷിയുടെ വിധിത്തീർപ്പ് അതിനെ പ്രായോഗികമായും സമൂർത്തമായും അംഗീകരിക്കുന്നു.

www.malankaralibrary.com



ഒരുവൻ ചെയ്യുന്ന നന്മയുടെയോ തിന്മയുടെയോ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലേക്ക് അവനെ അതു നയിക്കുന്നു. ഒരു മനുഷ്യൻ തിന്മ ചെയ്താൽ, അവൻെറ മനസ്സാക്ഷിയുടെ നീതിയുക്തമായ വിധിത്തീർപ്പ് നന്മയുടെ സാർവ്വത്രിക സത്യത്തിനും അവൻെറ പ്രത്യേക തിരഞ്ഞെടുപ്പിൻെറ തിന്മയ്ക്കും ഒരു സാക്ഷി എന്ന പോലെ അവനിൽ നിലകൊള്ളുന്നു. എന്നാൽ, മനസ്സാക്ഷിയുടെ വിധിവാചകം പ്രത്യാശയുടെയും കരുണയുടെയും പണയമായിട്ടും (pledge) അവനിൽ നിലനില്ക്കുന്നു: അവൻ ചെയ്ത തിന്മയ്ക്കു സാക്ഷ്യം വഹിക്കുന്നതോടൊപ്പം, ദൈവാനുഗ്രഹത്തിൻെറ സഹായത്താൽ മാപ്പുചോദിക്കുകയും നന്മ ചെയ്യുകയും സ്ഥിരമായി സദ്ഗുണം വളർത്തുകയും ചെയ്യുക എന്ന അവൻെറ ആവശ്യത്തെ അത് അനുസ്മരിപ്പിക്കുക കൂടി ചെയ്യുന്നു.

തത്ഫലമായി, ഒരു നിർദ്ദിഷ്ട പ്രവൃത്തി ചെയ്യാനുള്ള കടമ ഒരു വ്യക്തിയിൽ ചുമത്തുന്ന *മനസ്സാക്ഷിയുടെ പ്രായോഗിക വിധിയിൽ, സ്വാതന്ത്ര്യവും സത്യവും തമ്മിലുള്ള ബന്ധം വ്യക്തമായിത്തീരുന്നു.* ഇക്കാരണത്താൽ, നന്മയെപ്പറ്റിയുള്ള സത്യത്തെ പ്രതിഫലിപ്പിക്കുന്ന "വിധിത്തീർപ്പിൻെറ" പ്രവൃത്തികളിലാണ്, ഇഷ്ടാനുസരണമുള്ള "തീരുമാനങ്ങളിൽ" അല്ല, മനസ്സാക്ഷി തന്നെത്തന്നെ പ്രകാശിപ്പിക്കുന്നത്. ഈ വിധികളുടെ പക്വതയും ഉത്തരവാദിത്വവും (ആത്യന്തികമായി അവയുടെ കർത്താവായ വ്യക്തിയും) അളക്കപ്പെടുന്നത്, വൈയക്തിക തീരുമാനങ്ങളിൽ ഉണ്ടെന്നു സങ്കല്പിക്കുന്ന സ്വയംഭരണാവകാശത്തിനനുകൂലമായി, മനസ്സാക്ഷിയെ വസ്തുനിഷ്ഠമായ സത്യത്തിൽനിന്നു വിമുക്തമാക്കിക്കൊണ്ടല്ല. നേരേമറിച്ച്, സത്യത്തിനുവേണ്ടിയുള്ള നിർബന്ധപൂർവ്വകമായ അന്വേഷണംകൊണ്ടും, ഒരുവൻെറ പ്രവർത്തികളിൽ ആ സത്യത്താൽ നയിക്കപ്പെടാൻ തന്നെത്തന്നെ അനുവദിച്ചുകൊണ്ടുമാണ്.

*സത്യവും നന്മയുമായതിനെ തേടിക്കൊണ്ട്*

62. ഒരു പ്രവൃത്തിയെപ്പറ്റിയുള്ള വിധിത്തീർപ്പ് എന്ന നിലയിൽ മനസ്സാക്ഷി, തെറ്റുപറ്റാനുള്ള സാധ്യതയിൽനിന്നു വിമുക്തമല്ല. കൗൺസിൽ പറയുന്നതുപോലെ "അജയ്യമായ അജ്ഞതമൂലം മനസ്സാക്ഷിക്കു പലപ്പോഴും തെറ്റുപറ്റാം- അതുമൂലം അതിൻെറ മഹത്ത്വത്തിനു കോട്ടം തട്ടുന്നില്ലെങ്കിലും അങ്ങനെ സംഭവിച്ചെന്നു വരാം. പക്ഷേ, ഒരാൾ യഥാർത്ഥത്തിൽ സത്യവും നന്മയുമായതെന്തെന്ന് അന്വേഷിക്കാൻ ഒട്ടും താത്പര്യം കാണിക്കാതിരിക്കുകയും പതിവായി പാപം ചെയ്യുകമൂലം മനസ്സാക്ഷി ക്രമേണ, മിക്കവാറും അന്ധമായിത്തീരുകയും ചെയ്യുമ്പോൾ അങ്ങനെ പറയാവു

www.malankaralibrary.com



ന്നതല്ല" [107] *തെറ്റായ മനസ്സാക്ഷിയെപ്പറ്റി* നൂറ്റാണ്ടുകളിലൂടെ സഭ വളർത്തിയെടുത്ത സിദ്ധാന്തത്തെ ഈ ചുരുങ്ങിയ വാക്കുകളിൽ കൗൺസിൽ സംഗ്രഹിക്കുന്നു.

തീർച്ചയായും, "നല്ലമനസ്സാക്ഷി" ഉണ്ടാകാൻ (1തിമോ.1:5) മനുഷ്യൻ സത്യം അന്വേഷിക്കണം. ആ സത്യത്തിനനുസരിച്ചു വിധിത്തീർപ്പുകൾ കല്പിക്കുകയും വേണം. പൗലോസ്ശ്ലീഹാ പറയുന്നതു പോലെ, മനസ്സാക്ഷി "പരിശുദ്ധാത്മാവിനാൽ സ്ഥിരീകരിക്കപ്പെടണം" (റോമാ.9:1). അതു "സുവ്യക്തമായിരിക്കണം" (2 തിമോ.1:3). അത് "വഞ്ചന പ്രവർത്തിക്കുകയോ ദൈവത്തിൻെറ വാക്കു വളച്ചൊടിക്കുകയോ"ചെയ്യരുത്. പിന്നെയോ "സത്യം തെളിച്ചുപറയണം" (2 കൊറി.4:2). മറുവശത്ത്, അപ്പസ്തോലൻ ക്രിസ്ത്യാനികൾക്ക് ഇങ്ങനെ മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു: "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത, നിങ്ങളുടെ മനസ്സിൻെറ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതമെന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കുകഴിയും" (റോമാ.12:2).

പൗലോസ് അപ്പസ്തോലൻെറ മുന്നറിയിപ്പ്, എപ്പോഴും ശ്രദ്ധയുള്ളവരായിരിക്കാൻ നമ്മെ നിർബന്ധിക്കുന്നു. നമ്മുടെ മനസ്സാക്ഷിയുടെ വിധികളിൽ തെറ്റിനുള്ള സാധ്യത എപ്പോഴും ഉണ്ടെന്ന് അതു നമുക്കു മുന്നറിയിപ്പു നൽകുന്നുണ്ട്. *മനസ്സാക്ഷി തെറ്റുപറ്റാനാവാത്ത ഒരു ജഡ്ജിയല്ല.* അതിനു തെറ്റുപറ്റാം. അജയ്യമായ ഒരു അജ്ഞതയുടെ ഫലമായിരിക്കാം ആ തെറ്റ്. ആ അജ്ഞത പ്രവൃത്തി ചെയ്യുന്നവന് അറിഞ്ഞു കൂടാത്തതും തനിയേ കീഴടക്കാൻ സാധിക്കാത്തതുമായിരിക്കാം.

ആ അജ്ഞത കുറ്റകരമല്ലെങ്കിൽ മനസ്സാക്ഷിക്ക് അതിൻെറ മഹത്വം നഷ്ടപ്പെടുന്നില്ലെന്നും കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം, വസ്തുനിഷ്ഠമായ ധാർമ്മികക്രമത്തിനെതിരേയുള്ള പ്രവൃത്തിയിലേക്കു നമ്മെ നയിക്കുമ്പോഴും പ്രവൃത്തിയുടെ കർത്താവ് ആത്മാർത്ഥമായി അന്വേഷിക്കാൻ വിളിക്കപ്പെട്ട നന്മയെക്കുറിച്ച് സത്യത്തിൻെറ നാമത്തിൽ അതു പറഞ്ഞുകൊണ്ടിരിക്കുന്നു.

63. മനസ്സാക്ഷിയുടെ മഹത്ത്വം, ഏതു സംഭവത്തിലും, എപ്പോഴും സത്യത്തിൽനിന്നാണുണ്ടാകുന്നത്. ശരിയായ മനസ്സാക്ഷിയുടെ കാര്യത്തിൽ, മനുഷ്യൻ സ്വീകരിക്കുന്ന വസ്തുനിഷ്ഠമായ സത്യത്തിൻെറ പ്രശ്നമാണത്. തെറ്റായ മനസ്സാക്ഷിയെ സംബന്ധിച്ചിട

www.malankaralibrary.com



ത്തോളം, സത്യമെന്ന് മനുഷ്യൻ *ആത്മനിഷ്ഠമായി* അബദ്ധം മൂലം ധരിക്കുന്നതാണ്. ധാർമ്മിക നന്മയെപ്പറ്റിയുള്ള "വ്യക്തിനിഷ്ഠ മായ" തെറ്റിനെ, മനുഷ്യന് അവൻെറ ലക്ഷ്യം കൊണ്ട് ബുദ്ധിപര മായി നിർദ്ദേശിക്കപ്പെട്ട "വസ്തുനിഷ്ഠമായ" സത്യവുമായി കൂട്ടി ക്കുഴയ്ക്കുന്നത് ഒരിക്കലും അംഗീകരിക്കാനാവുകയില്ല. സത്യസ ന്ധവും ശരിയുമായ മനസ്സാക്ഷിയോടെ ചെയ്ത ഒരു പ്രവൃത്തി യുടെ ധാർമ്മികമൂല്യവും തെറ്റായ മനസ്സാക്ഷിയുടെ വിധിയനുസരി ച്ചു ചെയ്ത ഒരു പ്രവൃത്തിയുടെ ധാർമ്മികമൂല്യവും തുല്യമായി കരു തുകയെന്നതും ഒരിക്കലും സ്വീകരിക്കാനാവുകയില്ല.[108] അജയ്യ മായ അജ്ഞതയുടെയോ കുറ്റകരമല്ലാത്ത അബദ്ധവിധിയുടെയോ ഫലമായി ചെയ്യപ്പെടുന്ന തിന്മപ്രവൃത്തി ചെയ്തവനിൽ ആരോപി ക്കപ്പെടാതിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ, ഈ സംഗതിയിൽ- പ്പോലും അത് ഒരു തിന്മയല്ലാതാകുന്നില്ല; നന്മയെ സംബന്ധിച്ച സത്യത്തോടുള്ള ബന്ധത്തിലെ ഒരു ക്രമക്കേട് ആകാതിരിക്കു ന്നില്ല. കൂടാതെ നന്മയെന്ന് അംഗീകരിക്കപ്പെടാത്ത നന്മയായ പ്രവൃ ത്തി, അതുചെയ്യുന്ന വ്യക്തിയുടെ ധാർമ്മികവളർച്ചയെ സഹായി ക്കുന്നുമില്ല. അത് അവനെ പൂർണ്ണനാക്കുന്നില്ല. പരമ നന്മയി ലേക്കു അവനെ സജ്ജീകരിക്കുന്നതിൽ സഹായിക്കുന്നുമില്ല. അങ്ങനെ, മനസ്സാക്ഷിയുടെ പേരിൽ എളുപ്പം നീതീകരിക്കപ്പെട്ടു വെന്നു വിചാരിക്കുന്നതിനു മുൻപ് സങ്കീർത്തനത്തിലെ വാക്കുക ളെപ്പറ്റി നാം ചിന്തിക്കണം: " അവൻെറ തെറ്റുകളെ വേർതിരിച്ചറി യാൻ ആർക്കു കഴിയും ? നിഗൂഢങ്ങളായ തെറ്റുകളിൽനിന്ന് എന്നെ വെടിപ്പാക്കണമേ (സങ്കീ.19:12). കണ്ടെത്തുന്നതിൽ നാം പരാജയപ്പെടുന്ന തെറ്റുകളുണ്ട്. പക്ഷേ, ആ തെറ്റുകൾ തെറ്റുകളാ യിത്തന്നെ നിലകൊള്ളും. കാരണം, നമ്മൾ പ്രകാശത്തിൻെറ നേരേ സഞ്ചരിക്കാൻ വിമുഖതകാണിച്ചു (യോഹ.9:39-41).

മനസ്സാക്ഷി, ആത്യന്തികമായി വസ്തുനിഷ്ഠമായ വിധിത്തീർപ്പ് എന്ന നിലയിൽ, *കുറ്റകരമാംവിധം* തെറ്റുള്ളതാകുമ്പോൾ അതി ൻെറ മഹത്വത്തെ അതു നഷ്ടപ്പെടുത്തുന്നു. അതായത്, "എന്താ ണു നന്മയെന്നും എന്താണ് തിന്മയെന്നും അന്വേഷിക്കാൻ മനുഷ്യ ന് ഒട്ടും താത്പര്യമില്ലാതിരിക്കുമ്പോഴും പാപത്തിൽ തഴകി ക്രമേണ മനസ്സാക്ഷി മിക്കവാറും അന്ധമായി തീരുമ്പോഴും"[109] അതിൻെറ മഹത്ത്വം നഷ്ടപ്പെടുത്തുന്നു. മനസ്സാക്ഷിയെ വികലമാക്കുക എന്ന അപകടത്തെപ്പറ്റി യേശു ഒരു മുന്നറിയിപ്പിലൂടെ സൂചിപ്പിക്കുന്നു ണ്ട്: "കണ്ണാണ് ശരീരത്തിൻെറ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ ആ അന്ധകാരം എത്രയോ വലുതായിരിക്കും" (മത്താ.6:22-23).

www.malankaralibrary.com



64. മുകളിൽ ഉദ്ധരിച്ച യേശുവിൻെറ വാക്കുകൾ, നമ്മുടെ മനസ്സാക്ഷിയെ രൂപപ്പെടുത്താനുള്ള ആഹ്വാനത്തിൻെറ പ്രതിനിധി കൂടിയാണ്. അതിനെ സത്യമായിട്ടുള്ളതിലേക്കും നന്മയായിട്ടുള്ളതിലേക്കും നടക്കേണ്ട നിരന്തരമായ പരിവർത്തനത്തിൻെറ വിഷയമാക്കാനുള്ള ആഹ്വാനത്തിൻെറ പ്രതിനിധികൂടിയാണ്. നമ്മൾ ഈ ലോകത്തിൻെറ മനോഭാവത്തിന് അനുരൂപരാകരുതെന്നും, മറിച്ച്, നമ്മുടെ മനസ്സിൻെറ പുതുക്കൽ വഴി നാം പരിവർത്തനം ചെയ്യപ്പെട്ടവരാകണമെന്നും ഇതേ മനോഗതിയോടെ വി. പൗലോസ് നമ്മെ ആഹ്വാനം ചെയ്യുന്നു. കർത്താവിലേക്കു തിരിയുന്നത് "ഹൃദയ" മാണ്. മനസ്സാക്ഷിയുടെ സത്യസന്ധമായ വിധികളുടെ യഥാർത്ഥ ഉറവിടമായ നന്മയോടുള്ള സ്നേഹത്തിലേക്കു തിരിയേണ്ടതും അതാണ്. യഥാർത്ഥത്തിൽ, "ദൈവേഷ്ടമെന്താണെന്നും, നല്ലതും സ്വീകാര്യവും പൂർണ്ണവുമായത് എന്താണെന്നും തെളിയിക്കാൻ (റോമാ.12:2) ദൈവിക നിയമത്തിൻെറ പൊതുവായ അറിവ് തീർച്ചയായും അത്യാവശ്യമാണ്. പക്ഷേ, അതു മതിയാവുകയില്ല. സത്താപരമായി വേണ്ടത് *മനുഷ്യനും യഥാർത്ഥ നന്മയും തമ്മിലുള്ള* ഒരു സമാനധർമ്മത്വം (connaturality)ആണ്.[110]വ്യക്തിയുടെ തന്നെ സദ്ഗുണപരമായ മനോഭാവങ്ങളിലാണ് അത്തരം സമാനധർമ്മത്വം വേരുറച്ചിരിക്കുന്നത്, അവയിലൂടെയാണ് അതു വളരുന്നതും. വിവേകവും (prudence)അതുപോലുള്ള സുപ്രധാന ഗുണങ്ങളും, അവയ്ക്കു മുമ്പേ തന്നെ ദൈവിക പുണ്യങ്ങളായ വിശ്വാസം, ശരണം, സ്നേഹം എന്നിവയുമാണ് ആ മനോഭാവങ്ങൾ. "സത്യമായിട്ടുള്ളത് ചെയ്യുന്നവൻ പ്രകാശത്തിലേക്കു വരുന്നു" (യോഹ.3:21) എന്ന യേശുവിൻെറ വാക്കുകളുടെ അർത്ഥമിതാണ്.

മനസ്സാക്ഷിയുടെ രൂപവത്കരണത്തിന്, ക്രിസ്ത്യാനികൾക്ക് *സഭയിലും* അവളുടെ *പ്രബോധനാധികാരത്തിലും* വലിയ സഹായം ലഭ്യമാണ്. കൗൺസിൽ ഉറപ്പിച്ചു പറയുന്നതുപോലെ: "ക്രിസ്തീയ വിശ്വാസികൾ മനസ്സാക്ഷിരൂപവത്കരണത്തിൽ, സഭയുടെ വിശുദ്ധവും സുനിശ്ചിതവുമായ സിദ്ധാന്തങ്ങളെ വളരെയേറെ ശ്രദ്ധിക്കണം. കാരണം, കത്തോലിക്കാസഭ ക്രിസ്തുവിൻെറ അഭീഷ്ട പ്രകാരം, സത്യത്തിൻെറ ഗുരുനാഥയാണ്. സത്യം പ്രഘോഷിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുക അവളുടെ കടമയാണ്. ആ സത്യമാകട്ടെ ക്രിസ്തുവാണ്. മനുഷ്യ സ്വഭാവത്തിൽനിന്നുതന്നെ ഉദ്ഭൂതമാകുന്ന ധാർമ്മിക തത്ത്വങ്ങൾ ആധികാരികമായി പ്രഖ്യാപിച്ചുറപ്പിക്കുക എന്നതും സഭയുടെ കർത്തവ്യത്തിൽപ്പെടുന്നു.[111] സഭ ധാർമ്മിക പ്രശ്നങ്ങളെപ്പറ്റി വിധി പറയുമ്പോൾ, സഭയുടെ

www.malankaralibrary.com



പ്രബോധനാധികാരം ക്രിസ്ത്യാനികളുടെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തെ ഒരു വിധത്തിലും തകർക്കുന്നില്ല എന്ന് ഇതിൽ നിന്നു വ്യക്തമാണ്. കാരണം, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം ഒരിക്കലും "സത്യത്തിൽ നിന്നുള്ള" സ്വാതന്ത്ര്യമല്ല, "സത്യത്തിനുള്ളിലുള്ള" സ്വാതന്ത്ര്യമാണ്. എപ്പോഴും അത് അങ്ങനെയായിരിക്കും. അങ്ങനെ മാത്രമായിരിക്കും. ഇതുമാത്രമല്ല അതിൻെറ കാരണം. സഭയുടെ പ്രബോധനാധികാരം ക്രൈസ്തവ മനസ്സാക്ഷിക്ക് അന്യമായ സത്യങ്ങൾ കൊണ്ടുവരുന്നില്ല എന്നതും അതിൻെറ കാരണമാണ്. പണ്ടേ അതു സ്വന്തമാക്കിയിരിക്കേണ്ട സത്യങ്ങളെ പ്രകാശിപ്പിക്കുകയാണ് സഭയുടെ പ്രബോധനാധികാരം ചെയ്യുന്നത്. ആദിമ വിശ്വാസ പ്രകരണത്തിൻെറ തുടക്കത്തിൽനിന്ന് അവയെ വികസിപ്പിച്ചു കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. സഭ എപ്പോഴും *മനസ്സാക്ഷിക്കു* സേവനം ചെയ്യാൻ– അതിനു മാത്രം *സേവനം*ചെയ്യാൻ– സ്വയം സമർപ്പിക്കുന്നു. മാനുഷിക വഞ്ചന നിർദ്ദേശിക്കുന്ന സിദ്ധാന്തങ്ങളുടെ കാറ്റിൽ അങ്ങോട്ടുംമിങ്ങോട്ടും ആടിയുലയാതിരിക്കാൻ സഹായിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത് (എഫേ.4:14). മനുഷ്യനെ സംബന്ധിച്ച നന്മയിൽനിന്നു വ്യതിചലിക്കാതെ പ്രത്യേകിച്ച് കൂടുതൽ പ്രയാസമുള്ള പ്രശ്നങ്ങളിൽ തീർച്ചയോടെ സത്യത്തിൽ എത്തിച്ചേരാനും അതിൽ വസിക്കാനും സഹായിച്ചുകൊണ്ടുമാണ് അപ്രകാരം ചെയ്യുന്നത്.

## III മൗലിക തിരഞ്ഞെടുപ്പും പെരുമാറ്റത്തിൻെറ സവിശേഷ രീതികളും.

*"ശരീരത്തിനുള്ള ഒരവസരമായി നിങ്ങളുടെ സ്വാതന്ത്ര്യത്തെ ഉപയോഗിക്കരുതെന്നുമാത്രം"* (ഗലാ.5:13).

65. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള താത്പര്യം ഇന്നു വളരെ വർദ്ധിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിൻെറ സ്വഭാവത്തിൻെറയും പ്രവർത്തനത്തിൻെറയും (dynamics) അഗാധതരമായ ഒരു അപഗ്രഥനം വളർത്താൻ പെരുമാറ്റ ശാസ്ത്രവും (behavioral sciences) ദൈവശാസ്ത്രവും പഠിക്കുന്നവരെ ഈ താത്പര്യ വർദ്ധനവു സഹായിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തിക്കായുള്ള തിരഞ്ഞെടുപ്പു മാത്രമല്ല സ്വാതന്ത്ര്യമെന്ന് ശരിയായിത്തന്നെ അതു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ തിരഞ്ഞെടുപ്പിൽ *തന്നെപ്പറ്റിത്തന്നെയുള്ള ഒരു തീരുമാനവും കൂടി* അത് ഉൾക്കൊള്ളുന്നു. സ്വന്തം ജീവിതത്തിൻെറ ഒരു വ്യവസ്ഥാപനവും അത് ഉൾക്കൊള്ളുന്നു. നന്മയ്ക്കുവേണ്ടിയോ അതിനെതിരായോ, സത്യത്തിനു വേണ്ടിയോ അതിനെതി

www.malankaralibrary.com



രായോ ആത്യന്തികമായി ദൈവത്തിനു വേണ്ടിയോ ദൈവത്തിനെതി രായോ ഉള്ള ഒരു വ്യവസ്ഥാപനമാണത്. ഒരു മനുഷ്യൻെറ ധാർ മ്മിക ജീവിതത്തെ മുഴുവനും "രൂപപ്പെടുത്തുന്നതും", അനുദിന ജീവിതത്തിൻെറ മറ്റു പ്രത്യേക തിരഞ്ഞെടുപ്പുകൾക്ക് സ്ഥിതിചെയ്യാ നും വളരാൻ അനുവദിക്കാനുമുള്ള പരിധികൾ നിശ്ചയിക്കുന്നതു മായ ചില തിരഞ്ഞെടുപ്പുകളുടെ പ്രാധാന്യം ശരിയായിത്തന്നെ (പ്രസ്തുത താത്പര്യം) ഊന്നിപ്പറഞ്ഞിട്ടുമുണ്ട്.

പക്ഷേ, ചില എഴുത്തുകാർ, *വ്യക്തിയും പ്രവൃത്തികളും തമ്മി ലുള്ള ബന്ധത്തിൻെറ* കൂടുതൽ മൗലികമായ പുനഃപരിശോധന നിർദ്ദേശിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിൻെറ (choice) സ്വാതന്ത്ര്യത്തേ ക്കാൾ അഗാധതരവും അതിൽനിന്നു വ്യത്യസ്തവുമായ ഒരു "മൗലിക സ്വാതന്ത്ര്യ"ത്തെപ്പറ്റി (fundamental freedom) അവർ പറയുന്നു. മാനുഷികപ്രവൃത്തികളെ ശരിയായി മനസ്സിലാക്കുക യും വിലയിരുത്തുകയും ചെയ്യണമെങ്കിൽ അതിനെ മനസ്സിലാക്കണ മെന്നും അവർ പറയുന്നു. ഒരു മൗലിക സ്വാതന്ത്ര്യത്തിൽ നിന്നുണ്ടാ കുന്ന ഒരു "മൗലിക തിരഞ്ഞെടുപ്പ്" (fundamental option)ആണ് ധാർമ്മിക ജീവിതത്തിൽ മർമ്മപ്രധാനമായ ഭാഗം നിർവഹിക്കുന്ന ത് എന്ന് പ്രസ്തുത എഴുത്തുകാർ അഭിപ്രായപ്പെടുന്നു. ഇപ്പറഞ്ഞ മൗലികതിരഞ്ഞെടുപ്പുവഴി, വ്യക്തി സമ്പൂർണ്ണമായ ഒരു സ്വയം നിർ ണ്ണയം (self-determination)നടത്തുന്നു. യുക്തിവിചാരത്തി ൻെറ തലത്തിലുള്ള ബോധപൂർവ്വകമായ സവിശേഷതീരുമാനം വഴി യല്ല പിന്നെയോ സർവ്വാതീതവും (transcendental) വിഷയാതീത വും അഥവാ പ്രത്യേക വിഷയ ബന്ധിതമല്ലാത്തതും (athematic) ആയ രീതിയിലാണ് നടത്തുന്നത് എന്നും പറയുന്നു. ഈ തിരഞ്ഞെടു പ്പിൽനിന്നു (option) പ്രവഹിക്കുന്ന *പ്രത്യേക പ്രവൃത്തികൾ* (particular acts) അതിൻെറ പ്രകാശനത്തിനുള്ള ഭാഗികമായ ശ്രമങ്ങൾ മാത്രമാണ്; ഒരിക്കലും സുനിശ്ചിതങ്ങളായ ശ്രമങ്ങളല്ല. അവ അതിൻെറ "അടയാളങ്ങൾ" (signs) അല്ലെങ്കിൽ ലക്ഷണങ്ങൾ (symptoms) മാത്രമേയാകുന്നുള്ളൂ. അത്തരം പ്രവൃത്തികളുടെ തൊട്ടടുത്ത വിഷയം പരനന്മ (absolute good) ആയിരിക്കുക യില്ല (അതിനുമുമ്പിൽ വ്യക്തിയുടെ സ്വാതന്ത്ര്യം സർവ്വാതിശായി യായ തലത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു). പിന്നെയോ, സവിശേഷ (particular) നന്മകളായിരിക്കും (ഈ സവിശേഷ നന്മകളെ "കാറ്റ- ഗോറിക്കൽ" എന്നാണ് വിളിക്കുന്നത്). ചില ദൈവശാസ്ത്രജ്ഞൻ മാരുടെ അഭിപ്രായത്തിൽ സ്വാഭാവികമായി ഭാഗികങ്ങളായ ഈ നന്മകൾക്കൊന്നിനും സമഗ്രതയുള്ള ഒരു വ്യക്തി എന്ന നിലയിലു- ള്ള മുനുഷ്യൻെറ സ്വാതന്ത്ര്യത്തെ നിർണ്ണയിക്കാൻ കഴിവില്ല-

www.malankaralibrary.com



അവയെ നടപ്പിലാക്കിക്കൊണ്ടോ അവയുടെ നടപ്പാക്കലിനെ നിഷേധിച്ചുകൊണ്ടോ മാത്രമേ, മനുഷ്യനു സ്വന്തം മൗലിക തിരഞ്ഞെടുപ്പ് (option) നടത്താൻ കഴിയുകയുള്ളൂ എങ്കിലും.

അങ്ങനെ, *മൗലികതിരഞ്ഞെടുപ്പും* (fundamental option) പെരുമാറ്റത്തിൽ വസ്തുനിഷ്ഠമായ ഒരു രീതിയുടെ സുചിന്തിതമായ *തിരഞ്ഞെടുപ്പുകളും* (deliberate choices) *തമ്മിൽ ഒരു വ്യത്യാസം* അവതരിപ്പിക്കപ്പെടുന്നു. ചില ഗ്രന്ഥകാരന്മാരുടെ കൃതികളിൽ ഈ വിഭജനം ഒരു വേർതിരിവ് (separation) ആയിത്തീരാൻ ശ്രമിക്കുന്നു. മൗലികതിരഞ്ഞെടുപ്പിനു സ്വാഭാവികമായുള്ള സർവ്വാതിശായിയായ മാനത്തിനുള്ളിൽ ധാർമ്മികനന്മയെയും ധാർമ്മിക തിന്മയെയും അവർ പ്രകടമായി ഒതുക്കിനിറുത്തുമ്പോൾ അങ്ങനെ സംഭവിക്കുന്നു. പ്രത്യേകമായി അന്തർമുഖമായ പെരുമാറ്റരീതിയുടെ തിരഞ്ഞെടുപ്പുകളെ "ശരിയോ" "തെറ്റോ" ആയി വിവരിക്കുമ്പോഴും, മറ്റു വാക്കുകളിൽ പറഞ്ഞാൽ, മനുഷ്യനു തന്നോടു തന്നെയും മറ്റുള്ളവരോടും ഭൗതികലോകത്തോടുമുള്ള തൻെറ ബന്ധത്തെ സംബന്ധിച്ചുള്ള തൻെറ തിരഞ്ഞെടുപ്പുകളെ ശരിയോ തെറ്റോ ആയി വിവരിക്കുമ്പോഴും അപ്രകാരം സംഭവിക്കുന്നു. അങ്ങനെ, മാനുഷികപ്രവർത്തനത്തിൽ, ധാർമ്മികതയുടെ രണ്ടുതലങ്ങൾ തമ്മിൽ സുവ്യക്തമായ വേർതിരിവു സ്ഥാപിക്കാൻ ശ്രമിക്കുന്നതായി തോന്നുന്നു. ഒരു വശത്ത്, മനസ്സിനെ ആശ്രയിച്ചിരിക്കുന്ന നന്മയുടെയും തിന്മയുടെയും ക്രമം. മറുവശത്ത്, പെരുമാറ്റത്തിൻെറ സവിശേഷരീതികൾ. ഇവയെയാകട്ടെ, ധാർമ്മികമായി നന്മയെന്നോ തിന്മയെന്നോ വിധിക്കുന്നത്, ഒരു സാങ്കേതിക കണക്കുകൂട്ടലിൻെറ അടിസ്ഥാനത്തിൽ മാത്രമാണ്. ഒരു പ്രവൃത്തിയിൽനിന്ന് യഥാർത്ഥത്തിൽ ഉദ്ഭവിച്ചിട്ടുള്ള "പ്രാഗ്ധാർമ്മിക"ങ്ങളായ അഥവാ "ഭൗതിക"ങ്ങളായ നന്മകളുടെയും തിന്മകളുടെയും അനുപാതത്തിൻെറ സാങ്കേതിക കണക്കുകൂട്ടലാണത്. വസ്തുനിഷ്ഠമായ ഒരു പ്രവർത്തനരീതി, സ്വതന്ത്രമായി തിരഞ്ഞെടുത്തതായാലും, കേവലം ശാരീരികമായ ഒരു പ്രക്രിയയായി കരുതപ്പെടണമെന്നും മാനുഷിക പ്രവൃത്തിക്കു സ്വതഃസിദ്ധമായ മാനദണ്ഡങ്ങളനുസരിച്ച് അവയെ പരിഗണിക്കരുതെന്നും വരെ ഈ ആശയത്തെ കൊണ്ടുചെന്നെത്തിക്കുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചുള്ള യഥാർത്ഥമായ ധാർമ്മിക വിലയിരുത്തൽ പ്രത്യേക പ്രവൃത്തികളുടെയും വസ്തുനിഷ്ഠമായ പെരുമാറ്റ രീതിയുടെയും തിരഞ്ഞെടുപ്പിൽ നിന്നു പൂർണ്ണമായോ ഭാഗികമായോ മാറ്റി നിർത്തി, അവൻെറ മൗലികതിരഞ്ഞെടുപ്പിനെ സംബന്ധിച്ചു മാത്രമായിരിക്കണം എന്ന നിഗമനത്തിലേക്ക് ഇതു ക്രമേണ നയിക്കുന്നു.

www.malankaralibrary.com



66. ദൈവത്തിൻെറ മുൻപിൽ മൗലികമായ നിലയിൽ ധാർമ്മിക ജീവിതത്തെ വിശേഷിപ്പിക്കുകയും സ്വാതന്ത്ര്യത്തെ ഉപയോഗിക്കുകയും ചെയ്യുന്ന മൗലിക തിരഞ്ഞെടുപ്പിനു സവിശേഷ പ്രാധാന്യമുണ്ട്. അതിനെ ക്രൈസ്തവ ധാർമ്മിക പ്രബോധനവും അതിൻെറ ബൈബിൾപരമായ ഉറവിടങ്ങളും അംഗീകരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. വിശ്വാസത്തിൻെറ തീരുമാനത്തിൻെറ, *വിശ്വാസത്തിൻെറ അനുസരണത്തിൻെറ,* പ്രശ്നമാണത് (റോമ.16:26). "ദൈവം വെളിപ്പെടുത്തുമ്പോൾ ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും സമ്പൂർണ്ണ സമർപ്പണം നടത്തിക്കൊണ്ട്, അതുവഴി മനുഷ്യൻ തന്നെത്തന്നെ പൂർണ്ണമായും സ്വതന്ത്രമായും ദൈവത്തിനു സമർപ്പിക്കുന്നു".[112] ഈ വിശ്വാസം സ്നേഹത്തിലൂടെ പ്രവർത്തിക്കുന്നു. (ഗലാ.5:6). അതു മനുഷ്യൻെറ ആന്തരിക മർമ്മത്തിൽ നിന്ന്, അവൻെറ ഹൃദയത്തിൽ നിന്ന്, വരുന്നു, (റോമാ.10:10). പ്രവൃത്തികളിലൂടെ ഫലം നൽകാൻ അവിടെനിന്ന് അത് ആഹ്വാനം ചെയ്യപ്പെടുന്നു (മത്താ.12:33-35; ലൂക്കാ.6:43-45; റോമാ.8:5-10; ഗലാ.5:22) പത്തു കല്പനകളിൽ, വിവിധ കല്പനകൾക്കുള്ള ആമുഖം പോലെ, ഒരു മൗലിക ഉപവാചകം കാണുന്നു: "ഞാൻ നിങ്ങളുടെ കർത്താവായ ദൈവമാണ്........" (പുറപ്പാ.20:2). അനേകങ്ങളും വ്യത്യസ്തങ്ങളുമായ സവിശേഷ കല്പനകളുടെമേൽ അവയുടെ ആദിമാർത്ഥത്തിന് അതു മുദ്രയിടുന്നു. അങ്ങനെ ചെയ്തുകൊണ്ട് ഉടമ്പടിയുടെ ധാർമ്മികതയ്ക്കു പൂർണ്ണതയുടെയും ഐക്യത്തിൻെറയും അഗാധതയുടെയും പ്രത്യേകത അതു കല്പിക്കുന്നു. അപ്പോൾ, ഇസ്രായേലിൻെറ മൗലിക തീരുമാനം മൗലിക കല്പനയെക്കുറിച്ചാണ് (ജോഷ്വ 24:14-25; പുറ.19:3-8; മിക്കാ.6:8). അതുപോലെ, പുതിയഉടമ്പടിയുടെ ധാർമ്മികത, തന്നെ അനുഗമിക്കാനുള്ള യേശുവിൻെറ മൗലികവിളിയാൽ ഭരിക്കപ്പെടുന്നു. അങ്ങനെ, യേശുവും യുവാവിനോടു പറയുന്നു: "പൂർണ്ണനായിരിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ..... വന്ന് എന്നെ അനുഗമിക്കുക" (മത്താ.19:21). ഈ വിളിയോട് ശിഷ്യൻ മൗലികമായ തീരുമാനത്തോടും തിരഞ്ഞെടുപ്പോടുംകൂടി പ്രത്യുത്തരിക്കണം. നിധിയുടെയും അമൂല്യരത്നത്തിൻെറയും ഉപമകൾ സുവിശേഷത്തിലുണ്ടല്ലോ. ആ നിധിയും രത്നവും വാങ്ങിക്കാൻ ഒരുവൻ തൻെറ സർവ്വസമ്പാദ്യങ്ങളും വില്ക്കുന്നു. ദൈവരാജ്യം ആവശ്യപ്പെടുന്ന തീരുമാനത്തിൻെറ മൗലികവും വ്യവസ്ഥാതീതവുമായ സ്വഭാവത്തിൻെറ വാചാലവും ഫലപ്രദവുമായ പ്രതിരൂപങ്ങളാണ് ആ ഉപമകൾ. യേശുവിനെ അനുഗമിക്കുന്നതിനുള്ള തീരുമാനത്തിൻെറ മൗലിക സ്വഭാവം യേശു തന്നെ സ്വന്തം വാക്കുകളിൽ വിസ്മയനീ

www.malankaralibrary.com



യമാംവിധം വ്യക്തമാക്കിയിട്ടുണ്ട്: "സ്വന്തം ജീവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്ന ഏവനും അതു നഷ്ടപ്പെടുത്തും; എന്നെയും സുവിശേഷത്തെയും പ്രതി തൻെറ ജീവൻ നഷ്ടപ്പെടുത്തുന്ന ഏവനും അതിനെ രക്ഷിക്കും" (മർക്കോ.8:35).

"വന്ന് എന്നെ അനുഗമിക്കുക" എന്ന യേശുവിൻെറ വിളി മനുഷ്യ സ്വാതന്ത്ര്യത്തിൻെറ സാധ്യമായ എറ്റവും വലിയ മഹത്വപ്പെടുത്തലാണ്. അതേസമയം സത്യത്തിനും വിശ്വാസത്തിൻെറ പ്രവൃത്തികൾക്കുള്ള കടമയ്ക്കും, മൗലികമായ തിരഞ്ഞെടുപ്പ് (option) ഉൾക്കൊള്ളുന്നവയെന്നു വിവരിക്കപ്പെടാവുന്ന തീരുമാനങ്ങൾക്കും അതു സാക്ഷ്യം വഹിക്കുന്നുണ്ട്. വി. പൗലോസിൻെറ വാക്കുകളിൽ മനുഷ്യസ്വാതന്ത്ര്യത്തിൻെറ സമാനമായ ഒരു മഹത്ത്വപ്പെടുത്തൽ നാം കാണുന്നു: "സഹോദരൻമാരെ നാം സ്വാതന്ത്ര്യത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു" (ഗാല.5:13). പക്ഷേ, അപ്പസ്തോലൻ ഉടനെ തന്നെ ഒരു മുന്നറിയിപ്പു കൂട്ടിച്ചേർക്കുന്നു: "ശരീരത്തിനുള്ള ഒരു അവസരമായി ഉപയോഗിക്കരുതെന്നുമാത്രം". ഈ മുന്നറിയിപ്പ് അദ്ദേഹം മുൻപുപറഞ്ഞ വാക്കുകളെ പ്രതിധ്വനിപ്പിക്കുന്നു: "സ്വാതന്ത്ര്യത്തിനു വേണ്ടി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. അതുകൊണ്ട് ഉറച്ചു നിൽക്കുക, അടിമത്തത്തിൻെറ നുകത്തിനു വീണ്ടും കീഴടങ്ങാതിരിക്കുകയും ചെയ്യുക" (ഗലാ.5:1). ജാഗ്രതയുള്ളവരായിരിക്കാൻ പൗലോസുശ്ലീഹാ നമ്മെ ധൈര്യപ്പെടുത്തുന്നു. കാരണം, സ്വാതന്ത്ര്യം എപ്പോഴും അടിമത്തത്തിൻെറ ഭീഷണിക്കു വിധേയമാണ്. മൗലിക തിരഞ്ഞെടുപ്പ് എന്ന അർത്ഥത്തിലുള്ള ഒരു വിശ്വാസ പ്രവൃത്തി, മുൻപറഞ്ഞ പ്രവണതകളിൽ കാണും പോലെ, പ്രത്യേക പ്രവൃത്തികളുടെ തിരഞ്ഞെടുപ്പിൽ നിന്നു വിച്ഛേദിക്കപ്പെടുമ്പോൾ ഇതുതന്നെയാണു സംഭവിക്കുന്നത്.

67. അതുകൊണ്ട്, ഈ പ്രവണതകൾ വേദഗ്രന്ഥത്തിലെ പ്രബോധനത്തിനു തന്നെ വിരുദ്ധമാണ്. മൗലികതിരഞ്ഞെടുപ്പിനെ സ്വാതന്ത്ര്യത്തിൻെറ യഥാർത്ഥതിരഞ്ഞെടുപ്പായി കാണുകയും ആ തിരഞ്ഞെടുപ്പിനെ പ്രത്യേക പ്രവൃത്തികളുമായി അവഗാഢം ബന്ധിക്കുകയുമാണല്ലോ ആ പ്രബോധനം ചെയ്യുന്നത്. മൗലിക തിരഞ്ഞെടുപ്പുവഴി മനുഷ്യൻ തൻെറ ജീവിതത്തിനു ലക്ഷ്യം നൽകാൻ പ്രാപ്തനാകുന്നു. ദൈവാനുഗ്രഹത്തിൻെറ സഹായത്താൽ, ദൈവത്തിൻെറ വിളിയനുസരിച്ച് തൻെറ അന്ത്യത്തിലേക്കു പുരോഗമിക്കാനും പ്രാപ്തനാകുന്നു. എന്നാൽ, ഈ കഴിവു യഥാർത്ഥത്തിൽ പ്രയോഗിക്കുന്നത് സവിശേഷങ്ങളായ പ്രവൃത്തികളുടെ പ്രത്യേകമായ തിരഞ്ഞെടുപ്പുകളിലൂടെയാണ്. അവയിലൂടെ മനുഷ്യൻ തന്നെത്തന്നെ

www.malankaralibrary.com



ബോധപൂർവ്വം ദൈവത്തിൻെറ ഹിതത്തിനും ജ്ഞാനത്തിനും നിയമത്തിനും അനുരൂപപ്പെടുത്തുന്നു. അതുകൊണ്ട് ഇങ്ങനെ പറയേണ്ടിയിരിക്കുന്നു: *മൗലിക തിരഞ്ഞെടുപ്പ്* എന്നു വിളിക്കപ്പെടുന്ന തിരഞ്ഞെടുപ്പ്, അതു പൊതുവായ (generic)നിയോഗത്തിൽ നിന്നു വ്യത്യസ്തമായിരിക്കുകയും തൻമൂലം സ്വാതന്ത്ര്യത്തിനു കടപ്പാടുണ്ടാകത്തക്കവിധം തീരുമാനത്തിലെത്താതിരിക്കുകയും ചെയ്യുന്നിടത്തോളം *ബോധപൂർവ്വകവും സ്വതന്ത്രവുമായ തീരുമാനങ്ങളിലൂടെയാണ് എപ്പോഴും നടത്തുന്നത്.* ഇക്കാരണത്താൽത്തന്നെ, ധാർമ്മികമായി ഗൗരവപൂർണ്ണമായ സംഗതിയെ സംബന്ധിച്ച്, മനുഷ്യൻ ഇതിനെതിരേ, ബോധപൂർവ്വകമായ തീരുമാനങ്ങളിൽ തൻെറ സ്വാതന്ത്ര്യം വിനിയോഗിക്കുമ്പോൾ ഇത് അസാധുവാക്കപ്പെടുന്നു.

മൗലിക തിരഞ്ഞെടുപ്പിനെ പെരുമാറ്റത്തിൻെറ വസ്തുനിഷ്ഠമായ രീതികളിൽനിന്നു വേർതിരിച്ചു നിറുത്തുക എന്നതിൻെറ അർത്ഥം, ധാർമ്മിക പ്രവൃത്തിയുടെ കർത്താവിൻെറ വൈയക്തികമായ ഏകത്വത്തിൻെറ സത്താപരമായ സമഗ്രതയെ, ശരീരത്തിലും ആത്മാവിലും, എതിർത്തുപറയുക എന്നതാണ്. മൗലിക തിരഞ്ഞെടുപ്പിനെ, അതു പ്രവൃത്തിപഥത്തിലെത്തിക്കുന്ന കഴിവുകളെയും, അതിനെ പ്രകാശിപ്പിക്കുന്ന തീരുമാനങ്ങളെയും പ്രകടമായി പരിഗണിക്കാതെ മനസ്സിലാക്കാൻ പാടില്ല. കാരണം, അങ്ങനെ ചെയ്താൽ, മനുഷ്യൻെറ പ്രവൃത്തിയിലും ബോധപൂർവ്വകമായ അവൻെറ ഓരോ തീരുമാനത്തിലും അന്തർലീനമായിട്ടുള്ള വിവേകപരമായ (rational) ലക്ഷ്യത്തോട് (finality) അതു നീതി പുലർത്തുകയില്ല. യഥാർത്ഥത്തിൽ, മാനുഷിക പ്രവൃത്തികളുടെ ധാർമ്മികതയെ നിശ്ചയിക്കുന്നത് പ്രവർത്തിക്കുന്ന വ്യക്തിയുടെ നിയോഗത്തിൽ അല്ലെങ്കിൽ ലക്ഷ്യത്തിൽ അഥവാ മൗലിക തിരഞ്ഞെടുപ്പിൽ നിന്നു മാത്രമല്ല. സുവ്യക്തമായി നിശ്ചയിക്കപ്പെട്ട കടപ്പെടുത്തുന്ന ഒരു ഉള്ളടക്കമില്ലാത്ത നിയോഗമായോ, ധാർമ്മിക ജീവിതത്തിൻറ വ്യത്യസ്ത കടമകളെ നിറവേറ്റാനുള്ള ഭാവാത്മക പ്രവർത്തനമില്ലാത്ത നിയോഗമായോ ആണ് ഇവിടെ അതിനെ കരുതുന്നത്. ഒരു സവിശേഷ പെരുമാറ്റ രീതിയുടെ തിരഞ്ഞെടുപ്പ് മനുഷ്യ വ്യക്തിയുടെ മഹത്വത്തിനും സമഗ്രമായ വിളിക്കും ചേർന്നതാണോ അല്ലയോ എന്നു പരിഗണിക്കാതെ, ധാർമ്മികതയെക്കുറിച്ചുള്ള വിധി നിർണ്ണയങ്ങൾ നടത്താൻ സാധ്യമല്ല. പിന്തുടരേണ്ട നൻമകളും ഉപേക്ഷിക്കേണ്ട തിൻമകളുമായി സ്വാഭാവിക നിയമം ചൂണ്ടിക്കാണിച്ചിട്ടുള്ള നൻമകളോടും തിൻമകളോടും ചിന്താസഹിതമായ ഇച്ഛാശക്തി നടത്തുന്ന പരാമർശം ഒരോ തിരഞ്ഞെടുപ്പിലുമുണ്ട്.

www.malankaralibrary.com



ഭാവാത്മക ധാർമ്മിക കല്പനകളുടെ കാര്യത്തിൽ, വിവേകത്തിന് എപ്പോഴും ഒരു കടമയുണ്ട്. അവ ഒരു സവിശേഷ സാഹചര്യത്തിൽ– ഉദാഹരണമായി കൂടുതൽ പ്രധാന്യമുള്ളതോ അടിയന്തിര സ്വഭാവമുള്ളതോ ആയ മറ്റു കടമകളെ പരിഗണിക്കുമ്പോൾ–പ്രയോഗിക്കാമോ എന്ന് അതു പരിശോധിച്ചു സ്ഥിരീകരിക്കണം. എന്നാൽ, ചില വസ്തുനിഷ്ഠ പ്രവൃത്തികൾ അല്ലെങ്കിൽ പെരുമാറ്റ രീതികൾ ആന്തരികമായി തിൻമയാണെന്നും അവ ചെയ്യാൻ പാടില്ലെന്നും പറയുന്ന നിഷേധാത്മകങ്ങളായ ധാർമ്മിക കല്പനകൾക്ക്, നിയമാനുസൃതമായ യാതൊരു അപവാദവുമില്ല. വിരുദ്ധമായ യാതൊരു തീരുമാനത്തിൻെറയും "സർഗ്ഗാത്മകതയ്ക്കു" ധാർമ്മികമായി ഒരു വിധത്തിലും അംഗീകരിക്കാവുന്ന സ്ഥാനം അവ നൽകുന്നില്ല. സാർവത്രിക നിയമത്താൽ നിരോധിക്കപ്പെടുന്ന ഒരു പ്രവൃത്തിയുടെ ധാർമ്മിക ഇനം (species) വസ്തുനിഷ്ഠമായി അംഗീകരിക്കപ്പെട്ടാൽ പിന്നെ, ധാർമ്മികമായി നല്ല പ്രവൃത്തി എന്നത് ധാർമ്മിക നിയമത്തെ അംഗീകരിക്കുന്ന പ്രവൃത്തിയാണ്; ആ നിയമം നിരോധിക്കുന്ന പ്രവൃത്തിയിൽ നിന്നു മാറി നിൽക്കുന്നതുമാണ്.

68. ഇവിടെ, അജപാലനപരമായ ഒരു സുപ്രധാന പരിഗണന കൂട്ടിച്ചേർക്കേണ്ടിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ച (നവീന) സിദ്ധാന്തങ്ങളുടെ യുക്തിയനുസരിച്ച്, ഒരു വ്യക്തിക്ക്, അവൻെറ ചില തിരഞ്ഞെടുപ്പുകളും പ്രവൃത്തികളും, സവിശേഷ ധാർമ്മിക മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും ചേർന്നതായാലും അല്ലെങ്കിലും, മൗലിക തിരഞ്ഞെടുപ്പിൻെറ ബലത്താൽ ദൈവത്തോടു വിശ്വസ്തതയുള്ളവനായി കഴിയാം; അവൻെറ പെരുമാറ്റത്തിൻെറ ചില സവിശേഷ രീതികൾ, സഭ നിശ്ചയിച്ച പ്രകാരമുള്ള ദൈവകല്പനകൾക്കു ബോധപൂർവ്വകമായും ഗൗരവപൂർവ്വകമായും വിരുദ്ധമാണെങ്കിലും, സ്നേഹത്തിനു വേണ്ടിയുള്ള ഒരു ആദിമ തിരഞ്ഞെടുപ്പിൻെറ ബലത്താൽ, ധാർമ്മികമായി നല്ലവനായി തുടരാം; ദൈവാനുഗ്രഹത്തിൽ പിന്തുടർന്നു രക്ഷ പ്രാപിക്കുകയും ചെയ്യാം!

എന്നാൽ യഥാർത്ഥത്തിൽ, മനുഷ്യൻ, ദൈവത്തോടുള്ള സ്വതന്ത്രമായ ആത്മസമർപ്പണംവഴി [113] നടത്തുന്ന മൗലിക തിരഞ്ഞെടുപ്പിനോട് അവിശ്വസ്തത കാണിക്കുന്നതു കൊണ്ടു മാത്രമല്ല നിത്യനാശത്തിൽ നിപതിക്കുന്നത്. സ്വതന്ത്രമായി ചെയ്യുന്ന ഓരോ മാരക പാപവും വഴി, നിയമദാതാവെന്ന നിലയിലുള്ള ദൈവത്തെ അവൻ ദ്രോഹിക്കുന്നു. അതിൻെറ ഫലമായി നിയമം മുഴുവനെയും സംബന്ധിച്ച് കുറ്റക്കാരനാവുകയും ചെയ്യുന്നു (യാക്കോ.2:8–11). അവൻ വിശ്വാസത്തിൽ പിടിച്ചുനിന്നാലും "വിശു

www.malankaralibrary.com



ദ്ധീകരണ വരപ്രസാദം" "സ്നേഹം" "നിത്യസൗഭാഗ്യം" എന്നിവ അവനു നഷ്ടമാകുന്നു. [114] ത്രെൻറു സൂനഹദോസു പഠിപ്പിക്കുന്നതുപോലെ, "ഒരിക്കൽ സ്വീകരിച്ച നീതീകരണ വരപ്രസാദം വിശ്വാസത്തെ നഷ്ടപ്പെടുത്തുന്ന മതത്യാഗം കൊണ്ടു മാത്രമല്ല നഷ്ടപ്പെടുന്നത്. മറ്റുള്ള ഓരോ മാരക പാപം കൊണ്ടും നഷ്ടപ്പെടും.[115]

*മാരക പാപവും ലഘുപാപവും*

69. മാരക പാപങ്ങളും ലഘുപാപങ്ങളും തമ്മിൽ പരമ്പരാഗതമായി ഒരു വ്യത്യാസം കല്പിച്ചിട്ടുണ്ട്. നാമിപ്പോൾ കണ്ടതുപോലെ, മൗലിക തിരഞ്ഞെടുപ്പിനെപ്പറ്റിയുള്ള ചിന്ത, ചില ദൈവശാസ്ത്രജ്ഞൻമാരെ, ഈ വ്യത്യാസത്തിൻെറ മൗലികമായ പുനഃപരിശോധനക്കു പ്രേരിപ്പിച്ചു. വിശുദ്ധീകരണ വരപ്രസാദത്തിൻെറ നാശത്തിന്- അത്തരം പാപത്തിൻെറ അവസ്ഥയിൽ മരിക്കുമ്പോൾ നിത്യ നാശത്തിനും-കാരണമാകുന്ന ദൈവപ്രമാണലംഘനം, ഉണ്ടാകുന്നത് വ്യക്തി മുഴുവനായി ഏർപ്പെടുന്ന ഒരു പ്രവൃത്തിയുടെ ഫലമായിട്ടു മാത്രമാണ് എന്ന് അവർ ശാഠ്യംപിടിച്ചു പറയുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഒരു മൗലിക തിരഞ്ഞെടുപ്പിൻെറ ഒരു പ്രവൃത്തിയുടെ ഫലമായിട്ടു മാത്രമാണെന്ന് അവർ ഉറപ്പിച്ചു പറയുന്നു. ഈ ദൈവ ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ, മനുഷ്യനെ ദൈവത്തിൽ നിന്നു വേർതിരിക്കുന്ന മാരക പാപം, ദൈവത്തെ ഉപേക്ഷിക്കുന്നതിൽ മാത്രമാണ് അടങ്ങിയിരിക്കുന്നത്. ആ ഉപേക്ഷിക്കൽ സ്വാതന്ത്ര്യത്തിൻെറ തലത്തിൽ നടത്തിയതായിരിക്കണം. അതു തിരഞ്ഞെടുപ്പിൻെറ ഒരു പ്രവൃത്തിയോടു തുല്യമല്ല. അതു ബോധപൂർവ്വകമായ ജാഗ്രദവസ്ഥയുടെ വിഷയമാകാൻ കഴിവില്ലാത്തതുമാണ്. തൻമൂലം, അവർ തുടർന്നു പറയുന്നു, യേശുക്രിസ്തുവിനോടും അവിടുത്തെ സഭയോടും ഐക്യപ്പെട്ടുകഴിയാൻ ആഗ്രഹിക്കുന്ന ഒരു ക്രിസ്ത്യാനി, അത്ര എളുപ്പത്തിലും കൂടെക്കൂടെയും മാരക പാപം ചെയ്യുമെന്ന വസ്തുത അംഗീകരിക്കാൻ-അവൻെറ പ്രവൃത്തികളുടെ "വിഷയം" (matter) ചിലപ്പോൾ അപ്രകാരം സൂചിപ്പിക്കുന്നുണ്ടെങ്കിൽപ്പോലും-മനഃശാസ്ത്രപരമായെങ്കിലും പ്രയാസമാണ് എന്ന്. അതുപോലെ തന്നെ, സമയത്തിൻെറ ഒരു ചെറിയ കാലയളവിനുള്ളിൽ ദൈവത്തോടുള്ള കൂട്ടായ്മയുടെ (സംസർഗത്തിൻെറ) ബന്ധം മൗലികമായി വിച്ഛേദിക്കാനും പിന്നീട് ആത്മാർത്ഥമായ അനുതാപത്തോടെ ദൈവത്തിലേക്കു തിരിയാനും കഴിയുമെന്ന് അംഗീകരിക്കുക പ്രയാസമാണെന്നും അവർ പറയുന്നു. പ്രവൃത്തിയുടെ വിഷയമനുസരിച്ച് എന്നതിനേക്കാൾ, വ്യക്തി വിനിയോഗിക്കുന്ന സ്വാതന്ത്ര്യത്തിൻെറ അളവനുസരിച്ചാണ് പാപത്തിൻെറ ഗൗരവം നിശ്ചയിക്കേണ്ടതെന്നും അവർ അഭിപ്രായപ്പെടുന്നു.

www.malankaralibrary.com



70. സിനഡിനുശേഷം പുറപ്പെടുവിച്ച അനുരഞ്ജനവും പശ്ചാത്താപവും (reconciliatio et paenitentia) എന്ന അപ്പസ്തോലികാഹ്വാനം, സഭയുടെ പാരമ്പര്യമനുസരിച്ച്, മാരകപാപങ്ങളും ലഘുപാപങ്ങളും തമ്മിലുള്ള വ്യത്യാസത്തിൻെറ പ്രാധാന്യവും സ്ഥിരസാധുതയും വീണ്ടും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. പ്രസ്തുത അപ്പസ്തോലികാഹ്വാനത്തിൻെറ ഉറവിടമായ 1983-ലെ മെത്രാൻമാരുടെ സിനഡ്; "മാരക പാപങ്ങളുടെയും ലഘു പാപങ്ങളുടെയും അസ്തിത്വത്തെയും സ്വഭാവത്തെയും കുറിച്ചുള്ള ട്രെൻറ് സുനഹദോസിൻെറ പ്രബോധനത്തെ വീണ്ടും ഉറപ്പിച്ചു പറയുക മാത്രമല്ല ചെയ്തത്. വിഷയം ഗൗരവമുള്ളതായിരിക്കുകയും പൂർണ്ണമായ അറിവോടും ബോധപൂർവ്വകമായ സമ്മതത്തോടും കൂടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പാപമാണ് മാരകപാപമെന്നു അത് അനുസ്മരിക്കുകകൂടി ചെയ്തു".[116]

ട്രെൻറു സുനഹദോസിൻെറ പ്രസ്താവന, മാരകപാപത്തിൻെറ "ഗൗരവമുള്ള വിഷയ"ത്തെ പരിഗണിക്കുക മാത്രമല്ല ചെയ്യുന്നത്. അതിൻെറ അവശ്യാവശ്യകവ്യവസ്ഥ, "പൂർണ്ണമായ അറിവും ബോധപൂർവ്വകമായ സമ്മത"വും ആണെന്ന് ഓർമ്മിക്കുക കൂടി ചെയ്യുന്നു. വിഷയം ഗൗരവമുള്ളതായിരിക്കുകയും പ്രവൃത്തി ചെയ്യുന്ന വ്യക്തിയുടെ പൂർണ്ണമായ അറിവിൻെറയോ ബോധപൂർവ്വകമായ സമ്മതത്തിൻെറയോ അഭാവം മൂലം മാരകപാപമാകാതിരിക്കുകയും ചെയ്യുന്ന പ്രവൃത്തികളുണ്ട്. അത്തരം പ്രവൃത്തികൾ ഉൾപ്പെടുന്ന സംഭവങ്ങൾ-ധാർമ്മിക ദൈവശാസ്ത്രത്തിലും അജപാലന പ്രയോഗത്തിലുമുള്ള ഏതു സംഭവത്തിലും-സാധാരണമായി കണ്ടു മുട്ടുന്നുണ്ട്. എന്നാലും, "മാരകപാപത്തെ ദൈവത്തിനെതിരായ, ഇന്ന് പൊതുവേ പറയും പോലെ, *മൗലിക തിരഞ്ഞെടുപ്പിൻെറ* ഒരു പ്രവൃത്തിയായി ചുരുക്കാതിരിക്കാൻ ശ്രദ്ധിക്കണം". ദൈവത്തിൻെറയും അയൽക്കാരൻെറയും പ്രകടവും ഔപചാരികവുമായ ത്യജിക്കലായിട്ടോ അല്ലെങ്കിൽ സ്നേഹത്തിൻെറ ആന്തരികവും അബോധപൂർവ്വകവുമായ ഒരു പ്രവൃത്തിയായിട്ടോ ആണ് ഇതിനെ ഇവിടെ കാണേണ്ടത്. "കാരണം, ഒരു വ്യക്തി ഏതെങ്കിലും കാരണത്താൽ, അറിവോടും സമ്മതത്തോടും കൂടി ഗൗരവാവഹമാം വിധം ക്രമരഹിതമായ ഒന്നു തിരഞ്ഞെടുക്കുമ്പോൾ മാരകപാപമുണ്ടാകുന്നു. യഥാർത്ഥത്തിൽ, അത്തരമൊരു തിരഞ്ഞെടുപ്പ് ദൈവിക നിയമത്തോടുള്ള അവജ്ഞ ഉൾക്കൊണ്ടു കഴിഞ്ഞു. മനുഷ്യവംശത്തോടും സൃഷ്ടി മുഴുവനോടും ദൈവത്തിനുള്ള സ്നേഹത്തെ തള്ളിക്കളയലാണത്: ആ വ്യക്തി ദൈവത്തിൽ നിന്നു പിന്തിരിഞ്ഞു പോകുന്നു. സ്നേഹം നഷ്ടപ്പെടുകയും ചെയ്യുന്നു. തത്ഫല

www.malankaralibrary.com



മായി പ്രത്യേക (സവിശേഷ) പ്രവൃത്തികൾ വഴി മൗലികമായ ലക്ഷ്യത്തെ (orientation) വേരോടെ മാറ്റാൻ കഴിയും. മനശ്ശാസ്ത്രപരമായ വീക്ഷണ പ്രകാരം, വളരെ സങ്കീർണ്ണവും അവ്യക്തവുമായ സാഹചര്യങ്ങൾ-പാപം ചെയ്യുന്ന വ്യക്തിയെ സംബന്ധിച്ചുള്ള ആത്മനിഷ്ഠമായ ആരോപണസാധ്യത (imputability)യെ സ്വാധീനിക്കുന്ന സാഹചര്യങ്ങൾ-ഉണ്ടാകുമെന്നതു വ്യക്തമാണ്. പക്ഷേ, മനശ്ശാസ്ത്രപരമായ മണ്ഡലത്തിലെ പരിഗണനയിൽ നിന്നു ദൈവശാസ്ത്രപരമായ ഒരു ഇനത്തിൻെറ (catagory) സൃഷ്ടിയിലേക്കു നീങ്ങാൻ പാടില്ല. 'മൗലിക തിരഞ്ഞെടുപ്പ്' എന്നു പറയുന്നത് ദൈവശാസ്ത്രപരമായ ഒരു ഇനം തന്നെയാണല്ലോ. മാരക പാപത്തെപ്പറ്റിയുള്ള പരമ്പരാഗത സങ്കൽപ്പത്തെ വസ്തുനിഷ്ഠമായി മാറ്റുകയോ അതിന്മേൽ സംശയം സൃഷ്ടിക്കുകയോ ചെയ്യത്തക്ക വിധത്തിൽ അതിനെ മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യാൻ പാടില്ല".[117]

തങ്ങളിൽത്തന്നെയോ സാഹചര്യങ്ങളിലോ ക്രമമില്ലാത്തവയും, മൗലികതിരഞ്ഞെടുപ്പിനെ പ്രയോഗിക്കാത്തവയുമായ പെരുമാറ്റത്തിൻെറ പ്രത്യേകരീതികളുടെ ബോധപൂർവ്വമായ തിരഞ്ഞെടുപ്പുകളിൽ നിന്ന് മൗലികതിരഞ്ഞെടുപ്പിനെ വേർതിരിച്ചുകൂടാ. അത്തരം വേർതിരിക്കൽ, അങ്ങനെ, (ആ തിരഞ്ഞെടുക്കൽ അത്തരത്തിലായിരിക്കയാൽ) മാരകപാപത്തെപ്പറ്റിയുള്ള കത്തോലിക്കാ സിദ്ധാന്തത്തിൻെറ നിഷേധം ഉൾക്കൊള്ളുന്നു. "തന്നിലേക്കുതന്നെയോ നശ്വരമായ ഏതെങ്കിലും സൃഷ്ടവസ്തുവിലേക്കോ തിരയാൻ കൂടുതൽ ഇഷ്ടപ്പെട്ടുകൊണ്ട് മനുഷ്യൻ സ്വതന്ത്രമായും ബോധപൂർവ്വകമായും ദൈവത്തെയും അവിടുത്തെ നിയമത്തെയും ദൈവം നൽകുന്ന സ്നേഹത്തിൻെറ ഉടമ്പടിയെയും ഉപേക്ഷിക്കുന്ന പ്രവൃത്തിയായി-ദൈവികഹിതത്തിനു വിരുദ്ധമായ ഒന്നായി-(conversio ad creaturam) മാരകപാപത്തെ, സഭയുടെ മുഴുവൻ പാരമ്പര്യത്തോടുമൊത്ത് ഞങ്ങൾ വിളിക്കുന്നു. വിഗ്രഹാരാധനയുടെ പാപങ്ങളിലും, മതത്യാഗം നിരീശ്വരത്വം എന്നിവയിലും ഇതു നേരിട്ടും ഔപചാരികമായും സംഭവിക്കും. അല്ലെങ്കിൽ ഇതിനോടു സമാനമായ വിധത്തിൽ, ഗൗരവമുള്ള വിഷയത്തിൽ, ദൈവപ്രമാണങ്ങളോടുള്ള അനുസരണക്കേടിൻെറ ഓരോ പ്രവൃത്തിയിലും ഇതു സംഭവിക്കും".[118]

www.malankaralibrary.com



# IV ധാർമ്മിക പ്രവൃത്തി

## ലക്ഷ്യവിജ്ഞാനീയവും ലക്ഷ്യവാദവും (Teleology and Teleologism)

71. മനഷ്യൻെറ സ്വാതന്ത്ര്യവും ദൈവത്തിൻെറ നിയമവും തമ്മിലുള്ള ബന്ധത്തിൻെറ അവഗാഢവും സജീവവുമായ കേന്ദ്രം ധാർമ്മിക മനസ്സാക്ഷിയിലാണ്. ആ ബന്ധം മാനുഷിക പ്രവൃത്തികളിൽ പ്രകടമാവുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു. സ്വന്തം ഇഷ്ടപ്രകാരം തൻെറ സ്രഷ്ടാവിനെ അന്വേഷിക്കാനും ദൈവത്തോട് ഒട്ടിച്ചേർന്ന് സ്വതന്ത്രമായി പൂർണ്ണവും സൗഭാഗ്യപൂർണ്ണവുമായ സ്വന്തം പൂർണ്ണതയിൽ എത്തിച്ചേരാനും വിളിക്കപ്പെട്ടവനാണ് മനുഷ്യൻ. അങ്ങനെയുള്ള മനുഷ്യൻ തൻെറ പ്രവൃത്തികളിലൂടെയാണ് പൂർണ്ണത പ്രാപിക്കുന്നത്.[119]

മാനുഷിക പ്രവൃത്തികൾ ധാർമ്മിക പ്രവൃത്തികളാണ്. കാരണം, അവ ചെയ്യുന്ന വ്യക്തിയുടെ നന്മയെയോ തിന്മയെയോ അതു പ്രകടിപ്പിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു.[120] മനുഷ്യൻെറ ബാഹ്യകാര്യങ്ങളുടെ അവസ്ഥയിൽ മാറ്റമുണ്ടാക്കുക മാത്രമല്ല അവ ചെയ്യുന്നത്. പിന്നെയോ ബോധപൂർവ്വകമായ തിരഞ്ഞെടുപ്പുകളാകുന്നിടത്തോളം, അവ ചെയ്യുന്ന വ്യക്തിയുടെ തന്നെ ധർമ്മിക നിർവചനം നൽകുകയും ചെയ്യുന്നു. അവൻെറ അഗാധമായ *ആദ്ധ്യാത്മിക വിശേഷസ്വഭാവങ്ങളെ* (traits) നിർണ്ണയിച്ചു കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. നിസായിലെ വി. ഗ്രിഗറി, സൂക്ഷ്മജ്ഞാനത്തോടെ ഇതു ശ്രദ്ധിച്ചിട്ടുണ്ട്: "മാറ്റത്തിനും ആയിത്തീരലിനും വിധേയമായ എല്ലാ വസ്തുക്കളും ഒരിക്കലും സ്ഥിരമായി നിലനിൽക്കുന്നില്ല. നന്മയ്ക്കോ തിന്മയ്ക്കോ വേണ്ടി അവ ഒരവസ്ഥയിൽനിന്നു മറ്റൊന്നിലേക്കു നിരന്തരം കടന്നുകൊണ്ടിരിക്കുന്നു....... മനുഷ്യജീവിതം എപ്പോഴും പരിവർത്തനത്തിനു വിധേയമാണ്. എന്നെന്നും അതു പുതുതായി ജനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ, ശരീരമുള്ള സത്തകളുടെ കാര്യത്തിലെന്നപോലെ, ബാഹ്യമായ ഒരു ഇടപെടൽ വഴി ജനനം സംഭവിക്കുന്നില്ല..... ഇതു സ്വതന്ത്രമായ ഒരു തീരുമാനത്തിൻെറ ഫലമാണ്. അങ്ങനെ, ഒരു വിധത്തിൽ നാം നമ്മുടെ തന്നെ മാതാപിതാക്കളാണ്--നാം ഇഷ്ടപ്പെടുന്ന വിധത്തിൽ നമ്മുടെ തീരുമാനങ്ങൾകൊണ്ട് നമ്മെത്തന്നെ സൃഷ്ടിക്കുന്ന മാതാപിതാക്കൾ". [121]

72. *പ്രവൃത്തികളുടെ ധാർമ്മികതയെ* നിർവചിക്കുന്നത് മനുഷ്യൻെറ സ്വാതന്ത്ര്യത്തിനു യഥാർത്ഥനന്മയോടുള്ള ബന്ധ

www.malankaralibrary.com



ത്തിൻെറ അടിസ്ഥാനത്തിലാണ്. ഓരോ സത്തയെയും അതിൻെറ അന്ത്യത്തിലേക്കു നയിക്കുന്ന ദൈവിക ജ്ഞാനത്താൽ ഈ നന്മ സനാതന നിയമമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ സനാതന നിയമം മനുഷ്യൻെറ സ്വാഭാവിക ബുദ്ധിവഴിയും (അങ്ങനെ അതു സ്വാഭാവികനിയമമായിത്തീരുന്നു) സമഗ്രവും പൂർണ്ണവുമായ വിധത്തിൽ അതിഭൗതികവെളിപാടുവഴിയും (തന്മൂലം അതു ദൈവികനിയമമായിത്തീരുന്നു) അറിയപ്പെടുന്നു. സ്വാതന്ത്ര്യത്തിൻെറ തിരഞ്ഞെടുപ്പുകൾ മനുഷ്യൻെറ യഥാർത്ഥ നന്മയ്ക്ക് അനുസൃതമായിരിക്കുകയും അങ്ങനെ, വ്യക്തിയെ അവൻെറ പരമാന്ത്യത്തിലേക്കു മനസ്സറിവോടെ ക്രമപ്പെടുത്തുന്നതിനെ പ്രകടമാക്കുകയും ചെയ്യുമ്പോൾ പ്രവർത്തിക്കൽ ധാർമ്മികമായി നല്ലതായിത്തീരുന്നു. മനുഷ്യൻ നിറഞ്ഞതും പരിപൂർണ്ണവുമായ തൻെറ സൗഭാഗ്യം ആരിൽ കണ്ടെത്തുന്നുവോ പരമനന്മയായ ആ ദൈവം തന്നെയാണ് പ്രസ്തുത പരമാന്ത്യം.

യേശുവുമായുള്ള സംഭാഷണത്തിൽ ആ യുവാവ് ഉന്നയിച്ച ഒന്നാമത്തെ ചോദ്യം "നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു നന്മയാണു ചെയ്യേണ്ടത് ?" എന്നാണ് (മത്താ.19:6). ഈ ചോദ്യം ഒരു പ്രവൃത്തിയുടെ ധാർമ്മിക മൂല്യവും മനുഷ്യൻെറ പരമാന്ത്യവും തമ്മിലുള്ള സത്താപരമായ ബന്ധത്തെ പെട്ടെന്ന് വ്യക്തമാക്കുന്നുണ്ട്. യേശു തൻെറ മറുപടിയിൽ, യുവാവിൻെറ അവബോധത്തെ സ്ഥിരീകരിക്കുന്നു. "നന്മയുടെ ഏക ഉടമയായ"വനാൽ കല്പിക്കപ്പെട്ട, നല്ല പ്രവൃത്തികളുടെ അനുഷ്ഠാനം നിത്യ സൗഭാഗ്യത്തിലേക്കുള്ള ഒഴിച്ചുകൂടാനാവത്ത വ്യവസ്ഥയെയും മാർഗ്ഗത്തെയും സൃഷ്ടിക്കുന്നു. "ജീവനിലേക്കു പ്രവേശിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, കല്പനകൾ പാലിക്കുക" (മത്താ.19:17). യേശുവിൻെറ പ്രത്യുത്തരവും കല്പനകളോടുള്ള പരാമർശവും ഒരു കാര്യം കൂടി വ്യക്തമാക്കുന്നു. മനുഷ്യനന്മയെ കാത്തു സൂക്ഷിക്കുന്ന ദൈവിക നിയമങ്ങളോടുള്ള ബഹുമാനത്താൽ മുദ്രിതമാണ് ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം എന്ന വസ്തുതയാണത്. *നന്മയ്ക്കു ചേർന്ന പ്രവൃത്തിക്കുമാത്രമേ ജീവനിലേക്കു നയിക്കുന്ന ഒരു മാർഗ്ഗമായിരിക്കാൻ കഴിയൂ.*

നന്മയിലേക്ക്, അതിൻെറ സത്യത്തിൽ, മാനുഷിക പ്രവൃത്തിയെ യുക്തിപൂർവ്വകമായി ക്രമവത്കരിക്കുക, യുക്തിയിൽ അറിയപ്പെടുന്ന ആ നന്മയെ പിന്തുടരുക എന്നിവയാണ് ധാർമ്മികതയെ സൃഷ്ടിക്കുന്നത്. തന്മൂലം, മാനുഷികപ്രവൃത്തിയെ, അതിൻെറ ഏതെങ്കിലുമൊരു ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലോ

www.malankaralibrary.com



അല്ലെങ്കിൽ പ്രവൃത്തിചെയ്യുന്ന വ്യക്തിയുടെ നിയോഗം നല്ലതായിരിക്കുന്നതു കൊണ്ടോ മാത്രം അതു ധാർമ്മികമായി നല്ലതാണെന്ന് വിധിക്കാൻ സാധ്യമല്ല.[122] പ്രവൃത്തി വ്യക്തിയെ അവൻെറ പരമാന്ത്യത്തിലേക്കു ബോധപൂർവ്വം നയിക്കുന്നുവെന്നു സാക്ഷ്യപ്പെടുത്തുകയും വ്യക്തമാക്കുകയും വേണം. വസ്തുനിഷ്ഠമായ ഒരു പ്രവൃത്തിക്ക് മാനുഷിക നന്മയോടു ചേർച്ചയുണ്ടെന്നു സാക്ഷ്യപ്പെടുത്തുകയും അതു വ്യക്തമാക്കുകയും വേണം. വിവേകം ആ മാനുഷിക നന്മയെ അതിൻെറ സത്യത്തിൽ അംഗീകരിക്കണം. ഇപ്രകാരമെല്ലാം ചെയ്യുന്ന പ്രവൃത്തിയാണ് ധാർമ്മികമായി നല്ലത്. വസ്തുനിഷ്ഠമായ പ്രവൃത്തിയുടെ വിഷയം വ്യക്തിയുടെ യഥാർത്ഥ നന്മയ്ക്കനുസൃതമല്ലെങ്കിൽ ആ പ്രവൃത്തിയുടെ തിരഞ്ഞെടുപ്പ് നമ്മുടെ ഇച്ഛയെയും നമ്മെത്തന്നെയും ധാർമ്മികമായി തിന്മയുള്ളതാക്കുന്നു. അങ്ങനെ, നമ്മുടെ പരമാന്ത്യവുമായി വൈരുദ്ധ്യത്തിലാക്കുന്നു. പരമാന്ത്യമെന്നത് പരമനന്മയാണ്, ദൈവം തന്നെയാണ്.

73. ദൈവികവെളിപാടിൻെറയും വിശ്വാസത്തിൻെറയും സഹായത്താൽ ക്രിസ്ത്യാനിക്ക് തൻെറ പ്രവർത്തനങ്ങളുടെ ധാർമ്മികതയുടെ സവിശേഷതയ്ക്കുള്ള "നവീനത്വ"ത്തെ അറിയാൻ കഴിയുന്നു; ദൈവാനുഗ്രഹം അവൻെറമേൽ ചൊരിഞ്ഞ മഹത്വത്തോടും വിളിയോടുമുള്ള പൊരുത്തമോ പൊരുത്തക്കേടോ ഈ പ്രവൃത്തികൾ കാണിക്കാതിരിക്കുകയില്ല. യേശുവിലും അവിടുത്തെ ആത്മാവിലും ക്രിസ്ത്യാനി ഒരു നവീന സൃഷ്ടിയാണ്; ദൈവത്തിൻെറ കുഞ്ഞാണ്. അനേകം സഹോദരരിൽ കടിഞ്ഞൂലായ പുത്രൻെറ (റോമാ.8:29) പ്രതിരൂപത്തോട് (image) സാദൃശ്യമോ സാദൃശ്യമില്ലായ്മയോ അവൻ തൻെറ പ്രവൃത്തികൾ വഴി പ്രദർശിപ്പിക്കുന്നു. അവനു ലഭിച്ച പരിശുദ്ധാത്മാവിൻെറ വരത്തോട് വിശ്വസ്തതയോടെയോ വിശ്വസ്തതയില്ലാതെയോ അവൻ ജീവിക്കുന്നു. നിത്യ ജീവിതത്തിലേക്ക്, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ ദർശനത്തിൻെറ സംസർഗ്ഗത്തിലേക്ക്, സ്നേഹത്തിലേക്ക്, സൗഭാഗ്യത്തിലേക്ക് തന്നെത്തന്നെ തുറക്കുകയോ അടയ്ക്കുകയോ ചെയ്യുന്നു.[123] അലക്സാൺട്രിയായിലെ വി.സിറിൾ എഴുതിയതുപോലെ ക്രിസ്തു "തൻെറ സാദൃശ്യമനുസരിച്ചു നമ്മെ രൂപപ്പെടുത്തുന്നു. വിശുദ്ധീകരണത്തിലൂടെയും നീതിയിലൂടെയും, നല്ലതും സദ്ഗുണങ്ങൾക്കു ചേർന്നതുമായ ജീവിതത്തിലൂടെയും അവിടുത്തെ ദൈവികസ്വഭാവം നമ്മിൽ പ്രകാശിക്കത്തക്ക വിധത്തിലാണ് ആ രൂപപ്പെടുത്തൽ........ നമ്മുടെ പ്രവൃത്തികളിൽ നമ്മൾ നല്ലവരായി കാണപ്പെടുമ്പോൾ ക്രിസ്തുവിലുള്ള നമ്മിൽ ഈ സാദൃശ്യത്തിൻെറ സൗന്ദര്യം പ്രശോഭിക്കും.[124]

www.malankaralibrary.com



തൻമൂലം, ധാർമ്മിക ജിവിതത്തിന് സത്താപരമായി ലക്ഷ്യ വിജ്ഞാനപരമായ (teleological) ഒരു സ്വഭാവമുണ്ട്. കാരണം, പരമനന്മയും മനുഷ്യൻെറ പരമാന്ത്യവും (telos) ആയ ദൈവത്തിലേക്ക് മാനുഷികപ്രവൃത്തികളെ ബോധപൂർവ്വം ക്രമപ്പെടുത്തുന്നതിലാണ് ആ ജീവിതം അടങ്ങിയിരിക്കുന്നത്. ഒരിക്കൽക്കൂടി ഇതിനു സാക്ഷ്യം വഹിക്കുകയാണ്, യേശുവിനോട് ആ യുവാവ് ഉന്നയിച്ച ചോദ്യം: "നിത്യജീവൻനേടാൻ ഞാൻ എന്തു നന്മയാണു ചെയ്യേണ്ടത്?" എന്നാൽ, പരമാന്ത്യത്തിലേക്ക് (ultimate end) ഉള്ള ഈ ക്രമപ്പെടുത്തൽ കേവലം കർത്തൃനിഷ്ഠമായ ഒന്നല്ല. ഒരുവൻെറ നിയോഗത്തെ (ഉദ്ദേശ്യത്തെ) മാത്രം ആശ്രയിക്കുന്ന ഒന്നല്ല. ഈ അന്ത്യത്തിലേക്കു സ്വാഭാവികമായിത്തന്നെ ക്രമപ്പെടുത്തുവാൻ കഴിവുള്ളവയായിരിക്കണം ആ പ്രവൃത്തികൾ. കല്പനകളാൽ സംരക്ഷിക്കപ്പെടുന്ന ശരിയായ ധാർമ്മിക നന്മയോടു ചേർന്നതാണെങ്കിലേ ആ കഴിവുണ്ടാവുകയുള്ളു. യുവാവിനോടു പറഞ്ഞ തൻെറ മറുപടിയിൽ യേശു ചൂണ്ടിക്കാണിച്ചത് അതാണ്: "നീ നിത്യജീവനിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കല്പനകൾ പാലിക്കുക" (മത്താ.19:17).

തീർച്ചയായും, അത്തരം ക്രമപ്പെടുത്തൽ വിവേകപൂർവ്വകവും (rational) സ്വതന്ത്രവുമായിരിക്കണം. ബോധപൂർവ്വകവും (conscious) ചിന്താപൂർവ്വകവു(deliberate)മായിരിക്കണം. അതു മൂലമാണ് മനുഷ്യൻ തൻെറ പ്രവൃത്തികൾക്ക് "ഉത്തരവാദിത്വമുള്ളവനാ"കുന്നത്, ദൈവത്തിൻെറ വിധിക്കു വിധേയനാകുന്നതും. ദൈവം നീതിയുള്ളവനും നല്ലവനുമായ വിധിയാളനാണ്. അവിടന്ന്, വി. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, നന്മയ്ക്കു പ്രതിഫലം നൽകുകയും തിന്മയ്ക്കു ശിക്ഷ നൽകുകുയും ചെയ്യും: "ഓരോരുത്തരും തങ്ങളുടെ ശാരീരികതയിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്കു പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിനുമുൻപിൽ പ്രത്യക്ഷപ്പെടണം" (2കോറി.5:10).

74. എന്നാൽ മനുഷ്യൻെറ സ്വതന്ത്രചെയ്തികളുടെ ധാർമ്മിക വിലയിരുത്തൽ എന്തിനെയാണ് ആശ്രയിച്ചിരിക്കുന്നത്? മാനുഷിക പ്രവൃത്തികളുടെ ദൈവോൻമുഖമായുള്ള ഈ ക്രമപ്പെടുത്തലിൻെറ ഉറപ്പു നൽകുന്നതെന്താണ്? പ്രവൃത്തി ചെയ്യുന്നവൻെറ ഉദ്ദേശ്യമാണോ? പ്രവൃത്തിയുടെ സാഹചര്യങ്ങളാണോ? പ്രത്യേകിച്ച് അതിൻെറ പരിണതഫലങ്ങളാണോ? പ്രവൃത്തിയുടെ വിഷയം (object) തന്നെയാണോ?

www.malankaralibrary.com



ഇതിനെയാണ് "*ധാർമ്മികതയുടെ ഉറവിടങ്ങൾ*" എന്ന പ്രശ്നമെന്നു പരമ്പരാഗതമായി വിളിച്ചു വരുന്നത്. കഴിഞ്ഞ കുറെ ദശകങ്ങളിൽ ഈ പ്രശ്നത്തെപ്പറ്റി ചില പുതിയ, അഥവാ പുനരുജ്ജീവിപ്പിച്ച പ്രവണതകൾ-ദൈവശാസ്ത്രപരവും സാംസ്കാരികവുമായ പ്രവണതകൾ-ഉണ്ടായിട്ടുണ്ട്. അവയെ സഭയുടെ പ്രബോധനാധികാരം ശ്രദ്ധാപൂർവ്വം വിവേചിച്ചറിയേണ്ടതുണ്ട്.

ലക്ഷ്യവാദപരം (teleological) എന്നു വിളിക്കപ്പെടുന്ന ചില ധാർമ്മിക സിദ്ധാന്തങ്ങളുണ്ട്. പ്രവൃത്തി ചെയ്യുന്നവൻ പിന്തുടരുന്ന ലക്ഷ്യങ്ങളോടും അവൻ ഉദ്ദേശിക്കുന്ന മൂല്യങ്ങളോടും മാനുഷിക പ്രവൃത്തികൾക്കു പൊരുത്തമുണ്ടോ എന്നതിലാണ് തങ്ങൾക്കു താത്പര്യമെന്ന് ഈ സിദ്ധാന്തങ്ങൾ അവകാശപ്പെടുന്നു. നേടിയെടുക്കേണ്ട ധർമ്മപരമല്ലാത്ത (non-moral) അഥവാ പ്രാഗ്ധാർമ്മിക (pre-moral) നന്മകളും അവയോടൊപ്പം ബഹുമാനിക്കപ്പെടേണ്ട ധർമ്മപരമല്ലാത്ത അഥവാ പ്രാഗ്ധാർമ്മിക മൂല്യങ്ങളുമുണ്ട്. അവയുടെ വിലയിരുത്തലിൽ നിന്നാണ് ഒരു പ്രവൃത്തിയുടെ ധാർമ്മികമായ നന്മയെ (rightness)വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടത് എന്ന് അവ പറയുന്നു. ചിലരുടെ അഭിപ്രായത്തിൽ വസ്തുനിഷ്ഠമായ ഒരു പെരുമാറ്റം, ബന്ധപ്പെട്ട എല്ലാവർക്കും കൂടുതൽ നല്ല ഒരവസ്ഥയെ സൃഷ്ടിക്കാൻ കഴിയുന്നതാണോ അല്ലയോ എന്നതനുസരിച്ച് നല്ലതോ തീയതോ ആയിത്തീരുന്നു. അപ്പോൾ, ശരിയായ പെരുമാറ്റം എന്നത് നന്മകളെ "ഏറ്റവും വർദ്ധിപ്പിക്കുന്നതിനും" "തിന്മകളെ ഏറ്റവും കുറയ്ക്കുന്നതിനും" കഴിവുള്ള ഒന്നാണ്.

ഈ ദിശയിൽ ചരിക്കുന്ന പല കത്തോലിക്കാ ധർമ്മശാസ്ത്രജ്ഞൻമാരും പ്രയോജനവാദത്തിൽനിന്നും (utilitarianism) പ്രയോഗികതാവാദത്തിൽ നിന്നും (pragmatism)അകന്നു നിൽക്കാൻ ശ്രമിക്കുന്നുണ്ട്. ആ വാദങ്ങൾ അനുസരിച്ച് മനുഷ്യൻെറ യഥാർത്ഥമായ പരാമാന്ത്യത്തൊടു യാതൊരുവിധത്തിലും ബന്ധപ്പെടുത്താതെ മാനുഷികപ്രവൃത്തികളുടെ ധാർമ്മികതയെ വിധിക്കുമല്ലോ. ധാർമ്മിക ജീവിതത്തിൻെറ മാനദണ്ഡങ്ങൾക്ക് ഒരടിസ്ഥാനം നൽകാനും അതിൻെറ ആവശ്യങ്ങളെ നീതീകരിക്കാനും പൂർവ്വാധികം സ്ഥിരതയുള്ള ചിന്താപരമായ വാദങ്ങൾ വേണമെന്ന് അവർ ശരിയായിത്തന്നെ അംഗീകരിക്കുന്നു. ഇത്തരം അന്വേഷണം നിയമപരമാണ്; ആവശ്യകവുമാണ്. കാരണം, സ്വാഭാവിക നിയമത്താൽ സ്ഥാപിതമായത് എന്നനിലയിൽ, ധാർമ്മിക ക്രമം മനുഷ്യബുദ്ധിക്കു തത്ത്വത്തിൽ അഭിഗമ്യമാണ്. കൂടാതെ, അകത്തോലി

www.malankaralibrary.com



ക്കരുമായും അവിശ്വാസികളുമായും നടത്തേണ്ട സംവാദത്തിന്റെയും സഹകരണത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റാൻ അത്തരം അന്വേഷണം തികച്ചും ചേർന്നതാണ്-പ്രത്യേകിച്ച് വൈവിധ്യാധിഷ്ഠിത (pluralistic)സമൂഹങ്ങളിൽ.

75. ഇത്തരം ധാർമ്മികത ചിന്താപരമാകയാൽ ചിലപ്പോൾ ഇതിനെ സ്വയംചാലക ധാർമ്മികത (autonomous morality) എന്നു വിളിക്കാറുണ്ട്. എന്നാൽ ഇത്തരം ധാർമ്മികതയെ നിർമ്മിക്കുന്നതിന്റെ ഭാഗമായി *തെറ്റായ പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകുന്നു.* പ്രത്യേകിച്ച് ധാർമ്മിക പ്രവൃത്തിയുടെ വിഷയത്തെപ്പറ്റിയുള്ള അപര്യാപ്തമായ ധാരണയോടു ബന്ധപ്പെട്ടാണ് അവയുണ്ടാകുന്നത്. മനസ്സ് നടത്തുന്ന വസ്തുനിഷ്ഠമായ തിരഞ്ഞെടുപ്പുകളിൽ മനസ്സ് ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുതയെ ചില ഗ്രന്ഥകാരൻമാർ വേണ്ടത്ര പരിഗണിച്ചിട്ടില്ല. ഈ തിരഞ്ഞെടുപ്പുകൾ അതിന്റെ ധാർമ്മിക നന്മയുടെയും, വ്യക്തിയുടെ പരമലക്ഷ്യത്തിലേക്കുള്ള ക്രമപ്പെടുത്തലിന്റെയും ഒരു വ്യവസ്ഥയാണ്. മറ്റു ചില ഗ്രന്ഥകാരൻമാർ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഒരു പ്രത്യേകതരം സങ്കല്പത്താൽ പ്രചോദിതരാണ്. ആ സ്വാതന്ത്ര്യം പ്രവൃത്തി ചെയ്യുന്നതിന്റെ യഥാർത്ഥമായ അവസ്ഥകളിൽ നിന്നു വേറിട്ടു നിൽക്കുന്നു. നന്മയെക്കുറിക്കുന്ന സത്യത്തോടുള്ള വസ്തുനിഷ്ഠമായ അതിന്റെ പരാമർശത്തിൽ നിന്നും പെരുമാറ്റത്തിന്റെ വസ്തുനിഷ്ഠമായ ഇനങ്ങളുടെ തിരഞ്ഞെടുപ്പുകളിലൂടെയുള്ള തീരുമാനത്തിൽനിന്നും വേറിട്ടു നിൽക്കുന്നു. ഈ സിദ്ധാന്തങ്ങളനുസരിച്ച്, സ്വതന്ത്രമനസ്സ് സവിശേഷമായ കടമകൾക്കു ധാർമ്മികമായി വിധേയമല്ല; അത് അതിന്റെ തിരഞ്ഞെടുപ്പുകളിലൂടെ രൂപപ്പെടുന്നുമില്ല. എന്നാലും അത് സ്വന്തം പ്രവൃത്തികളുടെയും, അവയുടെ പരിണതഫലങ്ങളുടെയും (consequences)ഉത്തരവാദിത്വം വഹിക്കുന്നുണ്ട്. ഈ ലക്ഷ്യസിദ്ധാന്തം (teleologism) ധാർമ്മികമാനദണ്ഡത്തെ കണ്ടെത്താനുള്ള ഒരു രീതി (method) എന്ന നിലയിൽ, അങ്ങനെ, പരിണതഫലവാദം (consequentialism) എന്നോ അനുപാതവാദം (porportionalism) എന്നോ വിളിക്കപ്പെടുന്നു. വിവിധ ചിന്താധാരകളിൽനിന്ന് ഇറക്കുമതി ചെയ്ത പദപ്രയോഗവും സമീപനവുമനുസരിച്ചുള്ള പേരുകളാണിവ. നിർദ്ദിഷ്ടമായ ഒരു തിരഞ്ഞെടുപ്പിൽ നിന്നുണ്ടാകുന്നവയും മുൻകൂട്ടിക്കാണുന്നവയുമായ പരിണതഫലങ്ങളുടെ കണക്കുകൂട്ടലിൽ നിന്നുമാത്രമാണ് ഒരു പ്രവൃത്തിയുടെ നീതിയുക്തത (rightness)യുടെ മാനദണ്ഡം സ്വീകരിക്കേണ്ടതെന്നു പരിണതഫലവാദം അവകാശപ്പെടുന്നു. അന്വേഷിക്കപ്പെടുന്ന വ്യത്യസ്ത മൂല്യങ്ങളെയും നന്മകളെയും തൂക്കി നോക്കി, ആ

www.malankaralibrary.com



തിരഞ്ഞെടുപ്പിന്റെ നല്ലതും തീയതുമായ ഫലങ്ങളുടെ അംഗീകൃതമായ അനുപാതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് അനുപാതവാദം ചെയ്യുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ യഥാർത്ഥത്തിൽ സാധ്യമായ "വലിയനന്മ" അല്ലെങ്കിൽ "ചെറിയതോതിലുള്ള തിന്മ" എന്നിവയെ മുന്നിൽക്കണ്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.

ലക്ഷ്യവിജ്ഞാനപരമായ ധാർമ്മിക സിദ്ധാന്തങ്ങൾ (പരിണതഫലവാദവും അനുപാതവാദവും) ധാർമ്മിക മൂല്യങ്ങളെ യുക്തിയും വെളിപാടും നിർദ്ദേശിക്കുന്നവയാണെന്ന് അംഗീകരിക്കുന്നുണ്ട്. അതേസമയം, പെരുമാറ്റത്തിന്റെ പ്രത്യേകരീതികളുടെ പൂർണ്ണമായ നിരോധനത്തെ ക്രോഡീകരിക്കാൻ ഒരിക്കലും സാധ്യമല്ല; കാരണം അത് ഓരോ സാഹചര്യത്തിലും ഓരോ സംസ്കാരത്തിലും ആ മൂല്യങ്ങളുമായി സംഘർഷത്തിലായിരിക്കും എന്നിങ്ങനെ അഭിപ്രായപ്പെടുകയും ചെയ്യുന്നു. പ്രവൃത്തി ചെയ്യുന്നവൻ, പിൻതുടരുന്ന മൂല്യങ്ങളെ നേടുന്നതിൽ ഉത്തരവാദിത്വം യഥാർത്ഥത്തിൽ വഹിക്കുന്നുണ്ട്. എന്നാൽ, അതു രണ്ടു വഴികളിലൂടെയാണ്: ഒരു മാനുഷിക പ്രവൃത്തിയെ സംബന്ധിക്കുന്ന മൂല്യങ്ങൾ അഥവാ നന്മകൾ, ഒരു വിക്ഷണ പ്രകാരം, (അതായത് ദൈവ സ്നേഹം അയല്ക്കാരനോടുള്ള സ്നേഹം, നീതി മുതലായ യഥാർത്ഥ ധാർമ്മിക മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം) *ധാർമ്മിക ക്രമത്തിലേതായിരിക്കും.* മറ്റൊരു വിക്ഷണപ്രകാരം, പ്രാഗ്ധാർമ്മിക ക്രമത്തിന്റേതായിരിക്കും. ഈ ക്രമത്തെ ചിലർ ധർമ്മപരമല്ലാത്ത (non-moral), ഭൗതികമായ, സത്താപരമായ (ontic) എന്നിങ്ങനെ വിളിക്കുന്നു. (പ്രവൃത്തിക്കുന്നവനും ബന്ധപ്പെടുന്ന എല്ലാ വ്യക്തികൾക്കും ലഭിക്കുന്ന നേട്ടങ്ങളെയും നഷ്ടങ്ങളെയും-ഉദാഹരണമായി, ആരോഗ്യം, ആരോഗ്യഹാനിസാധ്യത, ശാരീരികമായ അവികലത, ജീവൻ, മരണം, ഭൗതിക വസ്തുക്കളുടെ നഷ്ടം മുതലായവയെ- സംബന്ധിച്ചിടത്തോളം അങ്ങനെയായിരിക്കും). നന്മ എപ്പോഴും തിന്മയുമായി കൂടിക്കുഴഞ്ഞു കിടക്കുകയും, ഓരോ നല്ല പരിണതഫലവും, തിന്മ നിറഞ്ഞ പരിണതഫലവുമായി ബന്ധപ്പെട്ടുകിടക്കുകയും ചെയ്യുന്ന ഒരു ലോകത്തിൽ, രണ്ടുമാർഗ്ഗങ്ങളിലൂടെ ഒരു പ്രവൃത്തിയുടെ ധാർമ്മികതയെ നിശ്ചയിക്കാം. ധാർമ്മിക നന്മകളോടു ബന്ധപ്പെടുത്തി, പ്രവൃത്തി ചെയ്യുന്നവനുള്ള ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ ധാർമ്മിക 'നന്മ'യെ വിധിക്കാം. അതിന്റെ "നീതിയുക്തതയെ" (rightness)അതിന്റെ മുൻകൂട്ടിക്കാണാവുന്ന അനന്തരഫലങ്ങളുടെയും (അഥവാ പരിണതഫലങ്ങളുടെയും) അവയുടെ അനുപാതത്തിന്റെ പരിഗണനയുടെയും അടിസ്ഥാനത്തിൽ, വിധിക്കാം. തത്ഫലമായി, പെരുമാറ്റത്തിന്റെ

www.malankaralibrary.com



വസ്തുനിഷ്ഠമായ ഇനങ്ങളെ "ശരി"യെന്നോ "തെറ്റെ"ന്നോ വിവരിക്കാം. അതേ സമയം അവയെ തിരഞ്ഞെടുക്കുന്ന വ്യക്തിയുടെ മനസ്സിനെ ധാർമ്മികമായി "നല്ല"തെന്നോ "ചീത്ത"യെന്നോ, അതുവഴി, വിധിക്കാൻ സാധ്യമാകുകയുമില്ല. ഇപ്രകാരം, സാർവ്വത്രികമായ ഒരു നിരോധനനിയമത്തെ എതിർക്കുന്നതു വഴി, പ്രാഗ്ധാർമ്മികം എന്നു പരിഗണിക്കപ്പെടുന്ന നന്മകളെ നേരിട്ടു ലംഘിക്കുന്ന ഒരു പ്രവൃത്തിയെ, ധാർമ്മികമായി സ്വീകാര്യമെന്നു വിശേഷിപ്പിക്കാം. വസ്തുനിഷ്ഠമായ പ്രവൃത്തിയിലുള്ള നന്മകളുടെ ഉത്തരവാദിത്വ പൂർണ്ണമായ വിലയിരുത്തൽ അനുസരിച്ച്, പ്രവൃത്തി ചെയ്യുന്ന വ്യക്തിയുടെ ഉദ്ദേശ്യത്തെ, ആ സാഹചര്യത്തിൽ നിർണ്ണായകമാണെന്നു വിധിക്കപ്പെടുന്ന ധാർമ്മികമൂല്യത്തിൽ കേന്ദ്രീകരിക്കാമെങ്കിൽ അങ്ങനെ ചെയ്യാം!

പ്രവൃത്തിയും അതിൻെറ പരിണതഫലങ്ങളും തമ്മിലും, (വിവിധ) പരിണതഫലങ്ങൾ തമ്മിലുമുള്ള അനുപാതത്തിൻെറ അടിസ്ഥാനത്തിൽ, ഒരു പ്രവൃത്തിയുടെ പരിണതഫലങ്ങളുടെ വിലയിരുത്തൽ, പ്രാഗ്ധാർമ്മികക്രമത്തെ മാത്രമേ സ്പർശിക്കുകയുള്ളൂ. പ്രവൃത്തികളുടെ ധാർമ്മികമായ ഇനം തിരിക്കൽ (specificity) അതായത് അവയെ നന്മയും തിന്മയുമായി തിരിക്കുന്നത്, സ്നേഹത്തിൻെറയും വിവേകത്തിൻെറയും (prudence) ഏറ്റവും ഉന്നതമായ മൂല്യങ്ങളോടു വ്യക്തിക്കുള്ള വിശ്വസ്തതയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ചില പ്രത്യേക ധാർമ്മിക കല്പനകൾക്കെതിരേയുള്ള തിരഞ്ഞെടുപ്പുകൾക്കു തീർച്ചയായും ചേരാത്തതല്ലായിരിക്കണം ഈ വിശ്വസ്തത. ഗൗരവമുള്ള വിഷയത്തെ സംബന്ധിച്ചും ഈ കല്പനകൾ, എപ്പോഴും ആനുപാതികവും അപവാദങ്ങളുള്ളതുമായ പ്രവർത്തനാത്മകമാനദണ്ഡങ്ങളായി പരിഗണിക്കപ്പെടണം!

പരമ്പരാഗതമായ ധർമ്മശാസ്ത്രം നിയമവിരുദ്ധമെന്നു പ്രഖ്യാപിച്ചിട്ടുള്ള ചില പെരുമാറ്റ രീതികൾക്കു ബോധപൂർവ്വകമായ അനുവാദം നല്കുന്നത് ഈ വീക്ഷണപ്രകാരം വസ്തനിഷ്ഠമായ ധാർമ്മികതിന്മ ഉൾക്കൊള്ളുന്ന ഒന്നല്ല!

*സുചിന്തിതമായ പ്രവൃത്തിയുടെ വിഷയം.*

*76. ഈ സിദ്ധാന്തങ്ങൾക്ക്, ശാസ്ത്രീയമനോഭാവത്തോടുള്ള ബന്ധത്തിൽ നിന്ന് പ്രേരണ ചെലുത്താനുള്ള കുറേ ശക്തി സമ്പാദിക്കാൻ കഴിയും. ആ മനോഭാവമാകട്ടെ വിഭവങ്ങളുടെയും ലാഭങ്ങളുടെയും, പ്രക്രിയകളുടെയും അവയുടെ ഫലങ്ങളുടെയും കണക്കുകൂട്ടലിൻെറ അടിസ്ഥാനത്തിൽ, ശരിയായ വിധത്തിൽ സാങ്കേതികവും സാമ്പത്തികവുമായ പ്രവൃത്തികളെ സംബന്ധിച്ചുള്ളതാണ്.*

www.malankaralibrary.com



ആത്യന്തികാപഗ്രഥനത്തിൽ മനുഷ്യത്വത്തെ തരം താഴ്ത്തുന്ന കടമയുടേതായ സ്വേച്ഛാനുസൃതവും (voluntaristic) നിരങ്കുശവുമായ (arbitrary) ധാർമ്മികതയുടെ ബലപ്രയോഗങ്ങളിൽനിന്ന് വിമോചനം നല്കാനാണ് അവർ ശ്രമിക്കുന്നത്.

എന്നാൽ, ഇത്തരം സിദ്ധാന്തങ്ങൾ സഭയുടെ പ്രബോധനത്തോടു വിശ്വസ്തത പുലർത്തുന്നില്ല. കാരണം, ദൈവികനിയമങ്ങളുടെയും സ്വാഭാവികനിയമങ്ങളുടെയും കല്പനകൾക്കു വിരുദ്ധമായുള്ള പെരുമാറ്റ രീതികളുടെ ബോധപൂർവ്വകമായ തിരഞ്ഞെടുപ്പിനെ ധാർമ്മികമായി നല്ലതാണെന്നു നീതീകരിക്കാൻ കഴിയുമെന്നു അവർ വിശ്വസിക്കുന്നു. കത്തോലിക്കാ ധാർമ്മിക പാരമ്പര്യത്തിൽ അടിയുറച്ചതെന്ന് ഈ സിദ്ധാന്തങ്ങൾക്ക് അവകാശപ്പെടാൻ സാധ്യമല്ല. വസ്തുനിഷ്ഠമായ ചില സാഹചര്യങ്ങളിൽ നന്മ പ്രാപിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗത്തെ വിലയിരുത്താൻ ശ്രമിക്കുന്ന ധർമ്മാധർമ്മ വിവേചനവിദ്യ (casuistry)യുടെ വികസനത്തിന് ഈ പാരമ്പര്യം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാലും, നിയമം അവ്യക്തമായിരിക്കുകയും തന്മൂലം, അപവാദമില്ലാതെ എപ്പോഴും കടപ്പെടുത്തുന്ന നിഷേധാത്മകനിയമങ്ങളുടെ സമ്പൂർണ്ണ സാധുതയെ എതിർക്കാതിരിക്കുകയും ചെയ്യുന്ന സംഭവങ്ങളെ മാത്രമേ ഈ ധർമ്മാധർമ്മ വിവേചനവിദ്യ കൈകാര്യം ചെയ്തിട്ടുള്ളൂ എന്നതു സത്യമാണ്. സ്രഷ്ടാവും കർത്താവുമായ ദൈവത്തിൻെറ നാമത്തിൽ സഭ പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സവിശേഷ (specific) ധാർമ്മിക കല്പനകളെ അംഗീകരിക്കാനും ആദരിക്കാനും വിശ്വാസികൾക്കു കടമയുണ്ട്.[125] തന്നെപ്പോലെ തൻെറ അയല്ക്കാരനെയും സ്നേഹിക്കാനുള്ള കല്പനയിൽ നിയമത്തിൻെറ പൂർത്തീകരണത്തെ സംഗ്രഹിക്കുമ്പോൾ (റോമ.13:8-10) വി.പൗലോസ് അപ്പസ്തോലൻ പ്രമാണങ്ങളെ ദുർബലമാക്കുകയല്ല, ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. കാരണം, അദ്ദേഹം അവയുടെ ആവശ്യങ്ങളെയും അവയുടെ ഗുരുത്വത്തെയും വെളിപ്പെടുത്തുകയാണ്. യേശുക്രിസ്തുവിൻെറ രക്തത്തിലും പരിശുദ്ധാത്മാവിൻെറ ദാനത്തിലും പുതുക്കപ്പെട്ട ഉടമ്പടിയുടെ കല്പനകളുടെ പാലനത്തിൽനിന്ന് ദൈവത്തോടും അയല്ക്കാരനോടുമുള്ള സ്നേഹത്തെ വേർതിരിക്കാൻ പാടില്ല. മനുഷ്യനെ എന്നതിനെക്കാൾ ദൈവത്തെ അനുസരിക്കുക എന്നതും (അപ്പ.4:19; 5:29) അതുപോലെ തന്നെ ആ അനുസരണത്തിൻെറ ഫലമായി രക്തസാക്ഷിത്വംപോലും സഹിക്കുക എന്നതും ക്രിസ്ത്യാനികളുടെ സ്വാഭാവികമായ ഒരു ബഹുമതിയാണ്. പഴയനിയമകാലത്തെയും പുതിയനിയമകാലത്തെയും വിശുദ്ധരായ സ്ത്രീപുരുഷൻമാർ അങ്ങനെ രക്തസാ

www.malankaralibrary.com



ക്ഷിത്വം വരിച്ചിട്ടുണ്ട്. അവരെ അപ്രകാരം കരുതുന്നത്, വിശ്വാസത്തിനോ സദ്ഗുണത്തിനോ വിരുദ്ധമായ ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തി ചെയ്യുന്നതിനെക്കാൾ സ്വന്തം ജീവൻ കൊടുക്കുവാൻ അവർ തയ്യാറായി എന്നതുകൊണ്ടാണ്.

77. ശരിയായ ധാർമ്മിക ജീവിതത്തിനു യുക്തിപരമായ (rational) മാനദണ്ഡങ്ങൾ പ്രദാനം ചെയ്യാൻ, മുകളിൽപ്പറഞ്ഞ സിദ്ധാന്തങ്ങൾ പരിഗണിക്കുന്നത് മാനുഷിക പ്രവൃത്തിയുടെ ഉദ്ദേശ്യവും പരിണതഫലങ്ങളുമാണ്. തീർച്ചയായും, ഉദ്ദേശ്യവും, ഒരു പ്രത്യേക പ്രവൃത്തിയുടെ ഫലമായി നേടുന്ന നന്മകളും ഉപേക്ഷിക്കപ്പെടുന്ന തിന്മകളും പരിഗണിക്കേണ്ടവതന്നെയാണ്. [ഹൃദയത്തെ ശ്രദ്ധിക്കാതെ ചില ബാഹ്യാചാരങ്ങളെ വളരെ വിശദീകരണങ്ങളോടെ നിർദ്ദേശിച്ച നിയമപണ്ഡിതരോടും ഫരിസേയരോടും വ്യക്തമായി വിയോജിച്ചുകൊണ്ട് യേശു ശക്തിയുക്തം ഊന്നിപ്പറഞ്ഞതാണല്ലോ ഉദ്ദേശ്യത്തിന്റെ പ്രാധാന്യം-(മർക്കോ.7:20-21; മത്താ. 15-19)]. ഇത്രയും ഉത്തരവാദിത്വം ആവശ്യപ്പെടുന്നു. എന്നാൽ, വസ്തുനിഷ്ഠമായ ഒരുതിരഞ്ഞെടുപ്പിന്റെ ധാർമ്മിക ഗുണത്തെ വിധിക്കാൻ ഈ പരിണതഫലങ്ങളുടെയും ഉദ്ദേശ്യങ്ങളുടെയും പരിഗണനമാത്രം പോരാ. ഒരു പ്രവൃത്തിയുടെ പരിണതഫലമായുള്ള മുൻകൂട്ടിക്കാണാവുന്ന നന്മകളുടെയും തിന്മകളുടെയും തൂക്കിനോക്കൽ, വസ്തുനിഷ്ഠമായ ഒരു പ്രത്യേകതരം പെരുമാറ്റത്തിന്റെ തിരഞ്ഞെടുപ്പ് അതിന്റെ വർഗ്ഗം (species) അനുസരിച്ചോ അതിൽത്തന്നെയോ ധാർമ്മികമായി നല്ലതോ തീയതോ, നിയമപരമോ നിയമവിരുദ്ധമോ എന്നൊക്കെ തീരുമാനിക്കാൻ പര്യാപ്തമായ ഒരു രീതിയല്ല. മുൻകൂട്ടിക്കാണാവുന്ന പരിണതഫലങ്ങൾ, പ്രവൃത്തിയുടെ സാഹചര്യങ്ങളുടെ ഭാഗമാണ്. ആ സാഹചര്യങ്ങളാകട്ടെ, ഒരു തിന്മപ്രവൃത്തിയുടെ ഗൗരവത്തെ കുറയ്ക്കാൻ കഴിവുള്ളവയാണെങ്കിലും, അതിന്റെ ധാർമ്മികവർഗ്ഗത്തെ (species) അഥവാ ഇനത്തെ മാറ്റാൻ കഴിവുള്ളവയല്ല.

കൂടാതെ, ഒരാൾക്കു തന്റെ പ്രവൃത്തിയുടെ നന്മയും തിന്മയുമായ സർവ്വപരിണതഫലങ്ങളെയും ഫലങ്ങളെയും (പ്രാഗ്ധാർമ്മികമെന്നു നിർവചിക്കപ്പെട്ടവ) വിലയിരുത്താൻ പ്രയാസമാണെന്ന്, അല്ലെങ്കിൽ മിക്കവാറും അസാധ്യമാണെന്ന്, എല്ലാവരും അംഗീകരിക്കുന്നുണ്ട്: ബുദ്ധിപരമായ ഒരു സമ്പൂർണ്ണ കണക്കുകൂട്ടൽ അസാധ്യമാണ്. മാനദണ്ഡങ്ങൾ അവ്യക്തങ്ങളായിരിക്കുന്ന ഒരു അളക്കലിനെ ആശ്രയിക്കുന്ന അനുപാതങ്ങളെ പിന്നെ എങ്ങനെ സ്ഥാപിക്കാൻ ഒരുവനു കഴിയും? തർക്കവിഷയമായിരിക്കുന്ന അത്തരം

www.malankaralibrary.com



കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ, സമ്പൂർണ്ണമായ ഒരു കടമ എങ്ങനെ നീതീകരിക്കപ്പെടും?

78. മാനുഷിക പ്രവൃത്തിയുടെ ധാർമ്മികത ഇച്ഛാശക്തി സുചിന്തിതമായി, ബുദ്ധിപൂർവ്വം തിരഞ്ഞെടുത്ത "വിഷയത്തെ" പ്രഥമമായും മൗലികമായും *ആശ്രയിച്ചിരിക്കുന്നു.* സെൻറ് തോമസ് അക്വിനാസ് ഉൾക്കാഴ്ചയുള്ള അപഗ്രഥനംവഴി അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.[126] അത് ഇന്നും സാധുതയുള്ളതാണ്. അതുകൊണ്ട് ഒരു പ്രവൃത്തിയെ ധാർമ്മികമായി സവിശേഷമാക്കുന്ന അഥവാ വർഗ്ഗീകരിക്കുന്ന (പ്രവൃത്തിയുടെ) വിഷയത്തെ മനസ്സിലാക്കാൻ കഴിയണമെങ്കിൽ, പ്രവൃത്തിക്കുന്ന വ്യക്തിയുടെ സ്ഥിതിയിൽ തന്നെത്തന്നെ സ്ഥാപിക്കുക അത്യാവശ്യമാണ്. ആഗ്രഹിക്കുക (മനസ്സാവുക) എന്ന പ്രവൃത്തിയുടെ വിഷയം യഥാർത്ഥത്തിൽ, സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെട്ട ഒരു പെരുമാറ്റരീതിയാണ്. ബുദ്ധിശക്തിയുടെ തലത്തിനു ചേർന്നതായിരിക്കുന്നിടത്തോളം അത് മനസ്സിന്റെ നന്മയുടെ കാരണമാണ്. അതു നമ്മെ ധാർമ്മികമായി പൂർണ്ണരാക്കുന്നു. പരിപൂർണ്ണനന്മയിൽ, ആദിമ സ്നേഹത്തിൽ നമ്മുടെ പരമലക്ഷ്യത്തെ കണ്ടറിയാൻ നമ്മെ സജ്ജരാക്കുന്നു. അപ്പോൾ ഒരു ധാർമ്മിക പ്രവൃത്തിയുടെ വിഷയം എന്നതുകൊണ്ട് ബാഹ്യലോകത്ത് ഒരു പ്രത്യേക അവസ്ഥയെ സംജാതമാക്കാനുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ട ഒരു പ്രക്രിയ എന്നോ അഥവാ കേവലം ഭൗതികതലത്തിലുള്ള ഒരു സംഭവമെന്നോ അർത്ഥമാക്കാൻ സാധ്യമല്ല. ആ വിഷയം മനഃപൂർവ്വം എടുത്ത ഒരു തീരുമാനത്തിന്റെ അടുത്ത (proximate) ലക്ഷ്യമാണ്. പ്രവൃത്തിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം മനസ്സാവുക എന്ന പ്രവൃത്തിയെ അതു നിശ്ചയിക്കുന്നു. തത്ഫലമായി, *കത്തോലിക്കാസഭയുടെ വേദോപദേശഗ്രന്ഥം* പഠിപ്പിക്കുന്നതുപോലെ ചില സവിശേഷ പെരുമാറ്റ രീതികളുണ്ട്. അവയെ തിരഞ്ഞെടുക്കുന്നത് എപ്പോഴും തെറ്റാണ്. കാരണം, അവയുടെ തിരഞ്ഞെടുപ്പ്, മനസ്സിന്റെ ക്രമരാഹിത്യം ഉൾക്കൊള്ളുന്നു. അതായത് ധാർമ്മിക തിന്മ ഉൾക്കൊള്ളുന്നു.[127] വി. തോമസ് അക്വിനാസ് ഇങ്ങനെ പറയുന്നു: "മനുഷ്യൻ നല്ല ലക്ഷ്യത്തോടെ പ്രവർത്തിക്കുകയും എന്നാൽ നല്ലമനസ്സ് ഇല്ലാത്തതുകൊണ്ട് ആധ്യാത്മിക ലാഭം ഉണ്ടാക്കാതിരിക്കുകയും ചെയ്യുക എന്നത് സാധാരണമായി സംഭവിക്കുന്നു. ഒരാൾ ദരിദ്രരെ തീറ്റിപ്പോറ്റാൻ പിടിച്ചു പറിക്കൽ നടത്തുന്നുവെന്നു വിചാരിക്കുക. ഈ സംഭവത്തിൽ ഉദ്ദേശ്യം നല്ലതാണെങ്കിലും മനസ്സിന്റെ നീതിയുക്തതയുടെ (uprightness) അഭാവമുണ്ട്. തത്ഫലമായി, നല്ലലക്ഷ്യത്തോടെ

www.malankaralibrary.com



ചെയ്ത ഒരു തിന്മയെയും ക്ഷമിക്കാനാവുകയില്ല. "നന്മ പുറപ്പെടുത്താൻ വേണ്ടി എന്തുകൊണ്ട് തിന്മചെയ്തുകൂടാ? എന്നു ചോദിക്കുന്ന ചിലരുണ്ട്. അവരെ ശിക്ഷിക്കുന്നത് നീതിയുക്തമാണ് (റോമാ.3:8)".[128]

നല്ലനിയോഗം മാത്രം പോരാ. ശരിയായ ഒരു തിരഞ്ഞെടുപ്പു കൂടി വേണം. കാരണം, മാനുഷികപ്രവൃത്തി അതിൻെറ വിഷയത്തെ ആശ്രയിക്കുന്നുണ്ട്. ആ വിഷയം "നന്മയുടെ ഏക ഉടമയായ" ദൈവത്തിലേക്കു ക്രമവത്കരിക്കപ്പെടാൻ കഴിവുള്ളതാണോ അല്ലയോ, എന്നതിനെ, അങ്ങനെ വ്യക്തിയുടെ പരിപൂർണ്ണതയ്ക്കു കാരണമാകുമോ എന്നതിനെ, ആശ്രയിക്കുന്നുണ്ട്. തന്മൂലം ധാർമ്മികമായി ഒരു വ്യക്തിക്കു പ്രസക്തങ്ങളായ നന്മകളെ സംബന്ധിച്ചിടത്തോളം, വിഷയം വ്യക്തിയുടെ നന്മയ്ക്കു ചേർന്നതാണെങ്കിൽ പ്രവൃത്തി നല്ലതാണ്. ധാർമ്മികവിഷയത്തെപ്പറ്റി പ്രത്യേകം ശ്രദ്ധചെലുത്തുന്ന ക്രൈസ്തവ ധർമ്മശാസ്ത്രം, പ്രവൃത്തിചെയ്യുന്നതിലെ ആന്തരികമായ ലക്ഷ്യത്തെ (teleology) പരിഗണിക്കാതിരിക്കുന്നില്ല. വ്യക്തിയുടെ യഥാർത്ഥമായ നന്മയെ അതു വളർത്തുന്നിടത്തോളം അത് അപ്രകാരം ചെയ്യുന്നു. എന്നാൽ, മനുഷ്യപ്രകൃതിയുടെ സത്താപരമായ ഘടകങ്ങളെ ബഹുമാനിക്കുമ്പോഴാണ് അതിനെ യഥാർത്ഥത്തിൽ പിന്തുടരുന്നതെന്ന് അതു മനസ്സിലാക്കുന്നു. ഒരു മാനുഷികപ്രവൃത്തി, അതിൻെറ വിഷയമനുസരിച്ചു നല്ലതാണെങ്കിൽ, അതിൻെറ പരമാന്ത്യത്തിലേക്കു *ക്രമവത്കരിക്കപ്പെടുവാനും* കഴിവുള്ളതാണ്. അപ്പോൾ ആ പ്രവൃത്തി-മനസ്സ് സ്നേഹത്തിലൂടെ ദൈവത്തിലേക്ക് അതിനെ യഥാർത്ഥത്തിൽ ക്രമവത്കരിക്കുമ്പോൾ-അതിൻെറ പരമവും നിർണ്ണായകവുമായ പൂർണ്ണത പ്രാപിക്കുന്നു. ധർമ്മശാസ്ത്രജ്ഞൻമാരുടെയും കുമ്പസാരക്കാരുടെയും മദ്ധ്യസ്ഥൻ പഠിപ്പിക്കുന്നതുപോലെ, "നന്മപ്രവൃത്തികൾ ചെയ്താൽ പോരാ; അവ നന്നായി ചെയ്യുകയും വേണം. കാരണം, നമ്മുടെ പ്രവൃത്തികൾ നല്ലതും പൂർണ്ണവുമാകണമെങ്കിൽ, ദൈവത്തെ പ്രീതിപ്പെടുത്തുക എന്ന ഏകലക്ഷ്യത്തോടെ അവ ചെയ്യപ്പെടണം".[129]

***"ആന്തരികതിന്മ": നന്മ ഉണ്ടാകുന്നതിനു വേണ്ടി തിന്മ ചെയ്യുക നിയമവിരുദ്ധമാണ്. (റോമാ.3:8).***

79. അതുകൊണ്ട് ലക്ഷ്യസിദ്ധാന്തപരവും (teleological) അനുപാതവാദപരവും (proportionalist)ആയ സിദ്ധാന്തങ്ങളുടെ പ്രത്യേകമായ പ്രമേയത്തെ പരിത്യജിക്കണം. ചില പ്രത്യേകതരം പെരുമാറ്റത്തിൻെറ അഥവാ സവിശേഷ പ്രവൃത്തികളുടെ മനഃപൂർവ്വ

www.malankaralibrary.com



മായ തിരഞ്ഞെടുപ്പിനെ അതിന്റെ വർഗ്ഗം (species) അതായത് അതിന്റെ വിഷയം (object) അനുസരിച്ച് ധാർമ്മികമായ ഒരു തിന്മ എന്നു വിശേഷിപ്പിക്കാൻ *തിരഞ്ഞെടുപ്പിന്റെ ലക്ഷ്യവും,* ബന്ധപ്പെട്ട എല്ലാവർക്കും ആ പ്രവൃത്തിയിൽ നിന്നുണ്ടാകാവുന്ന മുൻകൂട്ടിക്കാണാവുന്ന *പരിണതഫലങ്ങളുടെ ആകെത്തുകയും* പരിഗണിക്കാതെ സാധ്യമല്ല എന്നു പറയുന്ന പ്രമേയമാണത്.

ധാർമ്മിക വിധിയുടെ പ്രഥമവും നിർണ്ണായകവുമായ ഘടകം മാനുഷികപ്രവൃത്തിയുടെ വിഷയമാണ്. നന്മയിലേക്കും ദൈവമാകുന്ന പരമലക്ഷ്യത്തിലേക്കും ആ പ്രവൃത്തിയെ ക്രമവത്കരിക്കാൻ കഴിയുമോ എന്ന കാര്യം നിശ്ചയിക്കുന്നത് ആ ഘടകമാണ്. മനുഷ്യനെ സംബന്ധിച്ച സമഗ്ര സത്യത്തിൽ അവനെ പരിഗണിക്കുമ്പോൾ- തത്ഫലമായി സ്വാഭാവിക പ്രവണതകളിലും (inclinations) ഉദ്ദേശ്യങ്ങളിലും (motivations) അന്ത്യങ്ങളിലും (finalities)കൂടി പരിഗണിക്കുമ്പോൾ- അവന്റെ ബുദ്ധിശക്തി അസ്തിത്വത്തിൽ (being)ത്തന്നെ ഈ കഴിവിനെ ഗ്രഹിക്കുന്നുണ്ട്. ഇപ്പറഞ്ഞ സ്വാഭാവിക പ്രവണതകൾക്കും ഉദ്ദേശ്യങ്ങൾക്കും അന്ത്യങ്ങൾക്കും ആദ്ധ്യാത്മികമായ ഒരു മാനം കൂടിയുണ്ട്. ഇവതന്നെയാണ് സ്വാഭാവികനിയമത്തിന്റെ ഉള്ളടക്കങ്ങൾ. അങ്ങനെ "വ്യക്തിയുടെ നന്മയ്ക്ക്" സഹായകമായ, ക്രമവത്കൃത "വൈയക്തികനന്മകളുടെ" സംഘാതം അവയാണ്: വ്യക്തിയും അവന്റെ പൂർണ്ണതയുമാകുന്ന നന്മ. ഇവതന്നെയാണ് പ്രമാണങ്ങൾകൊണ്ടു സുരക്ഷിതമാക്കപ്പെട്ട നന്മകൾ. ആ പ്രമാണങ്ങളിൽ, സ്വാഭാവിക നിയമം മുഴുവനും ഉൾക്കൊണ്ടിട്ടുണ്ട് എന്നു വി. തോമസ് അകിനാസ് അഭിപ്രായപ്പെടുന്നു.[130]

80. മാനുഷിക പ്രവൃത്തിയുടെ ചില വിഷയങ്ങൾ സ്വാഭാവികമായി ദൈവത്തിലേക്കു ക്രമവത്കരിക്കപ്പെടാൻ സാധ്യമല്ല. അത്തരം ചില വിഷയങ്ങൾ ഉണ്ട് എന്നു ബുദ്ധിതന്നെ സാക്ഷ്യം നൽകുന്നു. ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ട വ്യക്തികളുടെ നന്മയെ അവ മൗലികമായി എതിർക്കുന്നതുകൊണ്ടാണ് അവ അങ്ങനെയായിരിക്കുന്നത്. അത്തരം പ്രവൃത്തികളെ സഭയുടെ ധാർമ്മിക പാരമ്പര്യം "ആന്തരികമായിതന്നെയുള്ള തിന്മകൾ" (intrinsece malum)അഥവാ സ്വാഭാവികമായിതന്നെയുള്ള തിന്മകൾ എന്നുവിളിക്കുന്നു. അവ എപ്പോഴും സ്വാഭാവികമായിത്തന്നെ (pre se)അത്തരത്തിലുള്ളവയാണ്. മറ്റുവാക്കുകളിൽപ്പറഞ്ഞാൽ, അവയുടെ വിഷയംകൊണ്ടു തന്നെ, പ്രവൃത്തിക്കുന്നവന്റെ പാരസ്ഥിത(അനന്തര)ങ്ങളായ ഉദ്ദേശ്യങ്ങളെയും സാഹചര്യങ്ങളെയും

www.malankaralibrary.com



കൂടാതെതന്നെ, അത്തരത്തിലുള്ളവയാണ്. തത്ഫലമായി "സ്വാഭാവികമായി, അതിൽത്തന്നെ; സാഹചര്യങ്ങളെ ആശ്രയിക്കാതെ, വിഷയംമൂലം എപ്പോഴും ഗൗരവാവഹമായ തെറ്റായിരിക്കുന്ന പ്രവൃത്തികളുണ്ട്"[131] എന്നു സഭപഠിപ്പിക്കുന്നു. സാഹചര്യങ്ങളും പ്രത്യേകിച്ച് ഉദ്ദേശ്യങ്ങളും ധാർമ്മികതയുടെ മേൽ ചെലുത്തുന്ന സ്വാധീനത്തെ ഒട്ടും നിഷേധിക്കാതെ തന്നെയാണ് ഇങ്ങനെ പഠിപ്പിക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് തന്നെ, മനുഷ്യവ്യക്തിക്ക് അർഹമായ ആദരവിനെപ്പറ്റി ചർച്ചചെയ്യുമ്പോൾ, ഇത്തരം പ്രവൃത്തികളുടെ ധാരാളം ഉദാഹരണങ്ങൾ കൊടുക്കുന്നുണ്ട്. "ജീവന് എതിരായിട്ടുള്ളതെന്തും നിന്ദ്യമാണ്. ഏതുതരത്തിലുള്ള കൊലപാതകവും, വംശനശീകരണം, (genocide) ഗർഭച്ഛിദ്രം, കാരുണ്യവധം (euthanasia) മനസ്സറിഞ്ഞുള്ള ആത്മഹത്യ എന്നിവപോലുള്ള പ്രവൃത്തികളും, മനുഷ്യവ്യക്തിത്വത്തിൻെറ സമഗ്രതയെ ലംഘിക്കുന്നതെന്തും-അംഗവിച്ഛേദം, ശരീരത്തിലോ മനസ്സിലോ ഏല്പിക്കുന്ന പീഡനം, മനസ്സിനെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ മുതലായതെന്തും– മനുഷ്യമഹത്ത്വത്തിനു ദ്രോഹം ചെയ്യുന്ന എന്തും, മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യങ്ങൾ, അന്യായമായ ജയിൽ ശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വില്ക്കൽ മുതലായതെന്തും, മനുഷ്യരെ ഉത്തരവാദിത്വമുള്ള വ്യക്തികളായി പരിഗണിക്കാതെ, ലാഭത്തിനുവേണ്ടിയുള്ള വെറും ഉപകരണങ്ങളായിക്കരുതി മനുഷ്യോചിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളിലേക്കു വലിച്ചെറിയലും: ഇവയും ഇവയെപ്പോലുള്ളതെന്തും നിന്ദ്യമാണ്. ഇവയെല്ലാം മനുഷ്യ സംസ്കാരത്തെയാണ് രോഗാതുരമാക്കുന്നത്. തന്മൂലം, ഇവ സഹിക്കുന്നവർക്കെന്നതിനേക്കാൾ ഇവയുടെ കാരണക്കാർക്ക് ഇവ കൂടുതൽ ദ്രോഹം ചെയ്യും. കൂടാതെ, ഇവ സ്രഷ്ടാവിന് അർഹമായ ബഹുമാനത്തിൻെറ നിഷേധവുമാണ്".[132]

സ്വാഭാവികമായി, ആന്തരികമായി, തിന്മയായിട്ടുള്ള പ്രവൃത്തികളെപ്പറ്റി, സ്ത്രീപുരുഷസംയോഗത്തെ മനഃപൂർവ്വം സന്താനോത്പാദനരഹിതമാക്കുന്ന ഗർഭനിരോധനരീതികളെ പരാമർശിച്ചുകൊണ്ട്, പോൾ ആറാമൻ മാർപ്പാപ്പാ ഇങ്ങനെ പഠിപ്പിക്കുന്നു: "ഒരു വലിയ തിന്മയെ ഒഴിവാക്കനോ, ഒരു വലിയ നന്മയെ വളർത്താനോ ചെറിയ ഒരു ധാർമ്മിക തിന്മയെ സഹിക്കുന്നത് ചിലപ്പോൾ നിയമപരമായി ശരിയണെന്നതു സത്യംതന്നെ. എന്നാൽ, നന്മപുറപ്പെടുത്താൻ വേണ്ടി, ഏറ്റവും ഗൗരവമുള്ള കാരണങ്ങളുണ്ടെങ്കിലും, തിന്മചെയ്യുന്നത് ഒരിക്കലും നിയമപരമായി ശരിയല്ല (റോമാ.3:8). മറ്റുവാക്കുകളിൽപ്പറഞ്ഞാൽ, ധാർമ്മിക ക്രമത്തെ സ്വാഭാവികമായിത്തന്നെ എതിർ

www.malankaralibrary.com



ക്കുന്നതും തന്മൂലം മനുഷ്യനു നിഷിദ്ധമെന്ന് വിധിക്കപ്പെടേണ്ടതുമായ ഒരു കാര്യത്തെ നേരിട്ട് ഉദ്ദേശിക്കുന്നത് അനുവദനീയമല്ല. അതിൻെറ ഉദ്ദേശ്യം ഒരു വ്യക്തിയെയോ കുടുംബത്തെയോ പൊതുവേ സമൂഹത്തെയോ സംരക്ഷിക്കുകയെന്നതോ അവയുടെ ക്ഷേമം വളർത്തുകയെന്നതോ ആയാൽപ്പോലും അനുവദനീയമല്ല".[133]

81. സ്വാഭാവികമായിത്തന്നെ തിന്മയായുള്ള പ്രവൃത്തികളുടെ അസ്തിത്വത്തെ അംഗീകരിക്കുന്നതിൽ, സഭ വിശുദ്ധഗ്രന്ഥത്തിലെ പ്രബോധനത്തെ സ്വീകരിക്കുകയാണു ചെയ്യുന്നത്. വി. പൗലോസ് അപ്പസ്തോലൻ ശക്തിയുക്തം പറയുന്നു: "നിങ്ങൾ വഞ്ചിതരാകരുത്. അസൻമാർഗ്ഗികളും, വിഗ്രഹാരാധകരും, വ്യഭിചാരികളും സ്വവർഗ്ഗഭോഗികളും, കള്ളന്മാരും, അത്യാഗ്രഹികളും, മദ്യപന്മാരും, പരദൂഷകരും കവർച്ചക്കാരും, ദൈവരാജ്യം അവകാശമാക്കുകയില്ല" (1കൊറി.6:9–10).

പ്രവൃത്തികൾ സ്വാഭാവികമായിത്തന്നെ തിന്മനിറഞ്ഞതാണെങ്കിൽ, ഒരു നല്ല നിയോഗമോ പ്രത്യേക സാഹചര്യമോ അവയുടെ തിന്മയുടെ കാഠിന്യത്തെ കുറയ്ക്കും. പക്ഷേ, അതിനെ എടുത്തുകളയുകയില്ല. അവ "പരിഹരിക്കാനാവാത്തവിധം" തിന്മയുള്ള പ്രവൃത്തികളായിത്തന്നെ നിലകൊള്ളും. അവ ദൈവത്തിലേക്കോ വ്യക്തിയുടെ മഹത്വത്തിലേക്കോ ക്രമവത്കരിക്കപ്പെടാൻ സ്വാഭാവികമായും (per se) അവയിൽത്തന്നെയും അശക്തങ്ങളായി നിലകൊള്ളും. വി. ആഗസ്തീനോസ് എഴുതുന്നു: "മോഷണം ജാരകർമ്മം (fornication), ദൈവദൂഷണം മുതലായ, സ്വാഭാവികമായിത്തന്നെ തിന്മയായുള്ള (cum iam opera ipsa peccata sunt) പ്രവർത്തികളെപ്പറ്റി, നല്ല ലക്ഷ്യത്തോടെ (causis bonis) അവ ചെയ്താൽ പാപങ്ങളാവുകയില്ലെന്ന് ആർക്ക് ഉറപ്പിച്ചു പറയാൻ കഴിയും? അവ നീതീകരിക്കപ്പെട്ട പാപങ്ങൾ ആകുമെന്ന് ആർക്കു ഉറപ്പിച്ചുപറയാനാകും? അതു കൂടുതൽ അസംബന്ധമാണല്ലോ".[134]

തത്ഫലമായി, വിഷയമനുസരിച്ച് പ്രകൃത്യാ തിന്മയായിട്ടുള്ള ഒരു പ്രവൃത്തിയെ, സാഹചര്യങ്ങളോ ഉദ്ദേശ്യങ്ങളോ ഒരിക്കലും ഒരു തിരഞ്ഞെടുപ്പ് എന്നനിലയിൽ "വ്യക്തിപരമായി" നല്ലതോ സാധൂകരണക്ഷമമോ ആക്കിമാറ്റുകയില്ല.

82. കൂടാതെ, ഒരു നിയോഗം (intension), വ്യക്തിയുടെ പരമാന്ത്യത്തിൻെറ വീക്ഷണപ്രകാരമുള്ള യഥാർത്ഥ നന്മയെ ലക്ഷ്യം വയ്ക്കുമ്പോഴാണ് നല്ലതായിത്തീരുന്നത്. എന്നാൽ, ദൈവത്തിലേക്കു ക്രമവത്കരിക്കാൻ അശക്തമായ വിഷയമുള്ളവയും

www.malankaralibrary.com



മനുഷ്യവ്യക്തിക്കു യോഗ്യമല്ലാത്തവയുമായ പ്രവൃത്തികൾ, എപ്പോഴും ഓരോ സംഭവത്തിലും, ആ നന്മയ്ക്ക് എതിരായിരിക്കും. തത്ഫലമായി അത്തരം പ്രവൃത്തികളെ നിരോധിക്കുകയും എപ്പോഴും (semper et pro semper) അതായത്, അപവാദമില്ലാതെ കടപ്പെടുത്തുകയും ചെയ്യുന്ന നിയമങ്ങളോടുള്ള ആദരവ് നല്ല നിയോഗത്തെ തടയുന്നില്ല. എന്നുമാത്രമല്ല യഥാർത്ഥത്തിൽ അതിൻെറ മൗലികപ്രകാശനത്തെ അതു പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

വിഷയത്തെ ധാർമ്മികതയുടെ സ്രോതസ്സ് എന്ന നിലയിൽ കരുതുന്ന സിദ്ധാന്തം, ഉടമ്പടിയുടെയും വേദപ്രമാണങ്ങളുടെയും, സ്നേഹത്തിൻെറയും സദ്ഗുണങ്ങളുടെയും ബൈബിൾ പരമായ ധാർമ്മികതയുടെ യഥാർത്ഥമായ അസന്നിഗ്ദ്ധമാക്കലാണ്. മാനുഷിക പ്രവൃത്തിയുടെ ധാർമ്മിക ഗുണം, കല്പനകളോടുള്ള ഈ വിശ്വസ്തതയെ-അനുസരണത്തിൻെറയും സ്നേഹത്തിൻെറയും പ്രകാശനമെന്ന നിലയിലുള്ള വിശ്വസ്തതയെ-ആശ്രയിച്ചിരിക്കുന്നു. ഇക്കാരണത്താൽ ഒരുകാര്യം ആവർത്തിച്ചു പറയുന്നു: തിരഞ്ഞെടുപ്പ് നടത്തുന്നതിൻെറ ഉദ്ദേശ്യത്തെയോ, ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും അതുണ്ടാക്കുന്ന മുൻകൂട്ടിക്കാണാവുന്ന പരിണത ഫലങ്ങളെയോ പരിഗണിക്കാതെ, പെരുമാറ്റത്തിൻെറ ചില ഇനങ്ങളെയോ അഥവാ സവിശേഷ പ്രവൃത്തികളെയോ വർഗ്ഗമനുസരിച്ച് ധാർമ്മിക തിന്മയെന്നു വിശേഷിപ്പിക്കാൻ സാധ്യമല്ലെന്നു വാദിക്കുന്ന അഭിപ്രായത്തെ തെറ്റായി കരുതി തള്ളിക്കളയണം. മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ, മാനുഷിക പ്രവൃത്തിയുടെ ധാർമ്മികതയെപ്പറ്റിയുള്ള യുക്തിപരമായ തീരുമാനം (rational determination) കൂടാതെ "വസ്തുനിഷ്ഠമായ ഒരു ധാർമ്മിക ക്രമത്തിൻെറ" അസ്തിത്വത്തെ സ്ഥിരീകരിക്കാൻ സാധ്യമല്ല;[135] അപവാദം കൂടാതെ കടപ്പെടുത്തുന്ന ഉള്ളടക്കമുള്ള പ്രത്യേകമായ ഒരു മാനദണ്ഡവും സ്ഥാപിക്കാനും സാധ്യമല്ല. ഇതു മാനുഷിക സാഹോദര്യത്തിനും നന്മയെ സംബന്ധിച്ച സത്യത്തിനും നാശംചെയ്യും. അതുപോലെ സഭാപരമായ കൂട്ടായ്മയ്ക്കും ഇതു ദ്രോഹം ചെയ്യും.

83. മാനുഷിക പ്രവൃത്തികളുടെ ധാർമ്മികതയെ സംബന്ധിച്ച പ്രശ്നത്തിലും, പ്രത്യേകിച്ച് പ്രകൃത്യാ തിന്മയായിട്ടുള്ള പ്രവൃത്തികളുണ്ടോ എന്ന പ്രശ്നത്തിലും, *മനുഷ്യനെപ്പറ്റിത്തന്നെ*യുള്ള പ്രശ്നത്തെയാണ് നാം നേരിടുന്നത്; മനുഷ്യനെയും അവൻെറ *സത്യത്തെ*യും ആ സത്യത്തിൽ നിന്ന് ഒഴുകുന്ന ധാർമ്മിക പരിണതഫലങ്ങളെയുമാണ് നാം നേരിടുന്നത്. മാനുഷിക പ്രവൃത്തികളിൽ പ്രകൃത്യാ തിന്മയുണ്ടെന്ന് അംഗീകരിക്കുകയും അങ്ങനെ പഠിപ്പിക്കുയും

www.malankaralibrary.com



ചെയ്യുമ്പോൾ, സഭ മനുഷ്യനെ സംബന്ധിച്ചുള്ള സമഗ്രമായ സത്യത്തോടു വിശ്വസ്തതയോടെ നിലകൊള്ളുകയാണ്. അവൾ അങ്ങനെ മനുഷ്യന്റെ മഹത്വത്തെയും വിളിയെയും ബഹുമാനിക്കുകയും വളർത്തുകയും ചെയ്യുന്നു. തത്ഫലമായി, ഈ സത്യത്തിനു വിരുദ്ധമായ, മുകളിൽ പ്രതിപാദിച്ചിട്ടുള്ള സിദ്ധാന്തങ്ങളെ അവൾ പരിത്യജിക്കണം.

മെത്രാൻപദവിയിലുള്ള പ്രിയസഹോദരൻമാരെ, ചില ധാർമ്മിക സിദ്ധാന്തങ്ങളുടെ തെറ്റുകളെയും അപകടങ്ങളെയും കുറിച്ചു വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നതുകൊണ്ട് മാത്രം നാം തൃപ്തിപ്പെടരുത്. ഒന്നാമതായി, യേശു ക്രിസ്തുവാകുന്ന സത്യത്തിന്റെ സമാകർഷകമായ പ്രഭയെ നാം കാണിക്കണം. സത്യംതന്നെയായ (യോഹ.14:6) യേശുക്രിസ്തുവിൽ സ്വാതന്ത്ര്യത്തിലേക്കുള്ള തന്റെ വിളിയെ, മനസ്സിലാക്കാനും, നല്ലപ്രവൃത്തികളിലൂടെ, ദൈവത്തോടും അയല്ക്കാരനോടുമുള്ള സ്നേഹത്തിന്റെ കല്പനയിൽ സംഗ്രഹിച്ചിട്ടുള്ള ദൈവിക നിയമത്തോടുള്ള അനുസരണത്തിൽ, അതു പൂർണ്ണമായി ജീവിക്കാനും മനുഷ്യനു കഴിയും. സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവായ പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ സംഭവിക്കുന്നത് ഇതാണ്: നിയമത്തെ സ്വീകരിക്കാനും, യഥാർത്ഥ വൈയക്തിക സ്വാതന്ത്ര്യത്തിന്റെ പ്രചോദനാത്മക ശക്തി എന്നനിലയിൽ അതനുസരിച്ചു ജീവിക്കാനും വേണ്ടി നിയമത്തെ ആന്തരികമാക്കുവാൻ അവനിൽ നാം പ്രാപ്തരാക്കപ്പെട്ടിരിക്കുന്നു: "പരിപൂർണ്ണമായ നിയമത്തെ, സ്വാതന്ത്ര്യത്തിന്റെ നിയമത്തെ" (യാക്കോ.1:25).

## അദ്ധ്യായം മൂന്ന്:

# ''ക്രിസ്തുവിന്റെ കുരിശ് ശക്തിഹീനമാകാതിരിക്കാൻ'' (1 കൊറി. 1:17)

### ധാർമ്മിക നന്മ: സഭയുടെയും ലോകത്തിന്റെയും ജീവനുവേണ്ടി

*'''സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി'' (ഗലാ: 5:1).*

84. മുകളിൽ സൂചിപ്പിച്ച ധാർമ്മിക സിദ്ധാന്തങ്ങൾ സവിശേഷ ശക്തിയോടെ ഉന്നയിക്കുന്ന *മൗലിക പ്രശ്നം* മനുഷ്യസ്വാതന്ത്ര്യത്തിനു ദൈവത്തിന്റെ നിയമത്തോടുള്ള ബന്ധത്തിന്റെ പ്രശ്നമാണ്. ആത്യന്തികാപഗ്രഥനത്തിൽ, അത് *സ്വാതന്ത്ര്യവും സത്യവും* തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന പ്രശ്നമാണ്.

www.malankaralibrary.com



ക്രൈസ്തവവിശ്വാസവും സഭയുടെ പ്രബോധനവുമനുസരിച്ച് "സത്യത്തിനു കീഴ്വഴങ്ങുന്ന സ്വാതന്ത്ര്യം മാത്രമേ മനുഷ്യവ്യക്തിയെ അവൻെറ യഥാർത്ഥ നന്മയിലേക്കു നയിക്കുകയുള്ളു. വ്യക്തിയുടെ നന്മ എന്നത് സത്യത്തിലായിരിക്കുക എന്നതും സത്യം *പ്രവർത്തിക്കുക* എന്നതുമാണ്".[136]

ഈ മൗലിക പ്രശ്നത്തെപ്പറ്റി തീവ്രമായ *അജപാലനപരിശ്രമങ്ങൾ* വളർത്തുക സഭയെ സംബന്ധിച്ച് അത്യാവശ്യമാണ്. സഭയുടെ പ്രബോധനവും ഇന്നത്തെ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യവും തമ്മിലുള്ള ഒരു താരതമ്യം ഈ ആവശ്യത്തെ പെട്ടെന്ന് വ്യക്തമാക്കും. "സത്യം, നന്മ, സ്വാതന്ത്ര്യം എന്നിവ തമ്മിലുള്ള സത്താപരമായ ഈ ബന്ധത്തെപ്പറ്റിയുള്ള കാഴ്ച ഇന്നത്തെ സംസ്കാരത്തിനു വലിയതോതിൽ നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യൻ അതു വീണ്ടും കണ്ടെത്താൻ സഭ അവനെ സഹായിക്കണം. ഇന്ന് ലോകരക്ഷയ്ക്കായുള്ള സഭയുടെ ദൗത്യത്തിൻെറ സവിശേഷമായ ആവശ്യങ്ങളിൽ ഒന്നിനെയാണ് അതു പ്രതിനിധീകരിക്കുന്നത്. താൻ ആരാണ്, എവിടെനിന്നുവരുന്നു, എങ്ങോട്ടുപോകുന്നു എന്നിവയെപ്പറ്റി അറിവില്ലാത്ത മനുഷ്യൻെറ നിരാശപ്പെടുത്തുന്ന വിസ്മയത്തിൻെറ പ്രതിഫലനമാണ്, "സത്യമെന്താണ്? എന്ന പിലാത്തോസിൻെറ ചോദ്യം. അങ്ങനെ, ക്രമേണ തന്നെത്തന്നെ നശിപ്പിക്കുന്ന സാഹചര്യങ്ങളിലേക്ക് മനുഷ്യവ്യക്തി ഭീതിയോടെ മുങ്ങിത്താഴുന്നതായി നാം മിക്കപ്പോഴും കാണുന്നു. ഒരു ധാർമ്മിക മൂല്യത്തിൻെറയും സ്ഥിരമായ കേവലത്വത്തെ (absoluteness) അംഗീകരിക്കേണ്ടതില്ല എന്ന് ചിലർ അഭിപ്രായപ്പെടുന്നതുപോലെ തോന്നുന്നു. ഗർഭോത്പാദനത്തിനുശേഷവും ജനനത്തിന് മുൻപും മനുഷ്യജീവ-നോട് അവജ്ഞ പ്രദർശിപ്പിക്കുന്നതായി ചുറ്റുപാടും നാം കാണുന്നു; വ്യക്തിയുടെ മൗലികാവകാശങ്ങളുടെ തുടർച്ചയായുള്ള ലംഘനവും മനുഷ്യജീവന് അത്യാവശ്യമായിട്ടുള്ള മിനിമം നന്മകളുടെ അന്യായമായ നശിപ്പിക്കലും ചുറ്റുപാടും കാണുന്നു. യഥാർത്ഥത്തിൽ കുറെക്കൂടി ഗൗരവമുള്ള മറ്റൊന്നും സംഭവിച്ചിട്ടുണ്ട്; സത്യത്തിലേ രക്ഷ കണ്ടെത്താനാകൂ എന്ന ബോധ്യം മനുഷ്യനില്ല. സത്യത്തിൻെറ രക്ഷാകരശക്തിയോടു മത്സരിക്കുന്നു. നന്മയും തിന്മയും എന്താണെന്നു നിശ്ചയിക്കാൻ സ്വാതന്ത്ര്യത്തെ– എല്ലാ വസ്തുനിഷ്ഠതയിൽനിന്നും പിഴുതെടുത്ത സ്വാതന്ത്ര്യത്തെ – മാത്രം ഏല്പിച്ചിരിക്കുന്നു. ഈ ആപേക്ഷികതാവാദം (relativism) ദൈവശാസ്ത്രമണ്ഡലത്തിൽ, ധാർമ്മിക നിയമംകൊണ്ടു മനുഷ്യനെ നയിക്കുന്ന ദൈവത്തിൻെറ ജ്ഞാനത്തിലുള്ള വിശ്വാസമില്ലായ്മയായി

www.malankaralibrary.com



ത്തിരുകയാണ്. വസ്തുനിഷ്ഠമായ സാഹചര്യങ്ങളെ ധാർമ്മിക നിയമത്തിൻെറ കല്പനകളോട് അനുഭാവവിരുദ്ധമായി തട്ടിച്ചുനോക്കുകയാണ്. മാത്രമല്ല, മനുഷ്യൻെറ ഏകവും സത്യവുമായ നന്മ ദൈവത്തിൻെറ കല്പനയാണെന്ന്, അവസാനം, ഉറപ്പിച്ചു പറയുന്നുമില്ല."[137]

85. ഈ ധാർമ്മിക സിദ്ധാന്തങ്ങളെ സംബന്ധിച്ച് സഭ നിർവ്വഹിക്കുന്ന വിവേചിച്ചറിയൽ, അവയെ തള്ളിപ്പറയുകയോ ഖണ്ഡിക്കുകയോ ചെയ്യുന്നതിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. സത്യത്തിനനുസൃതമായി വിധിക്കുകയും തീരുമാനത്തിലേക്കു നയിക്കുകയും ചെയ്യുന്ന ധാർമ്മിക മനസ്സാക്ഷിയെ രൂപപ്പെടുത്തുന്നതിന് എല്ലാ വിശ്വാസികളെയും സഹായിക്കാൻ ഭാവാത്മകമായി, വലിയ സ്നേഹത്തോടെ, സഭ പരിശ്രമിക്കുന്നുണ്ട്. പൗലോസ് അപ്പസ്തോലൻെറ ആഹ്വാനമനുസരിച്ചാണ് അങ്ങനെ ചെയ്യുന്നത്. അദ്ദേഹം പറയുന്നു: "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിൻെറ നവീകരണംവഴി, രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമ. 12:2). സഭയുടെ ഈ പരിശ്രമം അതിൻെറ പിന്തുണ- വിദ്യാഭ്യാസപരമായ അതിൻെറ "രഹസ്യം" – കണ്ടെത്തുന്നത് സിദ്ധാന്തപരമായ പ്രസ്താവനകളിലോ ജാഗ്രതയ്ക്കുള്ള അജപാലനപരമായ അഭ്യർത്ഥനകളിലോ നിന്ന് എന്നതിനേക്കാൾ കർത്താവായ യേശുവിലേക്ക് സ്ഥിരം നോക്കുന്നതിൽ നിന്നാണ്. പരാജയപ്പെടാത്ത സ്നേഹത്തോടെ സഭ എന്നും ക്രിസ്തുവിലേക്കു നോക്കുന്നു. അവനിൽ മാത്രമാണ് ധാർമ്മിക പ്രശ്നത്തിൻെറ അന്തിമമായ യഥാർത്ഥ ഉത്തരം സ്ഥിതിചെയ്യുന്നതെന്ന പൂർണ്ണബോധത്തോടെയാണ് അങ്ങനെ ചെയ്യുന്നത്. അനേകരെ ഇന്ന് അലട്ടുന്ന പ്രശ്നത്തിൻെറ ഉത്തരം സഭ പ്രത്യേകമായ വിധത്തിൽ കണ്ടെത്തുന്നത് ക്രൂശിതനായ ക്രിസ്തുവിലാണ്. പ്രശ്നമിതാണ്: സാർവ്വത്രികവും അചഞ്ചലവുമായ ധാർമ്മിക മാനദണ്ഡങ്ങളോടുള്ള അനുസരണം, എങ്ങനെ, വ്യക്തിയുടെ അനന്യതയെയും വ്യക്തിത്വത്തെയും ആദരിക്കുകയും, അവൻെറ സ്വാതന്ത്ര്യത്തിനും മഹത്വത്തിനും ഒരു ഭീഷണിയായിത്തീരാതിരിക്കുകയും ചെയ്യും? പൗലോസ്അപ്പസ്തോലന് താൻ സ്വീകരിച്ച ദൗത്യത്തെപ്പറ്റിയുണ്ടായിരുന്ന ബോധം സഭ തൻെറ സ്വന്തമാക്കുന്നു: "ക്രിസ്തു.......... എന്നെ സുവിശേഷം പ്രസംഗിക്കാനയച്ചു. എന്നാൽ, ക്രിസ്തുവിൻെറ കുരിശിന് അതിൻെറ ശക്തി നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വാഗ്വിലാസത്തോടെ

www.malankaralibrary.com



യല്ല....... ഞങ്ങൾ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. എന്നാൽ വിളിക്കപ്പെട്ടവർക്ക് – അവർ യഹൂദരായാലും ഗ്രീക്കുകാരായാലും – ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊറി. 1:17; 23–24). *സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമായ അർത്ഥത്തെ, ക്രൂശിതനായ ക്രിസ്തു വെളിപ്പെടുത്തുന്നു.* തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അവിടുന്ന് അതു പൂർണ്ണമായി ജീവിതത്തിൽ പകർത്തുന്നു. തന്റെ ശിഷ്യന്മാരെ തന്റെ സ്വാതന്ത്ര്യത്തിന്റെ ഭാഗഭാക്കുകളാകാൻ വിളിക്കുകയും ചെയ്യുന്നു.

86. ബുദ്ധിപരമായ വിചിന്തനവും അനുദിനജീവിതത്തിന്റെ അനുഭവവും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ ദുർബലതയെ തെളിയിക്കുന്നുണ്ട്: ആ സ്വാതന്ത്ര്യം യഥാർത്ഥമാണ്; എന്നാൽ, പരിമിതമാണ്. അതിന്റെ പൂർണ്ണവും വ്യവസ്ഥാതീതവുമായ ഉദ്ഭവം അതിൽത്തന്നെയല്ല. പിന്നെയോ, അത് നിലകൊള്ളുന്ന ജീവിതത്തിലാണ്. ആ ജീവിതം അതിന് ഒരേസമയത്തു പരിമിതിയും സാധ്യതയുമായി വെളിപ്പെടുന്നു. സൃഷ്ടികൾ എന്നനിലയിലാണ് സ്വാതന്ത്ര്യം നമുക്കു സ്വന്തമായിരിക്കുന്നത്. ഒരു ദാനമെന്നനിലയിൽ നമുക്കു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യമാണത്. ഒരു വിത്ത് എന്നവിധം സ്വീകരിക്കേണ്ടതും ഉത്തരവാദിത്വപൂർവ്വം മുളപ്പിച്ചു വളർത്തേണ്ടതുമാണത്. ആ സ്വാതന്ത്ര്യം വ്യക്തിയുടെ മഹത്വത്തിന്റെ അടിസ്ഥാനമായ സൃഷ്ടവസ്തുപരമായ പ്രതിഛായയുടെ സത്താപരമായ ഒരു ഭാഗമാണ്. ശരിയായ നന്മയിലേക്കു സ്രഷ്ടാവ് മനുഷ്യനെ വിളിക്കുന്ന ആദിമമായ വിളിയുടെ ഒരു പ്രതിധ്വനി ആ സ്വാതന്ത്ര്യത്തിനുള്ളിലുണ്ട്. കൂടാതെ, ക്രിസ്തുവിന്റെ വെളിപാടുവഴി, അവിടുത്തെ സുഹൃത്താകാനും അവിടുത്തെ ദൈവീക ജീവനിൽ പങ്കെടുക്കാനുമുള്ള വിളിയുടെ പ്രതിധ്വനിയുമുണ്ട്. ഒരേസമയത്ത് അത് അന്യാധീനപ്പെടുത്താനാകാത്ത സ്വത്തും, അസ്തിത്വമുള്ള എല്ലാത്തിനോടുമുള്ള തുറവിയുമാണ്-തന്നെത്തന്നെ അതിലംഘിച്ച്, മറ്റുള്ളവരെ സംബന്ധിച്ച അറിവിലേക്കും അവരോടുള്ള സ്നേഹത്തിലേക്കും നയിക്കുന്ന തുറവി.[138] അപ്പോൾ സ്വാതന്ത്ര്യം മനുഷ്യനെ സംബന്ധിച്ച സത്യത്തിലാണ് വേരുപിടിച്ചിരിക്കുന്നത്. അത് ആത്യന്തികമായ കൂട്ടായ്മയ്ക്ക് അഭിമുഖമായിരിക്കുകയും ചെയ്യുന്നു.

വിവേകശക്തിയും അനുഭവവും, മാനുഷിക സ്വാതന്ത്ര്യത്തിന്റെ ദുർബലതയെപ്പറ്റി മാത്രമല്ല ഉറപ്പിച്ചു പറയുന്നത്. അതിന്റെ ദുരന്തപരമായ വശങ്ങളെപ്പറ്റിയും ഉറപ്പിച്ചു പറയുന്നുണ്ട്. തന്റെ സ്വാതന്ത്ര്യം നിഗൂഢമായ ഒരു രീതിയിൽ, സത്യമായതിനോടും

www.malankaralibrary.com



നന്മയായുള്ളതിനോടും തനിക്കുള്ള തുറവിയെ ഒറ്റിക്കൊടുക്കാനുള്ള പ്രവണത കാണിക്കുന്നുവെന്നും, പലപ്പോഴും താൻ പരിമിതവും (finite) താത്കാലികവുമായ (ephemeral)നന്മയെ തിരഞ്ഞെടുക്കാൻ യഥാർത്ഥത്തിൽ കൂടുതൽ ഇഷ്ടപ്പെടുന്നുവെന്നും മനുഷ്യൻ മനസ്സിലാക്കുന്നു. കൂടാതെ, തനിക്കുള്ള ഒരു സമ്പൂർണ്ണ നിയമമായി തന്നെത്തന്നെ സ്ഥാപിക്കാൻ വേണ്ടി, സത്യത്തെയും നന്മയെയും ത്യജിക്കാൻ പ്രേരിപ്പിക്കുന്ന അഗാധമായ ഒരു സമരത്തിൻെറ ഉറവിടത്തെ, തൻെറ തെറ്റുകളിലും നിഷേധാത്മക തീരുമാനങ്ങളിലും മനുഷ്യൻ അല്പാല്പമായി കാണുന്നു: "നീ ദൈവത്തെപ്പോലെയാകും" (ഉത്പ.3:5). തത്ഫലമായി, *സ്വാതന്ത്ര്യത്തെത്തന്നെ സ്വതന്ത്രമാക്കേണ്ടിയിരിക്കുന്നു.* ക്രിസ്തുവാണ് അതിനെ സ്വതന്ത്രമാക്കുന്നത്. അവിടുന്നു "നമ്മെ സ്വാതന്ത്ര്യത്തിനായി സ്വതന്ത്രരാക്കിയിരിക്കുന്നു" (ഗലാ.5:1).

87. സത്യത്തിൻെറ നിഷ്കളങ്കവും തുറവിയുള്ളതുമായ സ്വീകരണമാണ് യഥാർത്ഥമായ സ്വാതന്ത്ര്യത്തിൻെറ വ്യവസ്ഥയെന്നു ക്രിസ്തു പ്രഥമവും പ്രധാനവുമായി വെളിപ്പെടുത്തുന്നു: "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ.8:32).[139] ലൗകിക ശക്തിയുടെ മുൻപിൽ നമ്മെ സ്വതന്ത്രരാക്കുകയും രക്തസാക്ഷിത്വം വരിക്കാനുള്ള ശക്തി നമുക്കു തരികയും ചെയ്യുന്ന സത്യമാണത്. പീലാത്തോസിൻെറ മുൻപിൽ യേശുവിന് അത് അപ്രകാരമായിരുന്നു. "ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനു വേണ്ടിയാണ് ഞാനിലോകത്തിലേക്കു വന്നതും – സത്യത്തിനു സാക്ഷ്യം നൽകാൻ. (യോഹ.18:37). അങ്ങനെ ദൈവത്തിൻെറ യഥാർത്ഥ ആരാധകർ അവിടുത്തെ "ആത്മാവിലും സത്യത്തിലും" (യോഹ.4:23) ആരാധിക്കണം. ഈ ആരാധനയിൽ അവർ സ്വതന്ത്രരായിത്തീരുന്നു. ദൈവാരാധനയും സത്യത്തോടുള്ള ഒരു ബന്ധവും, സ്വാതന്ത്ര്യത്തിൻെറ അഗാധതമമായ അടിത്തറയായി യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ടിരിക്കുന്നു.

കൂടാതെ, സ്വാതന്ത്ര്യം സമ്പാദിക്കുന്നത് സ്നേഹത്തിലാണ് അതായത്, *തന്നെത്തന്നെ ദാനം നല്കുന്നതിലാണ്* എന്ന് വാക്കുകൾകൊണ്ടു മാത്രമല്ല, തൻെറ മുഴുവൻ ജീവിതം കൊണ്ടും യേശു വെളിപ്പെടുത്തുന്നു. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഒരുവനുമില്ല" (യോഹ.15:13) എന്നു പറഞ്ഞ യേശു തൻെറ പീഡാസഹനത്തെ നേരിടാൻ സ്വതന്ത്രമായിപ്പോകുന്നു (മത്താ.26:46). പിതാവിനോടുള്ള അനുസരണത്തിൽ,

www.malankaralibrary.com



എല്ലാമനുഷ്യർക്കുമായി തൻെറ ജീവനെ കുരിശിൽ വച്ചുനൽകുന്നു (ഫിലി.2:6-11). ആകയാൽ, സ്വാതന്ത്ര്യത്തിൻെറ പൂർണ്ണമായ അർത്ഥം മനസ്സിലാക്കാൻ സഭ ആഗ്രഹിക്കുന്നെങ്കിൽ അവൾ എല്ലാ ദിവസവും നടന്നു പോകേണ്ട രാജപാത, ക്രൂശിതനായ ക്രിസ്തുവിനെക്കുറിച്ചുള്ള ധ്യാനമാണ്: *ദൈവത്തിൻെറയും തൻെറസഹോദരങ്ങളുടെയും* സേവനത്തിനായി തന്നെത്തന്നെയുള്ള സമർപ്പണം. സ്വാതന്ത്ര്യത്തിൽ ജീവിക്കാനും തന്നെത്തന്നെ നൽകാനും സേവനം ചെയ്യാനുമുള്ള ശക്തി സഭ നിരന്തരം സംഭരിക്കുന്ന അക്ഷയമായ സ്രോതസ്സ് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനോടുള്ള കൂട്ടായ്മയാണ്. നൂറാം സങ്കീർത്തനത്തിലെ "കർത്താവിനു സന്തോഷത്തോടെ സേവനം ചെയ്യുക" എന്ന വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് വി. ആഗസ്തീനോസ് പറയുന്നു: "കർത്താവിൻെറ ഭവനത്തിൽ അടിമത്തം സ്വതന്ത്രമാണ്. അത് സ്വതന്ത്രമായിരിക്കുന്നു. കാരണം, നിർബന്ധം കൊണ്ടല്ല സ്നേഹം കൊണ്ടാണ് അതു സേവനം ചെയ്യുന്നത്....... സത്യം നിങ്ങളെ സ്വതന്ത്രരാക്കിയതു പോലെ സ്നേഹം നിങ്ങളെ സേവകനാക്കണം....... നിങ്ങൾ ഒരേസമയത്തു സേവകനും സ്വതന്ത്രനുമാണ്. നിങ്ങൾ സേവകനാണ്; കാരണം, നിങ്ങൾ അങ്ങനെയായിത്തീർന്നു. സ്വതന്ത്രനാണ്; കാരണം, നിങ്ങളുടെ സ്രഷ്ടാവായ ദൈവത്താൽ നിങ്ങൾ സ്നേഹിക്കപ്പെടുന്നു. യഥാർത്ഥത്തിൽ, നിങ്ങളുടെ സ്രഷ്ടാവിനെ സ്നേഹിക്കാൻ നിങ്ങൾക്കു പ്രാപ്തി നൽകപ്പെട്ടിരിക്കുന്നു......... നിങ്ങൾ കർത്താവിൻെറ സേവകനാണ്. കർത്താവിൻെറ വിമോചിതനായ മനുഷ്യനുമാണ്. നിങ്ങൾ വിമോചനം തേടി ഇറങ്ങിത്തിരിക്കേണ്ട. ആ പോക്കു നിങ്ങളെ നിങ്ങളുടെ വിമോചകൻെറ ഭവനത്തിൽനിന്ന് അകലേക്കു നയിക്കും".[140]

അങ്ങനെ, സഭയും അതിലേ ഓരോ അംഗവും ക്രൂശിതനായ ക്രിസ്തുവിൻെറ *രാജകീയധർമ്മത്തിൽ* (munus regale) പങ്കുപറ്റാൻ വിളിക്കപ്പെട്ടിരിക്കുന്നു (യോഹ.12:32); വരപ്രസാദത്തിലും, "സേവിക്കപ്പെടാനല്ലാതെ സേവിക്കാനും അനേകർക്കു വിമോചനദ്രവ്യമായി തൻെറ ജീവൻ സമർപ്പിക്കാനും വന്ന" (മത്താ.20:28) മനുഷ്യപുത്രൻെറ ഉത്തരവാദിത്വത്തിലും പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു.[141]

യേശു അങ്ങനെ, ദൈവത്തിൻെറ ഹിതത്തോടുള്ള സമ്പൂർണ്ണമായ അനുസരണത്തിൽ, സമ്പൂർണ്ണ സ്വാതന്ത്ര്യത്തിൻെറ സജീവവും വൈയക്തികവുമായ ആകെത്തുകയാണ്. ക്രൂശിതനായ അവിടുത്തെ ശരീരം, സ്വാതന്ത്ര്യവും സത്യവും തമ്മിലുള്ള അവിച്ഛേദ്യ

www.malankaralibrary.com



മായ ബന്ധത്തെ പൂർണ്ണമായി വെളിവാക്കുന്നു. അതുപോലെതന്നെ അവിടുത്തെ ഉത്ഥാനം സത്യത്തിൽ ജീവിച്ച സ്വാതന്ത്ര്യത്തിൻെറ ഫലദായകത്വത്തിൻെറയും രക്ഷാകര ശക്തിയുടെയും പരമമായ മഹത്വപ്പെടുത്തലാണ്.

*പ്രകാശത്തിൽ നടക്കൽ (1യോഹ.1:7)*

88. സ്വാതന്ത്ര്യത്തെ സത്യത്തിനെതിരേ സ്ഥാപിക്കാനുള്ള ശ്രമം, വാസ്തവത്തിൽ അവയെ മൗലികമായി വേർതിരിക്കാനുള്ള ശ്രമം *വിശ്വാസത്തെ ധാർമ്മികതയിൽ നിന്ന് വേർതിരിക്കാനുള്ള,* കൂടുതൽ ഗൗരവാവഹവും വിനാശകരവുമായ മറ്റൊരു *വിച്ഛേദിക്കലിൻെറ* അനന്തരഫലവും പ്രകടനവും പരമകോടിയുമാണ്.

ഈ വേർതിരിക്കൽ വളർന്നുവരുന്ന ഇന്നത്തെ സെക്കുലറിസത്തിൻെറ മധ്യത്തിൽ, സഭയുടെ ഏറ്റവും തീവ്രമായ ഒരു അജപാലന പ്രശ്നമായിത്തീർന്നിരിക്കുന്നു. "ദൈവം ഇല്ല" എന്ന ഭാവത്തിൽ ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന അനേകർ-യഥാർത്ഥത്തിൽ അസംഖ്യം പേർ-ഉള്ള സെക്കുലറിസത്തിൻെറ മധ്യത്തിലാണിന്നു സഭ. ക്രിസ്ത്യാനികളുടെ മാനോഭാവങ്ങളെയും പെരുമാറ്റത്തെയും പോലും മിക്കപ്പോഴും അഗാധതരമായി, വ്യാപകമായി, സർവ്വാശ്ലേഷിയായ വിധത്തിൽ, ബാധിക്കുന്ന ഒരു ചിന്താഗതിയെപ്പറ്റിയാണ് നാം സംസാരിക്കുന്നത്. അവരുടെ വിശ്വാസം ദുർബലമായിത്തീരുന്നു. ചിന്തിക്കുന്നതിൻെറയും വ്യക്തിപരവും ഗാർഹികവും, സാമൂഹികവുമായ ജീവിതത്തിൽ പ്രവർത്തിക്കുന്നതിൻെറയും നവീനവും യഥാർത്ഥവുമായ മാനദണ്ഡം എന്നനിലയിലുള്ള അതിൻെറ സ്വഭാവം നഷ്ടപ്പെടുന്നു. വ്യാപകമായ തോതിൽ അക്രൈസ്തവമാക്കപ്പെട്ട ഒരു സംസ്കാരത്തിൽ, വിധിത്തീർപ്പു കല്പിക്കാനും തീരുമാനങ്ങളെടുക്കാനും വിശ്വാസികൾ തന്നെ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ പലപ്പോഴും സുവിശേഷത്തിലുള്ളവയ്ക്ക് അപരിചിതമായി- വിരുദ്ധമായിപ്പോലും- കാണപ്പെടുന്നു.

ആകയാൽ, ക്രിസ്ത്യാനികൾ തങ്ങളുടെ *വിശ്വാസ*ത്തിൻെറ നവീനതയും പ്രബലവും സർവ്വാന്തര്യാമിയുമായ ഒരു സംസ്കാരത്തെ *വിധി*ക്കാനുള്ള അതിൻെറ *ശക്തി*യും കണ്ടെത്തുകയെന്നത് അത്യന്താപേക്ഷിതമാണ്. പൗലോസ്ശ്ലീഹാ നമുക്കു മുന്നറിയിപ്പു നൽകുന്നതുപോലെ: "ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. എന്നാൽ ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശമാണ്. പ്രകാശ

www.malankaralibrary.com



ത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ (കാരണം പ്രകാശത്തിന്റെ ഫലം സകലനന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്). കർത്താവിനു പ്രസാദകരമായിട്ടുള്ളവ എന്തെന്നു വിവേചിച്ചറിയുവിൻ. അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങളിൽ പങ്കുചേരരുത്. പകരം അവയെ കുറ്റപ്പെടുത്തുവിൻ........ അതിനാൽ നിങ്ങൾ അവിവേകികളെപ്പോലെയാകാതെ വിവേകികളെപ്പോലെ ജീവിക്കാൻ ശ്രദ്ധിക്കുവിൻ. നിങ്ങളുടെ സമയം പൂർണ്ണമായും പ്രയോജനപ്പെടുത്തുവിൻ, എന്തെന്നാൽ തിന്മ നിറഞ്ഞ ദിവസങ്ങളാണിവ" (എഫേ.5:8-11,15-16; 1തെസ.5:4-8).

ക്രൈസ്തവ വിശ്വാസത്തിന്റെ ശുദ്ധമായ യാഥാർത്ഥ്യത്തെ വീണ്ടും കണ്ടെത്തുകയും സ്ഥിരീകരിക്കുകയും ചെയ്യുകയെന്നത് ഒരടിയന്തിരാവശ്യമാണ്. അതു ബുദ്ധിയുടെ സമ്മതത്തോടെ സ്വീകരിക്കേണ്ട കേവലം പ്രസ്താവനകളുടെ ഒരു കൂട്ടമല്ല. പിന്നെയോ, വിശ്വാസം ക്രിസ്തുവിനെപ്പറ്റിയുള്ള ജീവിച്ചുകാണിക്കേണ്ട അറിവാണ്, അവിടുത്തെ കല്പനകളുടെ സജീവ സ്മരണയാണ്, *അനുസരിച്ചു ജീവിക്കേണ്ട സത്യവുമാണ്.* ഏതൊരു സംഗതിയിലും, ഒരു വാക്ക്, പ്രവൃത്തിയിലേക്കു കടക്കുന്നതുവരെ-അതു പ്രയോഗത്തിലാക്കുന്നതുവരെ-യഥാർത്ഥത്തിൽ സ്വീകരിക്കപ്പെട്ടു എന്നു വരുന്നില്ല. വിശ്വാസം ഒരുവന്റെ മുഴുവൻ അസ്തിത്വത്തെയും ഉൾക്കൊള്ളുന്ന ഒരു തീരുമാനമാണ്. വഴിയും സത്യവും ജീവനുമായ (യോഹ.14:6) യേശു ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ഒരു കണ്ടുമുട്ടലും, സംഭാഷണവും, സ്നേഹത്തിന്റെയും ജീവന്റെയും സംസർഗ്ഗവുമാണത്. യേശു ക്രിസ്തുവിനു വിശ്വാസപൂർവ്വം സ്വയം സമർപ്പിക്കുക അതിനാവശ്യമാണ്. അവിടുന്നു ജീവിച്ചതുപോലെ (ഗലാ.2:20) ദൈവത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും അഗാധമായ സ്നേഹത്തോടെ ജീവിക്കാൻ അതു നമ്മെ പ്രാപ്തരാക്കും.

89. വിശ്വാസത്തിന് ധാർമ്മികമായ ഒരു ഉള്ളടക്കവുമുണ്ട്. അതു സ്ഥിരമായ ഒരു ജീവിതസമർപ്പണത്തെ ഉണർത്തുകയും ആവശ്യപ്പെടുകയും ചെയ്യുന്നു. ദൈവകല്പനകളുടെ സ്വീകരണത്തെയും അനുസരണത്തെയും അത് ആവശ്യപ്പെടുന്നു. അവയെ അതു പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നു. വി. യോഹന്നാൻ എഴുതുന്നതുപോലെ, ദൈവം പ്രകാശമാണ്. ദൈവത്തിൽ ഒട്ടും അന്ധകാരമില്ല. അവിടുത്തോടു കൂട്ടായ്മ ഉണ്ടെന്നു പറയുകയും അതേ സമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ, നാം വ്യാജം പറയുന്നവരാകും. സത്യത്തിൽ ജീവിക്കാത്തവരു

www.malankaralibrary.com



മാകും......... നാം അവൻെറ കല്പനകൾ പാലിച്ചാൽ നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം. ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവൻെറ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു. അവനിൽ സത്യമില്ല. എന്നാൽ, അവൻെറ വചനം പാലിക്കുന്ന ഏതൊരുവനിലും സത്യമായും ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു. നാം അവനിൽ വസിക്കുന്നുവെന്ന് ഇതിൽ നിന്ന് നമുക്കു തീർച്ചപ്പെടുത്താം. അവനിൽ വസിക്കന്നുവെന്നു പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു" (യോഹ.1:5-6; 2:3-6).

ധാർമ്മിക ജീവിതത്തിലൂടെ, വിശ്വാസം ദൈവത്തിൻെറ മുൻപിൽ മാത്രമല്ല മനുഷ്യരുടെ മുൻപിലും ഒരു ഏറ്റുപറച്ചിൽ ആയിത്തീരുന്നു. അതു സാക്ഷ്യമായിത്തീരുന്നു. യേശു പറഞ്ഞു: "നിങ്ങൾ ലോകത്തിൻെറ പ്രകാശമാണ്. മലമുകളിൽ പണിയപ്പെട്ട ഒരു നഗരത്തിനു മറഞ്ഞിരിക്കാൻ സാധ്യമല്ല. വിളക്കുകൊളുത്തി ആരും പറയുടെകീഴിൽ വയ്ക്കാറില്ല. പീഠത്തിന്മേലാണു വയ്ക്കുക. അപ്പോൾ അതു ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" (മത്താ.5:14:-16). ഈ പ്രവൃത്തികൾ, സർവ്വോപരി, സ്നേഹത്തിൻേറതാണ് (മത്താ.25:31-46). യഥാർത്ഥ സ്വാതന്ത്ര്യത്തിൻേറതുമാണ്. അതാകട്ടെ, യേശുക്രിസ്തുവിനെപ്പോലെ, തന്നെത്തന്നെ നൽകുന്നതിൽ-തന്നെത്തന്നെ പൂർണ്ണമായിപ്പോലും നല്കുന്നതിൽ--ആണ് പ്രകടമാകുന്നതും ജീവിക്കുന്നതും. യേശു ക്രിസ്തു, കുരിശിൽ സഭയെ സ്നേഹിക്കുകയും തന്നെത്തന്നെ അവൾക്കായി നല്കുകയും" (എഫേ.5:25) ചെയ്തല്ലോ. ക്രിസ്തുവിൻെറ ശിഷ്യന്മാരുടെ സാക്ഷ്യത്തിൻെറ ഉറവിടവും മാതൃകയും മാർഗ്ഗവും യേശു ക്രിസ്തുവിൻെറ സാക്ഷ്യമാണ്. അവർ അതേ വഴിയിലൂടെ സഞ്ചരിക്കാൻ വിളിക്കപ്പെട്ടവരാണല്ലോ. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് അനുദിനം എന്നെ അനുഗമിക്കട്ടെ" (ലൂക്ക.9:23).

രക്തസാക്ഷിത്വത്തിൻെറ പരമമായ സാക്ഷ്യത്തിലേക്കു വിശ്വാസിയെ നയിക്കാൻ, സുവിശേഷത്തിലെ മൗലികാവശ്യങ്ങൾക്ക് അനുസൃതമായ സ്നേഹത്തിനു കഴിയും. വീണ്ടും ഇത്, കുരിശിൽ മരിച്ച യേശുവിനെ അനുഗമിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

www.malankaralibrary.com



പൗലോസ് അപ്പസ്തോലൻ എഫേസൂസിലെ ക്രിസ്ത്യാനികൾക്ക് എഴുതുന്നു: "വത്സലമക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ വസിക്കുവിൻ. അവിടുന്നു നമുക്കുവേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു" (എഫേ.5:1-2).

*രക്തസാക്ഷിത്വം: ദൈവപ്രമാണത്തിൻെറ അലംഘനീയ വിശുദ്ധിയുടെ മഹത്വീകരണം*

90. ഓരോ മനുഷ്യൻെറയും വൈയക്തിക മഹത്വത്തിൻെറ നിർബന്ധപൂർവ്വകമായ ആവശ്യങ്ങളോട് അർഹമായിട്ടുള്ള വ്യവസ്ഥാതീതമായ ബഹുമാനം പ്രദർശിപ്പിക്കുന്നതിലാണ്, വിശ്വാസവും ധാർമ്മികതയും തമ്മിലുള്ള ബന്ധം അതിൻെറ സർവ്വ ശോഭയോടുംകൂടെ പ്രകാശിക്കുന്നത്. പ്രകൃത്യാ, തിന്മയായിട്ടുള്ള പ്രവൃത്തികളെ അപവാദങ്ങൾ കൂടാതെ നിരോധിക്കുന്ന ധാർമ്മിക നിയമങ്ങളാൽ സംരക്ഷിക്കപ്പെടുന്നവയാണ് പ്രസ്തുത ആവശ്യങ്ങൾ. ധാർമ്മിക നിയമത്തിൻെറ സാർവ്വത്രികതയും സ്ഥിരത(immutability) യും ദൈവത്തിൻെറ പ്രഭയെ മുഖത്തു പ്രതിഫലിപ്പിക്കുന്ന (ഉത്പ.9:5-6) മനുഷ്യൻെറ വൈയക്തിക മഹത്വത്തെയും അലംഘനീയതയെ(inviolability)യും ഒരേസമയത്തു വെളിവാക്കുകയും അവയെ സംരക്ഷിക്കാൻ സഹായിക്കുകയും ചെയ്യും

ലക്ഷ്യവിജ്ഞാനപരവും (teleological) പരിണതഫലവാദപരവും (consequentialist)അനുപാതവാദപരവും (proportionalist) ആയ ധാർമ്മിക സിദ്ധാന്തങ്ങളെ അംഗീകരിക്കാൻ ആവുകയില്ല. കാരണം, പെരുമാറ്റത്തിൻെറ സവിശേഷരീതികളെ സംബന്ധിച്ച് നിഷേധാത്മക ധാർമ്മിക നിയമങ്ങൾ ഇല്ലെന്നു അവ പറയുന്നു. യഥാർത്ഥത്തിൽ ആ നിയമങ്ങൾ അപവാദമില്ലാതെ സാധുതയുള്ളവയാണ്. ആ സിദ്ധാന്തങ്ങളുടെ അസ്വീകാര്യതയെ, ക്രൈസ്തവ രക്തസാക്ഷിത്വം പ്രത്യേകമാംവിധത്തിൽ വാചാലമായി സ്വീകരിക്കുന്നുണ്ട്. ക്രൈസ്തവ രക്തസാക്ഷിത്വം എന്നും സഭയുടെ ജീവിതത്തോടൊപ്പമുണ്ട്. ഇന്നും അതിൻെറ സഹഗമനം തുടരുന്നു.

91. പഴയനിയമത്തിൽത്തന്നെ, ദൈവത്തിൻെറ വിശുദ്ധനിയമത്തോടുള്ള വിസ്മയനീയമായ വിശ്വസ്തത-മരണത്തെപ്പോലും സ്വയം സ്വീകരിക്കുന്നതിനോളം എത്തുന്ന വിശ്വസ്തത-നാം കാണുന്നുണ്ട്. സൂസന്നയുടെ കഥയാണ് ഒന്നാമത്തെ ഉദാഹരണം.

www.malankaralibrary.com



തങ്ങളുടെ പാപകരമായ വികാരങ്ങൾക്കു വഴങ്ങിയില്ലെങ്കിൽ മരണത്തിനു വിധിക്കുമെന്നു ഭീഷണിപ്പെടുത്തിയ അനീതി പ്രവൃത്തിക്കുന്ന രണ്ടു ജഡ്ജിമാരോട് അവൾ മറുപടി പറഞ്ഞു: " എല്ലാത്തരത്തിലും ഞാൻ അകപ്പെട്ടിരിക്കുന്നു. ഞാൻ സമ്മതിച്ചാൽ അതെൻെറ മരണമാണ്. സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ കൈയിൽനിന്ന് രക്ഷപെടുകയില്ല. കർത്താവിൻെറ മുൻപിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്കു വഴങ്ങാതെ നിങ്ങളുടെ പിടിയിൽ പെടുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്" (ദാനി.13:22-23). "നിഷ്കളങ്കയായി" ജഡ്ജിമാരുടെ "പിടിയിൽപ്പെടാൻ" ഇഷ്ടപ്പെടുന്ന സൂസന്ന, തൻെറ വിശ്വാസത്തിനും ദൈവത്തിലുള്ള ആശ്രയബോധത്തിനും, മാത്രമല്ല സാക്ഷ്യം വഹിക്കുന്നത്. ധാർമ്മിക ക്രമത്തിൻെറ സത്യത്തോടും നിരുപാധികതയോടു(absoluteness)മുള്ള അനുസരണത്തിനും കൂടി സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു രക്തസാക്ഷിണിയായി മരിക്കാൻ അവൾ സന്നദ്ധയാകുന്നു. തിന്മയാണെന്നു ദൈവിക നിയമം വിശേഷിപ്പിക്കുന്ന ഒരു കാര്യം, അതിൽ നിന്നു നന്മപുറപ്പെടുത്തുന്നതിനുവേണ്ടി ചെയ്യുന്നതു ശരിയല്ല എന്ന് അതുവഴി അവൾ പ്രഖ്യാപിക്കുകയാണ്. സൂസന്ന തനിക്കുവേണ്ടി "കൂടുതൽ നല്ല ഭാഗം" തിരഞ്ഞെടുക്കുന്നു. നന്മയെ സംബന്ധിച്ചുള്ള സത്യത്തിനും ഇസ്രായേലിൻെറ ദൈവത്തിനും നല്കുന്ന തികച്ചും വ്യക്തമായ ഒരു സാക്ഷ്യമായിരുന്നു അവളുടേത്. അതിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. തൻെറ പ്രവൃത്തിവഴി അവൾ ദൈവത്തിൻെറ പരിശുദ്ധിയെ വെളിപ്പെടുത്തി.

പുതിയ നിയമത്തിൻെറ ഉദയത്തിൽ, യോഹന്നാൻ മാംദാന, ദൈവത്തിൻെറ നിയമത്തെപ്പറ്റി പറയാതിരിക്കാൻ കഴിവില്ലാതെ, തിന്മയുമായുള്ള ഒരു ഒത്തുതീർപ്പും നടത്താതെ, സത്യത്തിനും നീതിക്കും സാക്ഷ്യം വഹിക്കാൻ സ്വന്തം ജീവൻ ത്യജിച്ചു.[142] അങ്ങനെ, തൻെറ മരണത്തിൻെറ രീതിയിലും മിശിഹായുടെ മുന്നോടിയായിത്തീർന്നു (മർക്കോ.6:17-29). പ്രകാശത്തിനു സാക്ഷ്യം വഹിക്കാൻ വന്നവൻ, ആ പ്രകാശത്താൽ, അതായത്, ക്രിസ്തുവിനാൽ വിളിക്കപ്പെടാൻ അർഹതയുള്ളവൻ, കത്തിജ്വലിക്കുന്ന ഒരു വിളക്ക്, ബന്ധനത്തിൻെറ ഇരുട്ടിലേക്ക് എറിയപ്പെട്ടു......... ലോകത്തിൻെറ രക്ഷകനെ മാമ്മോദീസ മുക്കാനുള്ള അനുഗ്രഹം നല്കപ്പെട്ടവൻ, സ്വന്തം രക്തത്താൽ മാമ്മോദീസ മുക്കപ്പെട്ടു.[143]

പുതിയനിയമത്തിൽ ക്രിസ്തുവിനെ തള്ളിപ്പറയാൻ മനസ്സാകാതെ, വിശ്വാസവും ക്രിസ്തുവിനോടുള്ള സ്നേഹവും ഏറ്റുപറയുന്ന

www.malankaralibrary.com



തിനുവേണ്ടി രക്തസാക്ഷികളായി മരിച്ച *ക്രിസ്തുവിൻെറ അനുഗാമികളുടെ* അനേകം മാതൃകകൾ കാണാം. ഡീക്കനായിരുന്ന സ്റ്റീഫൻ (അപ്പ.6:8–7:60), അപ്പസ്തോലനായിരുന്ന വി. യാക്കോബ് എന്നിവരിൽ അതു തുടങ്ങുന്നു. തൻെറ ജീവൻ വിലയായി കൊടുത്തും കയ്യാപ്പാസിൻെറയും പീലാത്തോസിൻെറയും മുൻപിൽ തൻെറ ദൗത്യത്തിൻെറ സത്യത്തെ സ്ഥിരീകരിച്ചുകൊണ്ട്, "നല്ല ഏറ്റ പറച്ചിൽ" (1തിമോ.6:13) നടത്തിയ യേശുക്രിസ്തുവിനെ, അവർ ഇക്കാര്യത്തിൽ അനുഗമിച്ചു. ചക്രവർത്തിയുടെ പ്രതിമയ്ക്കു മുൻപിൽ ധൂപാർപ്പണം നടത്തുക എന്ന വിഗ്രഹാരാധനാപരമായ പ്രവൃത്തിചെയ്യുന്നതിനേക്കാൾ പീഡനവും മരണവും സ്വീകരിക്കാൻ അസംഖ്യം രക്തസാക്ഷികൾ സന്നദ്ധരായി (വെളി.13:7–10). അത്തരമൊരു ആരാധന ബാഹ്യമായി അഭിനയിക്കാൻ പോലും അവർ സമ്മതിച്ചില്ല. ദൈവസ്നേഹത്തിനും വിശ്വാസ സാക്ഷ്യത്തിനും എതിരായി വസ്തുനിഷ്ഠമായ ഒറ്റപ്രവൃത്തിപോലും ചെയ്യുന്നതിൽ നിന്ന് മാറിനിൽക്കുവാനുള്ള കടമയുടെ മാതൃക ആ വിസമ്മതത്തിലൂടെ അവർ നല്കി. ക്രിസ്തുവിനെപ്പോലെതന്നെ, അവർ തങ്ങളെ മരണത്തിൽ നിന്ന് സ്വതന്ത്രരാക്കാൻ കഴിയുന്ന പിതാവിൽ വിശ്വാസമർപ്പിക്കുകയും അവിടുത്തേക്കു തങ്ങളുടെ ജീവൻ സമർപ്പിക്കുകയും ചെയ്തു (ഹെബ്രാ.5:7).

രക്തസാക്ഷിത്വംവരെ സഹിച്ച് ധാർമ്മിക സത്യത്തിനു സാക്ഷ്യം വഹിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്ത, അല്ലെങ്കിൽ, ഒരു മാരക പാപം പോലും ചെയ്യുന്നതിനേക്കാൾ മരിക്കാൻ ഇഷ്ടപ്പെട്ട അസംഖ്യം വിശുദ്ധൻമാരുടെ മാതൃക സഭ നിർദ്ദേശിക്കുന്നുണ്ട്. സഭ അൾത്താരയിലേക്ക് ഉയർത്തി ബഹുമാനിച്ച്, അവരുടെ സാക്ഷ്യത്തെ ഔദ്യോഗിക പട്ടികയിൽപ്പെടുത്തി, അവരുടെ വിധിത്തീർപ്പിൻെറ സത്യത്തെപ്പറ്റി പ്രഖ്യാപിച്ചു. അവരുടെ വിധിത്തീർപ്പനുസരിച്ച്, ദൈവസ്നേഹം ഏറ്റവും രൂക്ഷമായ സാഹചര്യത്തിലും, ദൈവത്തിൻെറ പ്രമാണങ്ങളെ അനുസരിക്കാനും സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടിപ്പോലും ആ കല്പനകളെ പരിത്യജിക്കാതിരിക്കാനുമുള്ള കടമ ചുമത്തുന്നു.

92. ധാർമ്മിക ക്രമത്തിൻെറ അലംഘനീയതയ്ക്കുള്ള സ്ഥിരീകരണമെന്നരീതിയിൽ സ്വീകരിക്കപ്പെടുന്ന രക്തസാക്ഷിത്വം ദൈവികനിയമത്തിൻെറ വിശുദ്ധിക്കും ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻെറ വൈയക്തിക മഹത്വത്തിൻെറ അലംഘനീയതയ്ക്കും ഒരേസമയം സാക്ഷ്യം നൽകുന്നു. ഈ മഹത്വത്തെ ഒരിക്കലും നിസ്സാരമാക്കാൻ പാടില്ല. അതിനെ ഒരി

www.malankaralibrary.com



ക്കലും ചോദ്യം ചെയ്യാൻ പാടില്ല. എത്ര പ്രയാസങ്ങളുണ്ടായാലും, നല്ല ഉദ്ദേശ്യത്തോടെയാണെങ്കിൽപ്പോലും അങ്ങനെ ചെയ്തുകൂടാ. യേശു ഏറ്റവും കർക്കശമായി നമുക്കു മുന്നറിയിപ്പു നൽകുന്നു. "തൻെറ ജീവൻ നഷ്ടപ്പെടുത്തിയിട്ട് ഈ ലോകം മുഴുവൻ നേടിയാലും മനുഷ്യന് എന്തു പ്രയോജനം?" (മർക്കോ.8:36).

പ്രകൃത്യാ ധാർമ്മിക തിന്മയായിട്ടുള്ള ഒരു പ്രവൃത്തിക്ക്, "മാനുഷികമായ എന്ത് അർത്ഥം" കല്പിക്കണമെന്നു വാദിച്ചാലും-അത് "അപവാദപരമായ സാഹചര്യങ്ങ"ളിലായാൽ പ്പോലും-ആ മാനുഷികമായ അർത്ഥത്തെ രക്തസാക്ഷിത്വം അബദ്ധപൂർണവും മായികവുമായിക്കരുതി തള്ളിക്കളയുന്നു. യഥാർത്ഥത്തിൽ അത് അത്തരമൊരു പ്രവൃത്തിയുടെ മുഖംമൂടി വ്യക്തമായി എടുത്തുമാറ്റുന്നു. അതു മനുഷ്യൻെറ *"മനുഷ്യത്വത്തിൻെറ"* ലംഘനമാണ്. ആ ലംഘനം അതു സഹിക്കുന്നവൻ അനുഭവിക്കുന്നതിനുമുൻപേ ആ ദ്രോഹം ചെയ്യുന്നവനിൽ സംഭവിക്കുന്നു.[144] അങ്ങനെ, രക്തസാക്ഷിത്വം ഒരു വ്യക്തിയുടെ പൂർണ്ണമായ "മനുഷ്യത്വത്തിൻെറയും" യഥാർത്ഥ "ജീവൻെറയും" മഹത്വീകരണം കൂടിയാണ്. തൻെറ തന്നെ രക്തസാക്ഷിത്വത്തിൻെറ സ്ഥലമായ റോമിലെ ക്രിസ്ത്യാനികളെ അഭിസംബോധനചെയ്തുകൊണ്ട് അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസ് ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: "സഹോദരങ്ങളെ, എന്നോടു കാരുണ്യം കാണിക്കുവിൻ! ജീവനിൽ നിന്ന് എന്നെ തടഞ്ഞു നിർത്തരുത്. ഞാൻ മരിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കരുത്. ഞാൻ പരിശുദ്ധമായ പ്രകാശത്തിൽ എത്തിച്ചേരട്ടെ; ഞാൻ അവിടെ എത്തിച്ചേർന്നാൽ *ഞാൻ യഥാർത്ഥത്തിൽ ഒരു മനുഷ്യനായിത്തീരും*. എൻെറ ദൈവത്തിൻെറ പീഡാനുഭവത്തെ ഞാൻ അനുഗമിക്കട്ടെ".[145]

93. അവസാനമായി രക്തസാക്ഷിത്വം സഭയുടെ വിശുദ്ധിയുടെ ശ്രദ്ധേയമായ ഒരു അടയാളമാണ്. മരണത്താൽ സാക്ഷ്യം നൽകപ്പെടുന്ന ദൈവത്തിൻെറ വിശുദ്ധനിയമത്തോടുള്ള വിശ്വസ്തത, ആഘോഷപൂർവ്വകമായ ഒരു പ്രഖ്യാപനവും, രക്തം ചിന്തൽ വരെ (usque ad sanguinem) ഉള്ള പ്രേഷിത സമർപ്പണവുമാണ്. അതു വഴി ധാർമ്മിക സത്യത്തിൻെറപ്രഭ വ്യക്തികളുടെയും സമൂഹത്തിൻെറയും പെരുമാറ്റത്തിലും ചിന്തയിലും കുറഞ്ഞുപോകാതെയിരിക്കും. മനുഷ്യനെ ബാധിക്കാവുന്ന ഏറ്റവും അപകടകരമായ ഒരു വിഷമസന്ധിയിലേക്കുള്ള തലകുത്തി വീഴൽ, രാഷ്ട്രീയ സമൂഹത്തിലും, സഭാസമൂഹങ്ങളിൽത്തന്നെയും ഉണ്ടാകാതിരിക്കാൻ ഈ സാക്ഷ്യം അസാധാരണ മൂല്യമുള്ള ഒരു സംഭാവന

www.malankaralibrary.com



നല്കുന്നുണ്ട്. *നന്മയും തിന്മയും തമ്മിൽ വേർതിരിക്കാനാവാത്ത* അവസ്ഥയാണ് ആ വിഷമസന്ധി. അതു വ്യക്തികളുടെയും സമൂഹങ്ങളുടെയും ധാർമ്മിക ക്രമത്തെ നിർമ്മിക്കാനും സംരക്ഷിക്കാനും സാധ്യമല്ലാതാക്കുന്നു. രക്തസാക്ഷികളും പൊതുവേ സഭയുടെ സകല വിശുദ്ധൻമാരും, ചരിത്രത്തിൻെറ ഓരോ ഘട്ടത്തെയും അതിൻെറ ധാർമ്മിക ബോധത്തെ ഉണർത്തിക്കൊണ്ട് പ്രകാശിപ്പിക്കുന്നുണ്ട്. ധാർമ്മിക സത്യത്തിൻെറ പ്രഭയാൽ പൂർണ്ണമായും പരിവർത്തനം ചെയ്യപ്പെട്ട ആകർഷകവും വാഗ്മിത്വപൂർണ്ണവുമായ ജീവിത മാതൃകകൾകൊണ്ടാണ് അവർ അപ്രകാരം ചെയ്യുന്നത്. നന്മയ്ക്കു പൂർണ്ണമായും സാക്ഷ്യം വഹിച്ചുകൊണ്ട്, അവർ നിയമം ലംഘിക്കുന്നവർക്ക് ഒരു ശാസനയായി നിലകൊള്ളുന്നു. (ജ്ഞാനം.2:12). പ്രവാചകൻെറ വാക്കുകളെ അവർ നിത്യനൂതനമാക്കുകയും ചെയ്യുന്നു: "തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും വിളിക്കുന്നവനു ദുരിതം! പ്രകാശത്തെ അന്ധകാരമെന്നും അന്ധകാരത്തെ പ്രകാശമെന്നും പരിഗണിക്കുന്നവനു ദുരിതം, മധുരത്തെ കയ്പായും കയ്പിനെ മധുരമായും കരുതുന്നവനു ദുരിതം!" (ഏശ.5:20).

ധാർമ്മിക നന്മയ്ക്കുള്ള സാക്ഷ്യത്തിൻെറ പരമകോടിയെയാണു രക്തസാക്ഷിത്വം പ്രതിനിധീകരിക്കുന്നത്. അതിനു താരതമ്യേന കുറച്ചു വ്യക്തികളെ വിളിക്കപ്പെടുന്നുള്ളൂ. എന്നാലും, എല്ലാ ക്രിസ്ത്യാനികളും അനുദിനം നൽകാൻ തയ്യാറാകേണ്ട സ്ഥിരമായ ഒരു സാക്ഷ്യമുണ്ട്. സഹനവും വലിയ പരിത്യാഗവും വേണ്ടിവന്നാലും ആ സാക്ഷ്യം അവർ നല്കണം. ധാർമ്മികക്രമത്തോടുള്ള വിശ്വസ്തത ആവശ്യപ്പെടാവുന്ന പല പ്രയാസങ്ങളെയും നേരിടുമ്പോൾ–ഏറ്റവും സാധാരണമായ സാഹചര്യങ്ങളിൽപ്പോലും–ധീരസാഹസിക സമർപ്പണത്തിനു ക്രിസ്ത്യാനി ചിലപ്പോൾ വിളിക്കപ്പെടുന്നു. പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ദൈവാനുഗ്രഹം വഴിയാണ് അങ്ങനെ ചെയ്യുന്നത്. ഇക്കാര്യത്തിൽ അവനു അല്ലെങ്കിൽ അവൾക്കു ധീരത (fortitude)യെന്ന സദ്ഗുണത്തിൻെറ സഹായം ലഭിക്കുന്നു. അതുവഴി, മഹാനായ ഗ്രിഗറി പഠിപ്പിക്കുന്നതുപോലെ, ഒരുവൻ യഥാർത്ഥത്തിൽ, "നിത്യപ്രതിസമ്മാനങ്ങൾക്കുവേണ്ടി ഈ ലോകത്തിൻെറ പ്രയാസങ്ങളെ സ്നേഹിക്കുന്നു".[146]

94. ധാർമ്മികനന്മയുടെ നിരുപാധികമായ അവസ്ഥയ്ക്കു (absoluteness) സാക്ഷ്യം വഹിക്കുന്നതിൽ *ക്രിസ്ത്യാനികൾ ഒറ്റപ്പെട്ടവരല്ല.* ഇന്നത്തെ ജനസമൂഹങ്ങളിൽ കാണുന്ന ധാർമ്മിക ബോധത്തിൻെറ പിന്തുണ അവർക്കുണ്ട്. കൂടാതെ, കിഴക്കും പടിഞ്ഞാറുമുള്ള മഹത്തായ മതാത്മകവും ജ്ഞാപരവുമായ പാരമ്പ

www.malankaralibrary.com



ര്യങ്ങളുടെ പിന്തുണയുമുണ്ട്. ദൈവാത്മാവിന്റെ ആന്തരികവും നിഗൂഢവുമായ പ്രവർത്തനങ്ങൾ ആ പാരമ്പര്യങ്ങളിൽ ഉണ്ട്. ലത്തീൻ കവിയായ ജൂവെനലിന്റെ (Juvenal) വാക്കുകൾ എല്ലാവരെയും സംബന്ധിച്ചു പറയാവുന്നതാണ്: "ബഹുമാനത്തെക്കാൾ നിലനിൽപ്പിനെ ഇഷ്ടപ്പെടുന്നതും, ശാരിരീക ജീവിതത്തോടുള്ള സ്നേഹം കൊണ്ട്, ജീവിക്കാനുള്ള കാരണത്തെത്തന്നെ നഷ്ടപ്പെടുത്തുന്നതും, ഏറ്റവും വലിയ കുറ്റങ്ങളായി കരുതുക".[147] ജീവത്യാഗത്തിനു തയ്യാറായി സംരക്ഷിക്കേണ്ട സത്യങ്ങളും ധാർമ്മിക മൂല്യങ്ങളും ഉണ്ടെന്നു മനസ്സാക്ഷിയുടെ ശബ്ദം എന്നും സുവ്യക്തമായി അനുസ്മരിപ്പിച്ചിട്ടുണ്ട്. ഒരു ധാർമ്മിക മൂല്യത്തിനുവേണ്ടിയുള്ള ഒരു വ്യക്തിയുടെ വാക്കുകളിലും സർവ്വോപരി, അവന്റെ ജീവത്യാഗത്തിലും യേശു ക്രിസ്തുവിന്റെ മുഖത്തു പൂർണ്ണതയോടെ പ്രകാശിക്കുന്ന, സൃഷ്ടിയിൽത്തന്നെ ഉണ്ടായിരുന്ന, ആ സത്യത്തിനുള്ള അനന്യമായ സാക്ഷ്യത്തെയാണു സഭ കാണുന്നത്. വി.ജസ്റ്റിൻ പറയുന്നതുപോലെ, സ്റ്റോയിക്കുകൾ, ധർമ്മ ശാസ്ത്രത്തെപ്പറ്റിയുള്ള തങ്ങളുടെ പ്രബോധനങ്ങളിലെങ്കിലും ജ്ഞാനം തെളിയിച്ചു. എല്ലാ ജനതകളിലും സന്നിഹിതമായ (ദിവ്യ) വചനത്തിന്റെ വിത്തിന്റെ സഹായത്താലാണത്. അവരുടെ സിദ്ധാന്തങ്ങളെ അനുസരിച്ചവർ ദ്വേഷിക്കപ്പെട്ടുവെന്നും അവർ വധിക്കപ്പെട്ടുവെന്നും നമുക്ക് അറിയുകയും ചെയ്യാം".[148]

### *സാർവ്വത്രികവും അചഞ്ചലവുമായ ധാർമ്മിക നിയമങ്ങൾ വ്യക്തിയുടെയും സമൂഹത്തിന്റെയും സേവനത്തിന്*

95. സഭ പ്രകൃത്യാ തിന്മയായ പ്രവൃത്തികളെ നിരോധിക്കുന്ന കല്പനകളെ പഠിപ്പിക്കുകയും അവയുടെ സാർവ്വത്രികവും സ്ഥിരവുമായ സാധുതയെ കാത്തു സൂക്ഷിക്കുന്നതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. ഈ പഠിപ്പിക്കൽ പ്രത്യേകിച്ച് ഈ ഉറച്ചുനില്പ്പ് അസഹനീയമായ പരസ്പരവിരുദ്ധതയുടെ അടയാളമായി പലരും പലപ്പോഴും കാണുന്നു. പ്രത്യേകിച്ച് ഇന്നത്തെ വ്യക്തികളുടെയും സമൂഹത്തിന്റെയും ധാർമ്മിക ജീവിതത്തിൽ ഇന്നുള്ള അളവറ്റ സങ്കീർണ്ണതയും സംഘട്ടനവും നിറഞ്ഞ സാഹചര്യങ്ങളെ സംബന്ധിച്ചിടത്തോളം പലരും അങ്ങനെ കാണുന്നു. ഈ വൈരുദ്ധ്യം സഭയുടെ മാതൃത്വത്തിനു ചേർന്നതല്ലെന്ന് അവർ പറയുന്നു. സഭയ്ക്കു ധാരണാശീലവും (understanding) അലിവുമില്ലെന്ന് അവർ പറഞ്ഞു കേൾക്കുന്നു. എന്നാൽ സഭയുടെ മാതൃത്വത്തെ അവളുടെ പ്രബോധനപരമായ ദൗത്യത്തിൽനിന്ന് ഒരിക്കലും വേർതിരിക്കാനാവുകയില്ല. ആ ദൗത്യം, വ്യക്തിയായിത്തീർന്ന സത്യമായ ക്രിസ്തു

www.malankaralibrary.com



വിന്റെ വിശ്വസ്ത വധുവെന്ന നിലയിൽ അവൾ എപ്പോഴും നിർവ ഹിക്കണം "അദ്ധ്യാപികയെന്ന നിലയിൽ, ധാർമ്മിക നിയമത്തെ പ്രഘോഷിക്കുന്നതിൽ അവൾ തളരുന്നില്ല...... സഭ ഒരുവിധത്തിലും ഈ നിയമത്തിന്റെ ഉടമസ്ഥയോ, തന്നിഷ്ടം പോലെ അതിനെ കൈകാര്യം ചെയ്യാവുന്നവളോ, അല്ല. മനുഷ്യവ്യക്തിയുടെ പ്രകൃതി യിലും മഹത്ത്വത്തിലും ആരുടെ പ്രതിച്ഛായ പ്രതിബിംബിക്കുന്നു- വോ ആ ക്രിസ്തവാകുന്ന സത്യത്തോടുള്ള അനുസരണത്തിൽ, സഭ ധാർമ്മിക നിയമത്തെ വ്യാഖ്യാനിക്കുന്നു. സന്മനസ്സുള്ള എല്ലാവർ ക്കും അതു നിർദ്ദേശിച്ചുകൊടുക്കുന്നു. അതിന്റെ മൗലികതയും പൂർണ്ണതയും ആവശ്യപ്പെടുന്ന കാര്യങ്ങളെ മറച്ചുവയ്ക്കാതെത ന്നെ അങ്ങനെ ചെയ്യുന്നു".[149]

വാസ്തവത്തിൽ, യഥാർത്ഥമായ മനസ്സിലാക്കലും അലിവു തോന്നലും, വ്യക്തിയോടുള്ള സ്നേഹത്തെയാണ് അർത്ഥമാക്കേ ണ്ടത്. അവന്റെ യഥാർത്ഥ നന്മയോടുള്ള-അവന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തോടുള്ള-സ്നേഹത്തെയാണ് അർത്ഥമാക്കേണ്ടത്. ധാർമ്മിക സത്യത്തെ മറച്ചു വയ്ക്കുന്നതിൽ നിന്നോ, അതിനെ ദുർ ബലപ്പെടുത്തുന്നതിൽ നിന്നോ, തീർച്ചയായും അതുണ്ടാവുകയില്ല. പിന്നെയോ അതിന്റെ അഗാധതമമായ അർത്ഥത്തിൽ നിർദ്ദേശി ക്കുന്നതിൽ നിന്നാണ് അതുണ്ടാകുന്നത്. അഗാധതമമായ അർത്ഥ ത്തിൽ അത് യേശു ക്രിസ്തുവിൽ നാം സ്വീകരിച്ച ദൈവത്തിന്റെ അനന്ത ജ്ഞാനത്തിന്റെ പ്രവഹിപ്പിക്കലാണ്. മനുഷ്യന് അവന്റെ സ്വാതന്ത്ര്യത്തിന്റെ വളർച്ചയ്ക്കും അവന്റെ സൗഭാഗ്യ പ്രാപ്തി ക്കും വേണ്ടിയുള്ള സേവനവുമാണ്.[150]

കൂടാതെ, ധാർമ്മിക സത്യത്തിന്റെ വ്യക്തവും ശക്തവുമായ അവതരണത്തെ തന്റെ ധാർമ്മിക യാത്രയിൽ മനുഷ്യന് എപ്പോ ഴും ആവശ്യമായ ക്ഷമാപൂർവ്വകവും വിശ്വസ്തതാപൂർവ്വകവുമായ സ്നേഹത്തിൽ നിന്നു ജനിക്കുന്ന, അഗാധവും ഹൃദയംഗമവുമായ ആദരവിൽ നിന്ന് ഒരിക്കലും വേർതിരിക്കാൻ പാടില്ല. ആ യാത്ര പ്രയാസങ്ങളും ദൗർബ്ബല്യങ്ങളും വേദനാജനകങ്ങളായ സാഹചര്യ ങ്ങളും മൂലം മിക്കപ്പോഴും തളർത്തുന്നതാണ്. "സത്യത്തിന്റെയും സ്ഥിരതയുടെയും തത്ത്വത്തെ" സഭയ്ക്ക് ഒരിക്കലും ഉപേക്ഷിക്കാ നാവുകയില്ല. "ആ തത്ത്വമനുസരിച്ച്, നന്മയെ തിന്മയെന്നും തിന്മ യെ നന്മയെന്നും വിളിക്കാൻ അവൾ വിസമ്മതിക്കുന്നു.[151] ചതഞ്ഞ ഞാങ്കണയെ ഒടിക്കാതിരിക്കാനും മങ്ങിക്കത്തുന്ന വിളക്കുതിരി കെടുത്താതിരിക്കാനും അവൾ എപ്പോഴും ശ്രദ്ധിക്കണം (ഏശ.42:3). പോൾ ആറാമൻ എഴുതിയതുപോലെ, "ക്രിസ്തു

www.malankaralibrary.com



വിൻെറ രക്ഷാകര സിദ്ധാന്തത്തിൽ നിന്ന് ഒന്നും വിട്ടുകളയാതിരിക്കുന്നത്, ആത്മാക്കളോടുള്ള സ്നേഹത്തിൻെറ ശ്രദ്ധേയമായ വെളിപ്പെടുത്തലാണ്. അതേ സമയം എപ്പോഴും സഹിഷ്ണുതയോടും സ്നേഹത്തോടും കൂടെയായിരിക്കണം അങ്ങനെ ചെയ്യുന്നത്. യേശു ക്രിസ്തു തന്നെ തൻെറ സംഭാഷണങ്ങളിലും പെരുമാറ്റത്തിലും മനുഷ്യരോട് അപ്രകാരമാണു വർത്തിച്ചിട്ടുള്ളത്. ലോകത്തെ വിധിക്കാനല്ല, അതിനെ രക്ഷിക്കാനാണ് അവിടുന്നു വന്നത്. അവിടുന്ന് പാപത്തോട് ഒത്തു തീർപ്പില്ലാത്ത വിധം കാർക്കശ്യമുള്ളവനും എന്നാൽ പാപികളോടു ക്ഷമയുള്ളവനും കരുണാസമ്പന്നനുമായിരുന്നു".[152]

96. സാർവ്വത്രികവും അചഞ്ചലവുമായ ധാർമ്മിക നിയമങ്ങളെ കാത്തു സൂക്ഷിക്കുന്നതിലുള്ള സഭയുടെ ദൃഢത ഒട്ടും അപമാനപ്പെടുത്തുന്നതല്ല. അതിൻെറ ഏകലക്ഷ്യം മനുഷ്യൻെറ യഥാർത്ഥ സ്വാതന്ത്ര്യത്തിനു സേവനം ചെയ്യുക എന്നതാണ്. സത്യത്തിൽ നിന്ന് വേറിട്ടോ, സത്യത്തോടു വിരുദ്ധമായോ ഒരു സ്വാതന്ത്ര്യവുമുണ്ടായിരിക്കുകയില്ല. തന്മൂലം സമ്പൂർണ്ണമായ (catagorical)-വിട്ടുകൊടുക്കാത്തതും ഒത്തുതീർപ്പു നടത്താത്തതുമായ-വിധത്തിൽ, മനുഷ്യൻെറ വൈയക്തിക മഹത്വത്തിൻെറ അവശ്യാവശ്യകമാംവിധം സത്താപരമായുള്ള ആവശ്യങ്ങളെ സംരക്ഷിക്കുന്നത്, സ്വാതന്ത്ര്യത്തിൻെറ അസ്തിത്വത്തിനു തന്നെയുള്ള മാർഗ്ഗവും വ്യവസ്ഥയുമായി പരിഗണിക്കേണ്ടതാണ്.

ഈ സേവനം *ഓരോ മനുഷ്യനും* നൽകപ്പെടുന്നുണ്ട്. മനുഷ്യനെ അവൻെറ സത്തയുടെയും അസ്തിത്വത്തിൻെറയും അനന്യതയും (uniqueness)ഏകതാനതയും (singularity) പരിഗണിച്ച് അങ്ങനെ ചെയ്യുന്നു. സാർവ്വത്രിക ധാർമ്മിക നിയമങ്ങളോടുള്ള അനുസരണംകൊണ്ടു മാത്രമേ, മനുഷ്യനു വൈയക്തികമായ അനന്യതയുടെയും യഥാർത്ഥ ധാർമ്മിക വളർച്ചയ്ക്കുള്ള സാധ്യതയുടെയും പൂർണ്ണമായ സ്ഥിരീകരണം കണ്ടെത്താൻ കഴിയൂ. ഇക്കാരണത്താൽ, ഈ സേവനം *മനുഷ്യ ജാതിക്കു മുഴുവനും വേണ്ടി* നടത്തപ്പെടുന്നു. അതു വ്യക്തികൾക്കു വേണ്ടി മാത്രമല്ല, സമുദായങ്ങൾക്ക്, പൊതുവേ സമൂഹത്തിന്, വേണ്ടിക്കൂടി നടത്തപ്പെടുന്നു. വാസ്തവത്തിൽ, ഈ നിയമങ്ങൾ, നീതി പൂർവ്വകവും സമാധാനപൂർണ്ണവുമായ മാനുഷിക സഹവർത്തിത്വത്തിൻെറയും അങ്ങനെ യഥാർത്ഥ ജനാധിപത്യത്തിൻെറയും അചഞ്ചലമായ അടിസ്ഥാനവും ഉറപ്പുള്ള ഗാരൻറിയുമാണ്. പൊതുവായ അവകാശങ്ങളും കടമകളും ഉള്ള എല്ലാ അംഗങ്ങളുടെയും സമത്വത്തിൻെറ അടി

www.malankaralibrary.com



സ്ഥാനത്തിൻമേൽ മാത്രമേ ജനാധിപത്യം ഉണ്ടാകാനും വികസിക്കാനും കഴിയുകയുള്ളൂ. പ്രകൃത്യാ തിന്മയായിട്ടുള്ളതിനെ നിരോധിക്കുന്ന ധാർമ്മിക നിയമങ്ങളുടെ കാര്യത്തിൽ ഒരു വ്യക്തിക്കും വിശേഷാനുകൂല്യങ്ങളോ അപവാദങ്ങളോ ഉണ്ടാവുകയില്ല. ഭൂമുഖത്ത് ഒരാൾ ലോകത്തിൻെറതന്നെ ഉടമസ്ഥനായാലും "ദരിദ്രരിൽ ദരിദ്രനായാലും അതു വ്യത്യാസം കാണുന്നില്ല. ധാർമ്മികതയുടെ ആവശ്യങ്ങളുടെ മുൻപിൽ നമ്മൾ എല്ലാവരും തുല്യരാണ്.

97. ഈ വിധത്തിൽ, ധാർമ്മികനിയമങ്ങൾ, പ്രഥമമായി, തിന്മയെ നിരോധിക്കുന്ന നിഷേധാത്മക നിയമങ്ങൾ അവയുടെ *വൈയക്തികവും സാമൂഹികവുമായ* അർത്ഥവും ശക്തിയും പ്രകടിപ്പിക്കുന്നു. ഓരോ മനുഷ്യ ജീവിയുടെയും അലംഘനീയമായ വൈയക്തിക മഹത്വത്തെ സംരക്ഷിച്ചുകൊണ്ട്, അവ മാനുഷികസാമൂഹിക ഘടനയെ സംരക്ഷിക്കാൻ സഹായിക്കുന്നു. അതിൻെറ യഥാർത്ഥവും ഫലപ്രദവുമായ വികാസത്തെ സംരക്ഷിക്കാനും സഹായിക്കുന്നു. വേദപ്രമാണങ്ങളുടെ കല്പനകൾ, പ്രത്യേകിച്ച് രണ്ടാം പലകയിൽ കാണുന്ന കല്പനകൾ, എല്ലാ സാമൂഹിക ജീവിതത്തിൻെറയും അവശ്യാവശ്യകമായ നിയമങ്ങളെ ഉൾക്കൊള്ളുന്നു. പ്രസ്തുത കല്പനകളാണ് സുവിശേഷത്തിൽ കാണുന്ന യുവാവിനോടു സംസാരിച്ചപ്പോൾ യേശു ഉദ്ധരിച്ചത് (മത്താ.19:19).

പ്രസ്തുത കല്പനകൾ പൊതുവാക്കുകളിലാണ് ക്രോഡീകരിച്ചിട്ടുള്ളത്. പക്ഷേ, അവയെ പെരുമാറ്റത്തിൻെറ വിശദമായ ഒരു നിയമസംഹിതയിൽ സവിശേഷങ്ങളാക്കുകയും (specify) കൂടുതൽ വിശദീകരിക്കുകയും ചെയ്യാം. "എല്ലാ സാമൂഹിക സ്ഥാപനങ്ങളുടെയും ഉദ്ഭവവും, വിഷയവും, ലക്ഷ്യവും മനുഷ്യ വ്യക്തിയാണ്, അങ്ങനെയായിരിക്കുകയും വേണം"[153] എന്ന വസ്തുത അപ്രകാരം ചെയ്യാൻ അനുവദിക്കുന്നുണ്ട്. അങ്ങനെ, സാമൂഹിക ജീവിതത്തിൻെറ മൗലികങ്ങളായ ധാർമ്മിക നിയമങ്ങൾ *സവിശേഷങ്ങളായ ആവശ്യങ്ങളെ* കടമയായി ചുമത്തുന്നു. അവയെ പൊതു അധികാരികളും പൗരൻമാരും ഒന്നുപോലെ ശ്രദ്ധിക്കേണ്ടതാണ്. ഉദ്ദേശ്യങ്ങൾ ചിലപ്പോൾ നല്ലവയായിരുന്നാലും സാഹചര്യങ്ങൾ മിക്കപ്പോഴും പ്രയാസമുള്ളവയായിരുന്നാലും മനുഷ്യവ്യക്തിയുടെ മൗലികങ്ങളും അന്യാധീനപ്പെടുത്താനാവാത്തവയുമായ അവകാശങ്ങളെ ലംഘിക്കാൻ രാഷ്ട്രാധികാരികൾക്കോ വ്യക്തികൾക്കോ ഒരിക്കലും അധികാരമില്ല. ചില നിയമങ്ങളെ, എല്ലാവരെയും സംബന്ധിച്ച്, എപ്പോഴും അപവാദമില്ലാതെ, സാധുതയുള്ള നിയമങ്ങളായി അംഗീകരിക്കുന്ന ഒരു ധാർമ്മികതയ്ക്കു മാത്രമേ, അവസാനം,

www.malankaralibrary.com



ദേശീയവും അന്തർദ്ദേശീയവുമായ തലത്തിൽ, സമൂഹിക സഹവർത്തിത്വത്തിൻെറ ധാർമ്മികാടിസ്ഥാനത്തിൻെറ ഗാരൻറി ആയിരിക്കാൻ സാധിക്കുകയുള്ളൂ.

*ധാർമ്മികതയും, സാമൂഹിക- രാഷ്ട്രീയ- ജീവിതത്തിൻെറ നവീകരണവും*

98. ജനതകളെയും രാഷ്ട്രങ്ങളെയും മുഴുവനായി ബാധിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ അനീതിയുടെയും രാഷ്ട്രീയമായ അഴിമതിയുടെയും ഗൗരവാവഹങ്ങളായ രൂപങ്ങൾ ഇന്നുണ്ട്. അവയുടെ മുൻപിൽ, മൗലികാവകാശങ്ങളെ ചവിട്ടി മെതിക്കുകയും പുച്ഛരിക്കുകയും ചെയ്യപ്പെട്ട അനേകം ജനസമൂഹങ്ങളുടെ ഭാഗത്തുനിന്ന് ക്രോധത്തിൻെറ വർദ്ധമാനമായ പ്രതികരണമുണ്ടാകുന്നുണ്ട്. അതുപോലെതന്നെ നീതി, ദൃഢൈക്യം (solidarity), സത്യസന്ധത, തുറവി (openness) എന്നിവയെ ഉറപ്പുവരുത്താൻ കഴിവുള്ള, വൈയക്തികവും സാമുദായികവുമായ മൗലിക *നവീകരണത്തിൻെറ* ആവശ്യകതയെപ്പറ്റിയുള്ള പൂർവ്വാധികം വ്യാപകവും തീവ്രവുമായ ഒരു ബോധം ഇന്നുണ്ട്.

തീർച്ചയായും, സുദീർഘവും വിഷമപൂർണ്ണവുമായ ഒരു പാതയാണു മുൻപിലുള്ളത്. അത്തരമൊരു നവീകരണം നടത്തുവാൻ അളവറ്റ പരിശ്രമം ആവശ്യമുണ്ട്. പ്രത്യേകിച്ച് ഇന്നത്തെ ലോകത്തിൽ അനീതിയുടെ സാഹചര്യങ്ങളെ ജനിപ്പിക്കുകയും കഷ്ടതരമാക്കുകയും ചെയ്യുന്ന കാരണങ്ങളുടെ സംഖ്യയും ഗൗരവവും മൂലമാണത്. എന്നാൽ, മനുഷ്യനെയും, സമൂഹത്തെയും, ലോകത്തെയും പ്രത്യേകതരത്തിൽ കാണുന്ന മാർഗ്ഗങ്ങളോടു ബന്ധിക്കപ്പെട്ട യഥാർത്ഥ "സാംസ്കാരിക" കാരണങ്ങൾ ഈ സാഹചര്യങ്ങളുടെ അടിയിലുണ്ട്. ചരിത്രവും അനുഭവവും ചൂണ്ടിക്കാണിക്കുന്നതുപോലെ അവയെ കണ്ടെത്താൻ പ്രയാസമില്ല. യഥാർത്ഥത്തിൽ സംസ്കാരമെന്ന പ്രശ്നത്തിൻെറ *മർമ്മത്തിൽ ധാർമ്മിക ബോധത്തെ* നാം കാണുന്നു. അതാകട്ടെ, *മതപരമായ ബോധത്തിൽ* വേരുറച്ചിരിക്കുകയും അതിനാൽ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്നു.[154]

99. പരമനന്മയായ ദൈവത്തിനു മാത്രമേ, ധാർമ്മികതയുടെയും അതുവഴി കല്പനകളുടെയും പ്രത്യേകിച്ച് നിഷേധാത്മകമായ കല്പനകളുടെയും ഇളക്കപ്പെടാനാവാത്ത അടിസ്ഥാനവും സത്താപരമായ വ്യവസ്ഥയും നിർമ്മിക്കാൻ കഴിയൂ. പ്രസ്തുത നിഷേധാത്മക കല്പനകളാകട്ടെ, ഏതു മനുഷ്യൻെറയും വൈയക്തിക

www.malankaralibrary.com



മഹത്വത്തിനു വിരുദ്ധമായ പെരുമാറ്റവും പ്രവൃത്തിയും എപ്പോഴും ഓരോ സന്ദർഭത്തിലും നിരോധിക്കുന്നു. പരമനന്മയും ധാർമ്മിക നന്മയും *സത്യത്തിൽ* കൂട്ടിമുട്ടുന്നു. സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിന്റെ സത്യവും, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനും രക്ഷിക്കപ്പെട്ടവനുമായ മനുഷ്യന്റെ സത്യവും തമ്മിൽ കൂട്ടിമുട്ടുന്നു. ഈ സത്യത്തിൻമേൽ മാത്രമേ, നവീകൃത സമൂഹത്തെ കെട്ടിപ്പെടുത്താനും, അതിനെ ബാധിക്കുന്ന സങ്കീർണ്ണവും ഭാരപ്പെട്ടതുമായ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുകയുള്ളൂ. സർവ്വോപരി, വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു സ്ഥാനം കൊടുക്കുന്നതിനു വേണ്ടി സ്വേച്ഛാധിപത്യത്തിന്റെ വിവിധ രൂപങ്ങളെ കീഴടക്കുന്നതിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. "സ്വേച്ഛാധിപത്യമുണ്ടാകുന്നത്, സത്യത്തിന്റെ വസ്തുനിഷ്ഠമായ അർത്ഥത്തിലുള്ള ഒരു നിഷേധത്തിൽ നിന്നാണ്. മനുഷ്യൻ തന്റെ പൂർണ്ണമായ തനിമ ഏതു സത്യത്തിന്റെ അനുസരണത്തിലാണോ പ്രാപിക്കുന്നത് സർവ്വാതിശായിയായ ആ സത്യം ഇല്ലെങ്കിൽ ജനങ്ങൾ തമ്മിലുള്ള നീതിപൂർവ്വകമായ ബന്ധങ്ങളെ ഉറപ്പുവരുത്തുന്ന സുനിശ്ചിതമായ ഒരു തത്ത്വമുണ്ടായിരിക്കുകയില്ല. വർഗ്ഗം, ഗ്രൂപ്പ്, രാഷ്ട്രം (രാജ്യം) എന്നീ നിലകളിലുള്ള അവരുടെ സ്വാർത്ഥ താത്പര്യം അവരെ പരസ്പരവിരുദ്ധരാക്കി അണിനിരത്തുക എന്നത് അനിവാര്യമായിത്തീരും. സർവ്വാതിശായിയായ ഒരു സത്യത്തെ അംഗീകരിക്കാതിരുന്നാൽ ബലപ്രയോഗത്തിന്റെ ശക്തി ഭരണമേൽക്കും. ഓരോരുത്തനും തന്റെ സ്വാർത്ഥതാത്പര്യങ്ങളെ, അഥവാ സ്വന്തം അഭിപ്രായത്തെ, മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ തന്റെ കീഴിലുള്ള സർവ്വ ഉപാധികളും പൂർണ്ണമായി ഉപയോഗിക്കാൻ പ്രവണത കാണിക്കും. മറ്റുള്ളവരുടെ അവകാശങ്ങളോട് യാതൊരു പരിഗണനയും കാണിക്കാതെ അങ്ങനെ ചെയ്യും. ഇങ്ങനെ, ആധുനിക സ്വേച്ഛാധിപത്യത്തിന്റെ വേര് മനുഷ്യവ്യക്തിയുടെ സർവ്വാതിശായിയായ മഹത്ത്വത്തിന്റെ നിഷേധത്തിലാണു കണ്ടെത്തേണ്ടത്. മനുഷ്യവ്യക്തിയാകട്ടെ, അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ ഛായയാണ്. തന്മൂലം അവൻ പ്രകൃത്യാതന്നെ ആർക്കും ലംഘിക്കാൻ പാടില്ലാത്ത-വ്യക്തിക്കോ, ഗ്രൂപ്പിനോ, വർഗ്ഗത്തിനോ, ദേശത്തിനോ, രാഷ്ട്രത്തിനോ ലംഘിക്കാൻ പാടില്ലാത്ത-അവകാശങ്ങളുടെ ഉടമയാണ്. ഒരു സാമൂഹിക സംഘത്തിന്റെ ഭൂരിപക്ഷത്തിനുപോലും ന്യൂനപക്ഷത്തിനെതിരേനിന്ന്, അതിനെ ഒറ്റപ്പെടുത്തിക്കൊണ്ടോ, പീഡിപ്പിച്ചുകൊണ്ടോ ചൂഷണം ചെയ്തുകൊണ്ടോ വംശനാശം വരുത്താൻ ശ്രമിച്ചുകൊണ്ടോ-ഈ അവകാശങ്ങളെ ലംഘിക്കാൻ പാടില്ല."[155]

www.malankaralibrary.com



തന്മൂലം, സത്യവും സ്വാതന്ത്ര്യവും തമ്മിലുള്ള അവിച്ഛേദ്യമായ ഈ ബന്ധം-ദൈവത്തിൻെറ ജ്ഞാനവും ഇച്ഛാശക്തിയും തമ്മിലുള്ള സത്താപരമായ ബന്ധത്തെ പ്രകടിപ്പിക്കുന്ന ഈ ബന്ധം-മനുഷ്യൻെറ സാമൂഹിക-സാമ്പത്തികവും സാമൂഹിക-രാഷ്ട്രീയവുമായ മണ്ഡലത്തിൽ അങ്ങേയറ്റം പ്രധാനപ്പെട്ടതാണ്. ഇത് സഭയുടെ സാമൂഹികപ്രബോധനത്തിൽ വ്യക്തമായി കാണാം. അതാകട്ടെ, "ദൈവശാസ്ത്രത്തിൻെറയും പ്രത്യേകിച്ച് ധാർമ്മിക ദൈവശാസ്ത്രത്തിൻെറയും......... മണ്ഡലത്തെ സംബന്ധിക്കുന്നതാണ്".[156] സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ ജീവിതത്തെ നയിക്കുന്ന കല്പനകളുടെ പൊതുവായ മനോഭാവങ്ങളെ സംബന്ധിച്ചു മാത്രമല്ല, പെരുമാറ്റത്തിൻെറ കൃത്യവും സവിശേഷവുമായ രീതികൾ വസ്തുനിഷ്ഠമായ പ്രവൃത്തികൾ എന്നിവയെ കൂടി സംബന്ധിക്കുന്ന കല്പനകളുടെ.......... അവതരണത്തിൽ നിന്നും അതു വ്യക്തമായി കാണാവുന്നതാണ്.

100. കത്തോലിക്കാസഭയുടെ വേദോപദേശപുസ്തകം ഇങ്ങനെ ഉറപ്പിച്ചു പറയുന്നു: "മനുഷ്യ മഹത്വത്തോടുള്ള ബഹുമാനം സാമ്പത്തികകാര്യങ്ങളിൽ *മിതത്വം* (temperance)എന്ന സദ്ഗുണം ശീലിക്കാൻ, അതായത്, ഈ ലോകത്തിലെ വസ്തുക്കളോടുള്ള ഒട്ടിച്ചേരലിനെ നിയന്ത്രിക്കാൻ നമ്മെ കടപ്പെടുത്തന്നു. *നീതി* എന്ന സദ്ഗുണം ശീലിക്കാനും അതായത്, നമ്മുടെ അയൽക്കാരുടെ അവകാശങ്ങളെ കാത്തു സൂക്ഷിക്കാനും, അവർക്ക് അർഹതപ്പെട്ടതു നൽകാനും അതു നമ്മെ ചുമതലപ്പെടുത്തുന്നു. സുവർണ്ണപ്രമാണം (golden rule)അനുസരിച്ചുകൊണ്ടും, 'സമ്പന്നനായിരിക്കേ നിങ്ങൾക്കുവേണ്ടി....... തൻെറ ദാരിദ്ര്യം വഴി നിങ്ങൾ സമ്പന്നരാകാൻ വേണ്ടി ദരിദ്രനായിതീർന്ന' (2കൊറി.8:9) കർത്താവിൻെറ ഉദാരതയ്ക്കനുസൃതമായും ദൃഢൈക്യത്തിൻെറ സദ്ഗുണം ശീലിക്കാനും അതു നമ്മെ കടപ്പെടുത്തുന്നു".[157] മനുഷ്യമഹത്വത്തിനെതിരായ പെരുമാറ്റത്തെയും പ്രവൃത്തികളെയുംപറ്റി വേദോപദേശപുസ്തകം തുടർന്നു പറയുന്നുണ്ട്: മോഷണം, കടം വാങ്ങിച്ചതോ, കളഞ്ഞുകിട്ടിയതോ ആയ വസ്തുക്കളെ മനഃപൂർവ്വം സൂക്ഷിക്കൽ, കച്ചവടത്തിൽ വഞ്ചനകാണിക്കൽ (ആവ.25:13-16) നീതിരഹിതമായകൂലി (ആവ.24:14-15), മറ്റൊരാളുടെ അജ്ഞതയെയോ ദുരിതാവസ്ഥയെയോ മുതലെടുത്തുകൊണ്ട് വില അടിച്ചേല്പിക്കൽ (ആമോ.8:4-6). ഒരു സ്ഥാപനത്തിൻെറ പൊതു സ്വത്തിൻെറ അന്യായമായ സ്വന്തമാക്കലും സ്വകാര്യോപയോഗവും, മോശമായിചെയ്യപ്പെടുന്ന ജോലി, നികുതിയിൽ വഞ്ചന, ചെക്കുകളിലും ഇൻവോ

www.malankaralibrary.com



യ്സുകളിലും കൃത്രിമം കാണിക്കൽ അമിതമായ ചെലവുകൾ, ധൂർത്ത് മുതലായവ.[158] അത് ഇങ്ങനെ തുടരുന്നു: "സ്വാർത്ഥപരമോ പ്രത്യയശാസ്ത്രപരമോ, വ്യവസായപരമോ സ്വേച്ഛാധിപത്യപരമോ ആയ ഏതുകാരണത്താലും, മനുഷ്യരെ അടിമകളാക്കുന്നതിലേക്ക്, അവരുടെ വൈയക്തിക മഹത്ത്വത്തെ അവഗണിക്കുന്നതിലേക്ക്, കച്ചവടച്ചരക്കുപോലെ വാങ്ങിക്കുകയോ വിൽക്കുയോ മാറുകയോ ചെയ്യുന്നതിലേക്ക് നയിക്കുന്ന പ്രവൃത്തികളേയും സംരംഭങ്ങളെയും ഏഴാം പ്രമാണം നിരോധിക്കുന്നു. വ്യക്തികളെ ബലാത്കാരമായി ഉപയോഗത്തിൻെറ അടിസ്ഥാനത്തിലുള്ള മൂല്യത്തിലേക്കു താഴ്ത്തുന്നതും ലാഭത്തിൻെറ ഉറവിടമായി തരംതാഴ്ത്തുന്നതും വ്യക്തികൾ എന്ന നിലയിലുള്ള അവരുടെ മഹത്ത്വത്തിനും അവരുടെ മൗലികാവകാശങ്ങൾക്കും എതിരായുള്ള പാപമാണ്. ക്രൈസ്തവനായ തൻെറ അടിമയെ 'അടിമയെപ്പോലെ കരുതാതെ....... കർത്താവിൽ സ്വന്തം സഹോദരനെപ്പോലെ' (ഫിലെ.16) കരുതുന്ന ഒരു ക്രൈസ്തവ ഉടമ ശരിയായി ചെയ്യുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്".[159]

101. രാഷ്ട്രീയമണ്ഡലത്തിൽ, ഭരിക്കുന്നവരും ഭരണീയരും തമ്മിലുള്ള ബന്ധത്തിൽ, പൊതുഭരണനിർവഹണത്തിൽ തുറവി, പൗരൻമാർക്ക് പൊതുവേ സേവനം ചെയ്യുന്നതിൽ നിഷ്പക്ഷത, രാഷ്ട്രീയ ശത്രുക്കളുടെ അവകാശങ്ങളോടുള്ള ആദരവ്, കുറ്റം ആരോപിക്കപ്പെട്ടവൻെറ അവകാശത്തെ സംഗ്രഹീത വിചാരണ (summary trial)കുറ്റം ഏല്പിക്കൽ (convictions) എന്നിവയ്ക്കെതിരേ സംരക്ഷിക്കൽ, പൊതുഫണ്ടുകളുടെ നീതിപൂർവ്വകവും സത്യസന്ധവുമായ ഉപയോഗം, എന്തു വിലകൊടുത്തും അധികാരം നേടാനും അതു നിലനിർത്താനും വർദ്ധിപ്പിക്കാനും വേണ്ടി സന്നിഗ്ദ്ധമോ നിയമവിരുദ്ധമോ ആയ മാർഗ്ഗങ്ങളെ ഉപയോഗിക്കാതിരിക്കൽ എന്നിവയെല്ലാം പ്രഥമമായി, വ്യക്തിയുടെ സർവ്വാതിശായിയായ മൂല്യത്തിലും രാഷ്ട്രത്തിൻെറ പ്രവർത്തനത്തിൻെറ വസ്തുനിഷ്ഠമായ ധാർമ്മികാവശ്യങ്ങളിലും വേരുറച്ചിട്ടുള്ള തത്ത്വങ്ങളാണ്. യഥാർത്ഥത്തിൽ അവയിൽനിന്നാണ് ആ തത്ത്വങ്ങൾ അവയുടെ അനന്യമായ അടിയന്തിര സ്വഭാവം സ്വീകരിക്കുന്നതും.[160] ഈ തത്ത്വങ്ങളെ പാലിച്ചില്ലെങ്കിൽ, രാഷ്ട്രീയ സഹവർത്തിത്വത്തിൻെറ അടിത്തറതന്നെ ദുർബലമാകും. സമൂഹത്തിൻെറ ജീവിതം തന്നെ അപകടത്തിലാവുകയും ഭീഷണിക്കിരയാവുകയും നാശത്തിലേക്കു തള്ളപ്പെടുകയും ചെയ്യും (സങ്കീ.14:3-4; വെളി.18:2-3,9-24). ലോകത്തെ സംബന്ധിച്ച് സ്വേച്ഛാധിപത്യപരമായ സങ്കല്പത്തോടു

www.malankaralibrary.com



രാഷ്ട്രീയത്തെ ബന്ധിപ്പിച്ച പ്രത്യയശാസ്ത്രങ്ങളുടെ–മാർക്സിസം ഇത്തരത്തിലുള്ള പ്രത്യയശാസ്ത്രങ്ങളിൽ ഒന്നാമത്തേതാണ്–തകർച്ച പല രാഷ്ട്രങ്ങളും കണ്ടു കഴിഞ്ഞു. ഇന്ന് അതുപോലെ തന്നെ ഗൗരവമുള്ള ഒരപകടമുണ്ട്. മനുഷ്യ വ്യക്തിയുടെ മൗലികാവകാശം നിഷേധിക്കപ്പെടുകയും, ഓരോ മനുഷ്യജീവിയിലും ഉണരുന്ന മതാത്മകദാഹത്തെ രാഷ്ട്രീയത്തിലേക്കു വീണ്ടും വലിച്ചെടുക്കപ്പെടുകയും ചെയ്യും എന്നതാണ് ആ അപകടം. ഇതാണ് *ജനാധിപത്യവും ധാർമ്മികാപേക്ഷികതാവാദവും* തമ്മിലുള്ള കൂട്ടുകെട്ടിൻെറ അപകട സാധ്യത. ആ കൂട്ടുകെട്ട് രാഷ്ട്രീയവും സാമൂഹികവുമായ ജീവിതത്തിൽ നിന്ന് സുനിശ്ചിതമായ ഏതു ധാർമ്മിക പരാമർശകേന്ദ്രത്തെയും മാറ്റിക്കളയും. സത്യത്തിൻെറ അംഗീകാരത്തെ, അഗാധതരമായ തലത്തിൽ, അസാധ്യമാക്കിത്തീർക്കുകയും ചെയ്യും. യഥാർത്ഥത്തിൽ "രാഷ്ട്രീയപ്രവർത്തനങ്ങളെ നയിക്കാനും നിയന്ത്രിക്കാനും പരമസത്യമില്ലെങ്കിൽ, ആശയങ്ങളെയും ധാരണകളെയും (convictions) അധികാരത്തിനു വേണ്ടി എളുപ്പത്തിൽ ദുരുപയോഗിക്കാൻ കഴിയും. ചരിത്രം തെളിയിക്കുന്നതുപോലെ മൂല്യങ്ങളില്ലാത്ത ജനാധിപത്യം, എളുപ്പത്തിൽ നഗ്നമോ നേരിയ മൂടുപടം ഇട്ടതോ ആയ സ്വേച്ഛാധിപത്യമായിമാറും".[161]

അങ്ങനെ, വൈയക്തികവും ഗാർഹികവും, സാമൂഹികവും, രാഷ്ട്രീയവുമായ ജീവിതത്തിൻെറ എല്ലാ മണ്ഡലത്തിലും സത്യത്തിൻമേൽ സ്ഥാപിക്കപ്പെട്ടതും യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് സത്യത്തിൽ തുറന്നിരിക്കുന്നതുമായ ധാർമ്മികത ആദിമവും അവശ്യാവശ്യകവും അപരിമേയമൂല്യമുള്ളതുമായ ഒരു സേവനം ചെയ്യുന്നുണ്ട്. വ്യക്തിക്കോ നന്മയിലുള്ള അവൻെറ വളർച്ചയ്ക്കോ മാത്രമല്ല, സമൂഹത്തിനും അതിൻെറ യഥാർത്ഥ വികസനത്തിനും കൂടി അതു സേവനം ചെയ്യുന്നു.

### *വരപ്രസാദവും ദൈവികനിയമത്തോടുള്ള അനുസരണവും*

102. ദൈവത്തിൻെറ വിശുദ്ധകല്പനയോടു അനുസരണമുള്ളവനായിരിക്കാനും, വ്യക്തിയെന്നനിലയിലുള്ള തൻെറ മഹത്ത്വത്തിന് ചേർന്നവനായിരിക്കാനും വേണ്ടി അങ്ങേയറ്റം പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിലും മനുഷ്യൻ ധാർമ്മികതയുടെ മാനദണ്ഡത്തെ ബഹുമാനിക്കണം. തീർച്ചയായും, സ്വാതന്ത്ര്യവും സത്യവും തമ്മിൽ പൊരുത്തപ്പെടുത്താൻ ചില സന്ദർഭങ്ങളിൽ അസാധാരണമായ പരിത്യാഗങ്ങൾ ആവശ്യമായി വരും. വലിയ വിലകൊടുത്ത് അതു നേടേണ്ടിവരും. അതിനു രക്തസാക്ഷിത്വം പോലും

www.malankaralibrary.com



ആവശ്യമായി വന്നേക്കാം. എന്നാൽ സാർവ്വത്രികവും അനുദിന ജീവിതത്തിലുണ്ടാകുന്നതുമായ അനുഭവം തെളിയിക്കുന്നതു പോലെ, ആ പൊരുത്തത്തെ തകർക്കാൻ മനുഷ്യൻ പ്രലോഭിപ്പിക്കപ്പെടുന്നുണ്ട്: "ഞാൻ ആഗ്രഹിക്കുന്നതു ഞാൻ ചെയ്യുന്നില്ല, ഞാൻ വെറുക്കുന്നതെല്ലാമാണ് ഞാൻ ചെയ്യുന്നത്.......... ഞാൻ ആഗ്രഹിക്കുന്ന നന്മയല്ല ഞാൻ ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നത്" (റോമ.7:15,19).

മനുഷ്യനിലുള്ള ഈ ആന്തരിക വിഭജനത്തിൻെറ പരമമായ സ്രോതസ്സ് എന്താണ് ? കർത്താവിനെ തൻെറ സ്രഷ്ടാവായി അംഗീകരിക്കാതാവുകയും, നന്മയും തിന്മയും എന്താണെന്ന് പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ നിശ്ചയിക്കുന്നവനായിരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അവൻെറ പാപത്തിൻെറ ചരിത്രം തുടങ്ങുന്നു. "നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകും" (ഉൽപ.3:5). ഇതായിരുന്നു പ്രഥമ പ്രലോഭനം. അതിൻെറ പ്രതിധ്വനി മറ്റ് എല്ലാ പ്രലോഭനങ്ങളിലുമുണ്ട്. അവയിലേക്ക്, ആദ്യത്തെ വീഴ്ചയുടെ ഫലമായി മനുഷ്യൻ കൂടുതൽ എളുപ്പത്തിൽ വിഴുന്നു.

എന്നാൽ, പ്രലോഭനങ്ങളെ കീഴടക്കാൻ സാധിക്കും. പാപങ്ങളെ ഒഴിവാക്കാനും പറ്റും. കാരണം, കല്പനകളോടൊപ്പം അവയെ പാലിക്കാനുള്ള സാധ്യതയും കർത്താവ് നമുക്കു നൽകുന്നുണ്ട്: "അവൻെറ കണ്ണുകൾ അവനെ ഭയപ്പെടുന്നവരുടെ മേലുണ്ട്. മനുഷ്യൻെറ ഓരോ പ്രവൃത്തിയെയും അവൻ അറിയുന്നുമുണ്ട്. ദൈവം ഇല്ലാത്തവനെപ്പോലെയായിരിക്കാൻ അവൻ ആരോടും കല്പിച്ചിട്ടില്ല. പാപം ചെയ്യാൻ ആർക്കും അവൻ അനുവാദം കൊടുത്തിട്ടുമില്ല" (പ്രഭാ.15:19-20). ചില പ്രത്യേക സാഹചര്യങ്ങളിൽ ദൈവത്തിൻെറ നിയമം പാലിക്കുക എന്നത്, പ്രയാസമുള്ള കാര്യമായിരിക്കാം; അങ്ങേയറ്റം പ്രയാസമുള്ള കാര്യമായിരിക്കാം, പക്ഷേ, അത് ഒരിക്കലും അസാധ്യമായിരിക്കുകയില്ല. ഇതാണ് സഭയുടെ പാരമ്പര്യത്തിൻെറ നിരന്തരമായ പ്രബോധനം. ട്രെൻറ് സൂനഹദോസ് ഇതു വ്യക്തമാക്കിയിട്ടുമുണ്ട്. "എന്നാൽ ഒരുവനും, അവൻ എത്ര നീതികരിക്കപ്പെട്ടവനായാലും കല്പനയുടെ അനുസരണത്തിൽ നിന്നു തനിക്ക് ഒഴിവു കിട്ടിയിട്ടുണ്ടെന്നു വിചാരിക്കാൻ പാടില്ല. നീതികരിക്കപ്പെട്ട ഒരുവന് ദൈവകല്പനകൾ പാലിക്കാൻ സാധ്യമല്ലെന്ന വിവേകമില്ലാത്ത പ്രസ്താവന ചെയ്യാനും പാടില്ല. അത് ബഹിഷ്കരണത്തിൻെറ കീഴിൽ പിതാക്കൻമാർ നിരോധിച്ചിട്ടുള്ളതാണ്. കാരണം, അസാധ്യമായത് ദൈവം കല്പിക്കുന്നില്ല. എന്നാൽ കല്പന നല്കികൊണ്ട് കഴിയുന്നതു ചെയ്യാനും, കഴിയാത്തതിനു വേണ്ടി പ്രാർത്ഥി

www.malankaralibrary.com



ക്കാനും, നിന്നെ ആഹ്വാനം ചെയ്യുന്നു. അവിടുന്ന് നിന്നെ പ്രാപ്ത നാക്കാൻ നിനക്കു സഹായം നൽകുന്നു. അവിടുത്തേ കല്പനകൾ ഭാരപ്പെട്ടവയല്ല (1യോഹ.5:3). അവിടുത്തേ നുകം വഹിക്കാൻ എളുപ്പമുള്ളതും അവിടുത്തേ ഭാരം ലഘുവുമാണ് "(മത്താ.11:30).[162]

103. മനുഷ്യന് എപ്പോഴും അവൻെറ പ്രത്യാശയുടെ ആദ്ധ്യാത്മിക ചക്രവാളമുണ്ട്. ദൈവിക *വരപ്രസാദത്തി*ൻെറ സഹായത്താലും മനുഷ്യസ്വാതന്ത്ര്യത്തിൻെറ സഹകരണത്താലുമാണ് അതുണ്ടാകുന്നത്. ഏറ്റവും ഗൗരവപൂർണ്ണമായ ക്ലേശങ്ങളിലും, ദൈവത്തിൻെറ വിശുദ്ധനിയമം എപ്പോഴും പാലിക്കാനുള്ള അനുഗ്രഹവും ശക്തിയും വിശ്വാസികൾ കണ്ടുമുട്ടുന്നു. യേശുവിൻെറ രക്ഷാകരമായ കുരിശിലാണ്, പരിശുദ്ധാത്മാവിൻെറ ദാനത്തിലാണ്, രക്ഷകൻെറ മുറിവേറ്റ വശത്തുനിന്ന് (യോഹ.19:34) പ്രവഹിക്കുന്ന കൂദാശകളിലാണ് അവർ അതു കണ്ടുമുട്ടുന്നത്. ക്രീറ്റിലെ വി. ആൻഡ്രു നിരീക്ഷിക്കുന്നതുപോലെ, നിയമം "വരപ്രസാദത്താൽ സജീവമാക്കപ്പെടുന്നതും സമഞ്ജസവും ഫലദായകവുമായ ഒരു യോജിപ്പിൽ അതിനെ സഹായിക്കാൻ സൃഷ്ടിക്കപ്പെട്ടതുമാണ്. ഓരോ ഘടകവും അതിൻെറ സവിശേഷതകൾ മാറ്റമോ കൂട്ടിക്കുഴക്കലോ കൂടാതെ സംരക്ഷിക്കപ്പെട്ടു. ഭാരപ്പെട്ടതും സ്വേച്ഛാധിപത്യപരവുമാകാമായിരുന്നതിനെ, ദൈവികമായ ഒരു രീതിയിൽ സഹിക്കാൻ എളുപ്പമുള്ളതായും സ്വാതന്ത്ര്യത്തിൻെറ സ്രോതസ്സായും അവൻ തീർത്തു".[163]

ക്രിസ്തുവിൻെറ രക്ഷാകര രഹസ്യത്തിൽ മാത്രമേ മനുഷ്യൻെറ "വസ്തുനിഷ്ഠമായ" സാധ്യതകളെ കണ്ടെത്താൻ നമുക്കു കഴിയൂ. "ഒരു നിർദ്ദിഷ്ട വിഷയത്തിലെ നന്മകളെ തുലനം ചെയ്യുന്നതിനനുസരിച്ച് മനുഷ്യൻെറ സമൂർത്തമായ സാധ്യതകളെന്നു വിളിക്കപ്പെടുന്നവയോട് അനുരൂപപ്പെടുത്തേണ്ടതും ആനുപാതികമാക്കേണ്ടതും പടിപടിയായി ക്രമപ്പെടുത്തേണ്ടതുമായ 'ആദർശം' മാത്രമാണ് സത്താപരമായി സഭയുടെ പ്രബോധനമെന്ന നിഗമനത്തിലെത്തുന്നത് *ഗൗരവാവഹമായ* ഒരു തെറ്റായിരിക്കും. എന്നാൽ, എന്താണു മനുഷ്യൻെറ സമൂർത്തമായ ഈ സാധ്യതകൾ ? ഏതു മനുഷ്യനെപ്പറ്റിയാണ് നാം സംസാരിക്കുന്നത് ? ദുർമ്മോഹത്താൽ *അടക്കിഭരിക്ക*പ്പെടുന്ന മനുഷ്യനെപ്പറ്റിയോ ? അതോ ക്രിസ്തുവിനാൽ *രക്ഷിക്ക*പ്പെട്ട മനുഷ്യനെപ്പറ്റിയോ ? ഇതാണ് ഇന്ന് അപകടനിലയിലായിരിക്കുന്നത്: ക്രിസ്തു സാധിച്ച രക്ഷയെന്ന യാഥാർത്ഥ്യം. ക്രിസ്തു നമ്മെ വീണ്ടെടുത്തു. നമ്മുടെ സത്തയുടെ സമഗ്രമായ സത്യത്തെ സാക്ഷാത്കരിക്കാനുള്ള സാധ്യത നമുക്ക് അവി

www.malankaralibrary.com



ടുന്നു തന്നു എന്നാണ് അതിൻെറ അർത്ഥം. അത്യാസക്തിയുടെ (സമഗ്രാസക്തിയുടെ) *ആധിപത്യത്തിൽ നിന്ന്* നമ്മുടെ സ്വാതന്ത്ര്യത്തെ അവിടുന്നു വിമോചിപ്പിച്ചു. വീണ്ടെടുക്കപ്പെട്ട മനുഷ്യൻ ഇനിയും പാപം ചെയ്യുന്നുണ്ടെങ്കിൽ അത് ക്രിസ്തുവിൻെറ വീണ്ടെടുപ്പു കർമ്മത്തിൻെറ അപൂർണ്ണത മൂലമല്ല. ആ കർമ്മത്തിൽ നിന്ന് ഒഴുകുന്ന അനുഗ്രഹം പ്രയോജനപ്പെടുത്താതിരിക്കാനുള്ള മനുഷ്യൻെറ ഇച്ഛാശക്തിയുടെ തീരുമാനം മൂലമാണ്. തീർച്ചയായും ദൈവത്തിൻെറ കല്പന മനുഷ്യൻെറ കഴിവുകൾക്ക് ആനുപാതികമാണ്. പക്ഷേ, പരിശുദ്ധാത്മാവിനെ ലഭിച്ച മനുഷ്യൻെറ–പാപത്തിൽ വീണെങ്കിലും എപ്പോഴും ക്ഷമ നേടാനും പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യം അനുഭവിക്കാനും കഴിയുന്ന മനുഷ്യൻെറ–കഴിവുകൾക്ക് ആനുപാതികമാണ്".[164]

104. ഈ സാഹചര്യത്തിൽ, മാനസാന്തരപ്പെടുന്ന പാപിയോടുള്ള ദൈവത്തിൻെറ *കാരുണ്യം മാനുഷിക ദുർബലതയെ മനസ്സിലാക്കൽ എന്നിവയ്ക്കും വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിന് അനുരൂപമാക്കാൻ വേണ്ടി നന്മയുടെയും തിന്മയുടെയും മാനദണ്ഡത്തെ വ്യാജമാക്കിത്തീർക്കുകയോ ഒത്തുതീർപ്പുണ്ടാക്കുകയോ ചെയ്യുക എന്ന് ആ മനസ്സിലാക്കലിന് ഒരിക്കലും അർത്ഥമില്ല. പാപിയെ സംബന്ധിച്ചിടത്തോളം, തൻെറ ദുർബ്ബലതയെ അംഗീകരിക്കുകയും തൻെറ വീഴ്ചകൾക്കു മാപ്പു ചോദിക്കുകയും ചെയ്യുക തീർത്തും മാനുഷികമായ കാര്യമാണ്. ദൈവത്തിലേക്കും അവിടുത്തെ കാരുണ്യത്തിലേക്കും തിരിയേണ്ട കാര്യം പോലുമില്ലാതെ സ്വയം നീതീകരിക്കപ്പെട്ടവനായി തോന്നുന്നതിനുവേണ്ടി തൻെറ തന്നെ ദൗർബല്യത്തെ നന്മയെപ്പറ്റിയുള്ള സത്യത്തിൻെറ മാനദണ്ഡമാക്കുന്നവൻെറ മനോഭാവമാണ് അസ്വീകാര്യമായിട്ടുള്ളത്. ഇത്തരമൊരു മനോഭാവം പൊതുവേ സമൂഹത്തിൻെറ ധാർമ്മികതയെ മലിനമാക്കുന്നു. കാരണം, അതു പൊതുവേ ധാർമ്മിക നിയമത്തിൻെറ വസ്തുനിഷ്ഠതയെ സംബന്ധിച്ച് സംശയിക്കാൻ പ്രോത്സാഹനം നൽകുന്നു. സവിശേഷ മാനുഷികപ്രവൃത്തികളെ സംബന്ധിച്ച ധാർമ്മിക നിരോധനങ്ങളുടെ നിരുപാധികതയെ നിഷേധിക്കുവാൻ പ്രേരിപ്പിക്കുന്നു. മൂല്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിധികളെയും കൂട്ടിക്കുഴക്കുന്നതിൽ അവസാനിക്കുകയും ചെയ്യുന്നു.*

മറിച്ച്, സുവിശേഷത്തിൽ കാണുന്ന ഫരിസേയൻെറയും ചുങ്കം പിരിവുകാരൻെറയും ഉപമയുടെ സന്ദേശത്തെ നമ്മുടെ ഹൃദയങ്ങളിൽ പതിപ്പിക്കണം (ലൂക്കാ.18:9-14). ചുങ്കക്കാരന് താൻ ചെയ്ത

www.malankaralibrary.com



പാപങ്ങളെ സംബന്ധിച്ചുള്ള-തൻെറ ഉത്തരവാദിത്വം കുറയ്ക്കത്തക്ക-നീതീകരണം എന്തെങ്കിലും ഉണ്ടായിരുന്നിരിക്കാം. എന്നാൽ, അയാളുടെ പ്രാർത്ഥന അത്തരം നീതീകരണങ്ങളിൽ നില കൊള്ളുന്നില്ല. മറിച്ച്, ദൈവത്തിൻെറ, അനന്തമായ പരിശുദ്ധിയുടെ മുൻപിലുള്ള തൻെറ അയോഗ്യതയിലാണു നിലകൊള്ളുന്നത്. "ദൈവമേ, ഒരു പാപിയായ എൻെറ മേൽ കരുണ തോന്നണമേ" (ലൂക്ക.18:13). ഫരിസേയനാകട്ടെ, തന്നെത്തന്നെ നീതീകരിച്ചിട്ട്, തൻെറ ഓരോ വീഴ്ചയ്ക്കും എന്തെങ്കിലും കാരണം കണ്ടെത്തുന്നു. ഇവിടെ ഓരോ കാലഘട്ടത്തിലുള്ള ധാർമ്മിക മനസ്സാക്ഷിയുടെ രണ്ടു വ്യത്യസ്ത മനോഭാവങ്ങളെ നാം കണ്ടുമുട്ടുന്നു. ചുങ്കക്കാരൻ "അനുതപിക്കുന്ന" മനസ്സാക്ഷിയുടെ പ്രതിനിധിയാണ്. സ്വന്തം പ്രകൃതിയുടെ ക്ഷണഭംഗുരതയെപ്പറ്റി തികഞ്ഞ ബോധം അതിനുണ്ട്. തൻെറ വീഴ്ചകളിൽ-വ്യക്തിനിഷ്ഠമായ എന്തൊക്കെ നീതീകരണം അവയ്ക്കുണ്ടായാലും-സ്വന്തം വീണ്ടെടുപ്പിൻെറ ആവശ്യത്തെപ്പറ്റിയുള്ള സ്ഥിരീകരണം അതുകാണുന്നു. ആ ഫരിസേയൻ, "തന്നെത്തന്നെ നീതീകരിച്ച" മനസ്സാക്ഷിയുടെ പ്രതിനിധിയാണ്. വരപ്രസാദത്തിൻെറ സഹായമില്ലാതെ നിയമം പാലിക്കാൻ കഴിയുമെന്ന മിഥ്യാബോധമാണ് അതിനുള്ളത്. കാരുണ്യം തനിക്ക് ആവശ്യമില്ലെന്ന ഉറച്ച ബോധ്യവും അതിനുണ്ട്!

105. ഫരിസേയൻെറ മനോഭാവത്താൽ തങ്ങളെത്തന്നെ മലിനപ്പെടുത്താതിരിക്കാൻ എല്ലാവരും വളരെയേറെ ശ്രദ്ധിക്കണം. ആ മനോഭാവം സ്വന്തം പരിധികളെയും സ്വന്തം പാപത്തെയുംകുറിച്ചുള്ള ബോധത്തെ എടുത്തുകളയുന്നു. നമ്മുടെ ഇക്കാലത്തും സ്വന്തം കഴിവുകളോടും വൈയക്തിക താത്പര്യങ്ങളോടും ധാർമ്മിക നിയമത്തെ അനുരൂപപ്പെടുത്താനും നിയമമെന്ന ആശയത്തെത്തന്നെ തള്ളിക്കളയാനുമുള്ള ശ്രമത്തിൽ ഈ മനോഭാവം പ്രത്യേകിച്ചും പ്രകടമായിത്തീരുന്നു. മറിച്ച് നിയമവും മാനുഷിക കഴിവും തമ്മിലുള്ള "അനുപാതമില്ലായ്മ"യെ സ്വീകരിക്കൽ, വരപ്രസാദത്തിനുള്ള ആഗ്രഹത്തെ ജ്വലിപ്പിക്കുകയും അതിനെ സ്വീകരിക്കാൻ സന്നദ്ധനാകുകയും ചെയ്യുന്നു (മാനുഷികകഴിവെന്ന് ഇവിടെ പറയുന്നത് സ്വാതന്ത്ര്യമായി വിട്ടിരിക്കുന്ന മനുഷ്യൻെറ ധാർമ്മിക ശക്തികളുടെ കഴിവിനെയാണ്). "മരണത്തിൻെറ ഈ ശരീരത്തിൽ നിന്ന് ആര് എന്നെ വിമോചിപ്പിക്കും ?" പൗലോസ് ശ്ലീഹാ ചോദിക്കുന്നു. സന്തോഷത്തിൻെറയും കൃതജ്ഞതയുടെയും പൊട്ടിത്തെറിക്കലിൽ അദ്ദേഹംതന്നെ മറുപടി പറയുന്നു: "നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ ദൈവത്തിനു നന്ദി" (റോമ.7:24-25).

www.malankaralibrary.com



മിലാനിലെ വി. അംബ്രോസിന്റെ താഴെക്കാണുന്ന പ്രാർത്ഥന യിൽ ഇതേ ബോധം നാം കണ്ടെത്തുന്നു: "അപ്പോൾ, നീ അവനെ സന്ദർശിച്ചില്ലെങ്കിൽ മനുഷ്യൻ ആരാണ് ? കർത്താവേ നീയെന്നെ ദുർബലനായ ഒരാളായി സൃഷ്ടിച്ചുവെന്ന്, പൊടിയിൽ നിന്ന് നീ എന്നെ മെനഞ്ഞുവെന്ന്, ഓർക്കണമേ. നീ ഈ കളിമണ്ണിനെ ബലപ്പെ ടുത്താൻ, നിന്റെ മുഖത്തുനിന്ന് എന്റെ ശക്തി പുറപ്പെടാൻ നിര ന്തരം എന്റെ മേൽ ദൃഷ്ടി പതിപ്പിക്കുന്നില്ലെങ്കിൽ എനിക്ക് എങ്ങനെ നിലനിൽക്കാൻ കഴിയും ? നീ നിന്റെ മുഖം മറയ്ക്കു- മ്പോൾ എല്ലാം ദുർബലമായിത്തീരുന്നു (സങ്കീ.104:29). നീ എന്റെ നേരേ തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് ഹാ കഷ്ടം! എന്റെ കുറ്റ ങ്ങളുടെ കറയല്ലാതെ ഒന്നും എന്നിൽ നിനക്കു കാണാനില്ല. ഉപേക്ഷി ക്കപ്പെടുന്നതിലോ കാണപ്പെടുന്നതിലോ ഒരു ലാഭവുമില്ല. കാരണം, ഞങ്ങൾ കാണപ്പെടുമ്പോൾ ഞങ്ങൾ നിന്നെ ദ്രോഹിക്കുന്നു. എന്നാ ലും, താൻ കാണുന്നവരെ ദൈവം പരിത്യജിക്കുകയില്ലെന്ന് ഞങ്ങൾ ക്കു സങ്കല്പിക്കാൻ കഴിയും. കാരണം, അവിടുന്ന് ആരെ വീക്ഷിക്കു ന്നുവോ അവരെ അവിടുന്നു വിശുദ്ധീകരിക്കും. നമ്മുടെ കുറ്റത്തെ ദഹിപ്പിക്കാൻ കഴിയുന്ന ഒരഗ്നി അവിടുത്തെ മുൻപിൽ കത്തുന്നു ണ്ട് (ജോയേൽ2:3).[165]

*ധാർമ്മികതയും പുതിയ സുവിശേഷവത്കരണവും*

106. സഭ അതിന്റെ ആരംഭത്തിൽത്തന്നെ നേരിടാൻ വിളിക്ക പ്പെട്ടിട്ടുള്ള ശക്തവും ഉദ്വേഗജനകവുമായ ഒരു വെല്ലുവിളിയാണ് സുവിശേഷവത്കരണം. യഥാർത്ഥത്തിൽ, സഭ ചരിത്രത്തിന്റെഗതി യിൽ കണ്ടുമുട്ടുന്ന സാമൂഹികവും സാംസ്കാരികവുമായ പരിതഃ സ്ഥിതിയിൽ നിന്ന് എന്നതിനേക്കാൾ ഉത്ഥിതനായ ക്രിസ്തുവിന്റെ കല്പനയിൽ നിന്നാണ് ഈ വെല്ലുവിളി ഉയരുന്നത്. ഉത്ഥിതനായ ക്രി സ്തുവാണല്ലോ സഭയുടെ അസ്തിത്വത്തിന്റെ കാരണത്തെത്ത ന്നെ നിർവചിക്കുന്നത്. "ലോകത്തെങ്ങും പോവുക, സർവ്വ സൃഷ്ടി കളോടും എന്റെ സുവിശേഷം പ്രസംഗിക്കുകയും ചെയ്യുക" (മർക്കോ.16:15).

എന്നാൽ, പല ജനതകളെയും സംബന്ധിച്ചെങ്കിലും, സുവിശേ ഷവത്കരണത്തിനു പകരം ഈ കാലഘട്ടം ഒരു തരം "പുതിയ സുവി- ശേഷവത്കരണത്തിന്റെ" ധർമ്മം ഏറ്റെടുക്കേണ്ട ഭീതിജനകമായ മാറ്റത്താൽ മുദ്രിതമാണ്. എപ്പോഴും പുതിയതായിരിക്കുന്നതും എപ്പോഴും പുതിയ സംഗതികൾ സംവഹിക്കുന്നതുമായ "തീക്ഷ്ണ തയിലും രീതികളിലും പ്രകടനത്തിലും പുതിയതായിരിക്കേണ്ട" ഒരു

www.malankaralibrary.com



സുവിശേഷവത്കരണമാണ് അവർ വിഭാവനം ചെയ്യുന്നത്.[166] ഒരു കാലത്ത് വിശ്വാസത്തിലും ക്രൈസ്തവ ജീവിതത്തിലും സമ്പന്നമായിരുന്ന ജനതകളെയും സമൂഹങ്ങളെയും മഴുവനായി ഭാരപ്പെടുത്തുന്ന അക്രൈസ്തവീകരണം, വിശ്വാസത്തെ നഷ്ടപ്പെടുത്തുകമാത്രമല്ല ചെയ്യുന്നത്. ഏതു സംഭവത്തിലും അനുദിന ജീവിതത്തെ സംബന്ധിച്ച് അതിനെ അപ്രസക്തമാക്കുക മാത്രവുമല്ല ചെയ്യുന്നത്. പിന്നെയോ, അനിവാര്യമാവിധം *ധാർമ്മിക ബോധത്തെ* അധഃപതിപ്പിക്കുകയോ സന്നിഗ്ദ്ധമാക്കുകയോ കൂടിചെയ്യും. സുവിശേഷാധിഷ്ഠിത ധാർമ്മികതയുടെ അപൂർവ്വതയെപ്പറ്റിയുള്ള ബോധത്തിൻെറ നഷ്ടപ്പെടലിൻെറയും, മൗലിക തത്ത്വങ്ങളുടെയും ധാർമ്മിക മൂല്യങ്ങളുടെയും തന്നെ ഒരു മറയ്ക്കലിൻെറയും ഫലമായി ഇങ്ങനെ സംഭവിക്കുന്നു. കർത്തൃനിഷ്ഠതാവാദം (subjectivism), ഉപയോഗവാദം (utilitarianism) ആപേക്ഷികതാവാദം (relativism) എന്നിവയോട് ഇന്നു വ്യാപകമായിക്കാണുന്ന ചായ്‌വ് കേവലം, പ്രായോഗികതാവാദപരമായ (pragmatic)മനോഭാവങ്ങളോ പെരുമാറ്റത്തിൻെറ അത്തരം രീതികളോ മാത്രമായിട്ടല്ല കാണപ്പെടുന്നത്. പിന്നെയോ സിദ്ധാന്തത്തിൽ ഒരു അടിസ്ഥാനമുള്ള സമീപനങ്ങളായിട്ടുകൂടിയാണ്. സാംസ്കാരികവും സാമൂഹികവുമായ തികഞ്ഞ നിയമാനുസൃതത്വമുള്ളവയായിട്ടുകൂടിയാണ്.

107. *സുവശേഷവത്കരണവും*– തത്ഫലമായി "പുതിയ സുവിശേഷവത്കരണവും" *ധാർമ്മികതയുടെ* പ്രഘോഷണത്തെയും അവതരണത്തെയും ഉൾക്കൊള്ളുന്നുണ്ട്. സ്വർഗ്ഗരാജ്യത്തെയും അതിൻെറ രക്ഷാകര സ്നേഹത്തെയും പ്രഘോഷിച്ച യേശു തന്നെ ജനങ്ങളെ വിശ്വാസത്തിലേക്കും മാനസാന്തരത്തിലേക്കും ക്ഷണിച്ചു (മർക്കോ.1:15). പത്രോസ്, മറ്റു ശിഷ്യൻമാരോടൊപ്പം, നസ്രത്തിലെ യേശുവിൻെറ, മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനെപ്പറ്റി പ്രഘോഷിച്ചപ്പോൾ ഉത്ഥിതനായവൻെറ ശിഷ്യൻമാർ ജീവിക്കേണ്ട ഒരു പുതിയ ജീവിതത്തെ–പിൻതുടരേണ്ട ഒരു "*മാർഗ്ഗത്തെ*"–എടുത്തുകാണിച്ചു (അപ്പ.2:37–41; 3:17–20).

പുതിയ സുവിശേഷവത്കരണം, വിശ്വാസസത്യങ്ങൾ പ്രഘോഷിക്കുമ്പോൾ അതിൻെറ വിശ്വാസയോഗ്യതയെ (authenticity) വ്യക്തമാക്കണം. ക്രൈസ്തവ ധാർമ്മികതയുടെ അടിസ്ഥാനങ്ങളെയും ഉള്ളടക്കത്തെയും അവതരിപ്പിക്കുമ്പോൾ കൂടുതലായും അങ്ങനെ ചെയ്യണം. അത് അതിൻെറ പ്രേഷകശക്തി മുഴുവൻെറയും കെട്ടഴിച്ചുവിടുന്നു. പ്രഘോഷിക്കപ്പെടുന്ന വചനത്തിൻെറമാത്രമല്ല, ജീവിച്ചുകാണിക്കുന്ന വചനത്തിൻെറയും ദാനത്തിലൂടെ അതു

www.malankaralibrary.com



നിർവഹിക്കപ്പെടുമ്പോഴും അതിൻെറ വിശ്വാസയോഗ്യതയെ വ്യക്തമാക്കുന്നു. അതിൻെറ മുഴുവൻ പ്രേഷകശക്തിയെയും കെട്ട ഴിച്ചു വിടുകയും ചെയ്യുന്നു. പ്രത്യേകമായി, വിനീതരും മിക്കപ്പോഴും അദൃശ്യരുമായ ദൈവജനത്തിൻെറ അംഗങ്ങളിൽ പ്രശോഭിക്കുന്ന വിശുദ്ധിയുടെ ജീവിതം, സത്യത്തിൻെറ സൗന്ദര്യത്തെയും, ദൈവ സ്നേഹത്തിൻെറ വിമോചകശക്തിയെയും, ദൈവിക നിയമത്തി ൻെറ എല്ലാ ആവശ്യങ്ങളോടും ഏറ്റവും പ്രയാസമുള്ള സാഹചര്യങ്ങ ളിൽപ്പോലും പ്രദർശിപ്പിക്കുന്ന നിരുപാധിക വിശ്വസ്തതയെയും കാണാനുള്ള ഏറ്റവും ലളിതവും ഏറ്റവും ആകർഷകവുമായ മാർഗ്ഗ ത്തെ സൃഷ്ടിക്കുന്നു. ഇക്കാരണത്താൽ ധാർമ്മികതയുടെ വിവേക മുള്ള അദ്ധ്യാപികയായ സഭ, വിശുദ്ധരിലും, സർവ്വോപരി "അനുഗ്ര ഹപൂർണ്ണയും" "സർവ്വഥാ വിശുദ്ധ"യുമായ, ദൈവത്തിൻെറ കന്യ കാമാതാവിലും ദൈവത്തിൻെറ കല്പനകളും സുവിശേഷത്തിലെ അഷ്ടഭാഗ്യങ്ങളുമനുസരിച്ച് ജീവിക്കാൻ ആവശ്യമായ മാതൃകയും ശക്തിയും സന്തോഷവും കണ്ടെത്താൻ വിശ്വാസികളെ എപ്പോഴും ക്ഷണിച്ചിട്ടുണ്ട്.

വിശുദ്ധൻമാരുടെ ജീവിതം ദൈവത്തിൻെറ– നന്മയുടെ ഏകഉ ടമയായവൻെറ– നന്മയുടെ പ്രതിബിംബനമാണ്. ആ നിലയ്ക്ക്, വിശ്വാസത്തിൻെറ യഥാർത്ഥമായ പ്രഖ്യാപനവും, അത് മറ്റുള്ളവർ ക്കു പങ്കുവയ്ക്കാനുള്ള ഒരു പ്രചോദനവും മാത്രമല്ല അതു സൃഷ്ടി ക്കുന്നത്. ദൈവത്തിൻെറയും അവിടുത്തെ അനന്തവിശുദ്ധിയുടെ യും മഹത്വപ്പെടുത്തലും കൂടി അതു സൃഷ്ടിക്കുന്നുണ്ട്. വിശുദ്ധി യുടെ ജീവിതം അങ്ങനെ, ഏകവും ത്രിവിധവുമായ ഒരു ധർമ്മത്തെ അതിൻെറ പൂർണ്ണമായ പ്രകാശനത്തിലേക്കും ഫലദായകത്വത്തിലേ ക്കും നയിക്കുന്നു. പ്രവാചകപരവും പുരോഹിതപരവും രാജകീയ വുമായ (propheticum, sacerdotale et regale) ധർമ്മം (munus) ആണത്. അത് മാമ്മോദീസയിൽ "ജലത്താലും പരിശുദ്ധാ ത്മാവിനാലും" (യോഹ.3:5) പുനർജനനം സാധിക്കുന്നതിൽ ഓരോ ക്രിസ്ത്യാനിയും ദാനമായി സ്വീകരിക്കുന്ന ധർമ്മമാണ്. അവൻെറ ധാർമ്മിക ജീവിതത്തിന് "ആദ്ധ്യാത്മികാരാധനയുടെ (റോമ.12:1; ഫിലെ.3:3) മൂല്യമുണ്ട്. കൂദാശകളിൽ പ്രത്യേകിച്ച് കുർ ബാനയിൽ, കണ്ടെത്തുന്ന വിശുദ്ധിയുടെയും ദൈവമഹത്വീകരണ ത്തിൻെറയും അക്ഷയസ്രോതസുകളിൽനിന്നു പ്രവഹിക്കുന്നതും അവയാൽ പരിപോഷിപ്പിക്കപ്പെടുന്നതുമാണ് ആ ആരാധന. കുരി ശിൻെറ ബലിയിൽ ഭാഗഭാഗിത്വം വഹിച്ചുകൊണ്ട് ക്രിസ്ത്യാനി ക്രിസ്തുവിൻെറ ആത്മദാനപരമായ സ്നേഹത്തിൽ പങ്കുപറ്റുന്നു.

www.malankaralibrary.com



തൻെറ എല്ലാവിചാരങ്ങളിലും പ്രവൃത്തികളിലും ഇതേ സ്നേഹമനുസരിച്ചു ജീവിക്കാൻ സജ്ജീകൃതനാവുകയും സമർപ്പിതനാവുകയും ചെയ്യുന്നു. ധാർമ്മിക ജീവിതത്തിൽ ക്രിസ്ത്യാനിയുടെ രാജകീയ ശുശ്രൂഷയും വ്യക്തമാവുകയും ഫലപ്രദമാവുകയും ചെയ്യുന്നു. വരപ്രസാദത്തിൻെറ സഹായത്താൽ പരിശുദ്ധാത്മാവിൻെറ നവീന നിയമം എത്ര കൂടുതലായി അനുസരിക്കുന്നുവോ, അത്ര കൂടുതലായി, സത്യത്തിൻെറയും സ്നേഹത്തിൻെറയും നീതിയുടെയും സേവനത്താൽ അവൻ അഥവാ അവൾ വിളിക്കപ്പെട്ട സ്വാതന്ത്ര്യത്തിൽ വളരുന്നു.

108. പുതിയ സുവിശേഷവത്കരണത്തിൻെറയും, അത് നിർദ്ദേശിക്കുകയും അതിൻെറ വിശുദ്ധിയുടേയും പ്രേഷിത തീക്ഷ്ണതയുടെയും ഫലം കൊണ്ട് ഉണർത്തുകയും ചെയ്യുന്ന പുതിയ ധാർമ്മിക ജീവിതത്തിൻെറയും ഹൃദയത്തിൽ, വിശുദ്ധയായ സഭാമാതാവിൻെറ ഫലദായകത്വത്തിൻെറ തത്ത്വവും ബലവുമായ ക്രിസ്തുവിൻെറ ചൈതന്യമുണ്ട്. പോപ്പ് പോൾ ആറാമൻ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, "പരിശുദ്ധാത്മാവിൻെറ പ്രവർത്തനം കൂടാതെ, സുവിശേഷവത്കരണം ഒരിക്കലും സാധ്യമാവുകയില്ല".[167]

വിശ്വാസിയുടെ വിനീതവും പ്രബോധനക്ഷമവുമായ ഹൃദയം സ്വീകരിക്കുന്ന ക്രിസ്തുവിൻെറ പരിശുദ്ധാത്മാവ്, ക്രൈസ്തവ ധാർമ്മിക ജീവിതം പുഷ്പിക്കുവാൻ ഇടയാക്കുന്നു. ജീവിത വിളികളുടെ വലിയ വൈവിധ്യത്തിൽ, ദാനങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും അവസ്ഥകളുടെയും ജീവിതസാഹചര്യങ്ങളുടെയും നടുവിൽ വിശുദ്ധിക്കു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. നൊവേഷ്യൻ (Novatian) ഒരിക്കൽ ചൂണ്ടിക്കാണിച്ചതുപോലെ, ഇവിടെ, സഭയുടെ യഥാർത്ഥ വിശ്വാസം പ്രകടമാക്കിക്കൊണ്ട് പരിശുദ്ധാത്മാവാണ്, "ശിഷ്യൻമാരുടെ ഹൃദയങ്ങളെയും മനസ്സുകളെയും ഉറപ്പിച്ചത്. സുവിശേഷത്തിൻെറ രഹസ്യങ്ങളെ വെളിവാക്കിയതും അവിടുന്നാണ്. അവരുടേമേൽ ദൈവികകാര്യങ്ങളുടെ പ്രകാശം വീശിയതും അവിടുന്നാണ്. അവിടുത്തെ ദാനത്താൽ ശക്തിപ്രാപിച്ചവരായി, കർത്താവിൻെറ നാമത്തിനുവേണ്ടി ബന്ധനത്തെയോ ചങ്ങലകളെയോ അവർ ഭയപ്പെട്ടില്ല. അവിടുന്ന് ആയുധം ധരിപ്പിച്ചവരും ശക്തിനൽകപ്പെട്ടവരുമായി അവർ യഥാർത്ഥത്തിൽ ലോകത്തിൻെറ അധികാരങ്ങളെയും പീഡനങ്ങളെയും ചവുട്ടി മെതിച്ചു. ഈ ആത്മാവ് ക്രിസ്തുവിൻെറ മണവാട്ടിയായ സഭയ്ക്കു പ്രദാനം ചെയ്യുന്നതും ജൂവലുകൾപോലെ അതിനെ ചലിപ്പിക്കുന്നതുമായ ദാനങ്ങൾ തങ്ങളിൽത്തന്നെ ഉള്ളവരായി അവർ അപ്രകാരം

www.malankaralibrary.com



ചെയ്തു. സഭയിൽ പ്രവാചകരെ സൃഷ്ടിക്കുന്നതും, അദ്ധ്യാപകരെ പഠിപ്പിക്കുന്നതും, ഭാഷകളെ നയിക്കുന്നതും, വിസ്മയനീയ കാര്യങ്ങളും സുഖപ്പെടുത്തലുകളും നടത്തുന്നതും, അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നതും, ചൈതന്യങ്ങൾക്കു വകതിരിവിന്റെ ശക്തി നൽകുന്നതും അധികാരപ്രയോഗം നിശ്ചയിക്കുന്നതും, ഉപദേശങ്ങളെ പ്രചോദിപ്പിക്കുന്നതും, ഇതുപോലുള്ള മറ്റ് കരിസ്മാറ്റിക്ക്ദാനങ്ങൾ വിതരണം ചെയ്യുകയും അവയെ ഐക്യപ്പെടുത്തുകയും ചെയ്യുന്നതും യഥാർത്ഥത്തിൽ അവിടുന്നാണ്. ഈ വിധത്തിൽ, അവിടുന്ന്, കർത്താവിന്റെ സഭയെ എല്ലായിടത്തും എല്ലാക്കാര്യങ്ങളിലും തികയ്ക്കുകയും പൂർണ്ണത ഉള്ളതാക്കുകയും ചെയ്യുന്നു".[168]

"സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന വിശ്വാസത്തെ സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും" (ഗല.5:6) ചെയ്യുക എന്ന ലക്ഷ്യത്തോടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ബന്ധപ്പെടുത്തി നടത്തുന്ന നവീന സുവിശേഷവത്കരണത്തിന്റെ സജീവ സാഹചര്യത്തിൽ, വിശ്വാസികളുടെ സമൂഹമായ സഭയിൽ *ധാർമ്മിക ജീവിതത്തെ സംബന്ധിച്ച തുടർച്ചയായുള്ള* ദൈവശാസ്ത്രപരമായ ചിന്തയ്ക്കുള്ള യഥാർത്ഥ സ്ഥാനം എന്തെന്ന് നമുക്ക് ഇപ്പോൾ മനസ്സിലാകും. അതുപോലെ തന്നെ, ദൈവശാസ്ത്രജ്ഞൻമാരുടെ യഥാർത്ഥമായ ദൗത്യത്തെയും ഉത്തരവാദിത്വത്തെയും കുറിച്ച് പറയാനും സാധിക്കും.

### *ധാർമ്മിക(സന്മാർഗ്ഗ)ദൈവശാസ്ത്രജ്ഞൻമാരുടെ സേവനം*

109. സഭ പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ കർത്താവായ യേശുവിന്റെ പ്രവാചക ദൗത്യത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നു. തന്മൂലം സഭ മുഴുവനും സുവിശേഷപ്രഘോഷണത്തിനും വിശ്വാസ ജീവിതത്തിന്റെ സാക്ഷ്യത്തിനും വിളിക്കപ്പെട്ടിരിക്കുന്നു. സഭയിൽ സത്യത്തിന്റെ ആത്മാവിന്റെ സ്ഥിരമായ സാന്നിധ്യമുണ്ട്. (യോഹ.14:16-17) അതിന്റെ സഹായത്താൽ, "വിശുദ്ധനായവന്റെ അഭിഷേകം സ്വീകരിച്ച (1യോഹ.2:20,27) വിശ്വാസികളുടെ സാർവ്വത്രിക ശരീരത്തിന് വിശ്വാസത്തിൽ തെറ്റു വരാൻ പാടില്ല. ജനത മുഴുവനിലുമുള്ള വിശ്വാസത്തിന്റെ അതി സ്വാഭാവികമായ ബോധത്തിലൂടെ അത് ഈ പ്രത്യേക ഗുണം പ്രകടമാക്കുന്നു. 'മെത്രാൻമുതൽ അല്മായാവിശ്വാസികളിൽ ഏറ്റവും ചെറിയവൻ വരെ' വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും കാര്യങ്ങളിൽ അഭിപ്രായൈക്യം പ്രകടിപ്പിക്കുമ്പോൾ അത് അങ്ങനെ ചെയ്യുന്നു".[169]

www.malankaralibrary.com



സഭ തന്റെ പ്രവാചക ദൗത്യം നിർവഹിക്കാൻ തന്റെതന്നെ വിശ്വാസ ജീവിതത്തെ വീണ്ടും ഉണർത്തണം അഥവാ "വീണ്ടും ജ്വലിപ്പിക്കണം" (2തിമോ.1:6). പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ വിശ്വാസത്തിന്റെ ഉള്ളടക്കത്തിന്റെതന്നെ പൂർവ്വാധികം അഗാധമായ ചിന്തയിലൂടെയാണ് പ്രത്യേകിച്ച് അത് നടത്തേണ്ടത്. *സഭയിൽ ദൈവശാസ്ത്രജ്ഞന്റെ "ദൈവവിളി"* സവിശേഷമായി "വിശ്വാസത്തെ മനസ്സിലാക്കാനുള്ള വിശ്വാസപൂർവ്വകമായ" ഈ പരിശ്രമത്തിന്റെ സേവനത്തിനുവേണ്ടിയാണ്. സത്യത്തിന്റെ ദാനം (donum veritatis) എന്ന മാർഗ്ഗനിർദ്ദേശക രേഖ പഠിപ്പിക്കുന്നതുപോലെ, "പരിശുദ്ധാത്മാവ് സഭയിൽ ഉണർത്തുന്ന ദൈവവിളികളിൽ ഒന്ന് ദൈവശാസ്ത്രജ്ഞന്റേതാണ്. അയാളുടെ ധർമ്മം, ദൈവനിവേശിത ഗ്രന്ഥങ്ങളിൽ കാണുന്നതും, സഭയുടെ സജീവ പാരമ്പര്യംവഴി കൈമാറിക്കിട്ടിയതുമായ ദൈവവചനത്തിന്റെ പൂർവ്വാധികം അഗാധമായ മനസ്സിലാക്കലിനുവേണ്ടി പ്രത്യേകമാംവിധം പരിശ്രമിക്കുക എന്നതാണ്. വിശ്വാസ നിക്ഷേപത്തെ കാത്തുസൂക്ഷിക്കുക എന്ന ഉത്തരവാദിത്വം നല്കപ്പെട്ടിട്ടുള്ള സഭയുടെ പ്രബോധനാധികാര(Magisterium)ത്തോട് ഉള്ള കൂട്ടായ്മയിൽ അവൻ ഇതു നിർവഹിക്കുന്നു. വിശ്വാസം അതിന്റെ സ്വഭാവം കൊണ്ടുതന്നെ യുക്തിക്ക് (reason) ചേർന്നതാണ്. കാരണം അത്, മനുഷ്യന് അവന്റെ ഭാഗധേയത്തെയും അതു പ്രാപിക്കാനുള്ള മാർഗ്ഗത്തെയും വെളിപ്പെടുത്തുന്നു. ആവിഷ്കൃതസത്യം, തീർച്ചയായും നമ്മുടെ വർണ്ണനയ്ക്ക് അതീതമാണ്. അതിന്റെ അപരിമേയമായ മഹത്ത്വത്തിന്റെ മുമ്പിൽ നമ്മുടെ സങ്കൽപ്പങ്ങളെല്ലാം ആത്യന്തികമായി ഇല്ലാതാകുന്നു. (എഫേ. 3:19) എന്നിരുന്നാലും, ആവിഷ്കൃത സത്യം അതിന്റെ പ്രകാശത്തിലേക്കു പ്രവേശിക്കാനും, അതുവഴി അതു വിശ്വസിച്ചതിനെ കുറേ അളവിൽ ഗ്രഹിക്കാനും യുക്തിയോട് ആജ്ഞാപിക്കുന്നു. സത്യത്തിന്റെ സാത്മീകരണത്തിനു വേണ്ടി നിർമ്മിക്കപ്പെട്ട ദൈവദാനമാണ് യുക്തി. ദൈവശാസ്ത്രപരമായ വിജ്ഞാനശാഖ, അതു വിശ്വാസത്തെ മനസ്സിലാക്കാൻ പരിശ്രമിക്കുമ്പോൾ സത്യത്തിന്റെ ക്ഷണത്തിനു മറുപടിപറയുന്നു. തങ്ങളോട് ചോദിക്കുന്നവർക്കു തങ്ങളുടെ പ്രത്യാശയുടെ കാരണം പറഞ്ഞു കൊടുക്കുക എന്ന അപ്പസ്തോലന്റെ കല്പന (1 പത്രോ 3:15) നിറവേറ്റാൻ അത് അങ്ങനെ ദൈവജനത്തെ സഹായിക്കുന്നു".[170]

ദൈവശാസ്ത്രം തനിക്ക് സഭയോടും അവളുടെ രഹസ്യത്തോടും അവളുടെ ജീവിതത്തോടും ദൗത്യത്തോടും ഉള്ള അഗാധവും ജീവപരവുമായ ബന്ധത്തെ അംഗീകരിക്കണം. ദൈവശാസ്ത്ര

www.malankaralibrary.com



ത്തിൻെറ തനിമയെ(identity)ത്തന്നെ നിർവ്വചിക്കുന്നതിനും, അങ്ങനെ ശരിയായ ദൗത്യം നിർവ്വഹിക്കുന്നതിനും അതു മൗലികമായ ഒന്നാണ്: "ദൈവശാസ്ത്രം സഭാപരമായ ഒരു ശാസ്ത്രമാണ്. കാരണം, അത് സഭയിൽ വളരുകയും സഭയെ സംബന്ധിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. അതു സഭയ്ക്കുള്ള ഒരു സേവനമാണ്. തന്മൂലം സഭയുടെ ദൗത്യത്തിൽ, പ്രത്യേകിച്ച് അതിൻെറ പ്രവാചകദൗത്യത്തിൽ അത് സജീവമായി ഏർപ്പെട്ടിരിക്കുന്നുവെന്ന് അതിനു തോന്നണം".[171] "വിശ്വാസികളുടെ സമൂഹം" എന്ന നിലയിൽ സഭയുടേത് ആയിരിക്കുന്നുവെന്നതിലും, അതിൽ സമർപ്പണ ബുദ്ധിയോടും ഉത്തരവാദിത്വത്തോടും കൂടി പങ്കുവഹിക്കുന്നു എന്നതിലും കൂടി മാത്രമേ യഥാർത്ഥ ദൈവശാസ്ത്രത്തിന്, വളർന്നു പുഷ്പിക്കാനും വികസിക്കാനും കഴിയൂ. അതിൻെറ സ്വഭാവവും പ്രവർത്തന പദ്ധതിയും കൊണ്ടുതന്നെ അത് അപ്രകാരമാണ്. ദൈവശാസ്ത്രപരമായ ഗവേഷണത്തിൻെറ ഫലങ്ങളും അഗാധതരമായ ഉൾക്കാഴ്ച്ചയും സഭയ്ക്കും അവളുടെ വിശ്വാസ ജീവിതത്തിനും പുഷ്ടിപ്പെടലിൻെറ ഒരു ഉറവിടമായിത്തീരുകയും ചെയ്യും.

110. ദൈവശാസ്ത്രത്തെപ്പറ്റി പൊതുവെ പറഞ്ഞതെല്ലാം, ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രത്തെപ്പറ്റിയും പറയാം. അങ്ങനെ പറയുകയും ചെയ്യണം. ഒരു ദാനവും നവജീവിതത്തിൻെറ കല്പനയും എന്ന നിലയിലുള്ള സുവിശേഷത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയചിന്ത എന്ന അതിൻെറ സവിശേഷ സ്വഭാവമനുസരിച്ച് അതിനെ കാണുമ്പോൾ ഇങ്ങനെ പറയേണ്ടിവരുന്നു. "സ്നേഹത്തിലുള്ള സത്യത്തെ ഏറ്റുപറയുന്ന" (എഫേ. 4:15) ജീവിതത്തെപ്പറ്റിയും പൂർണ്ണതയിലേക്കു കൊണ്ടുവരപ്പെട്ട നന്മയെപ്പറ്റിയുള്ള സത്യം പ്രകാശിക്കുന്ന സഭയുടെ വിശുദ്ധിയുടെ ജീവിതത്തെപ്പറ്റിയും ഉള്ള ശാസ്ത്രീയ ചിന്തയാണത്. സഭയുടെ പ്രബോധനാധികാരം വിശ്വാസത്തിൻെറ മണ്ഡലത്തിൽ മാത്രമല്ല ഇടപെടുന്നത്. ധാർമ്മികതയുടെ മണ്ഡലത്തിലും, അവിഭജിതമാം വിധത്തിൽ അത് ഇടപെടും. "വിശ്വാസത്തിൻെറ ആവശ്യങ്ങൾക്ക് അനുഗുണമായിരിക്കുകയും ജീവിതത്തിൽ അവയുടെ പ്രകടനത്തെ പോഷിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തികളുണ്ട്. നേരേമറിച്ച് സ്വാഭാവികമായി തിന്മയാകയാൽ, അത്തരം ആവശ്യങ്ങൾക്കു അനുഗുണമല്ലാത്ത പ്രവൃത്തികളുമുണ്ട്. ഇവയെ, വിശ്വാസികളുടെ മനസ്സാക്ഷിക്കു നിർദ്ദേശകങ്ങളായിട്ടുള്ള വിധികൾ വഴി വേർതിരിച്ചറിയുക"[172] എന്ന ധർമ്മം അതിനുണ്ട്. സഭയുടെ പ്രബോധനാധികാരം, ദൈവകല്പനകളെയും ക്രിസ്തുവിൻെറ സ്നേഹത്തെയുംകുറിച്ച് പ്രഘോഷിക്കുന്നു.

www.malankaralibrary.com



അങ്ങനെ ചെയ്യുമ്പോൾ സവിശേഷമായ പ്രത്യേക കല്പനകളെപ്പറ്റിയും അവൾ വിശ്വാസികളെ പഠിപ്പിക്കുന്നു. മനഃസാക്ഷിയിൽ ധാർമ്മികമായി കടപ്പെടുത്തുന്ന കല്പനകളായി അവയെ അവർ പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ, ജാഗ്രതയുടെ ഒരു സുപ്രധാന ജോലിയും പ്രബോധനാധികാരം നിർവഹിക്കുന്നുണ്ട്. ചെയ്യപ്പെടാൻ സാധ്യതയുള്ള തെറ്റുകളുടെ സാന്നിദ്ധ്യത്തെപ്പറ്റി, കേവലം ഒളിഞ്ഞിരിക്കുന്നവയെപ്പറ്റിപ്പോലും, അവൾ വിശ്വാസികൾക്കു മുന്നറിയിപ്പുനല്കുന്നു. പ്രബോധനാധികാരം പഠിപ്പിക്കുന്ന ധാർമ്മികനിയമങ്ങളുടെ കൃത്യരൂപവും സത്യവും തിരിച്ചറിയുന്നതിൽ അവരുടെ മനസ്സാക്ഷികൾ പരാജയപ്പെടുമ്പോൾ അത് അങ്ങനെ ചെയ്യുന്നു.

സെമിനാരികളിലും ദൈവശാസ്ത്രവിദ്യാപീഠങ്ങളിലും, തങ്ങളുടെ നൈയാമികാജപാലകരുടെ കല്പനപ്രകാരം ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രം പഠിപ്പിക്കുന്ന എല്ലാവരുടെയും സവിശേഷമായ ദൗത്യത്തെപ്പറ്റി ഇവിടെയാണു പരിഗണിക്കേണ്ടത്. സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുളള എല്ലാ കല്പനകളെയും പ്രായോഗിക നിർദ്ദേശങ്ങളെയും വിശ്വാസികളെ–പ്രത്യേകിച്ച് ഭാവി അജപാലകരെ– പഠിപ്പിക്കുക എന്ന ഗൗരവാവഹമായ കടമ അവർക്കുണ്ട്[173]സഭയുടെ പ്രബോധനാധികാരം ഉപയോഗിക്കുന്ന മാനുഷികവാദമുഖങ്ങൾക്ക്, സാധ്യതയുള്ള പരിമിതികളെ ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിക്കണം. അതേസമയം, അതിൻെറ പ്രബോധനത്തിൻെറ അടിയിലുള്ള കാരണങ്ങളെപ്പറ്റി കൂടുതൽ അഗാധമായി മനസ്സിലാക്കാനും, അതു നിർദ്ദേശിക്കുന്ന കല്പനകളുടെ സാധുതയെയും കടപ്പെടുത്തുന്ന സ്വഭാവത്തെയും– അവയുടെ പരസ്പരബന്ധവും അവയ്ക്കു മനുഷ്യൻെറ പരമാന്ത്യത്തോടുള്ള ബന്ധവും തെളിയിച്ചുകൊണ്ട്–വ്യാഖ്യാനിക്കാനും അവർ വിളിക്കപ്പെട്ടിരിക്കുന്നു.[174] ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രജ്ഞന്മാർ, സഭയുടെ പ്രബോധനങ്ങളെ ക്രോഡീകരിക്കണം. അവരുടെ ശുശ്രൂഷയുടെ നിർവ്വഹണത്തിൽ, വിശ്വാസസത്യങ്ങളുടെയും ധാർമ്മികതയുടെയും മേഖലകളിൽ സഭയുടെ പ്രബോധനാധികാരത്തിൻെറ പ്രബോധനത്തോട്, ആന്തരികവും ബാഹ്യവുമായ, സത്യസന്ധമായ, സമ്മതത്തിൻെറ മാതൃക നൽകുകയും വേണം. [175] സഭ ക്രോഡീകരിച്ചിട്ടുള്ള ധാർമ്മിക സിദ്ധാന്തത്തിൻെറയും മനുഷ്യനെ സംബന്ധിച്ച കാഴ്ചപ്പാടിൻെറയും അടിയിലുള്ള വേദഗ്രന്ഥപരമായ അടിസ്ഥാനങ്ങൾ, സാന്മാർഗ്ഗിക പ്രാധാന്യം, മനുഷ്യവംശ ശാസ്ത്രപരമായ പരിഗണനകൾ എന്നിവയെ

www.malankaralibrary.com



പൂർവ്വാധികം പൂർണ്ണമായി, അഗാധമായ താത്പര്യത്തോടെ അവർ വ്യക്തമാക്കണം. ഹയരാർക്കിക്കലായിട്ടുള്ള സഭയുടെ പ്രബോധനാധികാരത്തോടു സഹകരിച്ചു പ്രവർത്തിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യണം.

111. ഇക്കാലത്ത്, ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രജ്ഞന്മാർ നൽകാൻ വിളിക്കപ്പെട്ടിട്ടുള്ള സേവനം സഭയുടെ ജീവിതത്തെയും ദൗത്യത്തെയും സംബന്ധിച്ചു മാത്രമല്ല, മനുഷ്യ സമൂഹത്തെയും സംസ്കാരത്തെയും സംബന്ധിച്ചും അങ്ങേയറ്റം പ്രധാനപ്പെട്ട ഒന്നാണ്. ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രജ്ഞൻമാർക്ക് ഒരു കടമയുണ്ട്. വേദഗ്രന്ഥപരമായ ദൈവശാസ്ത്രത്തോടും സൈദ്ധാന്തിക ദൈവശാസ്ത്രത്തോടും അവഗാഢം ബന്ധപ്പെട്ടതും സജീവവുമായ ബന്ധത്തിൽ, അവരുടെ ശാസ്ത്രീയ ചിന്തയിലൂടെ, "രക്ഷയുടെ സമൂഹത്തിനുള്ളിൽ സ്നേഹത്തിലുള്ള മനുഷ്യൻെറ വളർച്ചയുടെ പ്രക്രിയയിൽ വന്നുചേരുന്ന ദൈവിക വിളിയോട്, മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തെ ഉണർത്തുന്ന "ആ സ്വയംചാലകവശത്തെ" ഉയർത്തിക്കാണിക്കുക എന്നതാണത്. "അങ്ങനെ മനുഷ്യനിലുള്ള ദൈവിക പ്രതിരൂപത്തെ (imago Dei) പൂർണ്ണമായി വികസിപ്പിക്കുക എന്ന ആവശ്യത്തോടുള്ള പ്രത്യുത്തരത്തിൽ, ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രം ആന്തരികമായ ഒരു ആദ്ധ്യാത്മിക മാനം കൈവരിക്കും. ക്രൈസ്തവ സന്ന്യാസ ജീവിതപരമായ ദൈവശാസ്ത്രത്തിലും മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിലും വിവരിച്ചിട്ടുള്ള ആദ്ധ്യാത്മിക വികസനത്തിൻെറ നിയമങ്ങളോടുള്ള പ്രത്യുത്തരത്തിലും അതു പ്രസ്തുത മാനം കൈവരിക്കും".[176]

തീർച്ചയായും, ധാർമ്മിക (സന്മാർഗ്ഗ) ദൈവശാസ്ത്രവും, അതിൻെറ പ്രബോധനവും പ്രത്യേക പ്രയാസങ്ങളെ ഇന്നു നേരിടുന്നുണ്ട്. കാരണം, സഭയുടെ ധാർമ്മികത നിയമപരമായ (normative) ഒരു മാനം അവശ്യാവശ്യകമായി ഉൾക്കൊള്ളുന്നതുകൊണ്ട്, സന്മാർഗ്ഗ ദൈവശാസ്ത്രത്തെ *പെരുമാറ്റ ശാസ്ത്രങ്ങൾ* (behavioural sciences) എന്നു വിളിക്കപ്പെടുന്ന ശാസ്ത്രങ്ങളുടെ സാഹചര്യത്തിൽ മാത്രം സൃഷ്ടിക്കപ്പെട്ട അറിവുകളുടെ ഒരു സംഘാതമായി ഒതുക്കി നിർത്താൻ സാധ്യമല്ല. ഈ പെരുമാറ്റ ശാസ്ത്രങ്ങൾ, ധാർമ്മികത എന്ന പ്രതിഭാസത്തെ, ചരിത്രപരവും സാമൂഹികവുമായ ഒരു യാഥാർത്ഥ്യമെന്ന നിലയിലാണു കൈകാര്യം ചെയ്യുന്നത്. സന്മാർഗ്ഗ ദൈവശാസ്ത്രത്തിനു പെരുമാറ്റശാസ്ത്രത്തെയും സ്വാഭാവിക ശാസ്ത്രങ്ങളെയും ഉപയോഗിക്കേണ്ടതുണ്ട്. അതേസമയം, അത്, ക്രമാനുഗതമായ (formal) അനുഭവാധിഷ്ഠി

www.malankaralibrary.com



തമായ (empirical)പരീക്ഷണ നിരീക്ഷണങ്ങളുടെയും പ്രാതിഭാസികമായ (phenomenological) ധാരണയുടെയും ഫലങ്ങളെ മാത്രം ആശ്രയിക്കുന്നില്ല. യഥാർത്ഥത്തിൽ, സന്മാർഗ്ഗ ദൈവശാസ്ത്രത്തെ സംബന്ധിച്ച് പെരുമാറ്റ ശാസ്ത്രങ്ങൾക്കുള്ള പ്രസക്തിയെ, ആദിമമായ ഒരു ചോദ്യമനുസരിച്ച് അളക്കേണ്ടിയിരിക്കുന്നു: *എന്താണു നന്മ അല്ലെങ്കിൽ തിന്മ?*

*നിത്യജീവൻ പ്രാപിക്കാൻ എന്താണു ചെയ്യേണ്ടത്?*

112. അതുകൊണ്ട്, ഇന്നത്തെ ധാർമ്മിക ദൈവശാസ്ത്രജ്ഞൻ, പ്രബലതരമായ തോതിൽ ശാസ്ത്രീയവും സാങ്കേതികവുമായ ഇന്നത്തെ സംസ്കാരത്തിൻെറ സാഹചര്യത്തിൽ തിരിച്ചറിവിൻെറ കഴിവു ശ്രദ്ധാപൂർവ്വം പ്രയോഗിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ സാംസ്കാരിക സാഹചര്യം, ആപേക്ഷികതാ സിദ്ധാന്തത്തിൻെറയും (relativism) പ്രായോഗികതാവാദത്തിൻെറയും (pragmatism) പ്രകൃതിതത്ത്വജ്ഞാനവാദത്തിൻെറയും (positivism) അപകട സാധ്യതയിലേക്കു തുറന്നിരിക്കുന്നു. ദൈവശാസ്ത്രപരമായ വിക്ഷണമനുസരിച്ച്, ധാർമ്മിക തത്ത്വങ്ങൾ, അവയെ കണ്ടെത്തുന്ന ചരിത്രപരമായ നിമിഷത്തെ ആശ്രയിച്ചല്ല നിലകൊള്ളുന്നത്. മറ്റൊരു വസ്തുത കൂടിയുണ്ട്. ചില വിശ്വാസികൾ സഭയുടെ പ്രബോധനാധികാരത്തിൻെറ പഠനങ്ങളെ അനുസരിക്കാതെ പ്രവർത്തിക്കുന്നുണ്ട്; ദൈവിക നിയമത്തിനു വിരുദ്ധമെന്നു അജപാലകർ പ്രഖ്യാപിച്ച ഒരു പെരുമാറ്റ രീതിയെ ധാർമ്മികമായി ശരിയാണെന്നു തെറ്റിദ്ധരിക്കുന്നുമുണ്ട്. ഇതൊന്നും സഭ പാലിക്കുന്ന ധാർമ്മിക നിയമങ്ങളുടെ സത്യത്തെ ഉപേക്ഷിക്കുന്നതിനു തക്കതായ സാധുതയുള്ള വാദമുഖമല്ല എന്നതാണ് ആ വസ്തുത: ധാർമ്മിക തത്ത്വങ്ങളുടെ സ്ഥിരീകരണം ഔപചാരിക, അനുഭവാധിഷ്ഠിത (empiarical)രീതികളുടെ കഴിവിൽപ്പെട്ടകാര്യമല്ല. അത്തരം രീതികളുടെ സാധുതയെ ധാർമ്മിക ദൈവശാസ്ത്രം ചോദ്യം ചെയ്യുന്നില്ല. അതേ സമയം അതിൻെറ കാഴ്ചപ്പാടിനെ അവയിൽ ഒതുക്കി നിറുത്തുന്നില്ല. വിശ്വാസത്തിൻെറ അതിഭൗതികബോധത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് അതു പ്രഥമവും പ്രധാനവുമായി, മനുഷ്യഹൃദയത്തിൻെറ *ആദ്ധ്യാത്മികമാനത്തെയും ദൈവിക സ്നേഹത്തിലേക്കുള്ള* അതിൻെറ വിളിയെയും പരിഗണിക്കുന്നു.

യഥാർത്ഥത്തിൽ, പെരുമാറ്റ ശാസ്ത്രങ്ങൾ പരീക്ഷണ നിരീക്ഷണാധിഷ്ഠിതങ്ങളായ മറ്റ് എല്ലാ ശാസ്ത്രങ്ങളെയുംപോലെ, "ക്രമത്തിൻെറ" (normality) അനുഭവൈകസിദ്ധിപരവും (empirical) സ്ഥിതി വിവരക്കണക്കു സംബന്ധവുമായ ഒരു സങ്കല്പത്തെ വിക

www.malankaralibrary.com



സിപ്പിച്ചെടുക്കുന്നു. അതേസമയം, മനുഷ്യൻെറ ആദിമ സ്ഥിതിയിൽ നിന്നുണ്ടായ ഒരു വിഴ്ചയുടെ അടയാളങ്ങളെ ഈ ക്രമം തന്നെ സംവഹിക്കുന്നുണ്ടെന്ന്- മറ്റു വാക്കുകളിൽപ്പറഞ്ഞാൽ അതു പാപത്താൽ ബാധിതമാണെന്നു-വിശ്വാസം പഠിപ്പിക്കുന്നു. ക്രിസ്തീയ വിശ്വാസം മാത്രമേ ആരംഭത്തിലേക്ക് (മത്താ 19:8) തിരിച്ചു പോകാനുള്ള മാർഗ്ഗം മനുഷ്യനു ചൂണ്ടിക്കാണിക്കുന്നുള്ളൂ. ആ മാർഗ്ഗം മിക്കപ്പോഴും അനുഭവൈകസിദ്ധിപരമായ (empirical) ക്രമത്തിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. അങ്ങനെ, പെരുമാറ്റ ശാസ്ത്രങ്ങളെ – അവ പ്രദാനം ചെയ്യുന്ന വിവരത്തിനു വളരെ പ്രാധാന്യമുണ്ടെങ്കിലും- ധാർമ്മികനിയമങ്ങളുടെ നിർണ്ണായകങ്ങളായ സൂചനകളായി പരിഗണിക്കാൻ പാടില്ല. സുവിശേഷമാണ്, മനുഷ്യനെയും അവൻെറ ധാർമ്മിക യാത്രയെയും കുറിച്ചുള്ള സമ്പൂർണ്ണ സത്യത്തെ വെളിപ്പെടുത്തുകയും അങ്ങനെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും പാപികൾക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നത്. അത് അവരോടു ദൈവത്തിൻെറ കാരുണ്യത്തെപ്പറ്റി പ്രഘോഷിക്കുന്നു. ദൈവത്തിൻെറ നിയമം മുഴുവനായി അറിയാനും പരിപാലിക്കാനുമുള്ള അവരുടെ ആ ശക്തിയിൽ അവരെ നിരാശയിൽ നിന്നു സംരക്ഷിക്കാനും, യോഗ്യത (merit) കൂടാതെ രക്ഷിക്കപ്പെടുമെന്ന മുൻധാരണയിൽ നിന്നു രക്ഷിക്കാനും ദൈവകാരുണ്യം എപ്പോഴും പ്രവർത്തനനിരതമാണ്. ക്ഷമയുടെ സന്തോഷത്തെപ്പറ്റി പാപികളെ ദൈവം ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ധാർമ്മികനിയമത്തിൽ ഒരു വിമോചനപരമായ ശക്തിയെ- ദൈവാനുഗ്രഹം നിറഞ്ഞ പ്രത്യാശയുടെ സ്രോതസിനെ, ഒരു ജീവിതപഥത്തെ, കണ്ടെത്താനുള്ള ശക്തിയെ- പ്രദാനം ചെയ്യുന്നത് അതു മാത്രമാണ്.

113. ധാർമ്മിക സിദ്ധാന്തത്തിൻെറ അദ്ധ്യാപനം ബുദ്ധിപരവും ആദ്ധ്യാത്മികവും അജപാലനപരവുമായ ഈ ഉത്തരവാദിത്വങ്ങളുടെ ബോധപൂർവ്വകമായ സ്വീകരണത്തെ ഉൾക്കൊള്ളുന്നുണ്ട്. സന്മാർഗ്ഗ ദൈവശാസ്ത്രജ്ഞൻമാർ സഭയുടെ സിദ്ധാന്തത്തെ പഠിപ്പിക്കാനുള്ള ചുമതല ഏറ്റവരാണ്. അങ്ങനെ, അവർക്കു വലിയൊരു കർത്തവ്യമുണ്ട്. ഈ ധാർമ്മിക വിവേചിച്ചറിയൽ നടത്തുവാനും, യഥാർത്ഥ നന്മയോടു സമർപ്പണ ബുദ്ധിയുള്ളവരാകാനും, ദൈവത്തിൻെറ അനുഗ്രഹത്തിലേക്ക് ആത്മവിശ്വാസത്തോടെ അടുക്കുവാനും വിശ്വാസികളെ പരിശീലിപ്പിക്കുക എന്നതാണ് ആ കർത്തവ്യം.

പ്രാതിനിധ്യ സ്വഭാവമുള്ള ജനാധിപത്യത്തിൽ, അഭിപ്രായ കൈമാറ്റവും അവ തമ്മിലുള്ള സംഘട്ടനങ്ങളും പൊതു ജീവിതത്തിൻെറ

www.malankaralibrary.com



സാധാരണ പ്രകാശനങ്ങളാണ്. അതേസമയം ധാർമ്മികതയുടെ അധ്യാപനത്തിന് ഒരു പ്രക്രിയയോടുള്ള ബഹുമാനത്തിൻമേൽ വെറുതെ ആശ്രയിക്കാൻ തീർച്ചയായും സാധ്യമല്ല. യഥാർത്ഥ ത്തിൽ, ജനാധിപത്യത്തിനു സ്വാഭാവികമായിട്ടുള്ള, സവിശേഷത യായ നിയമങ്ങളും ചിന്താപരമായ പ്രവർത്തനപദ്ധതികളും അനുസ രിച്ച് ഒരുവിധത്തിലും സ്ഥാപിക്കപ്പെട്ടതല്ല അത്. ശ്രദ്ധാപൂർവ്വം ക്രമ വത്കരിക്കപ്പെട്ട എതിർപ്പുകളുടെയും തർക്കങ്ങളുടെയും രൂപ ത്തിൽ വാർത്താമാധ്യമങ്ങളിലൂടെ നടന്നുകൊണ്ടിരിക്കുന്ന *വിയോ ജിപ്പ് (dissent) സഭാത്മക കൂട്ടായ്മയ്ക്ക് എതിരാണ്; ദൈവജന ത്തിൻെറ ഹൈരാർക്കിപരമായ ഘടനയെപ്പറ്റിയുള്ള ശരിയായ ധാര ണയ്ക്കും അത് എതിരാണ്.*സഭയുടെ അജപാലകൻമാർ നൽകുന്ന പ്രബോധനത്തോടുള്ള എതിർപ്പ് ക്രൈസ്തവ സ്വാതന്ത്ര്യത്തിൻെറ- യോ, പരിശുദ്ധാത്മാവിൻെറ ദാനങ്ങളുടെ വൈവിധ്യത്തിൻെറയോ നൈയാമികമായ പ്രകാശനമായി കാണാൻ സാധ്യമല്ല. ഇത് സംഭവി ക്കുമ്പോൾ, കത്തോലിക്കാസിദ്ധാന്തത്തെ അതിൻെറ വിശുദ്ധിയി ലും സമഗ്രതയിലും സ്വീകരിക്കാനുള്ള *വിശ്വാസികളുടെ അവകാശത്തെ* എപ്പോഴും ആദരിക്കണമെന്ന് ഊന്നിപ്പറഞ്ഞുകൊ ണ്ട് സഭയുടെ അജപാലകർക്കു തങ്ങളുടെ ശ്ലൈഹിക ദൗത്യത്തിന നുസൃതമായി പ്രവർത്തിക്കാനുള്ള കടമയുണ്ട്. "ദൈവശാസ്ത്രജ് ഞൻ, താനും ദൈവജനത്തിലെ ഒരംഗമാണെന്ന് ഒരിക്കലും മറക്കാ തെ, ദൈവജനത്തെ ആദരിക്കണം. ഒരു വിധത്തിലും വിശ്വാസസി ദ്ധാന്തത്തിനു ദ്രോഹം ചെയ്യാത്ത ഒരു പ്രബോധനം അവർക്കു നൽകുന്നതിനു സമർപ്പിതനായിരിക്കുകയും വേണം".[177]

### *അജപാലകരെന്ന നിലയിൽ നമ്മുടെ തന്നെ ഉത്തരവാദിത്വങ്ങൾ*

114. രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്ന തുപോലെ, ദൈവജനത്തിൻെറ വിശ്വാസത്തിനും അവരുടെ വിശ്വാ സജീവിതത്തിനുമുള്ള ഉത്തരവാദിത്വം പ്രത്യേകമായ വിധത്തിൽ സഭയുടെ അജപാലകരുടെമേൽ ചുമത്തപ്പെട്ടിരിക്കുന്നു. "മെത്രാൻ മാരുടെ മൗലിക കർത്തവ്യങ്ങളിൽ, സുവിശേഷത്തിൻെറ പ്രഘോഷ ണം ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം, മെത്രാൻമാരാണ് വിശ്വാ സത്തിൻെറ അഗ്രഗാമികളായ പ്രഘോഷകർ. അവരാണ് ക്രിസ്തുവി- ലേക്കു പുതിയ ശിഷ്യൻമാരെ നയിക്കുന്നത്. അവരാണ് ആധികാരി കാദ്ധ്യാപകർ. അതായത്, ക്രിസ്തുവിൻെറ അധികാരം നിക്ഷിപ്തരാ യിട്ടുള്ള അധ്യാപകരാണവർ. തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ജനം വിശ്വസിക്കുകയും പ്രായോഗികമാക്കുകയും ചെയ്യേണ്ട വിശ്വാസം അവർ പ്രസംഗിക്കുന്നു. വെളിപാടിൻെറ നിക്ഷേപത്തിൽ നിന്നു

www.malankaralibrary.com



പുതിയതും പഴയതുമായ കാര്യങ്ങൾ പുറത്തെടുത്തുകൊണ്ട് (മത്താ. 13:52) അവർ പരിശുദ്ധാത്മാവിൻെറ പ്രകാശത്തിൽ ഈ വിശ്വാസത്തെ വിശദീകരിച്ചുകൊടുക്കുന്നു. അവർ അതിനെ ഫലവത്താക്കുകയും തങ്ങളുടെ അജഗണത്തെ ഭീഷണിപ്പെടുത്തുന്ന തെറ്റുകളിൽ നിന്ന് അതിനെ ജാഗ്രതാപൂർവ്വം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു (2 തിമോ. 4:1-4)."[178]

സുവിശേഷത്തിൽ കാണുന്ന യുവാവിനെ കർത്താവായ യേശു പഠിപ്പിച്ചതുപോലെ, വിശ്വാസികളെ ദൈവത്തിലേക്കു നയിക്കുന്ന കാര്യങ്ങൾ പഠിപ്പിക്കുകയെന്നത്, അജപാലകരും, സഭയുടെ മെത്രാൻമാരും എന്ന നിലയിൽ നമ്മുടെ പൊതുവായ കർത്തവ്യമാണ്. ഒരു കർത്തവ്യമെന്നതിനുമുമ്പേ നമ്മുടെ പൊതുവായ അനുഗ്രഹമാണത്. "നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് ചെയ്യേണ്ടത്?" എന്ന ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ട്, യേശു, ആ യുവാവിനെ സൃഷ്ടിയുടെയും ഉടമ്പടിയുടെയും കർത്താവായ ദൈവത്തിലേക്കു തിരിച്ചു. പഴയ നിയമത്തിൽ പണ്ടേ ആവിഷ്കൃതമായ ധാർമ്മിക നിയമങ്ങളെപ്പറ്റി അവനെ അനുസ്മരിപ്പിച്ചു. എന്നിട്ട്, ദാരിദ്ര്യത്തിലും വിനയത്തിലും സ്നേഹത്തിലും തന്നെ അനുഗമിക്കാൻ ആ യുവാവിനെ ക്ഷണിച്ചുകൊണ്ട്, ആ നിയമങ്ങളുടെ ചൈതന്യത്തെയും അഗാധതമമായ അർത്ഥത്തെയും സൂചിപ്പിച്ചു: "വന്ന് എന്നെ അനുഗമിക്കുക". ഈ പ്രബോധനത്തിൻെറ സത്യം കുരിശിൽ ക്രിസ്തുവിൻെറ രക്തത്താൽ മുദ്രിതമാക്കപ്പെട്ടു. അതു പരിശുദ്ധാത്മാവിൽ സഭയുടെയും ഒരോ ക്രൈസ്തവൻെറയും നവീന നിയമമായിത്തീർന്നു.

ധാർമ്മികതയെ സംബന്ധിച്ച ചോദ്യത്തിനുള്ള ഈ "ഉത്തരം", സഭയുടെ അജപാലകരായ നമ്മെ പ്രത്യേകമായവിധത്തിൽ യേശുക്രിസ്തു ഏല്പിച്ചിരിക്കുന്നു. നമ്മുടെ *പ്രവാചകകർത്തവ്യത്തിൻെറ* നിർവ്വഹണത്തിൽ അതിനെ നമ്മുടെ പ്രസംഗത്തിൻെറ വിഷയമാക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അതേസമയം, ക്രൈസ്തവധാർമ്മിക പ്രബോധനത്തെ സംബന്ധിച്ചിടത്തോളം, അജപാലകർ എന്ന നിലയിലുള്ള നമ്മുടെ ഉത്തരവാദിത്വം, *പൗരോഹിത്യപരമായ കർത്തവ്യത്തിൻെറ* ഭാഗമായും നിർവ്വഹിക്കണം. ദൈവത്തിൻെറ വിശുദ്ധ നിയമത്തെ അനുസരിക്കാനുള്ള ഫലപ്രദമായ ഉപാധിയെന്ന നിലയിൽ ദൈവാനുഗ്രഹത്തിൻെറയും വിശുദ്ധീകരണത്തിൻെറയും ദാനങ്ങളെ വിശ്വാസികൾക്കു വിതരണം ചെയ്യുമ്പോൾ ഇതു സംഭവിക്കുന്നു. വിശ്വാസത്തിൻെറ ആവശ്യങ്ങളോടു വിശ്വസ്തത പുലർത്താനും സുവിശേഷാനുസൃതം ജീവിക്കാനും വേണ്ടി

www.malankaralibrary.com



യുള്ള വിശ്വാസികളുടെ പരിശ്രമത്തിൽ അവരെ, നമ്മുടെ നിരന്തരവും ആത്മവിശ്വാസമുള്ളതുമായ പ്രാർത്ഥനവഴി സഹായിക്കുമ്പോഴും ഇതു സംഭവിക്കുന്നു (കൊളോ. 1:9-12). പ്രത്യേകിച്ച് ഇന്ന്, നമ്മുടെ അജപാലക ജാഗ്രതയുടെ പാലനത്തിൽ, നമ്മുടെ *രാജകീയ ധർമ്മത്തിന്റെ* നിർവ്വഹണത്തിൽ, ഒരു സുപ്രധാന മേഖല ക്രൈസ്തവ ധാർമ്മികതയുടെ അദ്ധ്യാപനമായിരിക്കണം.

115. വാസ്തവത്തിൽ, സഭയുടെ പ്രബോധനാധികാരം ഈ പ്രബോധനത്തിന്റെ മൗലിക ഘടകങ്ങളെ വിശദമായി ക്രോഡീകരിക്കുന്നതും, പ്രായോഗികവും, സങ്കീർണ്ണവും നിർണ്ണായകം പോലും ആയ സാംസ്കാരിക സാഹചര്യങ്ങളിൽ അവശ്യംവേണ്ട അജപാലനപരമായ വിവേചിച്ചറിയലിനുവേണ്ടിയുള്ള തത്ത്വങ്ങളെ അവതരിപ്പിക്കുന്നതും ആദ്യമായിട്ടാണ്.

വെളിപാടിന്റെയും സഭയുടെ സ്ഥിരമായ പ്രബോധനത്തിന്റെയും പ്രത്യേകിച്ചും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തിന്റെയും വെളിച്ചത്തിൽ, സ്വാതന്ത്ര്യത്തിന്റെ മൗലിക ഘടകങ്ങളെയും, വ്യക്തിയുടെ മഹത്ത്വത്തോടും അവന്റെ പ്രവർത്തികളുടെ സത്യത്തോടും ബന്ധപ്പെട്ട മൗലിക മൂല്യങ്ങളെയും, ഇവിടെ സംക്ഷിപ്തമായി ഞാൻ അനുസ്മരിച്ചു. ഏക പുത്രനിലുള്ള നമ്മുടെ ദത്തിന്റെ ഒരടയാളത്തെയും അനുഗ്രഹത്തെയും ധാർമ്മിക നിയമത്തോടുള്ള അനുസരണത്തിൽ തിരിച്ചറിയാൻ കഴിയുന്നതിനു വേണ്ടിയാണിത് (എഫേ. 1:4-6). ഈ ചാക്രിക ലേഖനം, ധാർമ്മിക ദൈവശാസ്ത്രത്തിൽ ഇന്നു കാണുന്ന ചില പ്രവണതകളെ സവിശേഷീകൃത രീതിയിൽ, വിലയിരുത്തിയിട്ടുണ്ട്. സ്വന്തം സഹോദരങ്ങളെ ശക്തിപ്പെടുത്തുക എന്ന കർത്തവ്യം പത്രോസിനെ ഏല്പിച്ച (ലൂക്കാ 22:32) കർത്താവിന്റെ വാക്കനുസരിച്ച്, നമ്മുടെ പൊതുവായ വിവേചിച്ചറിയലിനെ വ്യക്തമാക്കാനും സഹായിക്കാനും വേണ്ടി ഈ വിലയിരുത്തൽ ഇപ്പോൾ നിങ്ങൾക്കു ഞാൻ കൈമാറുന്നു.

പത്രോസിന്റെ പിൻഗാമിയുടെ അധികാരത്തോടെ ഇന്ന് പുനഃപ്രസ്താവിതമായ ഈ ചാക്രിക ലേഖനത്തിലെ കേന്ദ്രപ്രമേയത്തെ പ്രതിനിധീകരിക്കുന്ന പ്രബോധനം എത്ര പ്രധാനപ്പെട്ടതാണെന്നു നമ്മിൽ ഒരോരുത്തർക്കും അറിയാം. ധാർമ്മിക കല്പനകളുടെ പ്രത്യേകിച്ച്, *പ്രകൃത്യാ തിന്മയായിട്ടുള്ള പ്രവർത്തികളെ* അപവാദമില്ലാതെ എപ്പോഴും നിരോധിക്കുന്ന കല്പനകളുടെ, *സാർവ്വത്രികതയും അപരിവർത്തനീയത്വവും (immutability)* വീണ്ടും ഉറപ്പിച്ചു

www.malankaralibrary.com



*പ്രഖ്യാപിക്കുമ്പോൾ,* വ്യക്തികളെ മാത്രമല്ല, സമൂഹത്തെ മുഴുവനും സംബന്ധിച്ച് അതിൻെറ ഉള്ളടക്കത്തിൻെറ ഗൗരവം നമുക്ക് ഓരോരുത്തർക്കും വ്യക്തമാണ്.

ഈ കല്പനകളെ അംഗീകരിക്കുന്നതിൽ, ക്രൈസ്തവ ഹൃദയങ്ങളും നമ്മുടെ അജപാലകപരമായ സ്നേഹവും "നമ്മെ ആദ്യം സ്നേഹിച്ച" (1 യോഹ. 4:19) ആ ഏകൻെറ ആഹ്വാനമാണ് ശ്രവിക്കുന്നത്. താൻ വിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധരായിരിക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു(ലേവ.19:2). അവിടുന്നു പരിപൂർണ്ണനായിരിക്കുന്നതുപോലെ - ക്രിസ്തുവിൽ - പരിപൂർണ്ണരായിരിക്കാനും (മത്താ. 5:48). നമ്മോടു ആവശ്യപ്പെടുന്നു. ആ കല്പനയുടെ അചഞ്ചലമായ ആവശ്യങ്ങൾ ദൈവത്തിൻെറ അനന്തമായ കരുണാർദ്ര സ്നേഹത്തിൽ (ലൂക്കാ 6:36) അധിഷ്ഠിതമാണ്. ദൈവമക്കൾക്ക് ഉചിതമായ ആ ജീവിത പൂർണ്ണതയുടെ മാർഗ്ഗത്തിൽ, ക്രിസ്തുവിൻെറ അനുഗ്രഹത്താൽ, നമ്മെ നയിക്കുക എന്നതാണ് ആ കല്പനയുടെ ലക്ഷ്യം.

116. *ദൈവവചനം വിശ്വസ്തതാപൂർവ്വം പഠിപ്പിക്കപ്പെടണം.* അക്കാര്യത്തിൽ ജാഗ്രത പുലർത്താൻ മെത്രാൻമാർ എന്ന നിലയിൽ നമുക്കു ചുമതലയുണ്ട്. മെത്രാൻപദവിയിലുള്ള എൻെറ സഹോദരരേ, ഈ ധാർമ്മിക പ്രബോധനം വിശ്വസ്തതാപൂർവ്വം കൈമാറ്റപ്പെടാനും ഇതിനു വിരുദ്ധമായ ഏതൊരു സിദ്ധാന്തത്തിൽ നിന്നും വാദത്തിൽ നിന്നും വിശ്വാസികളെ സംരക്ഷിക്കാൻ തക്ക ഉപാധികൾ സ്വീകരിക്കാനും, ശ്രദ്ധിക്കുക എന്നതു നമ്മുടെ അജപാലന ശുശ്രൂഷയുടെ ഒരു ഭാഗമാണ്. ഈ ദൗത്യനിർവഹണത്തിൽ നമുക്കെല്ലാവർക്കും ദൈവശാസ്ത്രജ്ഞന്മാരുടെ സഹായമുണ്ട്. എന്നിരുന്നാലും, ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ, നമ്മുടെ പ്രബോധനത്തിൻെറ നിയമത്തെയോ(rule) മാനദണ്ഢത്തെയോ (norm) സൃഷ്ടിക്കുന്നില്ല. അതിൻെറ ആധികാരികത പരിശുദ്ധാത്മാവിൻെറ സഹായത്താൽ പത്രോസിനോടുകൂടെയും (cum Petro) പത്രോസിൻെറ കീഴിലും (sub Petro) ഉള്ള കൂട്ടായ്മയിൽ, അപ്പസ്തോലന്മാരിൽനിന്നു വരുന്ന കത്തോലിക്കാ വിശ്വാസത്തോടുള്ള വിശ്വസ്തതയിൽനിന്നു ലഭിച്ചിട്ടുള്ളതാണ്. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച "ശരിയായ സിദ്ധാന്തം" (1തിമോ.1:10) നമ്മുടെ രൂപതകളിൽ പഠിപ്പിക്കപ്പെടുന്നതിനു *വ്യക്തിപരമായി,* ജാഗ്രത പുലർത്താൻ മെത്രാന്മാരെന്നനിലയിൽ നമുക്കു ഗൗരവാവഹമായ കടമയുണ്ട്.

www.malankaralibrary.com



*കത്തോലിക്കാസ്ഥാപനങ്ങളെ* സംബന്ധിച്ച് മെത്രാന്മാർക്കു പ്രത്യേകമായി ഒരു ഉത്തരവാദിത്വമുണ്ട്. അവ, കുടുംബത്തിൻെറ അജപാലന ശ്രദ്ധക്കുവേണ്ടിയോ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടിയോ ഉള്ള ഏജൻസികളായാലും, വിദ്യാഭ്യാസത്തിനോ ആരോഗ്യ പരിപാലനശുശ്രൂഷയ്ക്കോവേണ്ടി സമർപ്പിതങ്ങളായ സ്ഥാപനങ്ങളായാലും മെത്രാന്മാർക്ക് അവയെ കാനോനികമായി സ്ഥാപിക്കാനും അംഗീകരിക്കാനും, അവർക്കു ചില ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുക്കാനും അധികാരമുണ്ട്. എന്നിരുന്നാലും, മെത്രാന്മാർ ഒരിക്കലും അവരുടെ വ്യക്തിപരമായ കടമകളിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. സഭയോടു ബന്ധപ്പെട്ട സ്കൂളുകൾക്കും,[179] യൂണിവേഴ്സിറ്റികൾക്കും[180] ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾക്കും, കൗൺസിലിംഗ് ശുശ്രൂഷകൾക്കും "കത്തോലിക്കാ" എന്ന പേരുനല്കാനും, ആ പേരിനു ചേർന്ന വിധം ജീവിക്കുന്നതിൽ ഗൗരവാവഹമായ പരാജയമുണ്ടായാൽ ആ പേര് അവയിൽ നിന്ന് എടുത്തു കളയാനും ഉള്ള കടമ, പരിശുദ്ധസിംഹാസനത്തോടുള്ള കൂട്ടായ്മയിൽ, മെത്രാന്മാർക്കുള്ളതാണ്.

117. സുവിശേഷത്തിൽ കാണുന്ന യുവാവ് ഒരിക്കൽ യേശുവിനോട് ഉന്നയിച്ച ചോദ്യം ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ, ഓരോ വ്യക്തിയുടെയും ഹൃദയത്തിൻെറ അഗാധതമമായ തലങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്. ആ ചോദ്യമിതാണ്: "ഗുരോ നിത്യ ജീവൻ നേടാൻ എന്തു നന്മയാണ് ഞാൻ ചെയ്യേണ്ടത് ?" (മത്താ.19:16) എന്നാൽ, ഓരോരുത്തനും ആ "നല്ലഗുരു"വിനോട് ഈ ചോദ്യം ചോദിക്കണം. കാരണം, എല്ലാ സാഹചര്യങ്ങളിലും, അങ്ങേയറ്റം വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലും സത്യത്തിൻെറ പൂർണ്ണതയിൽ ഉത്തരം പറയാൻ അവിടുത്തേക്കു മാത്രമേ കഴിയുകയുള്ളൂ. ക്രൈസ്തവർ, അവരുടെ മനസ്സാക്ഷിയിൽനിന്നുയരുന്ന ഈ ചോദ്യം ഉന്നയിക്കുമ്പോൾ, കർത്താവു തൻെറ സഭയെ ഏല്പിച്ചിട്ടുള്ള പുതിയ ഉടമ്പടിയിലെ വാക്കുകളിൽ ഉത്തരം പറയുന്നു. പൗലോസ് അപ്പസ്തോലൻ തന്നെപ്പറ്റിത്തന്നെ പറയുന്നതുപോലെ, നാം അയക്കപ്പെട്ടിരിക്കുന്നു - "സുവിശേഷം പ്രസംഗിക്കാൻ, എന്നാൽ ക്രിസ്തുവിൻെറ [illegible]ിന് അതിൻെറ ശക്തി ചോർന്നുപോകാതിരിക്കാൻ, വാചാലമായ വിജ്ഞാനത്തോടെയല്ല" (1കൊറി.1:17). മനുഷ്യൻെറ ചോദ്യത്തിനുള്ള സഭയുടെ മറുപടി, ക്രൂശിതനായ ക്രിസ്തുവിൻെറ- തന്നെത്തന്നെ സമർപ്പിക്കുന്ന സത്യത്തിൻെറ- ജ്ഞാനത്തെയും ശക്തിയെയും ഉൾക്കൊള്ളുന്നു.

ജനങ്ങൾ, തങ്ങളുടെ മനസ്സാക്ഷി ഉണർത്തുന്ന ചോദ്യങ്ങൾ സഭയോടു ചോദിക്കുമ്പോൾ, സഭയിലെ വിശ്വാസികൾ തങ്ങളുടെ

www.malankaralibrary.com



മെത്രാന്മാരെയും അജപാലകരെയും സമീപിക്കുമ്പോൾ, സഭയുടെ മറുപടി, യേശു ക്രിസ്തുവിന്റെ ശബ്ദമാണ്-നന്മയെയും തിന്മയെയും കുറിച്ചുള്ള സത്യത്തിന്റെ ശബ്ദമാണ്-ഉൾക്കൊള്ളുന്നത്. സഭ അവിടെ പറയുന്ന വാക്കുകളിൽ-ജനങ്ങളുടെ അന്തരാത്മാവിൽ-പ്രതിധ്വനിക്കുന്നതു ദൈവത്തിന്റെ സ്വരമാണ്- നന്മയുടെ ഏകഉടമയും (മത്താ.19:17), സ്നേഹത്തിന്റെ ഏകഉടമയും (1യോഹ.4:8,16) ആയ ദൈവത്തിന്റെസ്വരം.

പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ, ശാന്തവും എന്നാൽ വെല്ലുവിളിക്കുന്നതുമായ ഈ വചനം, മനുഷ്യനു പ്രകാശവും ജീവനുമായിത്തീരുന്നു. വീണ്ടും, പൗലോസ്ശ്ലീഹാ ആത്മധൈര്യത്തിലേക്കു നമ്മെ ക്ഷണിക്കുന്നു. കാരണം, "ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. അവിടുന്ന് എഴുതപ്പെട്ട നിയമത്താലല്ല, ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നു...... കർത്താവ് ആത്മാവാണ്. കർത്താവിന്റെ ആത്മാവ് എവിടെ ഉണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്. കർത്താവിന്റെ മഹത്വം കണ്ണാടിയിലെന്നപോലെ മൂടുപടമണിയാത്ത മുഖത്തു പ്രതിഫലിപ്പിക്കുന്ന നാമെല്ലാവരും അവിടുത്തേ സാദൃശ്യത്തിലേക്ക്, മഹത്വത്തിന്റെ ഒരു അളവിൽ നിന്നു മറ്റൊന്നിലേക്കു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാരണം, ഇത് ആത്മാവായ കർത്താവിൽനിന്നാണു വരുന്നത് (2കോറി.3:5-6, 17-18).

## ഉപസംഹാരം

*മറിയം കാരുണ്യത്തിന്റെ അമ്മ.*

118. ഈ പരിചിന്തനങ്ങളുടെ അവസാനം, നമ്മെയും, നമ്മുടെ ജീവിതത്തിന്റെ സഹനങ്ങളെയും സന്തോഷങ്ങളെയും, വിശ്വാസികളുടെയും സന്മനസ്സുള്ള എല്ലാ മനുഷ്യരുടെയും ധാർമ്മിക ജീവിതത്തെയും, ധർമ്മ ശാസ്ത്രജ്ഞരുടെ ഗവേഷണത്തെയും ദൈവമാതാവും കാരുണ്യത്തിന്റെ മാതാവുമായ മറിയത്തിനു സമർപ്പിക്കാം.

മറിയം കരുണയുടെ മാതാവാണ്. കാരണം, അവളുടെ മകനായ യേശുക്രിസ്തു, ദൈവത്തിനുള്ള കാരുണ്യത്തിന്റെ ആവിഷ്കാരമായിട്ട് പിതാവിനാൽ അയക്കപ്പെട്ടു (യോഹ.3:16-18). ക്രിസ്തു വന്നതു ശപിക്കാനല്ല; ക്ഷമിക്കാനും കാരുണ്യം കാണിക്കാനുമാണ് (മത്താ.9:13). അവിടുന്ന് നമ്മുടെ ഇടയിലായിരിക്കുകയും, തന്നെ കണ്ടെത്താനും പത്രോസിനോടൊപ്പം, അവിടുന്നു "ജീവി

www.malankaralibrary.com



ക്കുന്ന ദൈവത്തിന്റെ പുത്രനാണെന്ന്" (മത്താ.16:16) ഏറ്റുപറയാനും ക്ഷണിക്കുകയും ചെയ്യുന്നതിൽ ആണ് ഏറ്റവും വലിയ കരുണ കാണപ്പെടുന്നത്. നാം അവിടുത്തെ വിളിച്ച് അപേക്ഷിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ കാരുണ്യത്തെ തൂത്തുകളയാനോ വിജയപ്രദമായതിന്റെ ശക്തിയെ അഴിച്ചു വിടുന്നതിൽനിന്ന് അവിടുത്തെ തടയാനോ മാനുഷികമായ ഒരു പാപത്തിനും കഴിയുകയില്ല. യഥാർത്ഥത്തിൽ പാപം തന്നെ പിതാവിന്റെ സ്നേഹത്തെ കൂടുതൽ ശോഭയുള്ളതാക്കുന്നു. ഒരടിമയെ വീണ്ടെടുക്കാൻ തന്റെ പുത്രനെ അവിടുന്ന് ബലയർപ്പിച്ചല്ലോ.[181] നമ്മോടുള്ള അവിടുത്തെ കാരുണ്യം വീണ്ടെടുപ്പാണ്. പുതിയ ജീവിതം നമുക്കു തരുകയും അതനുസരിച്ച് ജീവിക്കാൻ നമ്മോടാവശ്യപ്പെടുകയും ചെയ്യുന്ന ആത്മാവിന്റെ ദാനത്തിൽ ഈ കാരുണ്യം അതിന്റെ തികവിലെത്തുന്നു. മാനുഷിക ദുർബലതയും പാപവും അവിടുത്തെ വഴിയിൽ എന്തു മാത്രം തടസ്സങ്ങൾ വച്ചാലും, എത്ര വലിയ തടസ്സങ്ങൾ സൃഷ്ടിച്ചാലും ഭൂമുഖത്തെ നവികരിക്കുന്ന (സങ്കീ.104:30), പരിശുദ്ധാത്മാവു നന്മയുടെ സംപൂർണ്ണതയുടെ പ്രാപ്തിയാകുന്ന അദ്ഭുതം സാധ്യമാക്കുന്നു. ഈ പുതുക്കൽ-നല്ലതും, ശ്രേഷ്ഠവും, സുന്ദരവും, ദൈവത്തിനു പ്രീതിജനകവും അവിടുത്തെ ഹിതത്തിനു ചേർന്നതുമായവ ചെയ്യാൻ പ്രാപ്തിനൽകുന്ന ഈ പുതുക്കൽ-ഒരു വിധത്തിൽ കാരുണ്യത്തിന്റെ ദാനത്തിന്റെ പുഷ്പിക്കലാണ്. അതു തിന്മയുടെ അടിമത്തത്തിൽനിന്ന് മോചനം നൽകുന്നു. വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള ശക്തി നൽകുകയും ചെയ്യുന്നു. നവജീവന്റെ ദാനം വഴി യേശു അവിടുത്തെ സ്നേഹത്തിൽ നമ്മെ പങ്കുകാരാക്കുന്നു. ആത്മാവിൽ പിതാവിലേക്കു നയിക്കുകയും ചെയ്യുന്നു.

119. ഇത്തരത്തിലുള്ളതാണ്, ക്രിസ്തീയ വിശ്വാസത്തിന്റെ ആശ്വാസപ്രദമായ സുനിശ്ചിതത്വം, അത് അത്യഗാധമായ അതിന്റെ മനുഷ്യത്വത്തിന്റെയും *അസാധാരണമായ അതിന്റെ ലാളിത്യത്തിന്റെയും* ഉറവിടമാണ്. നവീനങ്ങളും സങ്കീർണ്ണങ്ങളുമായ ധാർമ്മിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ ക്രൈസ്തവ ധാർമ്മികത അമിതമായ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതും, മനസ്സിലാക്കാൻ പ്രയാസമുള്ളതും പ്രയോഗത്തിലാക്കാൻ മിക്കവാറും കഴിയാത്തതുമാണെന്ന് ചിലപ്പോൾ തോന്നാം. പക്ഷേ, ഇതു ശരിയല്ല. കാരണം, ക്രൈസ്തവ ധാർമ്മികത, സുവിശേഷത്തിന്റെ ലാളിത്യത്തിൽ, *യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിൽ,* അടങ്ങിയിരിക്കുന്നു; അവിടുത്തേക്കു സ്വയം സമർപ്പിക്കുന്നതിൽ, അവിടുത്തെ അനുഗ്രഹത്താൽ പരിവർത്തിതനാകാനും അവിടുത്തെ കാരുണ്യ

www.malankaralibrary.com



ത്താൽ നവീകൃതനാകാനും സ്വയം സമ്മതിക്കുന്നതിൽ, അടങ്ങിയിരിക്കുന്നു. ഇവ, അവിടുത്തെ സഭയ്ക്കുള്ള സജീവ കൂട്ടായ്മയിൽ നമ്മിലേക്കു വരുന്ന ദാനങ്ങളാണ്. വി. ആഗസ്തീനോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: "ജീവിക്കാൻ ഇഷ്ടപ്പെടുന്നവനു ജീവിക്കാൻ ഒരു സ്ഥലമുണ്ട്, ജീവിക്കാൻ ആവശ്യമായ എല്ലാമുണ്ട്. അവൻ അടുത്തുവരട്ടെ, അവൻ വിശ്വസിക്കട്ടെ, ജീവനുണ്ടാകാൻ വേണ്ടി അവൻ ശരീരത്തിൻെറ ഭാഗമായിത്തീരട്ടെ. അംഗങ്ങളുമായുള്ള ഐക്യത്തിൽനിന്ന് അവൻ പിൻവലിയാതിരിക്കട്ടെ".[182] പരിശുദ്ധാത്മാവിൽ നിന്നുള്ള പ്രകാശത്തിൻെറ സഹായത്താൽ ക്രൈസ്തവ ധാർമ്മികതയെ ഓരോരുത്തനും മനസ്സിലാക്കാൻ കഴിയും, ഏറ്റവും പഠിപ്പു കുറഞ്ഞവനും അതു സാധിക്കും. എന്നാൽ, അവിഭജിതമായ ഹൃദയം (സങ്കീ.86:11) സൂക്ഷിക്കുന്നവർക്ക് അതു പ്രത്യേകിച്ച് മനസ്സിലാകും. അതേസമയം, സുവിശേഷപരമായ ഈ ലാളിത്യം, യാഥാർത്ഥ്യത്തെ അതിൻെറ സങ്കീർണ്ണതയിൽ നേരിടുന്നതിൽനിന്ന് ഒരുവനെ ഒഴിവാക്കുന്നില്ല. മറിച്ച്, യാഥാർത്ഥ്യത്തിൻെറ കൂടുതൽ സത്യസന്ധമായ അറിവിലേക്കു നയിക്കാൻ അതിനു കഴിയും. ക്രിസ്ത്വാനുകരണം, യഥാർത്ഥ ക്രിസ്തീയധാർമ്മികതയുടെ വ്യതിരിക്ത സ്വഭാവത്തെ– അതു നിറവേറ്റാൻ വേണ്ട ജീവപരമായ ഊർജ്ജം നല്കിക്കൊണ്ട്–ക്രമേണ വ്യക്തമാക്കുന്നിടത്തോളം, അപ്രകാരം ചെയ്യാൻ അതിനു കഴിയും. ക്രിസ്തുവിനെ അനുഗമിക്കുന്ന സ്വയംചാലക (dynamic) പ്രക്രിയ, ഒരു സജീവ ശരീരഘടനയായി വികസിക്കാൻ, അതിനെ വ്യാജമാക്കിക്കാണിക്കാതെ അതിൻെറ ധാർമ്മികാവശ്യങ്ങളെ സന്നിഗ്ദ്ധമാക്കാതെ അവയുടെ സർവ്വപരിണത ഫലങ്ങളോടുംകൂടി വികസിക്കാൻ, ശ്രദ്ധിക്കുക എന്നതു സഭയുടെ പ്രബോധനാധികാരത്തിൻെറ ദൗത്യമാണ്. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ അവിടുത്തെ കല്പനകൾ പാലിക്കുന്നു (യോഹ.14:15).

120. മറിയം കാരുണ്യത്തിൻെറയും അമ്മയാണ്. കാരണം, യേശു തൻെറ സഭയെയും മനുഷ്യവംശം മുഴുവനെയും അവൾക്കാണു സമർപ്പിച്ചത്. കുരിശിൻ ചുവട്ടിൽ വച്ച് യോഹന്നാനെ അവൾ തൻെറ പുത്രനായി സ്വീകരിച്ചു. തങ്ങൾ ചെയ്യുന്നതെന്തെന്ന് അറിയാത്തവർക്കുവേണ്ടി (ലൂക്കാ 23:34) ക്രിസ്തുവിനോടൊപ്പം പിതാവിനോടു മാപ്പു ചോദിക്കുകയും ചെയ്തു. അങ്ങനെ ചെയ്തപ്പോൾ മറിയം, ആത്മാവിനോടുള്ള പൂർണ്ണമായ വിധേയത്വത്തിൽ, ദൈവസ്നേഹത്തിൻെറ സമ്പന്നതയും സാർവ്വത്രികതയും അനുഭവിച്ചു. ആ സ്നേഹം അവരുടെ ഹൃദയത്തെ തുറക്കുകയും, മനുഷ്യരാശിയെ മുഴുവനും ആശ്ലേഷിക്കാൻ അതിനെ കഴിവുള്ളതാക്കുകയും

www.malankaralibrary.com



ചെയ്തു. അപ്രകാരം മറിയം നമ്മുടെ ഓരോരുത്തരുടെയും അമ്മയായിത്തീരുന്നു. നമുക്കായി ദൈവികകാരുണ്യം സമ്പാദിക്കുന്ന അമ്മയായിത്തീരുന്നു.

ധാർമ്മിക ജീവിതത്തിൻെറ പ്രകാശക്കതിരുകൾ പരത്തുന്ന അടയാളവും, ക്ഷണിക്കുന്ന മാതൃകയുമാണു മറിയം. വിശുദ്ധ അംബ്രോസ് പറയുന്നതുപോലെ "ഈ ഒറ്റ വ്യക്തിയുടെ ജീവിതം എല്ലാവർക്കും മാതൃകയായി പ്രയോജനപ്പെടും"[183]. കന്യകകളോടു മാത്രമായി-എന്നാൽ എല്ലാവർക്കും യോജിക്കുന്ന ഒരു സാഹചര്യത്തിൽ- അദ്ദേഹം ഇങ്ങനെ ഉറപ്പിച്ചു പറഞ്ഞു: "പഠിക്കാനുള്ള ഒന്നാമത്തെ പ്രചോദനം അധ്യാപകൻെറ ശ്രേഷ്ഠതയാണ്. ദൈവത്തിൻെറ അമ്മയെക്കാൾ കൂടുതൽ ശ്രേഷ്ഠതയുണ്ടായിരിക്കാൻ ആർക്കുകഴിയും? മഹത്ത്വംതന്നെയായവനാൽ തിരഞ്ഞെടുക്കപ്പെട്ടവളെക്കാൾ കൂടുതൽ മഹത്വമുള്ളവളായിരിക്കാൻ ആർക്കുകഴിയും?" [184] ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചുകൊണ്ടും, തന്നിൽ ദൈവത്തിൻെറ ദാനം സ്വീകരിച്ചുകൊണ്ടും മറിയം തൻെറ സ്വാതന്ത്ര്യം ജീവിക്കുകയും വിനിയോഗിക്കുകയും ചെയ്തു. ദൈവപുത്രന് അവൻെറ ജനനസമയം വരെ അവൾ തൻെറ ഗർഭത്തിൽ ആശ്രയസ്ഥാനം നല്കി. അവിടുത്തെ ജീവിതത്തിൻെറ സമ്പൂർണ്ണയാഗമാകുന്ന, സ്വാതന്ത്ര്യത്തിൻെറ പരമമായ കർമ്മത്തിലേക്ക് അവൾ അനുയാത്രചെയ്തു. തന്നെത്തന്നെ ലോകത്തിനു ദാനം ചെയ്യുന്ന ദൈവത്തിൻെറ പദ്ധതിയിലേക്ക്, തന്നെത്തന്നെ ദാനം ചെയ്തുകൊണ്ടു മറിയം പൂർണ്ണമായി പ്രവേശിച്ചു. തനിക്ക് എപ്പോഴും മനസ്സിലാക്കാൻ കഴിയാത്ത സംഭവങ്ങളെ സ്വീകരിച്ചുകൊണ്ടും ഹൃദയത്തിൽ അവയെപ്പറ്റി വിചാരിച്ചുകൊണ്ടും (ലൂക്കാ.2:19) അവൾ ദൈവവചനം ശ്രവിക്കുകയും അതു സൂക്ഷിക്കുകയും ചെയ്യുന്ന എല്ലാവരുടെയും മാതൃകയായിത്തീർന്നു (ലൂക്കാ.11:28). "ജ്ഞാനത്തിൻെറ ഇരിപ്പിടം" എന്ന ബഹുമതിക്ക് അവൾ അർഹയാവുകയും ചെയ്തു. പിതാവിൻെറ ഹിതം പൂർണ്ണമായി വെളിവാക്കുകയും നിറവേറ്റുകയും ചെയ്ത, ദൈവത്തിൻെറ നിത്യ വചനമായ, യേശുക്രിസ്തുതന്നെയാണു ജ്ഞാനം (ഹെബ്രാ 10:5-10). ഈ ജ്ഞാനത്തെ സ്വീകരിക്കാൻ മറിയം എല്ലാവരെയും ക്ഷണിക്കുന്നു. ഗലീലിയിലുള്ള കാനായിലെ കല്യാണവിരുന്നിൽ, സേവകർക്ക് അവൾ നൽകിയ കല്പന അവൾ നമുക്കും നല്കുന്നു: "അവൻ പറയുന്നതെല്ലാം നിങ്ങൾ ചെയ്യുവിൻ" (യോഹ.2:5).

മറിയം നമ്മുടെ മാനുഷികാവസ്ഥയിൽ പങ്കുപറ്റുന്നുണ്ട്. പക്ഷേ, ദൈവത്തിൻെറ അനുഗ്രഹത്തോടുള്ള തികഞ്ഞ തുറവിയോ

www.malankaralibrary.com



ടെയാണ് അങ്ങനെ ചെയ്യുന്നത്. പാപം എന്തെന്ന് അറിഞ്ഞിട്ടില്ലാത്ത വൾ, എല്ലാത്തരം ദുർബലതകളിലും സഹതപിക്കാൻ പ്രാപ്തയാണ്. പാപമുള്ള മനുഷ്യനെ അവൾ മനസ്സിലാക്കുന്നു. മാതൃസഹജമായ സ്നേഹംകൊണ്ട് അവനെ സ്നേഹിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽത്തന്നെ അവൾ സത്യത്തിൻെറ പക്ഷത്താണ്. ധർമ്മികതയുടെ ആവശ്യങ്ങളെപ്പറ്റി, എപ്പോഴും എല്ലാവരെയും ഓർമ്മിപ്പിക്കാനുള്ള സഭയുടെ കടമയിൽ അവൾ പങ്കുചേരുകയും ചെയ്യുന്നു. പാപത്തെ നീതീകരിച്ചുകൊണ്ട് സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നവരാൽ വഞ്ചിക്കപ്പെടാൻ പാപമുള്ള മനുഷ്യനെ അവൾ അനുവദിക്കുന്നില്ല. കാരണം, തൻെറപുത്രനായ ക്രിസ്തുവിൻെറ യാഗം അങ്ങനെ ശക്തിശൂന്യമായി പരിണമിക്കുമെന്ന് അവൾക്കറിയാം. തത്ത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും മണ്ഡലങ്ങളിലായാൽപ്പോലും, വഞ്ചനാത്മകങ്ങളായ സിദ്ധാന്തങ്ങൾ നല്കുന്ന ഒരു പാപമോചനത്തിനും മനുഷ്യനെ യഥാർത്ഥ്യത്തിൽ സന്തോഷവാനാക്കാൻ കഴിയുകയില്ല. കുരിശിനും ഉത്ഥിതനായ ക്രിസ്തുവിൻെറ മഹത്ത്വത്തിനും മാത്രമേ അവൻെറ മനസ്സാക്ഷിക്കു സമാധാനവും അവൻെറ ജീവിതത്തിനു രക്ഷയും നൽകാൻ കഴിയുകയുള്ളൂ.

ഓ മറിയമേ, കാരുണ്യത്തിൻെറ മാതാവേ,
എല്ലാവരെയും കാത്തുസൂക്ഷിക്കണമേ.

ക്രിസ്തുവിൻെറ കുരിശ് ശക്തിരഹിതമാകാതിരിക്കാൻ, നന്മയുടെ പാതയിൽ നിന്നു മനുഷ്യൻ തെറ്റിപ്പോകാതിരിക്കാൻ, അല്ലെങ്കിൽ പാപത്തെ സംബന്ധിച്ച് അന്ധനാകാതിരിക്കാൻ, കാരുണ്യത്താൽ സമ്പന്നനായ ദൈവത്തിൽ (എഫേ.2:4) അവൻ പൂർവ്വാധികം പൂർണ്ണമായി പ്രത്യാശവയ്ക്കാൻ ദൈവം മുൻകൂട്ടി തയ്യാറാക്കിയ നല്ല പ്രവൃത്തികൾ അവർ ചെയ്യട്ടെ (എഫേ.1:12.). "അങ്ങനെ അവിടുത്തെ മഹത്വത്തിനു വേണ്ടി" ജീവിക്കട്ടെ (എഫേ.2:10).

റോമിൽ , സെൻറ് പീറ്റേഴ്സിൽ, 1993 ആഗസ്റ്റ് 6-ാം തീയതി, കർത്താവിൻെറ മറുരൂപപ്പെരുന്നാളിന്, എൻെറ ആചാര്യത്വത്തിൻെറ 15-ാം വർഷം, നല്കപ്പെട്ടത്.

ജോൺ പോൾ II

(ഒപ്പ്)

MALANKARA
LIBRARY

www.malankaralibrary.com

# NOTES

1. Pastoral constitution on the Church in the Modern World, Gaudium et spes, no. 22.
2. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church, Lumen gentium, n. 1.
3. Cf.Ibid., n.9.
4. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n. 4.
5. Paul VI. Address to the General Assembly of the United Nations (4 October 1965), 1: AAS 57 (1965), 878; cf. Encyclical Letter, Populorum progressio (26 March 1967),n. 13; AAS 59 (1967) 263-264.
6. Cf. Second Vatican Ecumencal Council, Pastoral Constitution on the Church in the Modern World, Gaudium et spes, n.16.
7. Dogmatic Constitution on the Church, Lumen gentium, n.16.
8. Pius XII had already pointed out this Doctrinal development: cf. Radio Message for the Fiftieth Anniversary of the Encyclical Letter Return novarum of Leo XIII (1 June 1941); AAS 33 (1941),195-205, Also John XXIII, Encyclical Letter, Mater et magistra (15 May 1961): AAS 53 (1961) : 410-413.
9. Apostolic Letter, Spiritus Domini (1 August 1987) : AAS 79 (1987) , 1374.
10. Catechism of the Catholic Church, n. 1692.
11. Apostolic Constitution, Fidei depositum (11 October 1992), n. 4.
12. Cf. Second Vatican Ecumenical Council Dogmatic Constitution on Divine Revelation, Dei Verbum, n.10.
13. Cf. Apostolic Epistle, Parati semper, to the Young People of the world on the occasion of the International Year of Youth (31 March 1985 ), nn. 2-8: AAS 77 (1985), 581-600.

www.malankaralibrary.com



14. Cf. Decree on Priestly Formation, Optatam totius, n. 16.

15. Encyclical Letter, Redemptor hominis (4 March 1979), n. 13: AAS 71 (1979), 282.

16. Ibid., n.10: loc. cit., 274.

17. Examerон, Dies VI, Sermo IX, 8, 50: CSEL 32, 241.

18. Saint Leo the Great, Sermo XCII, Chap, III: PL 54,454.

19. Saint Thomas Aquinas, In Duo Praecepta Caritatis et in Decem Legis Praecepta, Prologus: Opuscula Theologica, II, n. 1129 Ed. Taurinen. (1954) 245 : cf. Summa Theologiae, I-II, q. 91, a, 2 : Catechism of the Catholic Church, n. 1955.

20. Cf. Saint Maximus the Confessor, Quaestiones ad Thalassium, Q. 64; PG 90, 723-728.

21. Second Vatican Ecumenical council, Pastoral Constitution on the Church in the Modern World, Gaudium et spes, n.24.

22. Catechism of the Catholic Church, n. 2070.

23. In Iohannis Evangelium Tractatus, 41, 10; CCL 36, 363.

24. Cf. Saint Augustine , De Sermone Domini in Monte, I, 1, 1,; CCL 35, 1-2.

25. In Psalmum CXVIII Expositio, Sermo 18, 37: PL 15, 1541; cf. Saint Chromatius of Aquileia, Tractatus in Matthaeum, XX, I, 1-4; CCL 9/A, 291-292.

26. Cf. Catechism of the Catholic Church, n. 1717.

27. In Iohannis Evangelium Tractatus, 41, 10:CCL 36,363.

28. Ibid., 21,8:CCL 36, 216.

29. Ibid., 82,3:CCL 36, 533.

30. De Spiritu et Littera, 19,34: CSEL 60, 187.

31. Confessiones, X, 29, 40,: CCL 27, 176; Cf. De Gratia et Libero Arbitrio, X V: PL 44, 899.

32. Cf. De Spiritu et Littera, 21, 36, 26, 46, CSEL 60, 189-190; 200-201.

33. Cf. Summa Theologiae, I-II, q. 106, a, I conclusion and ad 2um.

34. In Matthaeum, Hom 1, 1: PG 57, 15.

35. Cf. Saint Irenaeus, Adversus Haereses, IV, 26, 2-5; SCh 100/2, 718-729.

www.malankaralibrary.com



36. Cf. Saint Justin, Apologia, I, 66: PG 6, 427-430.
37. Cf. Pt 2:12 ff.; cf. Didache, II, 2: Patres Apostolici, ed. F.X. Funk, I, 6-9; Clement of Alexandria, Paedagogus,I,10; II, 10; PG 8, 355-364; 497-536; Tertulian, Apologeticum, IX, 8:CSEL, 69,24.
38. Cf. Saint Ignatius of Antioch, Ad Magnesios, VI, 1-2: Patres Apostolici, ed. F.X. Funk, I, 234-235; Saint Irenaeus, Adversus Haereses, IV, 33 :1, 6, 7; SCh 100/2,802-805; 814-815; 816-819.
39. Dogmatic Constitution on Divine Revelation, Dei Verbum, n.8.
40. Cf. Ibid.
41. Ibid., n. 10.
42. Code of Canon Law, Canon 747.2.
43. Dogmatic constitution on Divine revelation, Dei verbum, n.7.
44. Second Vatican Eumenical Council, Pastoral constitution on the Church in the Modern World, Gaudium et spes, n.22.
45. Decree on Priestly Formation, Optatam totius, n.16.
46. Pastoral Constitution on the Church in the Modern World, Gaudium et spes, n.62.
47. Ibid.
48. Cf. Second Vatican Ecumenical council, Dogmatic constitution on Divine Revelation, Dei Verbum, n.10.
49. Cf. First Vatican Ecumenical Council, Dogmatic Constitution on the Catholic Faith, Dei Filius, Chap. 4: DS, 3018.
50. Second Vatican Ecumennical Council, Declaration on the Relationship of the Church to Non-Christian Religions, Nostra aetate, n.I.
51. Cf. Second Vatican Ecumenical Council, Pastoral constitution on the Church in the Modern World, Gaudium et spes, nn. 43-44.
52. Declaration on Religious Freedom, Dignitatis humanae, n. I, referring to John XXIII, Encyclial Letter, Pacem in Terris (11 April 1963): AAS 55 (1963), 279; ibid., 265, and to Pius XII, Radio Message (24 December 1944); AAS 37 (1945), 14.

www.malankaralibrary.com



53. Declaration on Religious Freedom, Dignitatis humanae, n.I

54. Cf. Encyclical Letter, Redemptor Hominis (4 March 1979), n. 17: AAS 71 (1979), 295-300; Address to those taking part in the Fifth International Colloquium of Juridical Studies (10 March 1984), n. 4: Insegnamenti VII, I (1984), 656; Congregation for the Doctrine of the Faith, Instruction on Christian Freedom and Liberation, Libertatis conscientia (22 March 1986), n. 19: AAS 79 (1987), 561.

55. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n. 11.

56. Ibid., n. 17.

57. Ibid.

58. Cf. Second Vatican Ecumenical Council, Declaration on Religious Freedom Dignitatis humanae, n. 2; cf. also Gregory XVI, Encyclical Epistle, Mirari vos arbitramur (15 August 1832): Acta Gregori Papae XVI, I, 169-174; Pius IX, Encyclical Epistle, Quanta Cura (8 December 1864: Pii IX P.M. Acta, 1, 3, 687-700; Leo XIII, Encyclical Letter Libertas Praestantissium (20 June 1888): Leonis XIII P.M. Acta, VIII, Romae 1889, 212-246.

59. A Letter Addressed to His Grace the Duke of Norfolk; Certain Difficulties Felt by Anglicans in Catholic Teaching (Uniform Edition: Longman, Green and Company, London, 1868-1881), vol. 2, p.250.

60. Cf. Pastoral Constitution on the Church in the Modern World Gaudium et spes, nn. 40 and 43.

61. Cf Saint Thomas Aquinas, Summa Theologiae, I-II. Q. 71, a. 6; see also ad 5 um.

62. Cf. Pius XII, Encyclical Letter Humani Generis (12 August 1950) AAS 42 (1950), 561-562.

63. Cf. Ecumenical Council of Trent, Sess. VI, Decree on Justification, Cum hoc tempore, Canons 19-21; DS, 1569-1571.

64. Pastoral Constitution on the Church in the Modern World, Gaudium et spes, n. 17.

65. De Hominis Opificio, Chap. 4: PG 44, 135-136.

www.malankaralibrary.com



66. Pastoral Constitution on the Church in the Modern World, Gaudium et spes, n. 36.
67. Ibid.
68. Ibid.
69. Cf. Saint Thomas Aquinas, Summa Theologiae, I-II, q. 93. a. 3., ad 2um, cited by John XXIII, Encyclical Letter, Pacem in Terris (II April 1963); AAS 55 (1963), 271.
70. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudim et spes, n. 41.
71. Saint Thomas Aquinas, In Duo Praecepta Caritatis et in Decem Legis Praecepta. Prologus; Opuscula Theologica, II, n. 1129, Ed. Taurinen. (1954), 245.
72. Cf. Address to a group of Bishops from the United States on the occasion of their ad Limina Visit (15 October 1988), 6: Insegnamenti, XI, 3 (1988), 1228.
73. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n. 47.
74. Cf. Saint Augustine, Enarratio in Psalmun LXII, 16: CCL 39, 804.
75. Pastoral Constitution on the Church in the Modern World, Gaudium et spes, n. 17.
76. Summa Theologiae, I-II, q.91, a. 2.
77. Catechism of the Catholic Church, n. 1955.
78. Declaration on Religious Freedom Dignitatis humanae, n.3.
79. Contra Faustum, Bk 22, Chap. 27: PL 42, 418.
80. Summa Theologiae, I-II, q. 93, a. I.
81. Cf. Ibid., I-II, q. 90. a. 4 ad 1 um.
82. Ibid., I-II, q. 91, a. 2.
83. Encyclical Letter, Libertas Praestantissinum (20 June 1888): Leonis XIII P.M. Acta, VIII, Romae 1889, 219
84. In Epistulam ad Romanos, c. VIII, lect. I.
85. Cf. Sess. IV, Decree on Justification, Cum hoc tempore, Chap. I: DS, 1521.

www.malankaralibrary.com



86. Cf. Ecumenical Council of Vienne, Constitution Fidei Catholicae: DS, 902: Fifth Lateran Ecumenical Council, Bull, Apostolici regiminis: DS, 1440.
87. Second Vatican Ecumenical Council Pastoral Constitution on the Church in the Modern World, Gaudium et spes, n.14.
88. Cf. Sess. VI. Decree on Justification, Cum hoc tempore, chap. 15: DS. 1544. The Post-Synodal Apostolic Exhortation on Reconciliation and Penance in the Mission of the Church Today cites other texts of the Old and New Tesatments which condemn as mortal sins certain modes of conduct involving the body: cf. Reconciliatio et Paenitentia (2 December 1984). n. 17; AAS 77 (1985), 218-223.
89. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudim et spes, n. 51.
90. Congregation for the Doctrine of the Faith. Instruction on respect for Human life in its Origin and on the Dignity of Procreation, Donum Vitae (22 February 1987). Introduction, 3 : AAS 80 (1988).74; Cf. Paul VI, Encyclical Letter Humanae Vitae (25 July 1968), n. 10; AAS 60 (1968), 487-488.
91. Apostolic Exhortation Familiaris consortio (22 November 1981), n. 11; AAS 74 (1982), 92.
92. De Trinitate, XIV, 15, 21; CCL 50/A, 451.
93. Cf. Saint Thomas Aquinas, Summa Theologiae, I-II, q, 94, a. II.
94 Cf.Second Vatican EcumenicalCouncil, Pastoral Constitution on the Church in the Modern World, Gaudium et spes, n. 10; Sacred Congregation for the Doctrine of the Faith, Declaration on Certain Questions concerning Sexual Ethics, Persona humana (29 December 1975), n. 4: AAS 68 (1976), 80: "But in fact, divine Revelation and, in its own proper order, Philosophical wisdom, emphasize the authentic exigencies of human nature. They there by necessarily manifest the existance of immutable laws inscribed inthe constitutive elemnts of

www.malankaralibrary.com



human nature and which are revealed to be identical in all beings endowed with reason".

95. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n. 29.

96. Cf. ibid., n. 16.

97. Ibid., n. 10.

98. Cf. Saint Thomas Aquinas, summa Thelogiae I-II, q. 108, a.I. St. Thomas bases the fact that moral norms, even in the context of the New Law, are not merely formal in character but have a determind content, upon the assumption of human nature by the Word.

99. Saint Vincent of Lerins, Commonitorium Primum, c.23: PL 50, 668.

100. The development of the Church's moral doctrine is similer to that of the doctrine of the faith (cf. First Vatican Ecumenical Council, Dogmatic Constitution on the Catholic Faith, Dei Filius . Chap. 4: DS, 3020, and Canon 4: DS, 3024). The words spoken by John XXIII at the opening of the Second Vatican Council can also be applied to moral doctrine: "This certain and unchanging teaching (i.e., Christian doctrine in its completeness), to which the faithful owe obedience needs to be more deeply understood and set forth in a way adapted to the needs of our time. Indeed, this deposit of the faith, the truths contained in our time-honoured teaching, is one thing; the manner in which these truths are set forth (with their meaning preserved intact) is something else": AAS 54 (1962), 792; cf. L'Osservatore Romano, 12 October 1962, p.2..

101. Pastoral Constitution on the Church in the Modern World, Gaudim et spes, n.16.

102. Ibid.

103. In II Librum Sentent. dist. 39, a. I. q. 3 conclusion: Ed. Ad Claras Aquas, II, 907 b.

104. Address (General Audience, 17 August 1983), n.2: insegnamenti, VI, 2 (1983) 256.

105. Supreme Sacred Congregation of the Holy Office, Insruction on "Situation Ethics" Contra Doctrinam (2 February 1956): AAS 48 (1956), 144.

www.malankaralibrary.com



106. Encyclical Letter, Dominum et Vivificantem (18 May 1986), n. 43: AAS 78 (1986), 859;cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern Worod, Gaudium et spes, n.16;, Declaration on Religious Freedom, Dignitatis humanae, n. 3.
107. Second Vatican Ecumenical Council, Pastoral Constitution the Church in the Modern World, Gaudium et spes, n. 16.
108. Cf. Saint Thomas Aquinas, De Veritate, q. 17, a. 4.
109. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n.16.
110. Cf. Saint Thomas Aquinas, Summa Theologiae, II-II, q. 45, a. 2.
111. Declaration on Religious Freedom, Dignitatis humanae, n.14.
112. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation, Dei Verbum, n. 5; cf. First Vatican Ecumenical Council, Dogmatic Constitution on the Catholic Faith, Dei Filius, chap. 3, DS, 3008.
113. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation, Dei Verbum, 5. Cf. Secred Congregation for the Doctrine of the Faith Declaration on certain Questions regarding Sexual Ethics, Persona humana (29 December 1975), n. 10: AAS 68 (1976), 88-90.
114. Cf. Post-Synodal Apostolic Exhortation, Reconciliatio et Paenitentia (2 December1984) , n. 17: AAS 77 (1985), 218-223.
115. Sees. VI, Decree on Justification, Cum hoc tempore, Chap. 15: DS, 1544; Canon 19; DS, 1569.
116. Post-Synodal Apostolic Exhortation, Reconciliatio et Paenitentia (2 December 1984), n. 17: AAS 77(1985), 221.
117. Ibid.: loc, cit., 223.
118. Ibid,: loc. cit., 222
119. Cf. Second Vatican Ecumenical Council Pastoral Constitution on the Church in the Modern World, Gaudium et spes, n. 17.

www.malankaralibrary.com



120. Cf. Saint Thomas Aquinas, Summa Theologiae, I-II, q. 1, a. 3: "Idem sunt actus morales et actus humani".
121. Ta Moysis, II, 2-3: PG 44, 327-328.
122. Saint Thomas Aquinas, Summa Theologiae, II-II, q. 148, a.3.
123. The Second Vatican Council, in the Pastoral Constitution on the Church in the Modern World, makes this clear: "The applies not only to Christians but to all men of good will in whose hearts grace is secretly at work. Since Christ died for all and since man's ultimate calling comes from God and is therefore a universal one, we are obliged to hold that the Holy Spirt offers to all the possibility of sharing in this paschal mystery in a manner known to God" : Gaudium et spes, n. 22.
124. Tractatus ad Tiberium Diaconum sociosque, II. Responsiones ad Tiberium Diaconum sociosque: Sant Cyril of Alexandria, In Divi Johnnis Evangelium, vol. III, ed. Philip Edward Pusey, Brussels, Culture et Civilistations (1965), 590.
125. Cf. Ecumenical Council of Trent, Session VI, Decree on Justifications, Cum hoc tempores, Canon 19: DS, 1569, See also: Clement XI, Constitution Unigenitus Dei Filius (8 Septmber 1713) against the Errors of Paschasius Quesnel, nn. 53-56: DS, 2453-2456.
126. CF. Summa Theologiae, I-II, q. 18, a.6.
127. Catechism of the Catholic Church, n. 1761.
128. In Duo Praecepta Caritatis et in Decem Legis Praecepta. De Dilectione Dei: Opuscula Theologica, II, n. 1168, Ed. Taurinen. (1954), 250.
129. Saint Alphonsus Maria de' Ligori, Pratica di amar Gesu Cristo, VII, 3.
130. Cf. Summa Thelogia [illegible], q. 100, a.1.
131. Post-Synodal Apostolic Exhortation, Reconciliatio et Paenitentia (2 December 1984), n.17: AAS 77 (1985), 221; Cf. Paul VI, Address to Members of the Congregation of the Most Holy Redeemer. (September 1967); AAS 59 (1967), 962; "Far be it form Chirstians to be led to embrace another opinion, as if the Council taught that nowadays some

www.malankaralibrary.com



things are permitted which the Church had previously declared intrinsically eveil. Who dose not see in this the rise of a depraved morl relativism, One that clearly endangers the Church's entire doctrinal heritage ?"

132. Pastoral Constitution on the Church in the Modern World, Gaudium et spes, n. 27.

133. Encyclical Letter, Humanae Vitae (25 July 1968), n. 14: AAS 60 (1968), 490-491.

134. Contra Mendacium, VII, 18: PL 40, 528: cf. Saint Thomas Aquinas, Quaestiones Quodlibetales, IX, q.7, a. 2; Catechism of the Catholic Church, nn.1753-1755.

135. Second Vatican Ecumenical Council, Declaration on Religious Freedom, Dignitaties humananae, n,7.

136. Address to those taking part in the International Congress of Moral Theology (10 April 1986), n. 1: Insegnamenti Ix, 1 (1986), 970.

137. Ibid,. n.2: loc., cit., 970-971.

138. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n.24.

139. Cf. Encyclical Letter, Redemptor Hominis (4 March 1979), n. 12: AAS 71 (1979), 280-281.

140. Enarration in Psalmum XCIX, 7: CCL 39, 1379.

141. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church, Lumen gentium, n.36; cf. Encyclical Letter, Redemptor hominis (4 March 1979), n.21: AAS 71 (1979), 316-317.

142. Roman Missal, Prayer for the Memorial of the Beheading of John the Baptist, Martyr, 29 August.

143. Saint Bede the Venerable, Homeliarum Evangelii Libri, II, 23: CCL 122, 556-557.

144. Cf. Second Vatican Ecumenical Counicil, Pastoral Constitution on the Church in the Modern World. Gaudim et spes, n. 27.

145. Ad Romnos, VI, 2-3: Patres Apostolici, ed. F. X. Funk, I, 260-261.

146. Moralia in Job, VII, 21, 24: PL 75, 778: "huius mundi aspera pro aeternis Praemiis amare".

www.malankaralibrary.com



147. "Summum crede nefas animam praeferre pudori et propter vitam vivendi perdere causas": Satirae, VIII, 83-84.
148. Apologia II, S: PG 6, 457-458.
149. Apostolic Exhortation, Familiaris Consortio (22 November 1981), n. 33: AAs 74 (1982), 120.
150. Cf. Ibid., n. 34; loc. cit., 123-125.
151. Post-Synodal Apostolic Exchortation, Reconciliatio et paenitentia (2 December 1984), n.34: ASS 77 (1985), 272.
152. Encyclical Letter, Humanae vitae (25 July 1968), n. 29: AAS 60 (1968), 501.
153. Second Vatican Ecumenical Council. Pastoral Constitution on the Church in the Modern World, Gaudium et spes, n. 25.
154. Cf. Encyclical Letter, Centesimus annus (I May 1991), M n. 24: AAS 83 (1991), 821-822.
155. Ibid., n. 44: loc. cit., 848-849; cf. Leo XIII, Encyclical Letter, Libertas Praestantissimum (20 June 1888): Leonis XIII P.M. Acta, VIII, Romae 1889, 224-226.
156. Encycilical Letter Sollicitudo rei socialis (30 December 1987), n. 41: AAS 80 (1988), 571.
157. Catechism of the Catholic Church, n. 2407.
158. Cf. Ibid., nn. 2408-2413.
159. Ibid., n. 2414.
160. Cf. Post-Synodal Apostolic Exhortation, Christifideles Laici (30 December 1988), n. 42: AAS 81 (1989), 472-476.
161. Encyclical Letter, Centesimus annus (I May 1991), n. 46: AAS 83 (1991), 850.
162. Sess. VI, Decree on Justification, Cum hoc tempore, Chap. 11: DS, 1536; of. Canon 18: DS, 1568. The celebrated text from Saint Augustine, which the Council cites, is found in De Natura et gratia. 43, 40 (CSEL 60, 270).
163. Oratio I: PG 97, 805-806.
164. Address to those ta[illegible] part in a course on "responsible parenthood" (I March 1984), n. 4; Insegnamenti VII, I (1984), 583.
165. De. Interpellatione David, IV, 6,22: CSEL 32/2, 283-284.
166. Address to the Bishops of CELAM (9 March 1983), III: Insegnamenti, VI, I (1983), 698.
167. Apostolic Exchortation, Evangelii nuntiandi (8 December 1975), n. 75: AAS 68 (1976), 64.

J. Parakkuzhany www.malankaralibrary.com



168. De Trintitate, XXIX, 9-10: CCL, 4, 70.

169. Second Vatican Ecumenical Council, Dogmatic Constitution on the Church, Lumen gentium, n. 12.

170. Congregation for the Doctrin of the Faith, Instruction on the Ecclesial Vocation of the Theologian, Donum veritatis (24 May 1990), n. 6: AAS 82 (1990) 1552.

171. Address to the Professors and Students of the Pontifical Gregorian University (15 December 1979), n. 6: Insegnament II, 2 (1979), 1424.

172. Congregation for the Doctrine of the Faith. Instruction on the Ecclesial Vocation of the Theologian, Donum veritatis (24 May 1990), n. 16: AAS 82 (1990), 1557,

173. Cf. Code of Canno Law, Cannos 252, 1; 659, 3.

174. Cf. First Vatican Ecumenical Counil, Dogmatic Constitution on the Catholic Faith, Dei Filius, Chap. 4: DS, 3016.

175. Cf. Paul VI, Enceclical Letter Humanae Vitae (25 July 1968), n. 28: AAS 60 (1968), 501.

176. Sacred Congregation for Catholic Education, The Theological Formation of Future Priests (22 Februry 1976), n. 100. See nn. 95-101, which present the prospects and conditions for a fruitful renewal of moral theology: loc. cit., 39-41.

177. Congregation for the Doctrine of the Faith, Instruction on the Ecclesial Vocation of the Theologian, Donum veritatis (24 May 1990), n. 11: AAS 82 (1990), 1554: cf. in particular nn. 32-39, devoted to the problem of dissent: ibid;, loc. cit., 1562-1568.

178. Dogmotic Constitution on the Church, Lumen gentium, n. 25.

179. Cf. Code of Canon Law, Canon 803,3.

180. Cf. Code of Canon Law, Canon 808.

181. "O inaestimabilis dilectio caritatis: Ut servum redimeres, Filium tradidisti !": Missale Romanum, In Resurrectione Domini, Praeconium Paschale.

182. In Iohannis Evangelium Tractatus, 26,13: CCL, 36,266.

183. De virginibus, Bk. II, Chap. II, 15: PL 16, 222.

184. Ibid., BK. II, Chap. II, 7: PL 16, 220.